
CMI ST THOMAS PROVINCE


25 Years



SOUVENIR



With best compliments from:



DEVASSY T. R.
T. R. D. CONSTRUCTIONS

MICA MOUNT

GUDALUR-643 212

PHONE: 04262 - 61567

DHARMARAM COLLEGE LIBRARY
Ac. No. 88000016
M73.1/51109/1994

SOUVENIR
SILVER JUBILEE



1969 1994

C. M. I. ST. THOMAS PROVINCE
AMALAPURI, CALICUT - 673 001

Souvenir Committee

Fr. Job Myladiyil
Fr. Mathew Edakkara
Fr. Mathew Maniampra
Fr. Joseph Edappadiyil
Fr. Chacko Illiparambil
Fr. Joseph Vayalil (Convener)
Bro. George Kommattathil

Editors :
Fr. Joseph Vayalil
Bro. George Kommattathil

Cover and Layout :
Artist Devasia Devagiri

ഉ ള്ള ട ക്കം

പേജ്

1 **ഞങ്ങളുടെ മുൻ സാരഥികൾ . . . .**

a തുടക്കത്തിലേക്ക് ഒരു എത്തിനോട്ടം
ഫാ. ജെയിംസ് പള്ളിവാതുക്കൽ C. M. I. 33

b ഫാ. ചെസാരിയൂസ് നാല്പതാംകളം 35

c St. Thomas Province, Calicut, Provincial Administration from 1981 to 1987
Fr. Sebastian Poonolly C. M. I. 36

d ഫാ. ജോസഫ് മറ്റം C. M. I. 38

ലേഖനങ്ങൾ . . . .

2 ആശംസാഗീതം *ഡോ. ചെറിയാൻ കുന്നിയന്തോടത്ത്* 39

3 The Diocese of Thalassery and the C. M. I. Congregation
Bishop Sebastian Valloppilly 40

4 കൂടിയേറ്റത്തിലെ കടിയേറ്റം *ഫാ. മരിയദാസ് C. M. I.* 44

5 അമലാപുരിയുടെ ചരിത്രപശ്ചാത്തലം *ശ്രീ. എം. സി. എബ്രാഹം* 50

6 Malabar Emigration — A Saga of Heroism *Fr. Sebastian Poonolly C. M. I.* 56

7 മലബാർ കുടിയേറ്റവും സി. എം. ഐ. വൈദികരും
ശ്രീ. കുറുവിലങ്ങാട് ജോസഫ് 60

8 മലബാർ കുടിയേറ്റം : ഒരു ചെറുത്തുനില്പിന്റെ കഥ
പി. ജെ. ജേക്കബ് കൈനടി 71

9 മലബാർ പ്രോവിൻസിന്റെ അജപാലന മിഷൻ ദർശനം
ഫാ. ജോസ് കാപ്പുകാട്ട് C. M. I. 75

10 സെന്റ് തോമസ് പ്രോവിൻസും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും
ഫാ. ചാക്കോ പുതുകുളങ്ങര C. M. I. 79

11 ഗൂഡല്ലൂർ കുടിയേറ്റക്കാർക്കിടയിൽ — ഒരോർമ്മക്കുറിപ്പ്
ഫാ. ജോബ് മൈലാടിയിൽ C. M. I. 86

12 വിമോചന ദൗത്യവുമായി ടാൻസാനിയായിലേയ്ക്ക്
ഫാ. ജോസഫ് വയലിൽ C. M. I. 89

13 പൂഞ്ച് - റജോരി മിഷൻ : ശാന്തിമന്ത്രവുമായി അശാന്തിയുടെ നാട്ടിൽ
ഫാ. ജോസഫ് പൈകട C. M. I. 93

പേജ്

14 ജമ്മു-കാശ്മീർ മിഷൻ — ഫാ. ജോസഫ് ഉപ്പുമാക്കൽ C. M. I. 98

15 അത്ഭുത വിഷക്കല്ലുമായി കാൽ നൂറാണ്ട് — ഫാ. ജോസഫ് വയലിൽ C. M. I. 104

16 ആശ്വാസതൈലവുമായി രോഗികളെത്തേടി . . . . — ബ്രദർ ജോർജ് കൊമ്മറാത്തിൽ C. M. I. 107

17 ദേവഗിരിയുടെ കഥ — എം. സി. എബ്രാഹം 111

18 Educational Institutions run by St. Thomas Province — Prof. P K. G. Vijayaram 117

ദേവനങ്ങളിലൂടെ . . . .

19 സെൻറ് തോമസ് പ്രൊവിൻഷ്യൽ ഹൗസ്, അമലാപുരി 123

20 സെൻറ് ജോസഫ്സ് ആശ്രമം, ദേവഗിരി 127

21 ലൂർദ് മാതാ ആശ്രമം, കുടത്തായി 131

22 ഫാത്തിമ മാതാ ഹോസ്പിറ്റൽ, കല്പറ്റ 133

23 സെൻറ് തോമസ് മൗണ്ട്, മേരിക്കുന്ന് 135

24 മൗണ്ട് സീനായ് ആശ്രമം, ലക്കിടി 137

25 സിൽവർ ഹിൽസ് ആശ്രമം, പാറോപ്പടി 138

26 കാർമ്മൽ ഹിൽ, തലപ്പുഴ 139

27 ലിറ്റിൽ ഫ്ളവർ ആശ്രമം, പുഷ്പഗിരി 140

28 സെൻറ് ജോസഫ് ആശ്രമം, എടപ്പുഴ 142

29 ചാവറ ഭവൻ, ഗുണ്ടൽപ്പേട്ട് 143

30 ജോഡേൽ, ഗുണ്ടൽപ്പേട്ട് 144

31 ഹോളി ഫാമിലി ഭവൻ, ബൈക്കി 144

32 അരുൾനിലയം, ഗൂഡല്ലൂർ 145

33 ജമ്മുകാശ്മീർ മിഷൻ

a. സി. എം. ഐ. ഭവൻ, പൂഞ്ച് 146

b. ക്രിസ്തുനിവാസ്, നൗഷര 147

c. യേശുപാൽ ആശ്രമം, ജമ്മു 148

d. ലംബേരി 148

34 കാഹളനാദവും കാത്ത് 149

മുഖമൊഴി

ഇന്ത്യയിൽ സംസ്ഥാപിതമായ ആദ്യത്തെ കത്തോലിക്കാ വൈദിക – സന്ന്യാസ സഭയാണ് അമലോത്ഭവമാതാവിന്റെ കർമ്മലീത്താ സഭ (Carmelites of Mary Immaculate — CMI). ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, പോഞ്ഞിക്കര തോമ്മാച്ചൻ, പാലക്കൽ തോമാച്ചൻ എന്നീ വൈദികർ ചേർന്ന് 1831–ൽ മാന്നാനത്ത് ആദ്യഭവനം സ്ഥാപിച്ചു. ദൈവകൃപയാലും സ്വർഗ്ഗീയ മദ്ധ്യസ്ഥ അമലോത്ഭവമാതാവിന്റെ സംരക്ഷണത്താലും സഭാംഗങ്ങളുടെ പരിശ്രമത്താലും തിരുസഭാധികാരികളുടെയും അനേകം നല്ല മനുഷ്യരുടെയും സഹായസഹകരണങ്ങളും മൂലവും സി. എം. ഐ. ഒരു മഹാ പ്രസ്ഥാനമായി വളർന്നു. 1000 ലധികം അംഗങ്ങളും, 1000 ത്തോളം വൈദിക വിദ്യാർത്ഥികളും, നൂറോളം വിദ്യാഭ്യാസസ്ഥാപനങ്ങളും, എൺപതിലതികം സാമൂഹ്യസേവനകേന്ദ്രങ്ങളും, അൻപതിലധികം രോഗീശുശ്രൂഷാകേന്ദ്രങ്ങളും, നൂറോളം മിഷൻ കേന്ദ്രങ്ങളും, അഞ്ച് മിഷൻ പ്രവിശ്യകളും, മെത്രാന്മാർ .... അങ്ങനെപോകുന്നു സ്ഥിതിവിവരക്കണക്കുകളും. റോം, അമേരിക്ക, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലും CMI സഭയ്ക്ക് ഭവനങ്ങളുണ്ട്. മഡഗാസ്ക്കർ, പപ്പുവ ന്യൂഗിനിയ, കെനിയ, ഘാന, പെറു, സൗത്ത് ആഫ്രിക്ക, ടാൻസാനിയ തുടങ്ങിയ സ്ഥലങ്ങളിൽ മിഷൻ പ്രവർത്തനങ്ങളുമുണ്ട്.

1940 – കളിൽ മലബാർ കുടിയേറ്റം നടന്നപ്പോൾ കുടിയേറ്റക്കാരോടൊപ്പം CMI വൈദികരും മലബാറിലെത്തി. കുടിയേറ്റക്കാർ വാഹനസൗകര്യമില്ലാതെ നടന്നും കാട്ടുമൃഗങ്ങളെ ഭയന്നും പകർച്ചവ്യാധികളിൽപ്പെട്ട് ഉഴന്നും പട്ടിണിയിലും ദാരിദ്ര്യത്തിലും നീറിയും ജീവിച്ചനാളുകൾ ഉണ്ടായിരുന്നു. അന്ന് അവരോടൊപ്പം നിന്ന് അവരെ ധൈര്യപ്പെടുത്തുവാനും ആശ്വസിപ്പിക്കുവാനും പള്ളിയും പള്ളിക്കൂടവും റോഡും ആശുപത്രിയും പോസ്റ്റാഫീസും മറ്റും ഉണ്ടാക്കുവാനുമൊക്കെ ഈ CMI വൈദികർ കഠിനാദ്ധ്വാനം ചെയ്തു. ഇവക്കെല്ലാമുപരി അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്തിരുന്നു. കുടിയേറ്റക്കാരുടെ കഠനകഥ പുതിയ തലമുറക്കും CMI യുടെ

മലബാറിലെ അദ്ധ്യാനകഥ CMI സഭയിലെയും കുടിയേറ്റ മേഖലയിലെയും പുതിയ തലമുറക്കും അജ്ഞാതമാണെന്നുമാത്രം. ആദ്യകാല പിതാക്കന്മാരിൽ അധികം പേരും മൺമറഞ്ഞുപോയി. ശേഷിച്ചിരിക്കുന്നവക്ക് പ്രായമായിതാനും. ജാതി-മത-ഭേദമെന്യേ അനേകർ അവരുടെ അധ്വാനഫലം അനുഭവിച്ച് വളർന്നിട്ടുണ്ട്, വളരുന്നുമുണ്ട്.

മലബാറിലെ CMI സാന്നിധ്യം വർദ്ധിച്ചപ്പോൾ മലബാർ റീജിയൻ രൂപീകൃതമായി. കോട്ടയം സെൻറ് ജോസഫ്സ് പ്രോവിൻസിന്റെ കീഴിൽ 1956-ൽ നിലവിൽവന്ന റീജിയൻ 1969-ൽ സെൻറ് തോമസ് വൈസ് പ്രോവിൻസായും 1978-ൽ സെൻറ് തോമസ് പ്രോവിൻസായും ഉയർത്തപ്പെട്ടു. വൈസ് പ്രോവിൻസായതിന്റെ സിൽവർ ജൂബിലി ഈ വർഷം ആഘോഷിക്കുകയാണ്. ഇക്കാലത്തിനിടക്ക് മലബാറിന്റെ ആത്മീയ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക മണ്ഡലങ്ങളിൽ നിസ്സായക സ്വാധീനം ചെലുത്തുവാനും നന്മകൾ ചെയ്യുവാനും ഈ പ്രോവിൻസിന് ദൈവകൃപയാൽ കഴിഞ്ഞു.

ഓരോ ജൂബിലിയും ദൈവത്തെയും വളരാൻ സഹായിച്ചവരെയും ഓർക്കാനും നന്ദിപറയാനുമുള്ള ഒരവസരമാണ്. ഞങ്ങളും അതു ചെയ്യുന്നു. അതുപോലെതന്നെ പുനർ ചിന്തനത്തിന്റെയും പുനരർപ്പണത്തിന്റെയും അവസരംകൂടിയാണിത്. ദൈവത്തിനും ജനത്തിനുംവേണ്ടി കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാനുള്ള ഉൾപ്രേരണകളും ജൂബിലി തരേണ്ടതാണ്.

ജൂബിലിയുടെ ഭാഗമായി പ്രോവിൻസ് ആഘോഷപരിപാടികൾ ഒന്നും നടത്തുന്നില്ല. ഭവനനിർമ്മാണം, വിവാഹ സഹായം, തൊഴിൽ കണ്ടെത്താൻ സഹായം തുടങ്ങിയ സേവനപദ്ധതികളാണ് ജൂബിലി വർഷം ചെയ്യുന്നത്. അതോടൊപ്പം ഈ സ്മരണികയും.

ഈ സ്മരണിക തയ്യാറാക്കാൻ സഹായിച്ച എല്ലാവരെയും ഓർത്തു നന്ദിപറയുന്നു. ആശംസകൾ തന്ന പിതാക്കന്മാർ, ലേഖനങ്ങൾ തന്നവർ, മുൻ പ്രൊവിൻഷ്യൽമാർ, പരസ്യങ്ങൾ തന്നവർ, കവർ ചിത്രവും ലേ ഔട്ടും തയ്യാറാക്കിയ മാറാപ്പള്ളി ദേവസ്യ സാർ, പ്രോത്സാഹനവും സഹകരണവും തന്ന പ്രോവിൻസിലെ ഭവനങ്ങൾ, അംഗങ്ങൾ, അച്ചടി ഭംഗിയായി നിർവ്വഹിച്ചുതന്ന സേവ്യർ പ്രസ്സ് ഭാരവാഹികൾ, സർവ്വോപരി

എല്ലാറ്റിനും പ്രേരകശക്തിയായി നിലകൊള്ളുന്ന പ്രൊവിൻഷ്യൽ ബ. ജസ്റ്റിൻ കോയിപ്പുറം അച്ചൻ . . . അങ്ങനെ എത്രയോ പേരെ ഓർക്കാനുണ്ട്.

ഈ സ്മരണിക ഈ രൂപത്തിൽ കാണുമ്പോൾ നിസ്സാരമാണ്. പക്ഷേ, ഈ രൂപത്തിൽ ഒരെണ്ണം തയ്യാറാക്കുവാനുണ്ടായ ബുദ്ധിമുട്ട് ലളിതമായിരുന്നില്ല. ആ ബുദ്ധിമുട്ടിൽ നല്ലൊരുപങ്ക് ഏറെറടുത്ത ബ്ര. ജോർജ് കൊമ്മറത്തിലിനെയും പ്രത്യേകം സ്മരിക്കുന്നു.

CMI സെൻറ് തോമസ് പ്രോവിൻസിൻെറ വിവിധങ്ങളായ ശുശ്രൂഷാരംഗങ്ങളെപ്പററി കൂടുതൽ മനസ്സിലാക്കാനും അവയെ കൂടുതൽ ആദരിക്കാനും ഈ സ്മരണിക സഹായിക്കട്ടെ എന്നാണ് ആഗ്രഹവും പ്രാർത്ഥനയും.

എല്ലാ വായനക്കാർക്കും ദൈവകൃപ നേർന്നുകൊണ്ട്,


സുവനീർ കമ്മററിക്കുവേണ്ടി

സസ്നേഹം,

ഫാ. ജോസഫ് വയലിൽ CMI

കൺവീനർ





"I am with you"



OUR HEAVENLY MOTHER

BL: KURIAKOSE ELIAS CHAVARA



Our founder



ST. THOMAS,
OUR PATRON.


APOSTOLIC BLESSINGS....



POPE JOHN PAUL II.



MAR ANTONY CARDINAL PADIYARA
Major Archbishop





MESSAGES

MESSAGES

REV. DR. THOMAS MAMPRA CMI
PRIOR GENERAL

Phone: 360137

CARMELITES OF MARY IMMACULATE
PRIOR GENERAL'S HOUSE
POST BOX NO. 1056
ERNAKULAM, KOCHI-682 011
KERALA STATE, INDIA



Rev Fr. Joseph Vayalil, CMI
St. Joseph's Monastery
Devagiri P. O.
Kozhikode - 673 008

പ്രിയ ബ. വയലിലച്ചാ,

നമ്മുടെ കോഴിക്കോട് സെൻറ് തോമസ് പ്രവിശ്യയുടെ രജത ജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുണ്ടെന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. കഴിഞ്ഞകാലങ്ങളുടെയും കടന്നു പോയ വ്യക്തികളുടെയും ഉദാത്തമായ സംഭാവനകൾ സ്മരിക്കുവാനും അവയിൽനിന്ന് ആവേശം ഉൾക്കൊണ്ട് പുതിയ സരണികൾ കണ്ടെത്തുവാനും അതു സഹായകമാകുമെന്നാണ് എൻെറ വിശ്വാസം.

മലബാർ പ്രദേശത്തെ സംഘാതവും സംഘടിതവുമായ ആധുനിക കുടിയേറ്റത്തിൻെറ ചരിത്രത്തിൽ സുപ്രധാനമായ പങ്കു വഹിക്കുവാൻ കഴിഞ്ഞുവെന്നത് സി. എം. ഐ. സഭാ തനയർക്ക് അഭിമാനപൂർവ്വം എന്നും സ്മരിക്കാവുന്ന വസ്തുതയാണ്. 1940-കളിൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന് ആശയാദർശ ധാരകൾ നൽകിയതോടൊപ്പം കുടിയേറ്റത്തിൻെറ വേദനകളിലും പുനരധിവാസത്തിൻെറ യാതനകളിലും പങ്കു

ചേർന്ന് ഒരു ജനസമൂഹത്തിന് മുഴുവൻ താങ്ങും തണലുമാകുവാനും, വിവിധ മണ്ഡലങ്ങളിൽ നേതൃത്വവും വിശ്വാസ ജീവിതത്തിൽ നിസ്വാർത്ഥ സേവനവും കാഴ്ചവയ്ക്കുവാൻ സഭാതനയർ ധൈര്യസമേതം മുന്നോട്ടിറങ്ങി. ''പുറപ്പാടി''ന്റെ ഈ അടിത്തറയിലാരംഭിച്ച്, സഭാ ഭരണ സംവിധാനത്തിന്റെ വിവിധ പടവുകൾ കടന്ന്, 1969 ആയപ്പോഴേയ്ക്കും കോഴിക്കോട് അമലാപുരി കേന്ദ്രമാക്കി സെൻറ് തോമസിന്റെ നാമത്തിൽ ഈ പ്രവിശ്യ ഔദ്യോഗികമായി നിലവിൽ വന്നു. പിന്നീടങ്ങോട്ടുള്ള ഇരുപത്തഞ്ചു വർഷത്തെ വളർച്ചയിൽ സഭാംഗങ്ങളുടെ അർപ്പണത്തിന്റെ ആഴവും സേവനത്തിന്റെ സാന്ദ്രതയുമാണ് ദർശിക്കുക. ഏതാണ്ടൊരു മിഷൻ പ്രവിശ്യയായിട്ടാരംഭിച്ച ഈ സഭായൂണിറ്റും ഇന്ന് വളർന്നു പന്തലിച്ച് ശാഖോപശാഖകൾ ഭാരതത്തിന്റെ വടക്കെ അറ്റമായ കാഷ്മീരിലേയ്ക്കും ഭാരതത്തിനപ്പുറം വിശാലമായ ആഫ്രിക്കൻ ഭൂഖണ്ഡത്തിലേയ്ക്കും പരത്തിക്കഴിഞ്ഞിരിക്കയാണ്.


രജത ജൂബിലിയാഘോഷിക്കുന്ന ഈയവസരത്തിൽ, പ്രവിശ്യയുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും വേണ്ടി അത്യദ്ധ്വാനം ചെയ്ത് മൺമറഞ്ഞ മഹത്വ്യക്തികളെയും ഇന്ന് നമ്മോടൊത്തു വസിക്കുന്നവരും ജീവിതം മുഴുവൻ പ്രവിശ്യക്കുവേണ്ടി കാഴ്ചവച്ചവരുമായ മഹാത്മാക്കളേയും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാം. നിരവധിയായ ദൈവീക ദാനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നതോടൊപ്പം, നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ പുത്തൻ പ്രവാചകരായിതീർന്നുകൊണ്ട് ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ വളർത്തിയെടുക്കാം. ദൈവാനുഭവം പങ്കുവെച്ച് ഭാവിയുടെ പ്രതീക്ഷയായി പ്രവിശ്യാസമൂഹം ഒന്നടങ്കം വളരട്ടെയെന്നാശംസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു.

സ്നേഹപൂർവ്വം

Thomas Mampra, C.M.I.
Prior General

MAR SEBASTIAN MANKUZHIKARY
BISHOP OF THAMARASSERY

PHONE : THAMARASSERY (049591) 3376
DIOCESAN OFFICE
P. B. No. 1
THAMARASSERY - 673 573
CALICUT DT., KERALA, INDIA



January 28, 1994

Dear Rev. Fr. Joseph Vayalil,

Glad to know you are bringing out a Souvenir to commemorate the Silver Jubilee of the St. Thomas' Province of the Carmelites of Mary Immaculate, with headquarters in Calicut. As a matter of fact C. M. I, Fathers had started their ministry in North Kerala long before the Tellicherry diocese was established in 1953. The migration from Central Kerala called for missionary action and service. Under the eminent leadership of venerable Fr. Athanasius, definitor general, a control tower was erected at Kadalundy in Calicut district.

Rev. Frs. Aurelius, Hadrian and James Pallivathukkal lead the list of the builders of the Province. It was but fitting that His Excellency Rt. Rev. Aldo Maria Patroni, S. J., the then Bishop of Calicut inaugurated the Province, as it was this beloved prelate who welcomed the C. M. I. Fathers to Malabar. The name of Rev. Fr. Hormis C. M. I. is connected with the foundation of the present Ashram at Amalapuri and the setting up of the Arts and Science College at Devagiri. A monthly published under the title

'ധർമ്മദൂത' *was the messenger of Malabar for quite some time. Among the principals who steered the destiny of Devagiri College to its present glorious period, the names of Frs. Theodosius and Colombus deserve special mention.*

The pastoral service in Malabar and Thamarassery diocese in particular, remain essentially linked to the C. M. I. mission. The immigrant communities of Amalapuri, Thiruvampady, Kodancherry, Venappara, Koodaranji, Pulloorampara, Mariapuram, Devagiri, Marikkunnu etc. were under the able stewardship of late venarable Fathers Athanasius, Cherubin, Bernardin, Dositheus and others. Reverend Frs. Evaristus, Antoninus, Bertholomew and others are still with us like the setting sun. The march is still on under the able leadership of a galaxy of young and energetic C. M. I, Fathers. We are greatly indebted to the St. Thomas Province and I take this 'silver' opportunity to place on record the immense gratitude of the people of God of Thamarassery. May they flourish and progress under the blue mantle of the Immaculate Mother.


Sd./

Mar Sebastian Mankuzhikary
Bishop of Thamarassery

DIOCESE OF MANANTHAVADY

PHONE : 265

BISHOP'S HOUSE
MANANTHAVADY - 670 645
POST BOX NO. 1
KERALA - INDIA



31 - 01 - 1994

സി. എം. ഐ. സഭ കോഴിക്കോട് പ്രോവിൻസിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ആദ്ധ്യാത്മികനവീകരണം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യ സേവനം എന്നീ വിവിധ മേഖലകളിൽ സി. എം. ഐ. സഭ ചെയ്തു കൊണ്ടിരിക്കുന്ന സ്തുത്യർഹമായ പ്രവർത്തനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു. സീറോ മലബാർ സഭയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിക്കുവാൻ സി. എം. ഐ. സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല. കഴിഞ്ഞ ഇരുപത്തഞ്ചു് വർഷക്കാലം ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു് നന്ദി പറയുന്ന ഈ അവസരത്തിൽ, ഇനിയും കൂടുതൽ ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ യേശുനാഥൻ ഇടയാക്കട്ടെ എന്നു് പ്രാർത്ഥിക്കുന്നു.

മാർ ജേക്കബ് തൂങ്കുഴി
മാനന്തവാടി രൂപതാ മെത്രാൻ

DIOCESE OF TELLICHERRY

BISHOP'S HOUSE
TELLICHERRY

PHONE NO.: 20058
POST BOX NO. 70
TELLICHERRY - 670 101
KERALA - INDIA



സി. എം. ഐ. സന്യാസസമൂഹത്തിന്റെ കോഴിക്കോട് പ്രോവിൻസ് സ്ഥാപിതമായിട്ട് കാൽനൂറ്റാണ്ട് വിജയകരമായി പൂർത്തിയാകുകയാണല്ലൊ. ദൈവത്തിന് നന്ദി പറയുവാനും പിന്നിട്ട വഴിത്താരയിലേയ്ക്ക് തിരിഞ്ഞു നോക്കിയിട്ട് പുത്തൻ കാൽവയ്പുകൾ നവോൻമേഷത്തോടെ നടത്തുവാനും ഉള്ള അവസരമാണിത്. സ്ഥാപക പിതാവായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് അച്ചന്റെ അരൂപിയും ചൈതന്യവും തീക്ഷ്ണതയും സഭാസ്നേഹവും ഈയവസരത്തിൽ മാർഗ്ഗദർശനമരുളട്ടെ. രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മരണിക പ്രകാശിപ്പിക്കുന്നുവെന്ന് അറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

സി. എം. ഐ. സന്യാസസമൂഹം സീറോ മലബാർ സഭയുടെ പുനരുദ്ധാരണത്തിലും പുരോഗതിയിലും വഹിച്ച പങ്ക് ചെറുതല്ല. ബ. പ്ളാസിഡച്ചനെപ്പോലുള്ള മഹാരഥൻമാരുടെ പേരുകൾ ചരിത്രത്താളുകളിൽ തിളങ്ങിനിൽക്കും. വിദ്യാഭ്യാസ-സാംസ്ക്കാരിക-രംഗങ്ങളിൽ സി. എം. ഐ. സന്യാസസമൂഹവും അതിന്റെ കോഴിക്കോട് പ്രോവിൻസും തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

മലബാറിലെ കുടിയേറ്റ ജനതയ്ക്ക് സി. എം. ഐ. സന്യാസ വൈദീകർ ചെയ്ത സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. കുടിയേറ്റത്തിന്റെ ആരംഭഘട്ടത്തിൽ ബുദ്ധിമുട്ടുനിറഞ്ഞ സാഹചര്യത്തിൽ സമർപ്പണ ബോധത്തോടെ കുടിയേറ്റക്കാർക്ക് ശുശ്രൂഷ ചെയ്ത മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ ബ. വൈദികരെ പ്രത്യേകം ഓർക്കുന്നു.

സെൻറ് തോമസ് പ്രോവിൻസിലെ എല്ലാ അംഗങ്ങൾക്കും ഈ ജൂബിലി വർഷം ദൈവാനുഗ്രഹസമൃദ്ധമായിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.


എന്ന്,

മാർ ജോർജ്ജ് വലിയമറ്റം
തലശ്ശേരി രൂപതയുടെ മെത്രാൻ

തലശ്ശേരി
7 - 2 - 1994

DR. MAXWELL V. NORONHA
BISHOP OF CALICUT

BISHOP'S HOUSE
CALICUT-673 009
PHONE: 52313



St. Thomas' Province, Amalapuri, of the C. M. I. Congregation, is celebrating its Silver Jubilee this year. Calling to mind the innumerable blessings received from the Lord for its growth and development in various fields of its Apostolic activity during the past 25 years, the Province will be gladly thanking the Lord, its benefactors and well-wishers.

Every Jubilee Celebration gives an occasion to look foreward with greater enthusiasm and openness to the call of the Lord, enthused ofcourse, by its past experiences which are often more rosy than thorny; for God, in His mercy, showers more blessings than pains on anyone who works for His greater glory on earth. St. Thomas' Province, in the past, did experience such benevolences from God, in its educational institutions, especially at Devagiri, and in its mission activities.

Congratulating the Provincial, the councillors and the members of St. Thomas' Province, let me associate myself with the Jubilee Joy of the Province, and invoke God's bountiful blessings on it for its added services in the future, in the Vineyard of the Lord.

+ Bp. Maxwell

1st February, 1994

Bishop Maxwell Noronha
Bishop of Calicut

FR. JAMES AERTHAYIL C. M. I.

C. M. I. PROVINCIAL HOUSE
Post Box No. 648
Kottayam - 686 001
Kerala - India



പ്രിയ ബഹു. വയലിൽ അച്ചാ,

കോഴിക്കോട്ട് സെൻറ് തോമസ് പ്രവിശ്യ അതിൻെറ രജതജൂബിലി ആഘോഷിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ആദ്യമായി പ്രവിശ്യാംഗങ്ങൾക്കും ബ. പ്രൊവിൻഷ്യളച്ചനും ജൂബിലി മംഗളങ്ങൾ ആശംസിക്കട്ടെ. 25 വർഷം മുമ്പ് കോട്ടയം സെൻറ് ജോസഫ് പ്രവിശ്യയുടെ ഭാഗമായിരുന്ന സെൻറ് തോമസ് റീജിയൻ അംഗസംഖ്യയിലും സ്ഥാപന സമൃദ്ധിയിലും വളർന്ന് ഇന്നത്തെ നിലയിൽ എത്തിയതിൽ ഞാൻ അഭിമാനം കൊള്ളുന്നു. പല മേഖലകളിൽ സേവനം ചെയ്യുവാനും കാഷ്മീർ ദേശത്തെയ്ക്കു വളരുവാനും സാധിച്ചു എന്നതു് അഭിനന്ദനാർഹമാണ്. അനേകരുടെ അദ്ധ്വാനത്തിൻെറയും അപ്പണത്തിൻെറയും ഫലമാണീ വളർച്ച. അവരെയെല്ലാവരെയും, പ്രത്യേകിച്ച് നമ്മിൽ നിന്നും വേർപിരിഞ്ഞുപോയവരെയും, ആദരപൂർവ്വം അനുസ്മരിക്കുന്നു. കൂടിയേറ്റ പ്രദേശങ്ങളെ ഇന്നത്തെ നിലയിലാക്കാൻ ജീവിതമർപ്പിച്ച അവരെ അനശ്വരരാക്കാൻ ഈ സോവനീറിൻെറ അകം താളുകൾക്കു സാധിക്കട്ടെ എന്നു ഞാനാശംസിക്കുകയാണ്. യുവതലമുറ അതിൽനിന്നും ഉശിരും ഉത്തേജനവും സമർപ്പണചൈതന്യവും ഉൾക്കൊള്ളട്ടെ. ഈ ജൂബിലിയാഘോഷങ്ങൾ സെൻറ് തോമസ് പ്രോവിൻസിനെ സർവ്വതോൻമുഖമായ വളർച്ചയിലേയ്ക്കു നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

Fr. James Aerthayil, CMI
Provincial

ഞങ്ങളുടെ മുൻസാരഥികൾ....

തുടക്കത്തിലേക്ക് ഒരു എത്തിനോട്ടം

ഫാ. ജയിംസ് പള്ളിവാതുക്കൽ CMI



1965 മുതൽ 69 വരെ മലബാർ റീജ്യണൽ സുപ്പീരിയറും തുടർന്ന് ആറു വർഷം വൈസ്-പ്രോവിൻഷ്യലുമായി കോഴിക്കോട് പ്രോവിൻസിനെ ബ. പള്ളിവാതുക്കൽ അച്ചൻ വളർത്തി. കോഴിക്കോട് പ്രോവിൻസിന്റെ ശില്പി എന്ന് അദ്ദേഹത്തെ വിളിക്കാം.

1953-ൽ സി. എം. ഐ. സഭ മൂന്ന് പ്രവിശ്യകളായി വിഭജിക്കപ്പെട്ടപ്പോൾ നീലഗിരി ജില്ലയും വയനാട്ടം ഉൾപ്പെടെ മലബാർ പ്രദേശം മുഴവൻ കോട്ടയം സെൻറ് ജോസഫ്സ് പ്രവിശ്യയുടെ മിഷൻ പ്രവർത്തനമേഖലയായി നിശ്ചയിക്കപ്പെട്ടു. അതേത്തുടർന്ന് മലബാർ മിഷന്റെ സുഗമമായ നടത്തിപ്പിനായി ഒരു കേന്ദ്രം ആരംഭിക്കാനുള്ള ചുമതല അന്ന് കോഴിക്കോട്ട് ശ്രുപതയിൽ സേവനമനുഷ്ഠിച്ചിരുന്ന ബ. ഹൊർമീസച്ചൻ ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ശ്രമഫലമായി കോഴിക്കോട് നാലാം ഗേറ്റിനു സമീപം ഒരു പഴയ കെട്ടിടത്തിൽ ആരംഭിച്ച "സാൻതോം കാമ്മൽ ഹൗസ്" ആണ് പിന്നീട് അമലാപുരി, "സെൻറ് തോമസ് പ്രോവിൻഷ്യൽ ഹൗസ്" ആയി വളർന്നത്.

ഒരു സാഹിത്യകാരൻകൂടിയായിരുന്ന ബ. ഹൊർമീസച്ചൻ അമലാപുരിയിലെ തന്റെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്, സാൻതോം പ്രസ്സും, പ്രകാശം പബ്ളിക്കേഷൻസും സ്ഥാപിച്ചുകൊണ്ടായിരുന്നു. തുടർന്ന് കൂടിയേറ്റ കർഷകരുടെ മക്കൾക്കു ഉന്നത വിദ്യാഭ്യാസ സൗകര്യമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു കോളേജ് ആരംഭിക്കാൻ ബ. ഷാബോറച്ചനും കൂടി അമലാപുരിയിലെത്തി. അങ്ങനെ ഇരുവരുടേയും കൂട്ടായ പ്രയത്ന ഫലമായി മലബാർ മേഖലയ്ക്ക് മുഴവനും അഭിമാനവും അനുഗ്രഹവുമായി ദേവഗിരി കോളേജ് ഉടലെടുത്തു. താമസിയാതെ തന്നെ മലബാർ റീജിയന്റെ വികസനത്തിനായി ബ. ഔറേലിയൂസച്ചൻ റീജിയണൽ സുപ്പീരിയർ ആയി നിയമിക്കപ്പെട്ടു. അദ്ദേഹമാണ് തളിപ്പറമ്പിൽ സ്ഥലം വാങ്ങിയതു്.

ഔറേലിയൂസച്ചനുശേഷം ബ. ഹഡ്രിയാനച്ചൻ റീജിയണൽ സുപ്പീരിയർ ആയി നിയമിതനായി. അദ്ദേഹമാണ് തലപ്പുഴ

ഭവനത്തിന്റെ സ്ഥാപകൻ. ബ. ഫൗസ്റ്റിനച്ചൻ അവിടെ താമസിച്ച് കൃഷി കാര്യങ്ങൾ നടത്തിയെങ്കിലും കൃഷി വേണ്ടത്ര വിജയകരമായിരുന്നില്ല. ഇതിനിടയിൽ കൂടുതൽ സൗകര്യാർത്ഥം അമലാപുരിയിൽനിന്നും പ്രസ്സും പബ്ളിക്കേഷൻസും ആലപ്പുഴയിലേയ്ക്ക് മാറ്റി. അതോടൊപ്പം ബ. ഹൊർമീസച്ചനും മടങ്ങിപ്പോയി.

1965-ൽ ഞാൻ കോട്ടയത്താണ്. ആ വർഷം ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ചപ്പോൾ മലബാർ റീജിയന്റെ വികസനത്തിനായി എന്നെ തെരഞ്ഞെടുത്തു. അതനുസരിച്ച് 1966 മുതൽ 15 വർഷം ഞാൻ അവിടെ ജോലി ചെയ്തു. അമലാപുരിയിൽ താമസിച്ചുക്കൊണ്ട് മേരിക്കുന്നിൽ സ്ഥലം വാങ്ങി. ആദ്യം പ്രസ്സ് നടത്താൻ ഒരു കെട്ടിടവും പിന്നീട് താമസിക്കാനുള്ള മുറികളും പണിയിച്ചു. പുതിയ റീജിയനു വേണ്ടി ആദ്യം ഏഴ് കുട്ടികളെ തെരഞ്ഞെടുത്തു് താല്ക്കാലികമായി പ്രസ്സ് കെട്ടിടത്തിൽ താമസിപ്പിച്ചു. പിന്നീട് മുകളിലത്തെ പുതിയ കെട്ടിടത്തിലേയ്ക്ക് യോഗാർത്ഥി ഭവനം മാറ്റി. ആദ്യത്തെ 7 പേരിൽ ഇന്നു് അവശേഷിക്കുന്നവർ ബ. സ്റ്റാറിയ തോപ്പിൽ, ജെയിംസ് മരുതുകുന്നേൽ, ജോസഫ് കുന്നിപ്പറമ്പിൽ എന്നിവർ ബ. അച്ചന്മാരാണ്. കുറച്ചുനാളുകൾക്കുശേഷം ബ. പന്തപ്ലാക്കലച്ചനും ആദ്യബാച്ചിൽപ്പെട്ടവരോടുകൂടെ ചേർന്നു.

മേരിക്കുന്നിനുശേഷം ലക്കിടി, അടക്കാത്തോട്, ബക്കി, ഗൂഡല്ലൂർ, തളിപ്പറമ്പ്, ഇടപ്പഴ, കോട്ടഗിരി, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളും അതോടു ചേർന്നുള്ള തോട്ടങ്ങളുമുണ്ടായി. വേണ്ടത്ര സ്ഥാപനങ്ങളും വരുമാന മാർഗ്ഗങ്ങളുമായതോടെ മലബാർ റീജിയൻ ഒരു പ്രോവിൻസാകാൻ തക്കപൊകമായി.

പ്രോവിൻസാകണമെങ്കിൽ അന്നു് റോമിൽനിന്നും അനുവാദം വേണ്ടിയിരുന്നു. ആയിടയ്ക്കാണ് കാർഡിനൽ ഫുൾട്ടൻസ് ബർഗ് ഇൻഡ്യയിൽ സന്ദർശനത്തിനെത്തിയതു്. അദ്ദേഹത്തെ ദേവഗിരിയിലുള്ള നമ്മുടെ ഭവനത്തിൽ സ്വീകരിക്കുകയും തദവസരത്തിൽ മലബാർ റീജിയൻ ഒരു പ്രോവിൻസായി ഉയർത്തണമെന്നു കാണിച്ച് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ആ അപേക്ഷ താമസിയാതെ അംഗീകരിക്കപ്പെട്ടു.

കണ്ണൂരിൽ വാങ്ങിയ സ്ഥലത്തു് 6 കൊല്ലം നമ്മുടെ അച്ചന്മാർ താമസിച്ചു. പക്ഷേ അടുത്തെങ്ങും കത്തോലിക്കാകുടുംബങ്ങൾ ഇല്ലാത്തതുകൊണ്ട് ആ സ്ഥലം വിറ്റ് കല്പറ്റയിൽ ഫാത്തിമാ മാതാ മിഷൻ ഹോസ്പിറ്റൽ ആരംഭിച്ചു. വയനാട്ടിലെ ജനങ്ങൾക്കു് അതൊരു വലിയ അനുഗ്രഹമായി ഇന്നു് പരിലസിക്കുന്നു.

പ്രോവിൻസിന്റെ പൊതുഭരണത്തിൽനിന്നും മാറിയപ്പോൾ കല്പറ്റയിൽ സ്ഥിരതാമസമാക്കി ആശുപത്രിയുടെ വളർച്ചയ്ക്കായി പരിശ്രമിച്ചു തുടങ്ങി. പക്ഷേ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തു് അധികം കാലം കഴിയുന്നതിനു മുമ്പേ ഞാൻ മലബാർ മിഷനോടു് വിട പറഞ്ഞു.

ദൈവപരിപാലനയിൽ ഇന്നു പാലസ്ത്രേരി കൗൺ മിഷൻ ഹോസ്പിറ്റലിന്റെ വികസനത്തിൽ സഹായിച്ചുകൊണ്ടു് സസുഖം ഇവിടെ കഴിയുന്നു.

നിങ്ങളുടെ ആത്മാർത്ഥമായ പരിശ്രമവും പ്രാർത്ഥനയുംകൊണ്ടു് സെൻറ് തോമസ് പ്രോവിൻസ് സഭയുടെ പ്രധാനപ്പെട്ട ഒരു പ്രോവിൻസായി തീരട്ടെയെന്നു് ഞാൻ പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

ജെയിംസച്ചൻ



ഫാ. ചെസ്സാരിയൂസ് നല്ലതാംകളം

വൈസ് പ്രൊവിൻഷ്യൽ : 1975 - 78

പ്രൊവിൻഷ്യൽ : 1978 - 81

പ്രോവിൻസിന്റെ സിൽവർ ജൂബിലി പ്രമാണിച്ച് ഒരു സുവനീർ തയ്യാറാക്കുന്നുണ്ട് എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഞാൻ പ്രൊവിൻഷ്യൽ ആയിരുന്ന കാലഘട്ടത്തിൽ പ്രോവിൻസ് തലത്തിൽ നടന്ന പ്രധാന കാര്യങ്ങൾ കുറിക്കുവാൻ ആണല്ലോ പറഞ്ഞിരിക്കുന്നത്.

ഇക്കാലത്താണ് വൈസ് പ്രോവിൻസ് പ്രോവിൻസ് ആകുന്നതും (1978) പ്രൊവിൻഷ്യൽ ഹൗസ് മേരിക്കുന്നിൽ നിന്നു് അമലാപുരിക്കു് മാറുന്നതും. മേരിക്കുന്നിൽ ഉണ്ടായിരുന്ന യോഗാർത്ഥി ഭവനത്തിൽ പ്രീ-നൊവിഷിയേറ്റുകാരോടൊപ്പം താമസിച്ചാണു് പ്രീ-ഡിഗ്രിക്കാർ ദേവഗിരി കോളേജിൽ പഠിച്ചിരുന്നത്. അന്നു് നൊവിഷിയേറ്റ് കൂടത്തായിലായിരുന്നു. മേരിക്കുന്നിലേക്കു് നവസന്യാസ ഭവനവും കൂടത്തായിക്കു് പ്രീ-നൊവിഷിയേറ്റ് ഭവനവും ദേവഗിരിക്കു് പ്രീ ഡിഗ്രിക്കാരുടെ ഭവനവും മാറിക്കൊണ്ടു് ഒരു പുന:ക്രമീകരണം നടത്തി.

ഗ്രഡല്ലൂരും ലക്കിടിയും ഫോംഡു് ഹൗസുകളാക്കി. ബെക്കി പ്രൊവിൻഷ്യൽ ഹൗസിന്റെ കീഴിലാക്കി. പരപ്പയും ഊണ്ടൽപേട്ടും പാറോപ്പടിയും സ്ഥാപനങ്ങൾ തുടങ്ങി. അമലാപുരിയിൽ സാമൂഹ്യ പ്രവർത്തനങ്ങളുടെ കേന്ദ്ര ഓഫീസുകൾ ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടം വാങ്ങി. ചാവറ ഹാൾ പണിയുകയും കാർഡിനൽ റൂബിൻ അതു് വെഞ്ചരിക്കയും ചെയ്തു.

പ്രീഡിഗ്രിക്കാരെ കോളേജിൽ വിടുന്നതിനു പകരം പ്രൈവറ്റ് കോച്ചിംഗ് കൊടുത്തു് പരീക്ഷ എഴുതിച്ചുനോക്കി. നല്ല റിസൽട്ടു് കിട്ടിയെങ്കിലും, കോളേജിൽ തന്നെ പഠിക്കുന്നതാണു് നല്ലതെന്നു് തോന്നുകയാൽ പ്രൈവറ്റ് കോച്ചിംഗ് തുടർന്നില്ല. 8-ാം ക്ലാസ്സു് മുതൽ യോഗാർത്ഥികളെ സ്വീകരിച്ചു നോക്കിയെങ്കിലും അതും തുടരേണ്ടന്നു വച്ചു.

ധാരാളമായ ദൈവാനുഗ്രഹവും പ്രോവിൻസിലെ അംഗങ്ങളുടെ സഹകരണവും ധാരാളമായി കിട്ടിയിരുന്നു എന്നു് ഇവിടെ അനുസ്മരിക്കട്ടെ.

ദൈവകൃപയാൽ പ്രോവിൻസും അതിന്റെ സേവന മണ്ഡലങ്ങളും വ്യാപിക്കട്ടെ എന്നു് പ്രാർത്ഥിക്കുന്നു.

ഫാ. ചെസ്സാരിയൂസ്

ST. THOMAS PROVINCE, CALICUT

PROVINCIAL ADMINISTRATION FROM 1981 TO 1987

Fr. Sebastian Poonolly, C. M. I.
(Provincial: 1981-87).



1. **Continuity and Consolidation:** The Provincial administration of St. Thomas Province, Calicut, from 1981 to 1987 was characterized by both continuity and consolidation. Two factors that helped the continuity of administration were the fact that the provincial had been a councillor under the former provincial (Father Caesarius Nalpathamkalam from 1978 to 1981) and the fact that the former provincial continued in the new provincial team as a councillor and vicar-provincial from 1981 to 1983 when he resigned post and left for Ghana for pastoral service. So the provincial was not a stranger to provincial administration when he assumed the office.

Therefore the provincial with his team could go about consolidating all the plus points in the procedures and processes of provincial administration and improve on those aspects that were found defective.

2. **Streamlining Administration:** As a first step towards streamlining administration the provincial files were systematically indexed, classified and placed in a file cabinet for ready reference. The Provincial did not have a Secretary but he was ably assisted by two committed and efficient lay office assistants.

Till then the provincial administration was not following the departmental system. For various reasons the provincial used to manage directly the finances of the province. The provincial councillor for finance - Father Joseph Mattam - stayed in the provincial house during the whole period and managed the finances of the province very systematically and efficiently. He served also as the prefect of the provincial house and later as vicar provincial also.

The same may not be said about the other departments; social apostolate, pastoral ministry and education. These departments during this period did not acquire the autonomy of functioning and efficiency that they have presently. The main reason for this was that the provincial councillors concerned were saddled with many other responsibilities also.

3. **Communication:** The provincial administration gave great importance to communication. At the beginning the provincial bulletin - "San Thome News", was launched. Numerous circulars, at least one every month, used to be sent to keep all

members informed about the happenings in the province. The Provincial used to visit and stay in the various houses frequently, especially the houses for formation. The zonal gatherings in Kannur district, Waynad district and outside Kerala were occasions of effective communication and experience of religious fellowship. Occasional provincial gatherings also were held.

4. **Financial planning and Management:** A word more should be said about the financial planning and management of the province during this period. The province was confronted with two big problems: (1) huge debt in Mass account; (2) lack of financial self-sufficiency of several houses and their total dependence on provincial administration. These apparently insoluble problems were gradually solved to a satisfactory level by efficient financial planning and management. Under the convenership of the provincial councillor for finance, the provincial synaxis set up a committee for making an over-all evaluation of each of the houses, their scope for development and the means for them. The work of this committee was a great help for the balanced development of the whole province.

5. **Religious Life and Formation:** The Provincial administration tried to give top priority to the personal and spiritual growth of members. For this retreats and other programmes used to be arranged both for the whole province and on a zonal basis. Facilities were provided for members to take part in programmes for personal and spiritual growth. Suitable candidates were selected and sent for higher studies in India and abroad.

Providing appropriate facilities for the various stages of formation was a top concern of the provincial administration. Suitable infrastructure could be provided for college-going aspirants and novices.

6. **Apostolate:** On the apostolic front some new initiatives were taken; some were successful others were not so successful. The functioning of 12 parishes attached to our houses could be consolidated. But several of them continued to be far from being ideal parishes. In the educational field during this period there was no new initiative.

It was during this period that a team of three fathers was sent to the Diocese of Kumasi in Ghana. Only one of them – Father Caesarius – continued till the end of the contracted period of three years. Though our province gave up the mission, we have the satisfaction to note that three CMI's from other provinces even now work there and create wonders.

It was during this period that the first initiative was taken for our mission in Jammu and Kashmir, the whole area having been entrusted to the province by our Congregation for pastoral work as the extended territory of the province. In spite of some initial set-backs it has since become a mission with very good prospects.

The provincial administration from 1981 to 1987 was concerned more with consolidation than with expansion. Only if we have a solid basis, we can build good structure. During this period the province was able to pass deep roots in the fertile soil of Malabar. We should be fully committed to the place with its people and their needs and serve them to expand the kingdom of God.



ഫാ. ജോസഫ് മറ്റം CMI

പ്രൊവിൻഷ്യൽ : 1990 - 93

നമ്മുടെ സെൻറ് തോമസ് പ്രോവിൻസിൻെറ സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ദൈവം നമുക്ക് നൽകിയ നന്മകൾ പൂർണ്ണമായിട്ടല്ലെങ്കിലും നമ്മുടെ കഴിവിൻെറ പരമാവധി പൂത്തീകരിച്ചിട്ടുണ്ടെന്നാണ് എൻെറ എളിയ അഭിപ്രായം. ദൈവസ്നേഹവും പരസ്നേഹവും മുൻനിറുത്തി നമ്മൾ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രവർത്തന മണ്ഡലങ്ങൾ വളരെ ബൃഹത്താണ്. എല്ലാവരും അതു് അംഗീകരിക്കുമെന്നുള്ള ഉത്തമ വിശ്വാസമാണ് എനിക്ക് എന്നും ഉള്ളതു്.

നമ്മുടെ പ്രവത്തന മേഖലകൾ ഇന്നു് വിശാലമായിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലും, യൂറോപ്പിലും, ആഫ്രിക്കയിലുമായി അതു് നീളുന്നു. ഈ അവസരത്തിൽ 'വിളവു വളരെ, വേലക്കാർ ചുരുക്കം; അതുകൊണ്ടു് വിളവിൻെറ നാഥനോടു് വേലക്കാരെ അയച്ചുതരാൻ' (Mt. 9,38) പറയുന്ന ദിവ്യനാഥൻെറ സന്ദേശം നമുക്കു് ശ്രവിക്കാം. നല്ല വേലക്കാരുടെ അഭാവം ഇന്നും നമുക്ക് അനുഭവപ്പെടുന്നുണ്ടു്. അതുകൊണ്ടു ധാരാളം ആളുകളെ നൽകി നമ്മുടെ പ്രവത്തനങ്ങളെ അനുഗ്രഹിക്കണമേയെന്നു് ഈ ജൂബിലിയവസരത്തിൽ നമുക്കു് യേശുവിനോടു് പ്രാത്ഥിക്കാം.

ഫാ. ജോസഫ് മറ്റം C. M. I.




ആശംസാഗീതം

മലബാറിൻ മണ്ണിൽ തഴച്ചുവളന്നൊരീ
മരമിതിലെത്രയോ കായ്കനികൾ !
കനികൊത്തിത്തിന്നുവാനിരുപത്തിയഞ്ചല്ലോ
കിളികളീത്തരുവിൽപ്പറന്നു വന്നു !
അവയുടെ തുവലിൻ സ്പർശത്താലോരോരോ
പവിഴപ്പൂഞ്ചില്ലകൾ താരണിഞ്ഞു....
നിറയെത്തളിക്കയും മലരിട്ടു നില്ക്കയും
നിറമുള്ള കനികൾ തൈത്തെന്നലേല്ക്കേ
മധുരമായ് നർത്തനം ചെയ്കയുമല്ലയോ
മനതാരിലാശകൾ ചേർത്തിട്ടുന്നു....
മുഖരിതമാകുമീവേളയിൽ ഹൃദയത്തിൻ
ശിഖരങ്ങൾ തോറും പൂമ്പറവവൃന്ദം
കളരവമോടിതാ പാടുകയായ് ചിത്തം
കവരും വിധം നവ്യഭാവുകങ്ങൾ....
അനുപമം സെൻറ് തോമസ്
പ്രോവിൻസിന്നാത്മാവിൽ
അനുഭൂതി പൂത്തുലസിച്ചിടട്ടെ....
അകതാരിൽ നിറയുന്ന മോദമോടായിരം
അപദാനം പാടിടുന്നെൻ മനസ്സും....

ഡോ. ചെറിയാൻ കുനിയന്തോടത്ത്

THE DIOCESE OF THALASSERY AND THE C.M.I. CONGREGATION

Bishop Sebastian Valloppilly



The migration of the St. Thomas christians to Malabar from the old Syro-Malabar Dioceses in Central Kerala, is a unique event in the history of the Catholic Church in India. While in other places the church grew by conversion here it was by migration. Thousands of families migrated to the North in search of cheap and fertile land fit for cultivation. This movement started as early as 1928, when a few families bought land from the local Jenmies (land lords) and settled down at Peravoor about 50 kms. east of Thalassery. It gained momentum during the second world war — 1939 '45

The Hindu and Muslim landlords of Malabar owned thousands of acres of forest land but no one dared to enter these forests for fear of Malaria and wild beasts. The Jenmies got hardly any income from these lands and hence were happy to sell them to the settlers at a nominal price Rs. 5 to 10 per acre. Though many of the early settlers died of malaria a few survived. They cleared the forests and cultivated them. Since the land was very fertile, it gave them good crops and hence a lot of money. Their success attracted more and more people from the south and by 1953 there were about 75,000 settlers in Malabar.

The Malabar area was at that time under the jurisdiction of the Latin Bishop of Kozhikode. He had only a small number of priests just enough to attend to the spiritual needs of the few latin catholics in his Diocese – less than 10,000 in number. The migrants came in big numbers and settled down in the hilly regions of Malabar far away from the centres of the latin catholics. Though the Bishop and his priests tried their best to help them they could not do much. Moreover settlers being Syrian catholics could not appreciate the Latin Mass and ceremonies and so requested the Bishops of their original Dioceses – Archbishop Augustine Kandathil of Ernakulam and Bishop James Kalassery of Changanacherry – to send priests to Malabar to attend to their spiritual needs. They were ready to do so but the Bishop of Kozhikode Msgr. Proserpio, S. J was not in favour of allowing syrian priests to come to his diocese

because in those days the jurisdiction of the Syro-Malabar church was restricted to the small area between Bharathapuzha in the North and Pumpa river in the South. Subsequently petitions were sent by the concerned Bishops to the Holy See explaining the situation and requesting permission to send priests to Malabar.

Rev. Fr. Romeo Thomas CMI Mannanal of the present Palai Diocese and Rev. Fr. Placid Podipara CMI of Changanachery Diocese were two illustrious members of the CMI congregation. They were scholars and historians and devoted sons of the St. Thomas Church. Fr. Romeo Thomas was the principal of St. Berchmans' College Changanacherry for some time and Fr. Placid, CMI was professor at the CMI seminary Chethippuzha. From 1952 onwards Fr. Placid was the consultor of the Congregation for the Oriental Churches and professor at the Oriental Institute, Rome. They wrote articles in English and Malayalam papers describing the real situation in Malabar, the sad plight of the settlers and the need for sending priests of their own rite to attend to the spiritual needs of this people. Mr. Joseph Kallidukkil, one of the settlers published a booklet in 1948-"Kerala Suriyani Reethum Malabar Kudiyettavum"-(the Kerala Syrian rite and the Malabar colonisation) giving real facts and figures, the reasons for getting priests of their own rite and requesting the Holy See to erect a Diocese in Malabar for these settlers.

A slight change in the attitude of the Latin Bishops of Kozhikode came when Msgr. Patroni, S J. became the Bishop in 1948. He invited priests of the CMI congregation to come and work in his diocese to attend to the spiritual needs of the settlers. Accordingly five priests came in 1949, and they were appointed at Thiruvambady, Kodenchery, Kannoth, Koodaranji and Koodathai - all in the district of Kozhikode.

His Eminence Eugene Cardinal Tisserant was the secretary of the Congregation for the Oriental Churches at that time. He was a great scholar and historian who 'loved the Syro-Malabar church because he knew her history' - to quote his own words. He asked Bishop Patroni of Kozhikode to give him detailed information about the number of settlers in his diocese. The Bishop collected the details and informed the Cardinal that there were 74,128 Syro-Malabar settlers in his diocese, whereas he had only 17,127 Latin catholics. Of this report the Cardinal told me when I was in Rome in December 1955 for my consecration 'only Bishop Patroni told me the truth; the others were saying that there is only a floating population of the settlers'.

These figures opened the eyes of everyone both in Rome and at home. His Eminence the Cardinal during his historic visit to Kerala in November December 1953, after going to all the dioceses in the South visited Kozhikode, Thalassery and Peravoor, the first colony of the settlers His Eminence was surprised and overjoyed when he saw the big crowd assembled there. The Cardinal returned to Rome towards the middle of December and on the 31st of the same month the Papal Bull was signed by His Holiness Pope Pius XII of Happy Memory, erecting the new diocese of Thalassery in Malabar for the Syro-Malabar settlers and appointing Fr. Sebastian Valloppilly as the Apostolic Administrator.

When I assumed charge of the new diocese on 19th March 1954 I had only a dozen priests - five CMI priests and seven diocesan priests. There were 17 latinized syrian priests, working in the diocese of Kozhikode at that time. Though I requested all of them to join the new diocese only three accepted my invitation Many of these priests were at that time working in the colonies of the settlers and hence when

they en bloc went back to the Kozhikode diocese a sudden void was created. I appealed to Bishop Sebastian Vayalil of Palai and the CMI Congregation to come to my rescue. They most readily obliged me and sent a good number of priests. Bishop Vayalil allowed all those priests of his diocese who were ready to join the new diocese to do so. Hence we got a dozen priests from Palai diocese and eight priests from the CMI Congregation. This enabled us not only to fill up the vacancies but also send priests to a few new stations.

On 29th April 1955 the Holy See extended the jurisdiction of the Syro-Malabar hierarchy in such a way as to include all those places where there were settlers. Thus the boundaries of Thalassery diocese were extended to the North and East covering the areas of the present Latin Dioceses of Mangalore, Mysore, Chickmagalur, Shimoga and Ootty. The Diocese of Thalassery thus became 34,000 sq miles in area – more than double the area of the state of Kerala.

Though this was a great blessing for the settlers in those areas, it was a heavy burden for the new diocese of Thalassery. We had hardly enough priests to look after the spiritual needs of the settlers in Malabar. Here again help came mainly from the Diocese of Palai and the CMI Congregation. From Palai we got five priests and Archbishop Augustine Kandathil of Ernakulam who was greatly interested in the welfare of the settlers, gave us 4. All the three provinces of the CMI Congregation generously sent us 8 priests, majority of whom were from the St Joseph's Province. The M. C. B. S. (Missionary Congregation of the Blessed Sacrament), C. S. T. (Congregation of St. Theresa) and the V. C. (Vincentian Congregation) also gave us two priests each. With the help of these priests we could start a few stations in the new areas and also open additional stations in Malabar. About 30 priests of the CMI Congregation from the three provinces of St Joseph's, Kottayam, Devamatha, Thrissur and Sacred Heart, Thevara worked in the new diocese – some for a short period and majority for a long period till the diocese could have its own priests. Most of the priests who came from Palai joined the new diocese and are still continuing here, except those who have been called to their eternal reward.

While acknowledging with gratitude the great service rendered by the CMI congregation to the new diocese in the initial stage, it should be mentioned that they were at the same time building up their own congregation. Monasteries and formation houses were established in all important centres and vocations were recruited from the families of the settlers. The St. Joseph's College, Devagiri was started by the St. Joseph's Province in 1956 at a time when our diocese could not even dream of starting a college. This college provided facilities to the children of the settlers for higher education. The Devagiri College is now a premier institution in the Kozhikode University. The Diocese started the Nirmalagiri College only in 1964.

The Diocese of Thalassery was bifurcated in 1973 forming the new diocese of Mananthavady and a second bifurcation was effected in 1986 creating the diocese of Thamarassery. Though we had only 74,000 catholics in the beginning, there are at present more than half a million catholics in the three dioceses of Thalassery, Mananthavady and Thamarassery. Nearly 500 priests and over two thousand sisters are working today among the settlers, in parishes, schools, hospitals, orphanages, homes for the aged and other institutions.

There are more than 200 educational institutions including one first grade college and sixty high schools. In the meantime the CMI Congregation also was growing

steadily. Besides the Malabar Province, they have also the Mysore and Coimbatore vice provinces, with many formation houses, educational and charitable institutions. Thus we see that the growth of the diocese and the CMI Congregation was a simultaneous process helping each other in the bond of union and charity



Best compliments from:

Phone: 2952

BRIGHT TRADING COMPANY


KALPETTA-673 121. WAYANAD

Authorised Stockists for: LITEROOF, RITA ROOF (R M. P. SHEETS,) A. C. SHEETS.

Distributors for: G I SHEETS, G. I. WIRE, C R. SHEETS, BARBED WIRE, WHITE CEMENT & BUILDING MATERIALS ETC ETC.

കുടിയേറ്റത്തിലെ കുടിയേറ്റം.

ഫാ. മരിയദാസ്. C.M.I.



നല്ലൊരു വാഗ്മിയും, ഗായകനും, അതിലുപരി സംഘാടകനുമാണ് ബഹു. മരിയദാസച്ചൻ. കുടിയേറ്റക്കാരുടെ ഉന്നമനത്തിനായി അദ്ദേഹം ധാരാളം വിയർപ്പ് ചിന്തിയിട്ടുണ്ട്; നിരവധി ഇടവകകളിൽ വികാരിയായിരുന്നുകൊണ്ട്, മറക്കാനാവാത്ത സേവനം കാഴ്ചവച്ചിട്ടുണ്ട്. കുടിയേറ്റ ചരിത്രവും കുടിയേറ്റക്കാർക്കിടയിൽ സി. എം. ഐ. വൈദികർ ചെയ്ത സേവനങ്ങളും ആഴത്തിൽ പഠിച്ചയാളാണ് ബഹു. മരിയദാസച്ചൻ.

ലോകചരിത്രം കുടിയേറ്റ ചരിത്രമാണെങ്കിൽ മലബാറിനെ സംബന്ധിച്ച് അതു തികച്ചും അനവദ്യമാണ്. 1937-ൽ യശഃശരീരനായ ലിയോ പ്രോസേർപ്പിയോ കോഴിക്കോട് ത്രുപതയുടെ മൂന്നാമത്തെ മെത്രാനായി അധികാരം ഏറ്റെടുത്തപ്പോൾ തിരുവിതാംകൂർ, കൊച്ചി എന്നീ സംസ്ഥാനങ്ങളിൽ നിന്നു് സുറിയാനി ക്രൈസ്തവ കുടുംബങ്ങളുടെ കുടിയേറ്റ സംരംഭത്തിനു് ആരംഭം കുറിച്ചു.

ഇപ്രകാരം നാടും വീടും ഉപേക്ഷിച്ച്, കൂട്ടുകാരേയും, നാട്ടുകാരേയും വേർപിരിഞ്ഞ്, ആയിരക്കണക്കിനാളുകൾ മലബാറിന്റെ മണ്ണിൽ കാലുകുത്തി. തങ്ങൾക്ക് ഉണ്ടായിരുന്നതു് വിറ്റു പെറുക്കി കിട്ടിയ സംഖ്യയ്ക്കു് സ്ഥലം വാങ്ങി, രക്തവും, വിയർപ്പും വിലയായിക്കൊടുത്ത് വനഭൂമികളെ കനകം വിളയുന്ന വിളഭൂമികളാക്കിയതു് ഒരു നിസ്സാര സംഭവമല്ല. ഇംഗ്ലണ്ടിലെ പരിതസ്ഥിതികളോടു് ഇണങ്ങിച്ചേരാൻ പ്രയാസം തോന്നിയപ്പോൾ "മേഫ്ളവർ" എന്ന കപ്പലിൽ ഒരു കൂട്ടം തദ്ദേശികൾ അലറിയടുക്കുന്ന തിരമാലകളെപ്പോലും വെല്ലുവിളിച്ചുകൊണ്ട് അമേരിക്കയെ ലക്ഷ്യമാക്കി മുന്നേറിയില്ലേ? ഏതാണ്ടതുപോലെ കുടുംബങ്ങൾ വർദ്ധിക്കുകയും, കൃഷി സ്ഥലങ്ങൾ ആവശ്യത്തിനു് മതിയാകാതെ വരികയും ചെയ്തപ്പോൾ, നശിപ്പിക്കുവാനും, കൊന്നതിന്നുവാനും ഒരുങ്ങിനിൽക്കുന്ന കാട്ടുമൃഗങ്ങളേയും, മലമ്പനി, കോളറ തുടങ്ങിയ രോഗരാക്ഷസന്മാരെയും, തൃണവൽഗണിച്ചുകൊണ്ട് മുന്നേറിയ ആധീര സാഹസികരിൽ അധികവും സുറിയാനി കത്തോലിക്കരായിരുന്നു. അങ്ങനെ ഭൗതിക സമ്പത്ത് തേടിയിറങ്ങിയ കുടിയേ

റക്കാരുടെ ആദ്ധ്യാത്മികവും, ഭൗതികവുമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ നിസ്വാർത്ഥരായ മറെറാരു സംഘം കൂടിയേറക്കാർ, സി. എം. ഐ. വൈദീകർ, മലബാറിലേയ്ക്ക് കുടിയേറി.

വാഗ്ദാനഭൂമി

നൂറ്റാണ്ടുകൾക്കുമുമ്പ് ഈജിപ്തിലെ ദുരിതഭൂമിയിൽനിന്നു് യഹൂദ ജനതയെ വാഗ്ദാന ഭൂമിയിലേയ്ക്കു് ആനയിക്കുവാൻ നിയുക്തനായതു്, പാലും തേനും ഒഴുകുന്ന കാനാൻ ദേശം കാണിച്ചു കൊടുത്തതു്, അവിടെ എത്തിച്ചേരുവാൻ അവർക്കു് മാർഗ്ഗ നിർദ്ദേശം കൊടുത്തതു് മോസസ് ആയിരുന്നുവെങ്കിൽ, മലബാറിലെ കുടിയേറ്റ പ്രസ്ഥാനത്തിനു് രൂപം കൊടുത്തതും നേതൃത്വം നല്കിയതും സി. എം. ഐ. സഭാംഗമായ ഫാ. ചാൾസ് ആയിരുന്നു എന്നുള്ള സത്യം ആർക്കും വിസ്മരിക്കുവാനാകുകയില്ല. നിത്യസ്മരണാർഹനായ ഈ വന്ദ്യവൈദികൻ ഭരണങ്ങാനത്തെ തറപ്പേൽ കുടുംബാംഗമായിരുന്നു.

പ്രതിബന്ധങ്ങൾക്കുമുമ്പിൽ നഷ്ടധൈര്യരാകാതെ, ആത്മവിശ്വാസത്തോടെ മുന്നേറുവാനും മറ്റുള്ളവർക്കു് ഒരു മാതൃകയാകുവാനും ഫാ. ചാൾസ് കുടിയേറ്റക്കാരെ ഉദ്ബോധിപ്പിക്കുകയും, നേതൃത്വം നല്കുകയും ചെയ്തു. മോസ്സസ്സിനെപ്പോലെ വാഗ്ദത്തഭൂമി ഒരു നോക്കു കാണുവാൻ അദ്ദേഹവും ആഗ്രഹിച്ചു. ഭാഗികമായി ആ ആഗ്രഹം സാധിച്ചുവെങ്കിലും, ഇന്നത്തെ വളർച്ച കാണുവാൻ അദ്ദേഹത്തിനു് സാധിച്ചില്ല. 1940ൽ അദ്ദേഹം അന്തരിച്ചു.

നേരിട്ട ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന മലബാറിൽ, ബ്രിട്ടീഷുകാരുടെ സൈനികത്താവളങ്ങളും, തോട്ടങ്ങളും ധാരാളം ഉണ്ടായിരുന്നു. പട്ടണങ്ങളോ, എസ്റ്റേറ്റുകളോ ആയിരുന്നില്ല കുടിയേറ്റക്കാരുടെ ലക്ഷ്യം. നല്ല കൃഷിസ്ഥലങ്ങൾ അന്വേഷിച്ചുവന്ന അവർ ക്രൂരമൃഗങ്ങളും, വൻമരങ്ങളും നിറഞ്ഞ വനാന്തരങ്ങളിലേയ്ക്കു് പ്രവേശിച്ചു. കുടിയേറ്റക്കാരുടെ പ്രവാഹം വർദ്ധിച്ചപ്പോൾ അവരുടെ ആവശ്യങ്ങളും വിപുലമായി. സമരത്തിനിറങ്ങിയ കാട്ടുമൃഗങ്ങളോടും മലമ്പനി, വസൂരി, കോളറ തുടങ്ങിയ രോഗങ്ങളോടും മല്ലടിച്ചു ചിലർ മരിച്ചുവീണു. മറ്റു ചിലർ മടങ്ങിപ്പോയി. വേറെ ചിലർ ചെറുത്തുനിന്നു.

ഇവിടെത്തന്നെ നിലയുറപ്പിച്ചവർ അനുഭവിച്ച കഷ്ടപ്പാടുകൾ ഊഹിക്കാൻപോലും സാദ്ധ്യമല്ല. അനുഭവിച്ച വ്യക്തിയെന്ന നിലയിൽ സാക്ഷ്യം നൽകുകയാണു്. എങ്കിലും കുടിയേറ്റക്കാർ തളർന്നില്ല, തകർന്നില്ല. പ്രത്യുത, എന്തിനേയും നേരിടാനുള്ള തൻറേടത്തോടും, തളരാത്ത പ്രതീക്ഷയോടും കൂടി അവർ മുന്നേറി. ഫലമോ? പുതിയ പുതിയ കൃഷിയിടങ്ങൾ പ്രത്യക്ഷമായി, ഫലവൃക്ഷങ്ങൾ തഴച്ചുവളർന്നു. അങ്ങനെ കാട് നാടായി. നാട്ടു നഗരമായി. നാട്ടും നഗരവും പുഞ്ചിരിച്ചു. ആളുകളും സൗകര്യങ്ങളും വർദ്ധിച്ചതോടെ മതാനുഷ്ഠാനങ്ങൾക്കു് സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ജനം നെട്ടോട്ടമായി. പള്ളി വേണം, പള്ളിക്കൂടം വേണം, മതാനുഷ്ഠാനങ്ങൾ നടത്തുവാൻ വൈദികർ വേണം. രോഗം പിടിപ്പെട്ടാൽ ചികത്സാസൗകര്യം വേണം.

അന്നു് മലബാറിലെ കുടിയേറ്റ പ്രദേശങ്ങളെല്ലാം കോഴിക്കോടു് രൂപതയുടെ കീഴിലായിരുന്നു. പള്ളികളിൽ നിന്നു് കുടിയേറ്റക്കാരുടെ കോളനികളിലേയ്ക്കുള്ള ദൂരവും പേടിപ്പെടുത്തുന്ന ഘോരവനങ്ങളും കാട്ടാറുകളുമെല്ലാം അവിടേയ്ക്കുള്ള യാത്ര അത്യന്തം ദുഷ്ക്കരമാക്കി.

ഇത്തരം ബഹുമുഖങ്ങളായ പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് കാട്ടും കാട്ടാറുകളും കടന്നു് കുടിയേറ്റകേന്ദ്രങ്ങൾ തേടിപ്പിടിച്ചു്, അവരുടെ ആദ്ധ്യാ

ത്മിക ആവശ്യങ്ങളും, ചികിത്സാവിധികളും നടത്തിക്കൊടുത്ത കോഴിക്കോട് ശ്രുപതയിലെ തീക്ഷ്ണമതികളായ മിഷനറിമാരോടുള്ള ഈ കൂടിയേറ്റക്കാരുടെ കടപ്പാടും നന്ദിയും ചെറുതൊന്നുമല്ല.

എങ്കിലും നൂറ്റാണ്ടുകളായി പൂർവ്വികരുടെ ആരാധനക്രമങ്ങളും, ആചാരങ്ങളും ഉൾക്കൊള്ളുന്ന സുറിയാനി റീത്ത് ആചരിച്ചിരുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്ക് ലത്തീൻ ക്രമത്തിലെ ആചാരാനുഷ്ഠാനങ്ങളോട് പൊരുത്തപ്പെട്ടുപോകുവാൻ പ്രയാസം അനുഭവപ്പെട്ടു.

ഫാ. റോമിയോ തോമസ്

ഈ ദുരവസ്ഥകളെല്ലാം കണക്കിലെടുത്തുകൊണ്ട് മലബാർ കൂടിയേറ്റക്കാരായ സുറിയാനി കത്തോലിക്കരുടെ പ്രയാസങ്ങൾ പരിഹരിക്കുവാനായി അന്നത്തെ ദീപിക പത്രാധിപരായിരുന്ന ഫാ. റോമിയോ തോമസ് സി. എം. ഐ., ലേഖനങ്ങളും, മെമ്മോറാണ്ടങ്ങളും വഴി നടത്തിയ പരിശ്രമങ്ങൾ എടുത്തു പറയത്തക്കതാണ്. മലബാർ പ്രദേശത്ത് ഒരു സുറിയാനി ശ്രുപത തന്നെ സ്ഥാപിച്ചു കിട്ടുന്നതിനായി "കേരള സുറിയാനി റീത്തുകളും മലബാർ കൂടിയേറ്റവും" എന്ന പുസ്തകത്തിലൂടെ കൂടിയേറ്റക്കാരെ പ്രബുദ്ധനാക്കിയ ശ്രീ. ജോസഫ് വി. കല്ലിടുക്കലിന്റെ സേവനം സുറിയാനിക്കാരായ കൂടിയേറ്റക്കാരുടെ ചിരകാല സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനു വളരെയേറെ സഹായിച്ചു.

അധികാരസ്ഥാനത്തേയ്ക്ക് നിരന്തരമായി അയച്ചുകൊണ്ടിരുന്ന അപേക്ഷകളുടെ ഫലമായി മലബാറിലെ സുറിയാനി കത്തോലിക്കർക്ക്, സുറിയാനിക്കാരായ വൈദികരെ, ആദ്ധ്യാത്മിക സേവനത്തിനു വിനിയോഗിക്കണമെന്നു റോമിൽ നിന്നു കോഴിക്കോട് ശ്രുപതാദ്ധ്യക്ഷനു കല്പന വന്നു. അതിൻപ്രകാരം കോഴിക്കോട് ശ്രുപതാദ്ധ്യക്ഷന്റെ ക്ഷണമനുസരിച്ച് കർമ്മലീത്താ സഭയിലെ (സി. എം. ഐ) വൈദികർ സേവനരംഗത്തേയ്ക്ക് കടന്നുവന്നു. ഈ തീരുമാനങ്ങൾ ഉണ്ടാകുന്നതിനു മുമ്പുതന്നെ ഫാ. അന്ത്രയോസ്, ഫാ. അത്തനേഷ്യസ്, ഫാ. കെറുബിൻ തുടങ്ങിയ സി. എം. ഐ. വൈദീകർ മാഹി, ഫറോക്ക്, ചെറുവണ്ണൂർ എന്നിവിടങ്ങളിൽ വികാരിമാരായിരിക്കുകയും, അനാഥമന്ദിരം, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ അന്നൊക്കെ ലത്തീൻ റീത്തിലായിരുന്ന അവർ മതകർമ്മങ്ങൾ നടത്തിയിരുന്നതു്.

റോമിൽ നിന്നുള്ള നിർദ്ദേശം പല പരിഷ്ക്കാരങ്ങൾക്കും ഹേതുവായി. ബഹു. കെറുബിനച്ചൻ തരിയോട് ഇടവകയുടെ വികാരിയായി നിയമിതനായി. ഇതാണ് മലബാറിലെ ആദ്യത്തെ സുറിയാനി ഇടവക. തരിയോടിന്റെ നാനാവിധമായ പുരോഗതിക്കുവേണ്ടി ബഹു. കെറുബിനച്ചൻ അനുഭവിച്ച ക്ലേശങ്ങളും ബുദ്ധിമുട്ടുകളും നിരവധിയാണ്. തുടർന്നു ബഹു. ഹൻട്രിയാനച്ചനും തരിയോടിന്റെ നന്മയ്ക്കായി പ്രവർത്തിച്ചിട്ടുണ്ട്. 'തരിയോട് വെൽഫെയർ സ്കീം' പോലെയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനു അദ്ദേഹം സഹിച്ച ത്യാഗങ്ങൾ അവർണ്ണനീയമാണ്. ഈ കാലയളവിൽ ബഹു. ഫൗസ്റ്റിൻ പാറയിൽ സി. എം. ഐ. തരിയോട് അസിസ്റ്റന്റ് വികാരിയായി നിയമിതനായി. അന്നത്തെ തരിയോട് ഇടവക ഇപ്പോൾ തരിയോട്, കാവുംമന്ദം, കോട്ടത്തറ, കൂറുമണിക്കൊല്ലി, നെടുമ്പാല, പുതുശ്ശേരിക്കടവ്, മംഗളം, ചെന്നലോട്, എന്നീ എട്ട് ഇടവകകൾ കൂടിയതാണെന്നു പറയുമ്പോൾ അന്നത്തെ വൈദികരുടെ കഷ്ടപ്പാടും ബുദ്ധിമുട്ടുകളും ഏറെക്കുറെ ഊഹിച്ചെടുക്കുവാൻ കഴിയുമല്ലോ. ഈ കാലയളവിൽത്തന്നെ ബഹു. പീറ്റർച്ചൻ കണ്ണോത്തേക്കും

ബഹു. ഫാബിയൂസച്ചൻ കോടഞ്ചേരിയിലേക്കും, ബഹു. ബണ്ഡിനച്ചൻ കൂടരഞ്ഞിയിലേക്കും, ബഹു. എപ്പിപ്പാനിയൂസച്ചൻ പടത്തുകടവിലേക്കും വികാരിമാരായി നിയമിതരായി.

തിരുവമ്പാടി

തിരുവമ്പാടിയിൽ ഇന്നു കാണുന്ന മഹനീയ നേട്ടങ്ങളുടെ അടിത്തറ പാകിയതു് ബഹു. അത്തനാസിയൂസച്ചനും, ബഹു. കെറുബിനച്ചനും, ബഹു. എവരിസ്റ്റസച്ചനും ആണെങ്കിൽ, കണ്ണോത്തിന്റെയും, കോടഞ്ചേരിയുടെയും സമുദ്ധാരണം ബഹു. പീറ്റച്ചന്റെയും, ബഹു. ഫാബിയൂസച്ചന്റെയും, ബഹു. ദൊസിത്തേവൂസച്ചന്റെയും മറ്റും കഠിനാദ്ധ്വാനഫലമാണു്. നാം ഇന്നു കാണുന്ന കണ്ണോത്തിന്റെ വളർച്ച ബഹു. ഫ്രഡറിക്കച്ചന്റെ 10 വർഷത്തെ നിതാന്ത പരിശ്രമഫലമാണു്.

വേനപ്പാറ ഇടവക ഇന്നത്തെ നിലയിൽ ആയിത്തീരുന്നതിനു് 16 വർഷം അത്യദ്ധ്വാനം ചെയ്ത ബഹു. അന്തോണീനൂസച്ചൻ വേനപ്പാറ ഇടവക നിലനില്ക്കുന്നിടത്തോളം കാലം നന്ദിപൂർവ്വം അനുസ്മരിക്കപ്പെടും.

മണിമൂളിയിൽ ബഹു. ലിയാണ്ടറച്ചനും, ബഹു. ക്ലോഡിയസച്ചനും, മരിയാപുരത്തു് ബഹു. ജോഷ്വാച്ചനും, പുല്ലൂരാംപാറയിൽ ബഹു. ബർത്തലോമിയച്ചനും, കൂടരഞ്ഞിയിൽ ബഹു. ബർണ്ണർദീനച്ചനും അനുഷ്ഠിച്ച സേവനങ്ങൾ ഒരു കാലത്തും വിസ്മരിക്കപ്പെടുകയില്ല.

വികാരിയായിരിക്കെ നിര്യാതനായ ബഹു. ബർക്കുമാൻസച്ചനെ നരസിംഹരാജപുരംകാർ ഇന്നും സ്നേഹത്തോടെ ഓർക്കുന്നു. സുൽത്താൻ ബത്തേരിക്കും, കല്ലോടിയ്ക്കും ശ്രുപവും, ഭാവവും നല്കിയവരാണു് ബഹു. സർഗ്ഗീസച്ചനും, ബഹു. ലൂക്കാച്ചൻ പൂണ്ടിക്കളവും.

ബഹു. ടീസിയാനച്ചൻ, ബഹു. റൊഡ്രിഗോസ്, ബഹു. ഹെൻറിസൂസോ, ബഹു. ദൊനാത്തൂസ്, ബഹു. ഒണേരിയൂസ്, ബഹു. ക്ലോഡിയസ്, ബഹു. സോസിമൂസ്, ബഹു. റെജിനോൾഡ്, ബഹു. ഹെർബർട്ട്, ബഹു. ജസ്റ്റീനിയൻ, ബഹു. സിപ്രിയാൻ, ബഹു. ഹ്യൂഗോ, ബഹു. മാക്സ്, ബഹു. ആവുധീശോ തുടങ്ങിയ നിരവധി സി. എം. ഐ. വൈദികർ വിവിധ കാലഘട്ടങ്ങളിൽ വിവിധ ഇടവകകളിൽ മലബാർ കുടിയേറ്റക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിട്ടുണ്ടെന്ന കാര്യം നന്ദിപൂർവ്വം അനുസ്മരിക്കുവാനുള്ള അവസരമാണിതു്.

മോൺ. വള്ളോപ്പിള്ളി

കാർഡിനൽ ടിസറൻറിന്റെ കേരള പര്യടനത്തോടെ സ്ഥിതിഗതികൾക്കു് വിപ്ലവാത്മകമായ പരിവർത്തനങ്ങൾ വന്നു. പരി. സിംഹാസനം ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ തലശ്ശേരി ശ്രുപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. അദ്ദേഹത്തിന്റെ സഹായത്തിനായി പാലാ ശ്രുപതയിൽ നിന്നും, ചങ്ങനാശ്ശേരി ശ്രുപതയിൽ നിന്നും ധാരാളം ഇടവക വൈദികർ മലബാറിലെത്തി. അതിനും പുറമേ മലബാർ പ്രദേശത്തു നിന്നും ധാരാളം ദൈവവിളി ഉണ്ടായി. വർഷങ്ങൾ പലതു കഴിഞ്ഞു ശ്രുപത സ്വയം പര്യാപ്തതയിലേക്കു് നീങ്ങിയപ്പോൾ സി. എം. ഐ. വൈദികർ അവരുടേതായ പ്രവർത്തനമണ്ഡലങ്ങളിലേയ്ക്കു് തിരിയേണ്ട സമയമായി. ഈ വസ്തുത നേരത്തെ തന്നെ മനസ്സിലാക്കിയ ബഹു. ഹോർമ്മീസച്ചനും, ഫാ. ഷാബോറും അമലാപുരിയ്ക്കും, ദേവഗിരിയ്ക്കും ബഹു. ഹാഡ്രിയാനച്ചൻ തലപ്പുഴയ്ക്കും അടിസ്ഥാനമിട്ടു. കുടിയേറ്റക്കാരുടെ വിദ്യാഭ്യാസ ഉന്നമനത്തെ ലക്ഷ്യമാക്കി ദേവഗിരി സെൻറ് ജോസഫ്സ് കോളേജു് പടുത്തുയർത്തി. പ്രഗത്ഭനായ ബ. തെയോഡോഷ്യസച്ചന്റെ

നേതൃത്വത്തിൽ പ്രസ്ഥാനം കോളേജ് ചുരുങ്ങിയ കാലം കൊണ്ട് പ്രശസ്തിയുടെ ഉന്നത ശൃംഗങ്ങളിലെത്തി.

ഏതാണ്ട് ഈ കാലഘട്ടത്തിൽത്തന്നെയാണ് സി. എം. ഐ. സഭയുടെ മലബാർ റീജിയൻ രൂപം കൊള്ളുന്നത്. ആദ്യത്തെ റീജിനൽ സുപ്പീരിയറായിരുന്ന ബഹു. കെറുബിനച്ചൻ. അദ്ദേഹത്തെത്തുടർന്ന് ബഹു. ഔറേലിയൂസച്ചൻ, ബഹു. ഹഡ്രിയാനച്ചൻ എന്നിവർ റീജിയനൽ സുപ്പീരിയർമാരായി. ഇവരുടെ കാലഘട്ടത്തിൽ തലപ്പുഴ, നിരവിൽപ്പുഴ, തളിപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ സഭാസ്ഥാപനങ്ങൾ ഉടലെടുത്തു തുടങ്ങി.

ബഹു. ജെയിംസ് പള്ളിവാതുക്കലച്ചനാണ് പിന്നീട് റീജിയനൽ സുപ്പീരിയറായി വന്നത്. അദ്ദേഹം ഗൂഡല്ലൂർ, ബെക്കി, അടയ്ക്കാത്തോട്, കണ്ണൂർ, ലക്കിടി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ഭവനങ്ങൾ സ്ഥാപിച്ചു. മലബാർ പ്രദേശത്തെ സി. എം. ഐ. സഭയുടെ ആസ്ഥാനത്തിനായി മേരിക്കുന്നിനടുത്ത് പൂളക്കടവിൽ സ്ഥലം വാങ്ങി 'സെൻറ് തോമസ് മൗണ്ട്', എന്ന പേരിൽ സ്ഥാപനം തുടങ്ങി. ഇവിടെയാണ് ആദ്യത്തെ പ്രൊവിൻഷ്യൽ ഹൗസും, വൈദീകവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സി. എം. ഐ. ടെയിനിംഗ് കോളേജും പ്രവർത്തിച്ചിരുന്നത്.

വൈസ് പ്രോവിൻസ്

ആളുകളും സ്ഥാപനങ്ങളും വർദ്ധിച്ചതോടെ മലബാർ റീജിയൻ ഒരു വൈസ് പ്രോവിൻസായി അംഗീകരിക്കപ്പെട്ടു. കാര്യപ്രാപ്തനും സേവന തല്പരനുമായിരുന്ന ബഹു. ജെയിംസ് പള്ളിവാതുക്കലച്ചൻ തന്നെ ആദ്യത്തെ വൈസ് പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടു.

ഫാ. ജെയിംസ് പള്ളിവാതുക്കലിനു ശേഷം വൈസ് പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ജേക്കബ്ബ് ചെസ്സാരിയൂസ്, വൈസ് പ്രോവിൻസിന്റെ നാനാവിധമായ പുരോഗതിക്ക് നേതൃത്വം നല്കി. ഇദ്ദേഹത്തിന്റെ കാലത്താണ് പാറോപ്പടി സിൽവർ ഹിൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചത്.

1978-ൽ സെൻറ് തോമസ് വൈസ് പ്രോവിൻസ് ഒരു പ്രോവിൻസായി ഉയർത്തപ്പെട്ടപ്പോൾ ആദ്യത്തെ പ്രൊവിൻഷ്യലായി തിരഞ്ഞെടുക്കപ്പെട്ടത് ബഹു. ചെസ്സാരിയൂസച്ചനായിരുന്നു. അതിൽനിന്നുതന്നെ അദ്ദേഹത്തിന്റെ സേവനതല്പരതയുടെ മാഹാത്മ്യം വ്യക്തമാണ്.

ഇന്ന് പ്രോവിൻസിൽ പതിനാല് സ്ഥാപനങ്ങളും അതിനോടനുബന്ധിച്ച് പ്രശസ്തമായ ഒരു കോളേജും, രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും, രണ്ട് ഹൈസ്കൂളുകളും, അഞ്ച് പ്രൈമറി സ്കൂളുകളും, മൂന്ന് നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. പിന്നോക്ക പ്രദേശമായ വയനാടിന്റെ തലസ്ഥാനമായ കല്പറ്റയിൽ എല്ലാവിധ ആധുനീക സൗകര്യങ്ങളോടും കൂടിയ നല്ല നിലയിൽ പ്രവർത്തിക്കുന്ന 'ഫാത്തിമാ മാതാ' ഹോസ്പിറ്റൽ സേവനത്തിന്റെ പാതയിൽ പുത്തൻമാനങ്ങൾ കാഴ്ചവയ്ക്കുന്നു.

ഇതിനുംപുറമെ ജമ്മുകാശ്മീരിലും പൂഞ്ചിലും മിഷ്യൻ പ്രവർത്തനങ്ങൾക്കായി ഫാ. ജോസഫ് പൈകടയുടെ നേതൃത്വത്തിൽ നാല് സ്ഥാപനങ്ങൾ തുടങ്ങിക്കഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് എന്നപോലെതന്നെ ആദ്ധ്യാത്മികതലത്തിലും ദൈവജനതയെ നയിക്കുവാൻ തളിപ്പറമ്പ് ദർശനയിലും, ലക്കിടി മൗണ്ട് സീനായിലും നടത്തുന്ന ധ്യാന പരിപാടികൾ ആദ്ധ്യാത്മിക രംഗത്ത് പുത്തനുണർവ്വുകൾ സൃഷ്ടിച്ചു കഴിഞ്ഞു. പ്രോവിൻസിന്റെ പ്രേഷിത ചൈതന്യത്തിന്റെ മറ്റൊരു മകുടോദാഹരണമാണ് ആഫ്രിക്കൻ മിഷന്റെ തുടക്കം.

ഇരുപത്തിയഞ്ചുവർഷത്തെ ജീവിതാനുഭവത്തിൽ നിന്നു് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടു്, അടുത്ത ഇരുപത്തിയഞ്ചുവർഷം സെൻറ് തോമസ് പ്രോവിൻസ് ന്യൂമേനി ഫലങ്ങൾ ഉളവാക്കുവാൻ, മാർത്തോമ്മാ ശ്ലീഹായുടെ മാദ്ധ്യസ്ഥ്യം, വിളവിൻറെ നാഥൻറെ മുമ്പിൽ ഫലപ്രദമാകുവാൻ വേണ്ടി പ്രാർത്ഥിക്കുന്നു.

With best compliments from :

THE REAL REFLECTION OF YOUR HOME, WITH A PERSONAL INTEREST IN QUALITY & SERVICE

SASTHAPURI

TOURIST HOME, RESTAURANT & A/C BAR

JAIL ROAD, PALAYAM

CALICUT - 673 002

Kerala State, S. India

Phone : 60381. 60382, 60383
60384, 60385

Office : 64981 FAX-0495-76143

Grams : SASTHAPURI

Resi : 357643

For Fashion Ready wears :

ROSHNI GARMENTS

17/1-C, SEEMA TOWERS

MAVOOR ROAD JN.

CALICUT - 673 001

Phone : 63192

അമലാപുരിയുടെ ചരിത്രപശ്ചാത്തലം.

ശ്രീ. എം.സി. എബ്രാഹം.



അറിയപ്പെടുന്ന പത്രപ്രവർത്തകനാണ് ശ്രീ. എം. സി. എബ്രാഹം മുല്ലൂർ. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ കോഴിക്കോടു രൂപതയുടെ മുഖപത്രമായ "സന്ദേശം" വാരികയിലൂടെ പത്രപ്രവർത്തനം തുടങ്ങി. ഫാ. ഹോർമീസ് C M. I. നടത്തിയിരുന്ന 'പ്രകാശം' വാരികയുടെ സഹ പത്രാധിപരായിരുന്നു. ദീപിക, മലബാർ മെയിൽ എന്നിവയുടെ ഹോണററി മലബാർ ലേഖകൻ, തൊഴിലാളി ദിനപത്രത്തിന്റെ മലബാർ ലേഖകൻ, കേരള ക്രിസ്ത്യൻ റൈട്ടേർസ് അസോസിയേഷൻ സ്ഥാപകാംഗം, അഖിലേന്ത്യാ വർക്കിംഗ് ജേർണലിസ്റ്റ് യൂണിയൻ മെമ്പർ ഇങ്ങനെ നിരവധി മേഖലകളിൽ സേവനം ചെയ്തിട്ടുണ്ട്. കഴിഞ്ഞ 26 വർഷം മലയാള മനോരമയിൽ ആയിരുന്നു.

അമലാപുരി, ദേവഗിരി സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിന്, C. M. I. സഭാ നേതൃത്വത്തോടൊപ്പം മുൻനിരയിൽ നിന്നവരിൽ പ്രധാനിയാണ് ശ്രീ. എം. സി. അമലാപുരിയുടെയും ദേവഗിരിയുടെയും ചരിത്രം പഠിച്ച വ്യക്തിയല്ല എം. സി., പ്രസ്തുത ചരിത്രം ഉണ്ടാകുവാൻ പ്രവർത്തിച്ചവരിൽ ഒരാളാണ്. ആ ചരിത്രം പുതിയ തലമുറക്ക് പറഞ്ഞുതരുവാൻ ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും യോഗ്യതയുള്ള ആളാണ് ശ്രീ. എം. സി.

അമലാപുരിയുടെ ചരിത്രം ഒരു പള്ളിയുടെ മാത്രം ചരിത്രമല്ല. അതിന്റെ അനുബന്ധ സ്ഥാപനങ്ങളായ ദേവഗിരി സാവിയോ ഹൈസ്കൂൾ, സെൻറ് ജോസഫ് കോളേജ് എന്നിവയുടെയും പൗരാണിക നഗരമായ കോഴിക്കോടിന്റെ മൊത്തത്തിലുള്ള വളർച്ചയുടെയും ചരിത്രമാണ്. അതാകട്ടെ, ആത്യന്തികമായി കേരള കമ്മലീത്താ സന്ന്യാസസമൂഹത്തിന്റെ സമഗ്ര വികസനത്തിന്റെ ചരിത്രവും. ഇവ ഒന്നിൽനിന്നു മറെറാന്നിനെ വേർതിരിച്ചുകാണാൻ യഥാർത്ഥ ചരിത്രകാരന്മാർക്ക് സാധ്യമല്ല.

1940 - കളിൽ പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഇവാനിയോസിന്റെ അഭ്യർത്ഥന പ്രകാരം തെക്കൻ തിരുവിതാംകൂറിൽ സുവിശേഷ പ്രവർത്തനത്തിനു പോയതുപോലെ 50 കളുടെ ആദിപാദത്തിൽ കോഴിക്കോട് രൂപതാദ്ധ്യക്ഷനായിരുന്ന ഡോ. ആൽദോ മരിയ പത്രോണി തിരുമേനിയുടെ അപേക്ഷയനുസരിച്ച്, കർമ്മലീത്താ വൈദികർ സഭാസേവനത്തിനായി മലബാറിലേക്ക് തിരിച്ചതുമുതൽ അമലാപുരിയുടെ ചരിത്രം തുടങ്ങുന്നു.

സർ. സി. പി. യുടെ ദുർഭരണവും, ക്രൈസ്തവ പീഡനവും, രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതിയും തിരുവിതാംകൂർ കർഷക ജനതയെ മലബാറിലെ കന്നിമണ്ണ് തേടി പുറപ്പെടാൻ പ്രേരിപ്പിച്ചു എന്ന വസ്തുത ഏവർക്കും സുവിദിതമാണ്. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിനോ, കേരളാ ബിഷപ്സ് കോൺഫ്രൻസിനോ അവയുടെ പല യോഗങ്ങളിലും ചർച്ചചെയ്യപ്പെട്ട മലബാർ കുടിയേറ്റ പ്രസ്ഥാനം പ്രായോഗികമാക്കാൻ കഴിഞ്ഞില്ലെന്നതു് ഒരു ദുഃഖസത്യമാണ്. നിരാശരായ കർഷകർ സ്വയം കുടിയേറ്റത്തിനു് സന്നദ്ധരായി.


എന്നാൽ കോട്ടയം രൂപതയുടെ നേതൃത്വത്തിൽ ഷെവ: വി. ജെ. ജോസഫിന്റെ കുശാഗ്രബുദ്ധിയിൽ ഉദിച്ച ഒരാശയം എന്ന നിലയിൽ ക്നാനായ കത്തോലിക്കർക്കു മാത്രമായി ഒരു കുടിയേറ്റ പ്രസ്ഥാനം സംഘടിപ്പിച്ചു. തെക്കൻ കർണ്ണാടകത്തിലും കണ്ണൂർ ജില്ലയിലും ആയിരകണക്കിനു് കർഷകരെ കോട്ടയം രൂപത കുടിയിരുത്തി. അങ്ങനെ മലബാറിന്റെ മലമടക്കുകളിലും, തെക്കൻ കർണ്ണാടകത്തിലും, കൂർഗിലും മറ്റുമായി, ഒറ്റക്കും, കൂട്ടമായും കുടിയേറിയവരിൽ ബഹുഭൂരിപക്ഷവും കത്തോലിക്കാവിശ്വാസികളായിരുന്നു. അവരുടെ ആദ്ധ്യാത്മിക, ഭൗതിക, കാര്യങ്ങൾക്കു് പള്ളിയും പള്ളിക്കൂടവും, വൈദികരുമില്ലാതെ വളരെ വിഷമിച്ചു. കോഴിക്കോട്ട് രൂപതയാണു് ഈ പ്രതിസന്ധിയിൽ കർഷകരെ സഹായിക്കാൻ മുന്നോട്ട് വന്നതു്. കോഴിക്കോട്ട് രൂപതയാകട്ടെ അതിന്റെ ശൈശവാവസ്ഥയിലുമായിരുന്നു. അതിന്റെ രണ്ടാമത്തെ മെത്രാൻ ലിയോ പ്രസർപ്പിയോയുടെ ആകസ്മികമായ മരണവും രൂപതയിലെ വൈദികരുടെ കുറവും ഒക്കെക്കൂടി, രൂപതയെ അക്ഷരാർത്ഥത്തിൽ ഒരു പ്രതിസന്ധിയിലെത്തിച്ചു. അനേകം കുടിയേറ്റ കേന്ദ്രങ്ങളിൽ മലമ്പനിയും, മാരക രോഗങ്ങളും പിടിപെട്ട് വൈദികരുടെ സേവനംപോലും ലഭിക്കാതെ അനേകർ മൃതിയടഞ്ഞു.

ഈ ദശാസന്ധിയിലാണു് ബിഷപ്പ് പത്രോണി കർമ്മലീത്താ വൈദികരുടെ സേവനം ആവശ്യപ്പെട്ടതു്. അതോടെ കർമ്മലീത്താ വൈദികരുടെ ഒരു പ്രവാഹം തന്നെ മലബാറിലേക്കുണ്ടായി. ആദ്യസംഘത്തിൽ വന്നവരിൽപ്പെട്ട ഫാ. ഹോർമ്മീസ് പെരുമാലിയെ രൂപതയുടെ മുഖപത്രമായ "സന്ദേശം" വാരികയുടെ പത്രാധിപരും കത്തീഡ്രലിന്റെ അസി. വികാരിയും സെൻറ് വിൻസൻറ് കമ്പനിയുടെ അസി. മാനേജരുമാക്കി. കത്തീഡ്രലിനോടനുബന്ധിച്ച് അന്നത്തെ ബിഷപ്സ് ഹൗസിന്റെ ഒരു മുറിയിൽ (ഇന്നത്തെ കാത്തലിക് ഇൻഫർമേഷൻ സെൻറർ) ഹോർമ്മീസ് അച്ചനു് താമസസൗകര്യവും നല്കി. കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ "സന്ദേശം" വാരികയും, ആദ്ധ്യാത്മിക കാര്യങ്ങൾക്ക്, ബിഷപ്പും വൈദികരും മലമടക്കുകൾ കയറിയിറങ്ങി എല്ലാ സൗകര്യങ്ങളും നല്കി.

ആ കാലത്ത് മലയോരങ്ങളിൽ സേവനത്തിനായെത്തിയ ഫാ. ഗ്രേഷ്യൻ, ജോസഫ് ഹഡ്രിയാൻ, ബർക്ക്മാൻസ്, ബർണാർഡിൻ, സോസിമൂസ്, സർഗീസ്, ദൊസിത്തേവൂസ്, ഫ്രെഡറിക്ക്, എഫിഫാനിയൂസ്, അന്തോനീനൂസ്, റെയിനോൾ

ഡ്സ്, എവരിസ്റ്റസ്, ബത്തലൂമിയോ, സ്റ്റനിസ്ലാവൂസ്, ഫൗസ്റ്റിൻ, റിച്ചാർഡ്, ബെഞ്ചമിൻ, ഒപ്ത്താത്തൂസ്, മെലാനിയൂസ്, ഐവാൻസ്, കൊളംബസ്, തെയഡോഷ്യസ് തുടങ്ങിയ പ്രഗത്ഭരായ വൈദികരുടെ ഒരു നീണ്ട നിരതന്നെയുണ്ട്.

കുടിയേറ്റ മേഖലയിൽ പ്രവത്തിച്ചിരുന്ന വൈദികക്ക് ആസ്ഥാനഭവനമായ മാന്നാനവുമായി ബന്ധപ്പെടുന്നതിനു വളരെയധികം ബുദ്ധിമുട്ടുണ്ടായിരുന്നു. ഇതറിഞ്ഞ മേലധികാരികൾ, ഈ വൈദികക്ക് ഏറ്റവും അനുയോജ്യമായ ഒരു കേന്ദ്രം കോഴിക്കോട് നഗരത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു. പ്രവിശ്യാ വികസനം എന്ന ആശയം അന്നു് ആരിലും ഉണ്ടായിരുന്നില്ല. അനുയോജ്യമായ സ്ഥലത്ത് ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനു് കോഴിക്കോട് അരമനയിൽ തമസമുണ്ടായിരുന്ന ഫാ. ഹോമ്മീസ് പെരുമാലിയെ കോട്ടയം പ്രൊവിഷ്യൽ ഫാ. ദാനിയേൽ നിയോഗിച്ചു. അങ്ങനെ പത്രപ്രവത്തനത്തോടൊപ്പം കമ്മലീത്തക്ക് ഒരു സ്ഥലം കണ്ടെത്തുന്നതിനു് അദ്ദേഹം ശ്രമം തുടങ്ങി.




ഫാ. ദാനിയേൽ CMI

അന്ന് സന്ദേശം പത്രാധിപസമിതിയിൽ പ്രവർത്തിച്ചിരുന്ന ഈ ലേഖകനും ഹോമ്മീസച്ചനും കൂടി സൈക്കിളിൽ പലയിടത്തും പര്യടനം നടത്തി. ഒരു ദിവസം വെസ്റ്റ്ഹിൽ ചുങ്കത്തിനടുത്ത് സ്ഥലം നോക്കി മടങ്ങിവരുമ്പോൾ വൈ. എം. സി. എ. റോഡ് ജംഗ്ഷനു് അടുത്തെത്തിയപ്പോൾ മഴ ശക്തിപ്പെട്ടു. അടുത്തുകണ്ട പാറോൽ നാരായണദാസ് എന്ന ഒരു മാന്യന്റെ വീട്ടിൽ ഞങ്ങൾ കയറിയിരുന്നു. സംസാരത്തിനിടയിൽ അദ്ദേഹത്തോട് അച്ചന്റെ ഉദ്ദേശ്യം വിവരിച്ചു. പാറോൽ ഭവനത്തിനു് പടിഞ്ഞാറുവശത്ത്, ഇപ്പോഴത്തെ പി. ടി. ഉഷ റോഡിന്റെ സൈഡിൽ കുറെ കൊച്ചു വീടുകളും, ചോയി എന്നയാളുടെ ചായപ്പീടികയും ഉൾപ്പെടുന്ന കോമ്പൗണ്ട് ശ്രീ. നാരായണദാസ് ഞങ്ങളെ കാണിച്ചുതന്നു. അതുമാത്രമല്ല, തൊട്ട് തെക്കുവശത്ത് രണ്ടു നല്ല വീടുകൾ ഉൾപ്പെടുന്ന കോമ്പൗണ്ടുകൂടി കിട്ടാൻ സാധ്യതയുണ്ടെന്നു് അദ്ദേഹം പറഞ്ഞപ്പോൾ അച്ചനു് കൂടുതൽ സന്തോഷമായി. ഈ രണ്ടു പറമ്പുകളുടെയും ഉടമകളെക്കണ്ട് സംസാരിച്ച് അവരുടെ അഭിപ്രായം അച്ചനെ വന്ന് അറിയിക്കുവാൻ നാരായണദാസിനെ ചുമതലപ്പെടുത്തുകയും, അദ്ദേഹത്തോട് ഓരോ കുട വാങ്ങി ഞങ്ങൾ രണ്ടുപേരും കത്തീഡ്രലിലേക്ക് പോരുകയും ചെയ്തു. ആദ്യത്തെ പറമ്പ്, കോൺഗ്രസ്സ് നേതാവും മുൻ മുൻസിപ്പൽ കൗൺസിലറുമായിരുന്ന പി. വി. ശിവരാമൻ എന്ന മാന്യദേഹത്തിന്റെ തറവാട്ടുവക "പയറു വളപ്പ്" ആയിരുന്നു. ഈ പറമ്പിനു വടക്കേമൂലക്ക് റാവു ബഹദൂർ റ്റി. സി. കരുണാകരൻ വക്കീലിന്റെ വീടിനു പിന്നിലായി ശിവരാമന്റെ സഹോദരിയും, എസ്. ബി. ഐ. ഉദ്യോഗസ്ഥൻ ഗോപാലന്റെ ഭാര്യയുമായ ജാനകിയുടെ വീടായിരുന്നു. രണ്ടാമത്തെ പറമ്പിൽ എം. എൻ. നായരും, അദ്ദേഹത്തിന്റെ മരുമകനായ നെടുങ്ങാടി എന്ന വ്യവസായിയുമായിരുന്നു താമസിച്ചിരുന്നത്. ഇതു രണ്ടും വിൽക്കുന്നതിനു് സമ്മതവും വാങ്ങി നാരായണദാസും പിറേറന്നു് അച്ചന്റെ വാസസ്ഥലത്തെത്തി.

പി. വി. ശിവരാമൻ അന്നു് ബാംഗ്ലൂരിലായിരുന്ന താമസിച്ചിരുന്നതു്. അദ്ദേഹത്തെ കണ്ടെത്തി വില നിശ്ചയിക്കുന്നതിനും മറ്റുമായി ശ്രീ. നാരായണദാസിനെയും, അച്ചന്റെ മാനേജരും, കറസ്പോണ്ടന്റുമായിരുന്ന ഐ. സെഡ്. ചെറിയാനെയും ബാംഗ്ലൂരിലേക്കയച്ചു. ശിവരാമൻ ഇരുപത്തിഅയ്യായിരം രൂപ മൊത്തം വില പറഞ്ഞു. അച്ചനുമായുള്ള കൂടുതൽ സംസാരത്തിനിടയിൽ ഇരുപത്തിനാലായിരത്തി അഞ്ഞൂറ് രൂപയ്ക്ക് "പയറ്റുവളപ്പ്" കച്ചവടമുറപ്പിച്ചു. അതിലെ വീടുകളെല്ലാം ഒഴിപ്പിച്ചെടുക്കേണ്ട ചുമതല അച്ചൻ ഏറ്റെടുത്തു. അന്നുതന്നെ എം. എൻ. നായരുടെ "നെല്ലൂളിപറമ്പ്" അച്ചൻ വിലക്കെടുത്തു. തുടർന്ന് താമസക്കാർക്കെല്ലാം ഒഴിയുന്നതിനു് നോട്ടീസ് കൊടുത്തു. സമയമായപ്പോൾ ഒഴിഞ്ഞവർക്ക് വേറെ വീടുകൾ കണ്ടെത്തി നല്കുകയും ചെയ്തു. ചോയിയുടെ ചായപ്പീടിക വൈ. എം. സി. എ. റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള എല്ലാ സാമ്പത്തിക സഹായവും അച്ചൻ ചെയ്തുകൊടുത്തു.

ഇങ്ങനെ കുടി ഒഴിഞ്ഞുകിട്ടിയ പയറ്റുവളപ്പിനും, നെല്ലൂളിപ്പറമ്പിനും കൂടി "അമലാപുരി" എന്നു് ഹോമ്മീസച്ചൻ പേരു



ഫാ. ഹോർമീസ് CMI

നല്കി. കോഴിക്കോട് രൂപതയിലെ അച്ചന്റെ സേവനം അവസാനിപ്പിച്ച് നെല്ലൂളിപ്പറമ്പിലെ ഇന്നു് അവശേഷിക്കുന്ന ഏക കെട്ടിടത്തിന്റെ താഴത്തെ മുറിയിലേക്ക് അച്ചൻ താമസം മാറ്റി. സഹപ്രവർത്തകനായിരുന്ന റെയ്നോൾഡ് സച്ചൻ അതിനു മുകളിലത്തെ മുറിയിലും വാസം തുടങ്ങി.

പയറ്റുവളപ്പു പറമ്പിലെ നടുഭാഗത്തെ സാമാന്യം ഭേദപ്പെട്ട ഒരു വീട് മോടി വരുത്തി "സാവിയോ ഹോം" എന്ന പേരിൽ നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യമായി താമസിച്ചു പഠിക്കുന്നതിനുള്ള കേന്ദ്രമാക്കി. അമല പ്രിന്റിംഗ് വർക്സ്, അമല പ്രോസസ്സ് സ്റ്റുഡിയോ, റീഡിംഗ് റൂം എന്നിവയും സ്ഥാപിച്ചു. സാവിയോ ഹോമിൽ 12 കുട്ടികളെ പ്രവേശിപ്പിച്ചു. പ്രസ്സിലും ബ്ലോക്ക് സറ്റുഡിയോവിലും സാങ്കേതികവിദ്യ നേടുന്നതിനു് നാനാജാതി മതസ്ഥരായ കുറെ യുവാക്കളെയും പ്രവേശിപ്പിച്ചു പരിശീലനം നല്കി. അച്ചടി സംബന്ധമായി വളരെ പരിചിതനായ തെരുവത്ത് കരുണാകരനെ ഇതിന്റെയെല്ലാം സൂപ്രണ്ടായി നിയമിക്കുകയും ചെയ്തു. എറണാകുളത്തുനിന്നും പി. ജെ. ജോസഫിനെ ബ്ലോക്ക് സ്റ്റുഡിയോവിൽ പരിശീലകനായി നിയമിച്ചു.

1954 - ജൂലൈ 12നു് പഴയ നെല്ലൂളിപ്പറമ്പിലെ വിശാലമായ വീട്ടുമുറ്റത്തു് ഒരുക്കിയ വേദിയിൽവച്ചു് കോഴിക്കോട് ബിഷപ്പ് എ. എം. പത്രോണി "അമലാപുരി"യുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. തലശ്ശേരിയുടെ അഡ്മിനിസ്ട്രേറ്റർ ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, ആംഗ്ലിക്കൻ ബിഷപ്പ് ഡോ. ലിപ്പ്, മുനിസിപ്പൽ ചെയർമാൻ അഡ്വ. പി. ഗോവിന്ദമേനോൻ, പ്രിയോർ ജനറാൾ ഫാ. മാവൂരൂസ്, പ്രൊവിൻഷ്യൽ ഫാ. ദാനിയേൽ, പ്രൊക്കുറേറ്റർ ജനറാൾ ഫാ. ഷാബോർ, ഫാ. ആൻഡ്രൂസ്, മാന്നാനം കുരിയായിലെ പ്രമുഖ വൈദികർ, കോഴിക്കോട്ടെ മറ്റു വൈദികർ, കന്യാസ്ത്രീകൾ, ആത്മായ പ്രമു

ഖർ തുടങ്ങിയവരെല്ലാം ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു.

തുടർന്ന് ആശ്രമത്തോടനുബന്ധിച്ച് ഒരു ചാപ്പൽ ഉണ്ടാക്കുന്നതിനു് ശ്രമമാരംഭിച്ചു. അതിനായി റിട്ടയേർഡ് അസി. എഞ്ചിനീയർ ചാത്തുവിനെക്കൊണ്ട് പ്ലാൻ തയ്യാറാക്കിച്ചു. പ്രമുഖ കോൺട്രാക്ടറായ ആളൂർ എ. പി. ചാക്കോയെ പള്ളി നിർമ്മാണം ഏല്പിച്ചു. അന്നത്തെ നിരക്കിൽ മുക്കാൽ ലക്ഷം രൂപയ്ക്ക് കരാറുറപ്പിച്ചു. റിക്കാർഡ് വേഗതയിൽ അദ്ദേഹം പണി തീർത്തു. അതിന്റെ വെഞ്ചരിപ്പു നടത്തിയ തലശ്ശേരി രൂപതാദ്ധ്യക്ഷൻ ഇവിടെ ഒരു സുറിയാനി ഇടവകപ്പള്ളി സ്ഥാപിക്കുന്നതിനു് ആദ്യ ഗഡു എന്ന നിലയിൽ അരലക്ഷം രൂപ യോഗത്തിൽവച്ച് സംഭാവന ചെയ്തു. തുടർന്ന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തുന്നതിനു് കത്തോലിക്കാ പ്രമുഖരുടെ ഒരു കമ്മിറ്റി രൂപീകരിച്ചു. അമലാപുരിക്കു മുൻഭാഗത്തെ വൈ. എം. സി. എ. ജംഗ്ഷനോടു് ചേർന്നു് കിടക്കുന്നതും, വ്യവസായപ്രമുഖനായ ശ്രീ. സദാനന്ദന്റെ ഉടമസ്ഥതയിൽപ്പെട്ടതും, സർക്കാരിന്റെ അധീനതയിൽനിന്നു് ഒരു തമിഴ്നാട്ടുകാരൻ ലേലത്തിൽ വിളിച്ചെടുത്തതുമായ വിശാലമായ സ്ഥലം വാങ്ങി ഇടവകപ്പള്ളി പണിയുന്നതിനായിരുന്നു തീരുമാനം. ദൗർഭാഗ്യമെന്നു പറയട്ടെ എന്തോ കാരണത്താൽ കമ്മിറ്റിക്കതു് വാങ്ങിക്കാൻ കഴിഞ്ഞില്ല. ഇന്നാ സ്ഥലം "സ്റ്റെയിൻസ് മോട്ടോർസി"ന്റെ കൈവശത്തിലാണു്. തുടർന്നു് ആശ്രമ ചാപ്പൽ തന്നെ 1954 മുതൽ ഇന്നും സുറിയാനി ഇടവകയായി പ്രവർത്തിക്കുന്നു.

ഹോർമിസച്ചന്റെ 12 കൊല്ലത്തെ കോഴിക്കോട്ടെ ജീവിതത്തിനുശേഷം പ്രവർത്തനരംഗം ആലപ്പുഴക്കു മാറിയപ്പോൾ, അമലാപുരിയുടെ അധിപനായെത്തിയതു് ഫാ. ജോസഫ് ഹഡ്രിയാൻ ആയിരുന്നു. അദ്ദേഹത്തിനുശേഷം അമലാപുരി ആശ്രമം സുപ്പീരിയറായി വന്നതു് ഫാ. ജോബ് മൈലാടിയാണു്. അദ്ദേഹത്തിന്റെ കാലത്തു് പള്ളി വീണ്ടും പൊളിച്ചു പണിയണമെന്ന ആശയം വന്നു. അങ്ങനെ പള്ളി പുതുക്കി പണിതു. പൂളക്കടവിലെ സെൻറ് തോമസ് മൗണ്ടിൽ പ്രവർത്തിച്ചിരുന്ന സെൻറ് തോമസ് മലബാർ പ്രോവിൻസിന്റെ ആസ്ഥാനം അമലാപുരിയിലേയ്ക്ക് മാറുകയും ചെയ്തു. ഇടവക വികാരിയ്ക്ക് പ്രത്യേക ഓഫീസ് മുറിയും അതിനോടു് ചേർന്നു് ചാവറ കമ്മ്യൂണിറ്റിഹാളും, വേദപാഠക്ലാസ്സുകൾക്കുള്ള സൗകര്യങ്ങളും പിന്നീടു് ഉണ്ടാക്കി. തലശ്ശേരി രൂപതാദ്ധ്യക്ഷൻ രക്ഷാധികാരിയായും, ജോബച്ചൻ ഡയറക്ടർ ബോർഡംഗമായും, പ്രമുഖരായ വ്യക്തികളെ ഉൾപ്പെടുത്തി "അമലാ ചാരിറ്റീസ്" എന്ന ഒരു രജിസ്ട്രേർഡ് ലേലച്ചിട്ടി സ്ഥാപനം ഉണ്ടാക്കുകയും ചെയ്തു. ഹോർമ്മീസച്ചന്റെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ട പോസ്റ്റ് ഓഫീസ് ഈ കോമ്പൗണ്ടിൽ ഇപ്പോഴുമുണ്ടു്.

അങ്ങനെ പല പ്രതിസന്ധികളെയും ചങ്കൂറ്റത്തോടെ തരണം ചെയ്ത് കർമ്മലീത്താ സന്യാസസമൂഹത്തിന്റെ പ്രേഷിതവൃത്തിയും, സാമൂഹ്യസേവനരംഗവും, വിദ്യാഭ്യാസമണ്ഡലവും മലബാറിലെങ്ങും വ്യാപിപ്പിക്കാൻ അമലാപുരി സഹായകമായി. സാമൂതിരിയുടെ കാവ്യസദസിനെ അനുസ്മരിപ്പിക്കുംവിധം അമലാപുരിയിലും ഒരു സാഹിത്യസദസ്സ് ഉണ്ടായിരുന്നു. മരിച്ചു പോയവരും ഇന്നു ജീവിച്ചിരിക്കുന്നവരുമായ പല പ്രമുഖ സാഹിത്യകാരന്മാരുടെയും ഒരു സംഗമവേദിയായിരുന്നു അമലാപുരി. വളരെയധികം ഉത്തമഗ്രന്ഥങ്ങൾ 'പ്രകാശം' പബ്ളിക്കേഷനിലൂടെ പുറത്തുവന്നിട്ടുണ്ടു്. വിമോചനസമരത്തിന്റെ കോഴിക്കോട് ജില്ലയിലെ സിരാകേന്ദ്രം അമലാപുരിയായിരുന്നു. കൊട്ടിയൂർ കുടിയിറക്കിനും മറ്റുമെതിരെ ഫാ. വടക്കനും, വെല്ലിംഗ്ടനും നട

ത്തിയ ധീരസമരത്തിൽ കോഴിക്കോടിന്റെ ചുക്കാൻ ഫാ. ഹോർമ്മീസിന്റെ കൈയിലായിരുന്ന ഈ ലേഖകൻ. അതിന്റെ ജില്ലാ സെക്രട്ടറിയായിരുന്നു.

അമലാപുരിയുടെ പ്രശസ്തി ഇന്നു ലോകമെങ്ങും വ്യാപിച്ചു. കേരളചരിത്രത്തിൽ പൊതുവെയും മലബാറിന്റെ ചരിത്രത്തിൽ പ്രത്യേകിച്ചും, അമലാപുരിയും അനുബന്ധ സ്ഥാപനങ്ങളും അതിന്റെ പ്രേരകവ്യക്തികളായ കമ്മലീത്താവൈദികരും വണ്ണ്ണരാജിവിരിയിച്ചു നില്ക്കുന്നു.

നാല്പതു കൊല്ലത്തെ അമലാപുരിയുടെ സേവനചരിത്രം പുളകോത്ഗമകാരിയാണു് ഈ നാടിന്റെ, ഒരു ജനതയുടെ, സമഗ്ര വികസനത്തിന്റെ ചരിത്രമാണിതു്. അവിടെ പ്രവർത്തിച്ച ഓരോ വ്യക്തിയും - മരിച്ചവരും ജീവിച്ചിരിക്കുന്നവരും — അഭിമാനം കൊള്ളുന്നവരാണു്.

കാലത്തിന്റെ കുത്തൊഴുക്കിൽ പിന്നിലേയ്ക്കു് തിരിഞ്ഞുനോക്കാതെ മുമ്പിലെത്തെ ഭാഗ്യം മാത്രം ആസ്വദിക്കുന്ന പുതിയ തലമുറയ്ക്കു് ചരിത്ര സത്യത്തെ തീർത്തും അവഗണിക്കാനാവില്ല. ചരിത്രസൃഷ്ടിയിൽ എളിയ പങ്കുവഹിക്കാനും, അമലാപുരിയുടെ വളർച്ചയും വികാസവും കണ്ടു് സന്തോഷിക്കുവാനുമുള്ള ഭാഗ്യം സിദ്ധിച്ചതിൽ എനിക്കു് ചാരിതാർത്ഥ്യമുണ്ടു്. ഈ പ്രോവിൻസിലെ കമ്മലീത്താ സന്യാസസമൂഹത്തിനു് ജൂബിലിദിനത്തിന്റെ സകല മംഗളങ്ങളും നേരുന്നു.

Best compliments from:

Phone Off : 55807
Res : 422805

MESCO ASSOCIATES
6/437. BANK ROAD
CALICUT. 673 001

A RENOWNED FURNITURE SHOW-ROOM

MALABAR EMIGRATION - A SAGA OF HEROISM.

Fr. Sebastian Poonolly, C. M. I.



Fr. Sebastian Poonolly is the Vicar General and the General Secretary for Education and Media of Communication of the CMI Congregation. He had been the Provincial of Calicut Province from 1981 to 1987. He is a known scholar in English language and literature. He has proved himself an eminent educationalist as Lecturer in Devagiri College and as the General Secretary for Education.

It was May 1968. I was having a personal interview with the then Provincial of St Joseph's Province, Kottayam, Father Maurus, sometime after he shifted the Provincial House from Kottayam to Puthuppally. I had come from Madras Loyola College after my B. A final exams. He had already decided that I should go in for M. A. if possible at St. Joseph's College, Trichy. Father Maurus had asked me to meet him to discuss my petition in writing to be assigned to the Malabar Region of the Congregation about to be raised to the status of a Vice-Province. I don't have distinct recollection of all the reasons I gave him then, but Father Maurus together with Father James Pallivathuckal, then regional superior of Malabar, assigned me to the Vice-Province to be.

The petition to be assigned to Malabar was not lightly made. None of my relatives had emigrated to Malabar. As far as I knew only one person from my parish, a cousin of my friend and batch-mate Late Father James Thottapilly, a missionary in Chanda, had gone to Malabar. I was not without fear that my decision might be offensive to the memory of Late Father Andrews Poonolly, my uncle and vocation-promoter, especially because a couple of years earlier, primarily in difference to his wishes, I had requested and had been assigned to Trivandrum region, of which he was the regional superior till his death. I also remembered how in 1964, as a Scholastic fresh after philosophical studies, I had requested to join the newly-formed Chanda Mission and the then Provincial Father James turned down the request.

In 1968 why did I opt for Malabar? In fact I had been to Malabar only twice: the first time in May 1963 immediately after my final vows travelling in a special bus along with the newly ordained priests going for their first mass in Kerala, as Father Andrews had obtained for me a special permission from the Prior General to visit my grand-father who was then terminally ill; the second visit to Malabar was in 1966 when Father Provincial James took Father Mathew Chalil and me along in his car on his way to Devagiri to solve some problem there. On both occasions I had visited Devagiri. The Fathers teaching in Devagiri I had met as a group nearly 12 years earlier, because in May 1954, a few weeks before I joined the Aspirant's House at Mannanam as a fourth form student, Father Andrews took me for a visit to a newly constructed house of a distant relative of mine in Kottamam where the Devagiri fathers, Fathers Theodosius, Reynolds, Columbus, Nestor, Ivans, Optatus and others were enjoying their summer villa. Neither I nor they have forgotten this our first encounter in spite of the many ups and downs in our relations in subsequent years. Father Theodosius had become, inspite of the little contact, almost a hero. People like Father Columbus also attracted me very much, especially as he and Father Reynolds spent over a month in Dharmaram as we overstayed in Dharmaram after our philosophy course was over. So why did I opt for Malabar in 1968? Was the prospect of joining the rank of teaching fathers in Devagiri and hopefully becoming one day its principal like Father Theodosius, the main attraction? I am unable to dismiss this entirely.

My request in 1964 to join the Chanda Mission might be judged reactionary, something arising from the disgust that I and my batch-mates from St Joseph's Province experienced, as we had to overstay for more than a month in Bangalore without any special assignment after our batch-mates from other provinces had left, because the Prior General was objecting to the decision of our Provincial to send some of us for University previous course, as it was called then, to C. M. S. College, Kottayam. Again, my subsequent request to join Trivandrum region might be judged "not genuine", as the overriding motive might have been to please, or at least not displease, Father Andrews who mattered so much to me. On the same line will my request to join the Malabar Vice-Province also be judged 'selfish'? Yet I had a special fascination for Malabar.

Of the three zones of Kerala, Travancore, Cochin and Malabar, the last is undoubtedly the least developed. I am not going to list the several grievances that Malabar-people have. But just think of the progress Malabar has had in the last quarter of a century: the general prosperity, the growth of education institutions, roads, centres of recreation, buildings etc. Can we compare the situation of Malabar half a century ago with the present one? When Imperial Hotel in Palayam was the biggest building in Calicut; when the only travel facility to Waynad was the single daily service of a C. W. M. S. bus; when the only College in Calicut was Malabar Christian College offering only Intermediate course; when Mavoor Road was not there; when even members of well established Hindu families were on the verge of starvation; when though Kallai was considered the largest timber business centre in Asia, there was not much income-generating activity in the whole of Malabar.

If we ask what was the one chief factor that transformed Malabar during the past half a century, the answer is undoubtedly, the Catholic Emigrants. What started as a trickle in the middle 1930's became a flood

in the 1950's. Books and articles have been written about the heroism and sacrifices of the first emigrants. They had to fight against wild animals, malaria and inimical original inhabitants. Malaria has wiped out whole families and hundred of persons. Many have perished through alcoholism, loss of crops and debts.

With the rise of the third generation of the emigrants today, all these have become things of the past. Having lost all connection with the households of their parents or grand parents elsewhere, the third generation people of Malabar have almost completly lost the sense of being emigrants at all. This indeed is a positive element. How can a new dynamism be released from this feeling for the all-round growth of Malabar today?

The C. M. I. Congregation has had a very significant involvement in Malabar emigration. They migrated to Malabar along with the emigrants. When the Diocese of Thallassery was established in 1953 as many as 60 CMI's had served in the area for shorter or longer period, as many as 35 fathers serving at the same time. Their services have been immortalized in all the parishes they had toiled to establish, though appropriate ecclesiastical recognition is still wanting. While the book published by Father Bernardine in 1988 ("Malabar Kudiyettavum CMI Sabhayum") is a good first witness account, it does not tell the whole story of our contribution. The most detailed account of Malabar emigration till now published, "Konirpadikal" by Kuravilangad Joseph in 1991, makes only passing and casual references to the CMI Congregation. The most glaring and sad proof of the lack of ecclesiastical recognition of the role the CMI's played for the cause of Malabar emigrants, is the preface written to the said book by Mar Sebastian Valloppilly, which, while giving a list of the books on Malabar emigration including those of fiction, makes no mention of the writings on the CMI role and makes no reference to their services before and after His Lordship came to the scene.

I think the history of CMI presence in Malabar may be conveniently divided into 3 periods: (1) From 1948 (when Bishop Patroni became the ordinary of the Diocese of Calicut and Father Cherubin was appointed a one man commission to study the needs of Syrian emigrants) to 1966, when Father James Pallivathuckal became the last of the regional superiors of Malabar; (2) From 1966 to 1981 (when Father Caesarius completed his six-year term of office, first 3 as the last Vice-Provincial and the remaining 3 as the first Provincial, and, (3) From 1981 to the present.

The first period was characterized by missionary commitment and total dedication to the needs of the people without any thought of establishing a unit of the Congregation in the area. Most of the missionaries from this period have now gone to their eternal rest. This indeed was the golden period of CMI presence in Malabar. From 1958 to 1962 Father Aurelius and from 1962 to 1966 Father Hadrian served as Regional (Mission) Superior. At the end of this period CMI's had only four centres in Malabar: Amalapuri, Devagiri, Koodathai and Thalapuzha. Father Mariadas was the first fruit of our missionary efforts in Malabar.

The second period (from 1966 to 1981) was one of expansion. At the helm of affairs were Father James Pallivathickal and Father Caesarius Nalpathamkalam. They had not been Malabar missionaries but had been sent by Kottayam mother province to develop Malabar region into a Vice-Province and Province. As for the missionaries of the earlier period, many of them returned to their mother province, while most of the

rest settled down in one centre or other of the new province. They did not have much to do with the administration of the region/ Vice-province or Province. It was a period of fast and great development. As many as 12 centres were added and a Vice-Province was established in a short period of 3 years thanks to the initiative and efforts of Father James Pallivathuckal. He should be rightly called the architect of Malabar Province. The momentum of growth was maintained during the provincialship of Father Caesarius. The most significant administrative steps during his period might have been the shifting of the Provincial House from Marikunnu to Amalapuri and the establishment of Silver Hills School at Paroppady.

The third period, since 1981 to the present, is characterized by consolidation. Three significant features of this period were: (1) growth of the departmental system; (2) suppression of certain houses, and, (3) extension of the apostolate in J & K. Though the departmental system was introduced in the Congregation in 1970; it had a slow progress in Calicut Province, Even the department of finance continued to be handled directly by the Provincial for over a decade. The shortage of personnel and other resources were the main reasons. Then things started changing.


Another feature of the period of consolidation was the suppression of certain houses that were found financially not viable or where the congregation could not have the apostolate proper to it. These were the houses or centres in Adackathode, Parappa and Chapparappadavu. In the field of formation after several shifts and experiments, appropriate places have now been found for the pre-novitiate, college-going aspirants and novitiate. The service we render in the parishes attached to our houses has stabilized. The retreat centre in Thaliparamba is a major service that we render in Malabar. The dream of having a cultural and dialogue centre in Calicut is yet to be fulfilled.

In spite of the many problems and difficulties over the years our presence and service in J & K have greatly extended. No other province probably has so much activity in its extended territory as this province has in J & K. Our service in the African Diocese of Kigoma in Tanzania has great prospect of growth.

As St. Thomas Province is celebrating the Silver Jubilee of its establishment as a Vice-Province, the task before it is, I feel, to regain and reincarnate the spirit with which the first CMI missionaries migrated to Malabar along with the emigrants. We need to have the same spirit of sacrifice and commitment. It should enkindle the same heroism. Establishment of a province in a particular territory means mission to a particular land, its people with all their problems and needs and call to service them in accordance with our special charism and in collaboration with their pastors The province would have relevance in Malabar only to the extend we are able to re-capture this exodus-ethos and share it with the people of God As I conclude may I invoke peace to the souls of first missionaries who have died, and greet those living with us, Father Antoninus and Father Bartholomew.

മലബാർ കുടിയേറ്റവും സി. എം. ഐ. വൈദികരും.

ശ്രീ. കുറുവിലങ്ങാട് ജോസഫ്.



കുടിയേറ്റപ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ദീർഘകാലം അദ്ധ്യാപകനായിരുന്നു ശ്രീ. കുറുവിലങ്ങാട് ജോസഫ്. ഐതിഹാസികമായ മലബാർ കുടിയേറ്റത്തിന്റെ ചരിത്രം ആഴത്തിൽ പഠിച്ച ഏക വ്യക്തിയാണ് ജോസഫ് സാർ. ഈ കുടിയേറ്റത്തിന്റെ സംഗ്രഹചരിത്രമാണ് അദ്ദേഹത്തിന്റെ "കോണിപ്പടികൾ" എന്ന പുസ്തകം. ഒരു ചരിത്രാന്വേഷകൻ എന്നതിനുപുറമേ നോവലിസ്റ്റും ചെറുകഥാകൃത്തുമാണ് അദ്ദേഹം.

തന്റെ "മലബാർ കുടിയേറ്റവും സി. എം. ഐ. വൈദികരും" എന്ന ഈ ലേഖനത്തിലൂടെ, പ്രകൃതിയോട് പടപൊരുതിയ കുടിയേറ്റകർഷകരുടെ ഇടയിലേക്ക്, എല്ലാം ഇട്ടെറിഞ്ഞ് ഓടിപ്പോന്നവരുടെ പിന്നാലെ അവരെത്തേടിവന്ന സി. എം. ഐ. സന്യാസ വൈദികരുടെ ത്യാഗനിർഭരമായ സേവനചരിത്രമാണ് അദ്ദേഹം വിവരിക്കുന്നത്.

രാജാക്കന്മാരും ചക്രവർത്തിമാരും നടത്തിയ യുദ്ധങ്ങളെയും അവർ കൊന്നൊടുക്കിയ മനുഷ്യരേയും, ഒഴുക്കിയ ചോരയെയും വണ്ണോജ്ജ്വലമായി ചിത്രീകരിച്ച്, ആണ്ടും മാസവും തീയതിയും കാണിച്ച്, വീരസാഹസകൃത്യമായി അവതരിപ്പിക്കുന്നതാണ് ലോകചരിത്രമെന്നു പറഞ്ഞ് തോമസ് കാർലൈൻ പുച്ഛിച്ചതുള്ളുന്നു. "....dry as dust historians.. rubbish.." എന്നൊക്കെയാണ് ചരിത്രത്തെയും ചരിത്രകാരന്മാരെയുമൊക്കെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. എന്നാൽ, കാൻറർബറി ആശ്രമത്തിൽ ആബട്ട് സാംസൺ എന്ന സന്യാസി എഴുതി സൂക്ഷിച്ചിരുന്ന നാളാഗമത്തിൽ (Chronicle) മനുഷ്യൻറെ നേരിയ വികാരവിചാരങ്ങൾ പോലും സത്യസന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ ചരിത്രം ഇതാണെന്നു് ആ നാളാഗമം ചൂണ്ടിക്കാണിച്ചുകൊണ്ട് കാർലൈൻ സമർത്ഥിച്ചിട്ടുണ്ട്. അദ്ദേഹം ഇക്കാലത്തു ജീവിച്ചിരുന്നെങ്കിൽ, മലബാർ കുടിയേറ്റ കാലത്തുണ്ടായ ഹൃദയസ്പൃശിയായ സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് "ഇതാണ് യഥാർത്ഥ ചരിത്രം" എന്നു പറയുമായിരുന്നു. 18-ാം നൂറ്റാണ്ടിൻറെ ഉത്തരാർദ്ധത്തിലെ അവസാനത്തെ 25 വർഷം മലബാറിൽനിന്നു് തിരുവിതാംകൂറിലേക്കുള്ള കുടിയേറ്റകാലഘട്ടമായിരുന്നു എന്നു്, ഫ്രാൻസിസ് ബുക്കാനൻ, വില്യം ലോഗൻ, എ. ശ്രീധരമേനോൻ തുടങ്ങിയ ചരിത്രകാരന്മാർ പറയുന്നു. 20-ാം നൂറ്റാണ്ടിൻറെ പൂർവ്വാർദ്ധത്തിലെ ആദ്യത്തെ 25 വർഷങ്ങൾക്കുശേഷമാണ് തിരുവിതാംകൂറിൽനിന്നു് മലബാറിലേയ്ക്കുള്ള കുടിയേറ്റമാരംഭിച്ചതു്. ആദ്യത്തേതു് പ്രാണരക്ഷാർത്ഥമുള്ള ഒളിച്ചോട്ടമായിരുന്നെങ്കിൽ രണ്ടാമത്തേതു് വിശപ്പിൻറെ വിളികേട്ടണഞ്ഞ ഒരു കർഷകസമൂഹത്തിൻറെ പടയോട്ടമായിരുന്നു. മലബാർ മലയോരങ്ങളിലെത്തിയ കുടിയേറ്റക്കാർ ചെറിയ ചെറിയ കുടിലുകൾ കെട്ടി താമസമാരംഭിച്ചു. എവിടെയെങ്കിലും നാലു കുടിലായാൽ സമീപത്തായി അഞ്ചാമതൊന്നുകൂടി ചമയ്ക്കുന്നു. അതു് മനുഷ്യനുവേണ്ടിയായിരുന്നില്ല, ദൈവത്തിനുവേണ്ടിയായിരുന്നു. അവരോടൊത്തു ദൈവം വസിക്കുന്നു എന്ന ദൃഢവിശ്വാസത്തിൻറെ ബഹിർസ്ഫുരണമായിരുന്ന ആ കുടിൽ. അവരുടെ വളർച്ചയോടൊപ്പം, ആ കുടിലും, കുടിലിലെ ദൈവത്തിൻറെ സാന്നിധ്യവുമൊക്കെ വളർന്നുവന്നു. ഇത്രയേറെ ആഴമായ ദൈവവിശ്വാസമുള്ള ഒരു ക്രിസ്ത്യൻ സമൂഹത്തെ ലോകത്തിൽ മറ്റെവിടെയെങ്കിലും കാണാൻ കഴിയുമോ എന്നു് സംശയമാണ്. ആദ്യകാലത്തു് ദൈവവുമായി ബന്ധപ്പെടാൻ ഒരു മധ്യവർത്തിയുടെ സഹായം അവർക്കു ലഭ്യമായിരുന്നില്ല. എങ്കിലും ഞായറാഴ്ചകളിൽ അവർ ആ കുടിലിൽ ഒന്നുചേർന്നു പ്രാർത്ഥിക്കും, ദൈവവുമായി സംസാരിക്കും. അവരുടെ ജീവിതഭാരങ്ങളവിടെ ഇറക്കിവച്ചു് അവർ സംതൃപ്തിയടഞ്ഞിരുന്നു. ഇതായിരുന്നു ആദ്യകാല കുടിയേറ്റക്കാരുടെ ആരാധനാലയത്തിൻറെ തുടക്കം.

കുടിയേറ്റകാലത്തു് മലബാറിലെ ഭൂരിപക്ഷം പ്രദേശങ്ങളും കോഴിക്കോട് രൂപതയുടെ പരിധിയിലായിരുന്നു. 'ഈശോസഭ'ക്കാരുടെ മിഷൻ പ്രവർത്തനത്തിനായി പോപ്പ് 1923-ൽ അനുവദിച്ചുകൊടുത്തതാണ് കോഴിക്കോട് രൂപത. ആരംഭത്തിൽ 12 ഈശോസഭക്കാരും 4 ഇടവക വൈദികരുമാണ് കോഴിക്കോട് രൂപതയിലുണ്ടായിരുന്നതു്. ഈ വൈദികർ കുടിയേറ്റക്കാരെ അന്വേഷിച്ചു മലയോരങ്ങളിലേക്കു ചെന്നു. അവരുടെ കുടിലുകളിൽ പാർക്കുകയും അവർ കൊടുത്ത ഭക്ഷണം കഴിക്കുകയും ചെയ്തു. കുടിലുകളിൽ ബലിയർപ്പിക്കുകയും, ക്ലാശകൾ പരികർമ്മം ചെയ്യുകയും ചെയ്തിരുന്നു. ഫാ. ബർബോൻ, ഫാ. റൊസാരിയോ തുടങ്ങിയ ഈശോസഭാ വൈദികർ വീട്ടുകളിൽവച്ചു്

ജ്ഞാനസ്നാനം, പാപമോചനം, വിവാഹം എന്നിവ നടത്തിക്കൊടുത്തിട്ടുള്ളവരാണ്. കുടിയേറ്റക്കാർ വർദ്ധിച്ച കാലഘട്ടത്തെപ്പറ്റി പത്രോണിത്തിരുമേനി പറയുന്നു: "എല്ലാ കുടിയേറ്റ കേന്ദ്രങ്ങളിലും ഞാൻ പോയി. ചെന്നിടത്തെല്ലാം ധാരാളം ആളുകളുണ്ടായിരുന്നു. അവക്കെല്ലാം പള്ളിയും അച്ചനുമാണ വേണ്ടതു്. പക്ഷേ, ആവശ്യത്തിനു വൈദികർ ശ്രുതയിലില്ലായിരുന്നു". ഈ ചുറ്റുപാടിൽ പത്രോണിത്തിരുമേനിയുടെ അഭ്യർത്ഥനയെ മാനിച്ച് കുടിയേറ്റക്കാരുടെ ഇടയിൽ സേവനം ചെയ്യാൻ തയ്യാറായി മുന്നോട്ടുവന്ന പ്രഥമ സി. എം. ഐ. വൈദീകനായിരുന്ന ഫാദർ കെറുബിൻ. 1948-ൽ അദ്ദേഹം തരിയോട്ട് വികാരിയായി നിയമിക്കപ്പെട്ടു.

വൈത്തിരിയിൽനിന്നു് 13 കി. മീ. പടിഞ്ഞാറുള്ള ഒരു കുടിയേറ്റകേന്ദ്രമാണ് തരിയോട്. കഷ്ടിച്ച് കാളവണ്ടിക്കുപോകാൻ കഴിയുന്ന ഒരു റോഡാണ് അവിടെയുണ്ടായിരുന്നതു്. പക്ഷേ, വൈത്തിരിയിൽ നിന്നും പുറപ്പെടുന്ന കാളവണ്ടി പൊഴുതന വഴി മൂന്നാംദിവസമാണ് തരിയോട് എത്തിച്ചേർന്നിരുന്നതെന്നറിയുമ്പോൾ ആ റോഡിന്റെ ശോചനീയാവസ്ഥയെപ്പറ്റി കൂടുതൽ പറയേണ്ട ആവശ്യമില്ലല്ലോ. വൈത്തിരി വികാരി ഫാ. റൊസാരിയോസും അദ്ദേഹത്തെത്തുടർന്ന് ഫാ. കുര്യാക്കോസ് കുടക്കച്ചിറയുമാണ് തരിയോട്ടെ കാര്യങ്ങൾ നോക്കിപ്പോന്നതു്. തരിയോട്ട പള്ളിക്കായി ഒരു തറ കുടക്കച്ചിറയച്ചൻ നിർമ്മിച്ചിരുന്നു. ആ തറയിൽ കെറുബിനച്ചൻ പള്ളിഷെഡ്ഡ് തീർത്തു പുല്ലുമേഞ്ഞു. ഷെഡ്ഡിനോടു ചേർന്ന് ഒരു ചായ്പ്പു കെട്ടിമേഞ്ഞു മറച്ച്, ആ ചെറിയ മുറിയിൽ കെറുബിനച്ചൻ താമസവുമാക്കി.

ഏതാണ്ട് 10 മൈൽ ചുറ്റളവുള്ളതായിരുന്ന അക്കാലത്തെ തരിയോട് ഇടവക. 900-ൽ പരം വീട്ടുകാർ അവിടെ താമസിക്കുന്നുണ്ടായിരുന്നു. ഇവരുടെയൊക്കെ കാര്യങ്ങൾ നോക്കാൻ ഉണ്ടായിരുന്നതു് കെറുബിനച്ചൻ മാത്രം. എങ്കിലും ഒരു കാര്യത്തിലും വീഴ്ചവരുത്തിയിരുന്നില്ല. പോസ്റ്റോഫീസ് ആരംഭിക്കുവാനുള്ള അനുവാദം അദ്ദേഹം സമ്പാദിച്ചു. സ്ഥലമില്ലാത്തതിനാൽ അച്ചന്റെ മുറിയിൽ തന്നെയാണ് പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചതു്. പള്ളി ഷെഡ്ഡിൽ എൽ. പി. സ്കൂളും ആരംഭിച്ചു.

ഇതിനിടയിൽ മറ്റൊരു ജോലികൂടി കെറുബിനച്ചൻ ചെയ്യേണ്ടിവന്നു. സ്ഥിരമായി വൈദികനെ ആവശ്യമുള്ള പ്രധാനപ്പെട്ട കുടിയേറ്റകേന്ദ്രങ്ങളിലെല്ലാം ചെന്ന് അന്വേഷിച്ചു റിപ്പോർട്ട് നല്കാൻ പത്രോണിത്തിരുമേനി കെറുബിനച്ചനെ ചുമതലപ്പെടുത്തി. രണ്ടുമാസംകൊണ്ട് ആ ജോലിയും അദ്ദേഹം പൂർത്തിയാക്കി. 16 വൈദികരെങ്കിലും അത്യാവശ്യമാണെന്നുള്ള റിപ്പോർട്ടാണ് അദ്ദേഹം സമർപ്പിച്ചതു്.

കുടിയേറ്റക്കാരെപ്പോലെയോ അതിൽ കൂടുതലായോ കെറുബിനച്ചൻ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. വൈത്തിരിയിൽ നിന്നുള്ള റോഡ് പൊഴുതന കഴിഞ്ഞാൽ ഒരു ചതുപ്പുനിലത്തിലൂടെയാണ് കടന്നുപോയിരുന്നതു്. അതിൽ മൃഗങ്ങളോ മനുഷ്യരോ വീഴാനിടയായാൽ താഴ്ന്നുപോകും. ഒരിക്കൽ കെറുബിനച്ചൻ അതിൽ വീഴാനിടയായി. വൈത്തിരിയിൽ നിന്നു് സാധനങ്ങളും വാങ്ങിവന്ന ചില കുടിയേറ്റക്കാർ ഇതു കാണുകയും, അദ്ദേഹത്തെ പിടിച്ചുകയറ്റുകയും ചെയ്തു. അവർ വന്നതു ഭാഗ്യം. അല്ലെങ്കിൽ അച്ചൻ അവിടെ താണുപോകുമായിരുന്നു, ആരും അറിയുകയുമില്ല. അവരുടെ കയ്യിലുണ്ടായിരുന്ന കൈലിമുണ്ടും ബനിയനും ധരിച്ചാണ് അച്ചൻ പള്ളിമുറിയിലെത്തിയതു്. തുടർന്ന് കുടിയേറ്റക്കാരെല്ലാവരും കൂടി, അച്ചന്റെ നേതൃത്വത്തിൽ ആ ഭാഗത്തു് മണ്ണിട്ടു നികത്തി റോഡ് ഗതാഗതയോഗ്യമാക്കി.

അക്കാലത്തു് അതികഠിനമായ തണുപ്പാണു് തരിയോടു് അനുഭവപ്പെട്ടിരുന്നതു്. ആലിപ്പഴം വീണാൽ ഒരാഴ്ചകഴിഞ്ഞാൽപോലും അലിയാതെ കിടക്കുന്നതു കാണാമായിരുന്നു. രാത്രിയിൽ തീ കത്തിച്ചു കാഞ്ഞു് ശരീരം ചൂടാകുമ്പോൾ ഓടിവന്നു് കട്ടിലിൽ കിടന്നു് കരിമ്പടം വലിച്ചിട്ടു മൂടും. ശരീരം തണുത്താൽ പിന്നെ ഉറക്കം വരില്ല. കെറുബിനച്ചൻ ഉറങ്ങുന്നതങ്ങനെയായിരുന്നു. അച്ചൻ താമസിച്ചിരുന്ന മുറി മേഞ്ഞിരുന്നതു് കച്ചികൊണ്ടായിരുന്നു. മഴപെയ്താൽ മുറി മുഴുവൻ നനയും. നനഞ്ഞുമടുത്തു് ഒടുവിൽ അയൽവീട്ടിൽപ്പോയി അന്തിയുറങ്ങേണ്ടതായിട്ടും വന്നിട്ടുണ്ടു്.

ഒരു രാത്രി പള്ളിയിൽനിന്നു കിടുകിടാശബ്ദം കേട്ടുതുടങ്ങി. ഇടയ്ക്കിടയ്ക്കാണു് ശബ്ദം കേട്ടിരുന്നതു്. അതാവർത്തിച്ചപ്പോൾ അച്ചൻ എണീറ്റു ചെന്നുനോക്കി. അൾത്താരയിൽ വച്ചിട്ടുള്ള തിരിക്കാലിൽ ഒരു മലമ്പാമ്പു്! അതു് തിരിക്കാലിൽക്കയറുമ്പോൾ ഭാരംകൊണ്ടു മറിഞ്ഞുവീഴും. അങ്ങനെ തിരിക്കാലുകൾ വീഴുന്ന സ്വരമായിരുന്നു കേട്ടതു്.

മറെറാരു രാത്രിയിൽ കെറുബിനച്ചൻ കിടന്നു് ഉറക്കം പിടിച്ചതേയുള്ളു. അപ്പോൾ വാതിലിൽ മുട്ടുന്നതുകേട്ടു. എണീറ്റു ചെന്നു വാതിൽത്തുറന്നപ്പോൾ, ഏതോ രോഗിക്കു് അന്ത്യകൂദാശകൾ കൊടുക്കാനായി അച്ചനെ കൊണ്ടുപോകുവാൻ ആളുകൾ വന്നതായിരുന്നു. അച്ചൻ ആഗതനോടൊത്തു പുറപ്പെട്ടു. അഞ്ചെട്ടുമൈൽ അകലെയായിരുന്നു വീടു്. അവിടെയെത്തി അന്ത്യകൂദാശകളൊക്കെ കൊടുത്തിട്ടു് തിരിച്ചുപോന്നു. വന്നുകിടന്നിട്ടുറക്കം വന്നില്ല. ആരെങ്കിലും ഒരാൾകൂടി അന്ത്യകൂദാശയ്ക്കു വന്നിരുന്നെങ്കിൽ രാത്രി കഴിച്ചുകൂട്ടാമായിരുന്നു എന്നു് ചിന്തിച്ചുകൊണ്ടു കിടക്കുമ്പോൾ മുട്ടുകേട്ടു. അനേഷിച്ചപ്പോൾ അച്ചൻ ആശിച്ചതുതന്നെയായിരുന്ന കാര്യം. ആ രോഗിയുടെ വീട്ടിലെത്തിയപ്പോഴാണു് മുമ്പു വന്നിട്ടുപോയ വീടിനുസമീപമായിരുന്നു ആ വീടുമെന്നു് മനസ്സിലായതു്. രോഗീസന്ദർശനം കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ നേരം വെളുക്കുകയും ചെയ്തു. അച്ചൻ ആശിച്ചതുപോലെ തന്നെ സംഭവിച്ചു.

അടുത്ത ഏഴുവർഷത്തോളം തരിയോടിന്റെ അമരക്കാരനായിരുന്ന ഫാ. ഹഡ്രിയാൻ സി. എം. ഐ. അദ്ദേഹത്തിന്റെ കാലത്താണു് എൽ. പി. സ്കൂൾ, യു. പി. ആയി ഉയർത്തപ്പെട്ടതു്. അക്കാലത്തു പണിയിച്ച കെട്ടിടമാണു് ഇപ്പോഴുള്ളതു്. കുട്ടികൾക്കു് കളിസ്ഥലമുണ്ടാക്കി. ആശുപത്രി സ്ഥാപിച്ചു. കോട്ടത്തറ പള്ളിയും സ്കൂളും ആരംഭിച്ചു. ജനങ്ങളെ സംഘടിപ്പിച്ചു് പല റോഡുകളും വെട്ടിത്തുറന്നതു് ഇക്കാലത്താണു്. ഫാ. സിപ്രിയാനോസു്, ഫാ. ഹെർബർട്ടു്, ഫാ. ഫൗസ്റ്റിൻ എന്നീ സി. എം. ഐ. വൈദികരുടെ ഹ്രസ്വകാല സേവനവും തരിയോടിനു ലഭിച്ചിട്ടുണ്ടു്.

മൻപറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16 വൈദികരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ടു് പത്രോണിത്തിരുമേനി സി. എം. ഐ. സഭയ്ക്കെഴുതി. പക്ഷേ, അഞ്ചുപേരെ വിട്ടുകൊടുക്കാനെ കഴിഞ്ഞുള്ളു. ഫാ. അത്തനേഷ്യസു്, ഫാ. പീറർ, ഫാ. റെയിമണ്ടു്, ഫാ. ഫാബ്യൂസു്, ഫാ. ബർനാർഡിനു് എന്നിവരായിരുന്നു ആ അഞ്ചുപേർ. ഇവർ യഥാക്രമം തിരുവാമ്പാടി, കണ്ണോത്തു്, കൂടത്തായി, കോടഞ്ചേരി, കൂടരഞ്ഞി എന്നീ ഇടവകകളുടെ വികാരിമാരായി നിയമിക്കപ്പെട്ടു. 1949 ആഗസ്റ്റ് 15-നു് ഇവർ അതാതിടങ്ങളിൽ വികാരിമാരായി ചാർജെടുക്കുകയും ചെയ്തു.

കർമ്മധീരനായ അത്തനേഷ്യസച്ചനു് തിരുവാമ്പാടിക്കു നേതൃത്വം നൽകാൻ കഴിഞ്ഞു. കുടിയേറ്റക്കാരിൽ ആശയും ആത്മധൈര്യവും അദ്ദേഹം പകർന്നുകൊടുത്തു. നിലവിലിരുന്ന അനീതി, അക്രമം, ചൂഷ

ണം എന്നിവയ്ക്കെതിരായിരുന്ന ആദ്യമായി അദ്ദേഹത്തിന്റെ പടവാളയന്നു്. കൃഷിക്കാർ നെല്ലു് കൊയ്യുകഴിയുമ്പോൾ ഉദ്യോഗസ്ഥന്മാർ ലെവിയളക്കാൻ വരുന്നതു് റൗഡിസംഘത്തോടുകൂടിയാണു്. തോക്കും മറ്റു മാരകായുധങ്ങളും അവരുടെ പക്കൽ ഉണ്ടാകും. ഏതോ കളവുമുതൽ കണ്ടെടുക്കാൻ വരുന്ന മട്ടിലാണു് അവർ വീട്ടിൽ കയറി തപ്പുന്നതു്. പുഴുങ്ങിവച്ചിരുന്ന നെല്ലുവരെ കൊണ്ടുപോയ ചരിത്രമുണ്ടു്. ഇവരെ ഭയന്നു് ഒളിച്ചോടിയ വീട്ടമകളുണ്ടായിരുന്നു. ഇതൊക്കെ മനസ്സിലാക്കിയ അത്തനേഷ്യസച്ചൻ കളക്ടറെക്കണ്ടു് പ്രശ്നം പരിഹരിച്ചതിങ്ങനെയാണു്. ലെവിയായി കൊടുക്കാൻ കഴിയുന്ന നെല്ലു് കൃഷിക്കാർ പള്ളിമുറിയിൽ കൊണ്ടുവന്നു കൂട്ടണം. ഉദ്യോഗസ്ഥന്മാർ പള്ളിമുറിയിൽ വന്നു് നെല്ലെടുത്തുകൊണ്ടുപൊയ്ക്കൊള്ളണം. അതോടെ ഉദ്യോഗസ്ഥന്മാരുടെ വീടുകയറ്റം അവസാനിച്ചു. 1949-ലെ കന്നിക്കൊയ്ത്തു മുതൽ ഈ രീതി നടപ്പിലായി. ഈ സമ്പ്രദായം മലബാറിലെ മറ്റു കുടിയേറ്റക്കോളനികളിൽ നടപ്പാക്കാൻ അധികകാലം വേണ്ടിവന്നില്ല.

സ്കൂളിൽ കൂടുതൽ ക്ലാസ്സുകൾ ആരംഭിച്ചതോടെ അദ്ധ്യാപകർ ആവശ്യമായിത്തീർന്നു. അത്തനേഷ്യസച്ചൻ പാവറട്ടിയിൽ ചെന്നു് അദ്ധ്യാപകരെ കൊണ്ടുവന്നു് നിയമിച്ചു. അക്കാലത്തു് തിരുവിതാംകൂറിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെ മലബാറിൽ ടെയിനിംഗു് നടത്താൻ ചില ഉദ്യോഗസ്ഥൻമാർ അനുവദിച്ചില്ല. മലബാറിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയവരെ മാത്രമേ ടെയിനിംഗു് നടത്താൻ അനുവദിച്ചിരുന്നൊള്ളു. രണ്ടിടത്തും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്കു് കോളേജു് പ്രവേശനം അനുവദിച്ചിരുന്നു. അതിനാൽ രണ്ടു യോഗ്യതകളും തുല്യമായി പരിഗണിക്കണമെന്നു് യുക്തിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാധികാരികളെ ബോധ്യപ്പെടുത്തുവാൻ അത്തനേഷ്യസച്ചനു കഴിഞ്ഞു. അതോടെ തിരുവിതാംകൂറിൽനിന്നു് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിവരുന്നവർക്കു് മലബാറിൽ ടെയിനിംഗു് നടത്താൻ സാധിച്ചു.

വളരെ ദീർഘവീക്ഷണത്തോടുകൂടിയാണു് അത്തനേഷ്യസച്ചൻ നിർമ്മാണപ്രവർത്തനങ്ങൾക്കു് നേതൃത്വം നല്കിപ്പോന്നതു്. തിരുവമ്പാടിയുടെ വിവിധ ഭാഗങ്ങളിൽനിന്നു് റോഡുകൾവെട്ടി ബന്ധിപ്പിച്ചു് ഇന്നത്തെ അങ്ങാടി രൂപപ്പെടുത്തുവാനുള്ള പശ്ചാത്തലമൊരുക്കിയതു് അദ്ദേഹമാണു്. കുടിയേറ്റക്കാർക്കായി സുറിയാനിരൂപത ഉണ്ടാക്കുന്നതിനു മുമ്പുതന്നെ തിരുവമ്പാടിയിലെ പള്ളിക്രമങ്ങൾ പടിപടിയായി സുറിയാനിയിലാക്കാൻ അത്തനേഷ്യസച്ചനു് കഴിഞ്ഞു. സ്തുത്യർഹമായ സേവനത്തിനുശേഷം, പ്രായാധിക്യത്താൽ ക്ഷീണിതനായ അദ്ദേഹം ആശ്രമത്തിലേയ്ക്കുതന്നെ തിരിച്ചുപോയി.

ഫാ. കെറൂബിനായിരുന്നു പിൻഗാമി. യു. പി. സ്കൂൾ പൂർത്തിയായതിനാൽ ഹൈസ്കൂളായിരുന്നു ആവശ്യം. പൊതുയോഗം കൂടി ഹൈസ്കൂൾ സ്ഥാപിക്കാൻ നിശ്ചയിച്ചു. അതിനായി ഒരു കമ്മറിയും രൂപീകരിച്ചു. പിരിവെടുത്തു സ്ഥലം വാങ്ങി. 5000 രൂപ കടം വാങ്ങി കെട്ടിവച്ചു് ഹൈസ്കൂളിനപേക്ഷിച്ചു. കെറൂബിനച്ചന്റെ പല മദ്രാസു് യാത്രകൾക്കും ശേഷം ഹൈസ്കൂൾ അനുവദിച്ചു. പുതിയ കെട്ടിടം തീർത്തു് 1955-ൽ ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു.

കെറൂബിനച്ചന്റെ അസിസ്റ്റന്റു് ആയിരുന്ന ഫാ. ബർത്തലോമിയോ സി. എം. ഐ. ഒരിക്കൽ അഗസ്ത്യാൻമൂഴിയിൽനിന്നും കുറുക്കു വഴിയിലൂടെ തിരുവമ്പാടിയിലേക്കു നടക്കുകയായിരുന്ന അദ്ദേഹം. നല്ല മഴക്കാലം. താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളത്തിനടിയിലാണു്. എന്തുചെയ്യണമെന്നറിയാ

തെ അദ്ദേഹം പകച്ചുനിന്നു. വെള്ളം കൂടി കൂടി വരികയാണു്. പിന്നെ അദ്ദേഹം മടിച്ചുനിന്നില്ല. കൈയിലുണ്ടായിരുന്ന ബാഗ് തലയിൽ വച്ചുകൊണ്ടു് അച്ചൻ കഴുത്തറ്റം വെള്ളത്തിലിറങ്ങി നടന്നു. ഒരു വിധത്തിൽ നീന്തിത്തുടിച്ചു് കരയ്ക്കുകയറി. നനഞ്ഞൊലിക്കുന്ന ഉടുപ്പുമായി സന്ധ്യയായപ്പോൾ അദ്ദേഹം തിരുവമ്പാടി പള്ളിയിലെത്തി. ഈ ദുസ്ഥിതിക്കു് ഒരു മാറ്റം വരുത്തണമെന്നു് കെറുബിനച്ചൻ നിശ്ചയിച്ചു. അദ്ദേഹം ജനങ്ങളെ സംഘടിപ്പിച്ചു് അഗസ്ത്യൻമൂഴി മുതൽ തിരുവമ്പാടിവരെ റോഡുവെട്ടിച്ചു. വഴിയരികിൽ താമസക്കാരായ ചില അന്യമതസ്ഥർ എതിർപ്പു പ്രകടിപ്പിക്കുകയും പോലീസിൽ കേസ്സു കൊടുക്കുകയും ചെയ്തു. പോലീസു് വന്നു കെറുബിനച്ചനെ അറസ്റ്റു ചെയ്തുകൊണ്ടുപോകുവാനൊരുങ്ങി. ഒരു പറ്റം യുവാക്കൾ യഥാർത്ഥ വിവരം പോലീസിനെ അറിയിച്ചപ്പോൾ അവർ പിന്തിരിഞ്ഞു. വിവരമറിഞ്ഞു് മുക്കത്തുനിന്നു് മൊയ്തു ഹാജി വന്നു് എതിർപ്പു് അവസാനിപ്പിച്ചു. അതാണു് $4\frac{1}{2}$ കി. മി. ദൈർഘ്യമുള്ള എം. എൽ. എ. റോഡായി മാറിയിരിക്കുന്നതു്. അഗസ്ത്യൻമൂഴി പാലം തീരുന്നതോടെ ചുരുങ്ങിയ ദൂരത്തിൽ ആ റോഡിലൂടെ തിരുവമ്പാടിയിലെത്താൻ കഴിയും.

ഷെഡ്ഡിനു പകരം പള്ളി പണിയണമെന്നു് പൊതുയോഗം തീരുമാനിച്ചു. അതനുസരിച്ചു് പണിയും തുടങ്ങി. ഇന്നത്തെ പള്ളിയുടെ മുഖവാരമൊഴിച്ചു് ബാക്കിയുള്ള പണികളെല്ലാം കെറുബിനച്ചന്റെ കാലത്തു തീർന്നതാണു്. ഏഴ കൊല്ലത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി രോഗിയായിത്തീർന്ന കെറുബിനച്ചനെ മേരിക്കുന്നു് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗം ഗുരുതരമാണെന്നു ബോധ്യപ്പെട്ട അധികൃതർ അദ്ദേഹത്തെ ആശ്രമത്തിലേയ്ക്കു കൊണ്ടുപോയി. കോട്ടയത്തുവച്ചു് 1960-ൽ കെറുബിനച്ചൻ നിത്യാശ്വാസം പ്രാപിച്ചു. മാന്നാനം ആശ്രമത്തിൽ സംസ്കരിക്കുകയും ചെയ്തു. ഫാ. എവരിസ്റ്റസായിരുന്ന അടുത്ത വികാരി. അദ്ദേഹം പൊതുക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. തിരുവമ്പാടിയിൽ ചാർജിംഗ് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനിടയായതു് അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ടായിരുന്നു. സബ് പോസ്റ്റാഫീസിനായി പള്ളിവക സ്ഥലത്തു് കെട്ടിടം പണിയിച്ചു കൊടുത്തു. പള്ളിവക 22 ഏക്കർ സ്ഥലത്തു് റബ്ബർ കൃഷിയാരംഭിച്ചു. 1961-ൽ തിരുവമ്പാടിയിൽ വൈദ്യുതി എത്തിക്കാനും അദ്ദേഹത്തിനു് കഴിഞ്ഞു. എവരിസ്റ്റസച്ചന്റെ ആറു വർഷത്തെ സേവനമാണു് തിരുവമ്പാടിക്കു ലഭിച്ചതു്.

1949-ആഗസ്റ്റ് 15-നു് ഫാ. ബർനാർഡിൻ സി. എം. ഐ. കൂടരഞ്ഞിയിൽ വികാരിയായി ചാർജെടുത്തു. അപ്പോഴത്തെ സ്ഥിതിയെപ്പറ്റി പള്ളികമ്മറ്റി പ്രസിഡണ്ടായിരുന്ന കുഴമ്പിൽ മാണി ഓർമ്മിക്കുന്നു. "പുല്ലുമേഞ്ഞ പള്ളിഷെഡ്ഡു്, അതിന്റെ പിന്നിൽ ഓടുകൊണ്ടു് പകുതി മറച്ച ഒരു മുറി, അതിൽ ഒരു കട്ടിൽ, രണ്ടു പായ, ഒരു തലയിണ, ഇതുമാണു് ബർനാർഡിനച്ചൻ ചാർജ്ജെടുക്കുവാൻ വരുമ്പോഴുണ്ടായിരുന്നതു്. ഭക്ഷണം കഴിക്കുവാനാണു് അതിലും ബുദ്ധിമുട്ടു്. തുടരെത്തുടരെ കൈകൊണ്ടു് ചോറിലെ ഓലച്ചാത്തനെ (ഒരുതരം ചെറിയ വണ്ടു്) പെറുക്കണം. ഓലച്ചാത്തന്റെ ഉപദ്രവംകൊണ്ടു് പല ദിവസങ്ങളിലും അച്ചൻ അത്താഴം വേണ്ടെന്നു് വച്ചിട്ടുണ്ടു്. ഒരു മുറി പണിയണമെന്നു് കമ്മറ്റിക്കാർ ആവശ്യപ്പെട്ടപ്പോൾ അച്ചന്റെ പ്രതികരണമിതായിരുന്നു. "വരട്ടെ, ഞാനീ പൊടിമണ്ണിൽ കുറെനാൾകൂടി കിടന്നുകൊള്ളാം. നമ്മുടെ പിള്ളേർക്കു പഠിക്കാനൊരു സ്കൂളുണ്ടാക്കണം. അതൊക്കെ കഴിഞ്ഞുമതി മുറി".

നേരത്തെതന്നെ പള്ളിഷെഡ്ഡിൽ സ്കൂൾ തുടങ്ങിയിരുന്നു. സ്കൂൾകെട്ടിട

ത്തിന്റെ പണിയാരംഭിച്ചു. എല്ലാവരും കൂടി എല്ലാപണികളും ചെയ്തു. അച്ചനില്ലാത്ത ഒരു ദിവസം മുറിക്കുള്ള വാനമെടുത്തു പണിയും തുടങ്ങി. ഒരു കൊല്ലം കൊണ്ട് രണ്ടു പണികളും തുടങ്ങി. ഒരുമിച്ചു പൂർത്തിയായി. അച്ചനെ മുറിയിൽകയറ്റി പാപ്പിച്ചു. കുട്ടികളെ പുതിയ കെട്ടിടത്തിലേക്കും മാറ്റി. സ്കൂൾ പണികഴിഞ്ഞപ്പോൾ പള്ളിഷെഡ്ഡു പരിഷ്ക്കരിച്ചു. കരിങ്കല്ലുകൊണ്ടു തൂണുകെട്ടി മരക്കുട്ടകയറ്റി ഓടിട്ടു. അരഭിത്തികെട്ടി ബാക്കിഭാഗം ഓടകൊണ്ടു മറച്ചു. 1953 - ജനുവരിയിൽ പള്ളിപണി കഴിഞ്ഞു. 1953 - ജൂൺ 16 - നു് ഉച്ചയ്ക്കു് സ്കൂൾ വിട്ടപ്പോൾ ഭയങ്കരമായ കൊടുംകാറ്റും മഴയും. കുറെ കുട്ടികൾ ഓടി പള്ളിക്കെത്തുകയറി അഭയം പ്രാപിച്ചു. ബർനാർഡിനച്ചൻ വെളിയിലിറങ്ങി നോക്കുമ്പോഴുണ്ടു് പള്ളി ചെരിയുന്നു. അച്ചൻ ഓടിച്ചെന്നു് സക്രാരിയെടുത്തു പുറത്തുകടന്നതും അച്ചന്റെ തലയിൽ ഓട്ടവീണതും, പള്ളി നിലംപതിച്ചതും ഒരുമിച്ചു കഴിഞ്ഞു. പള്ളി വീണ വിവരം ജനങ്ങളെ അറിയിക്കാൻ അച്ചൻ ഓടിച്ചെന്നു് മണിയടിച്ചു. അതുകഴിഞ്ഞുവരുമ്പോൾ പള്ളിക്കകത്തുണ്ടായിരുന്ന ഒരു കുട്ടിയുടെ ദേഹത്തു് ശീലാന്തി വീണു് മരിക്കാറായിക്കിടക്കുന്നു. അപ്പോഴേക്കും അദ്ധ്യാപകരും മറ്റും ഓടിയെത്തിയിരുന്നു. എല്ലാവരും കൂടി കുട്ടിയെ എടുത്തുകൊണ്ടുവന്നു് മുറിയിൽ കിടത്തി. അധികം കഴിയുന്നതിനുമുമ്പു് കുട്ടി മരിക്കുകയും ചെയ്തു. കീരമ്പനാൽ ചാക്കോയുടെ മകൾ 1-ാം ക്ലാസ്സിൽ പഠിച്ചിരുന്ന ത്രസ്യാമ്മയായിരുന്നു ആ കുട്ടി. അവിചാരിതമായി എത്തിച്ചേർന്ന D. S P. മത്തായി മാഞ്ഞൂരാൻ പോസ്റ്റുമോർട്ടം കൂടാതെ കുട്ടിയെ സംസ്ക്കരിക്കാൻ അനുവദിച്ചു.

പള്ളിവീഴ്ച ബർനാർഡിനച്ചന്റെ മനസ്സിനും ശരീരത്തിനും ആഘാതമേല്പിച്ചു. ഉറപ്പുള്ള ഒരു പള്ളി പണിയണമെന്ന തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേരുകയും ചെയ്തു. 1953 നവംബറിൽ അഭിവന്ദ്യ കർദ്ദിനാൾ ടിസറന്റു തിരുമേനി കോഴിക്കോട്ടു വന്നപ്പോൾ, വീണ പള്ളിയുടെ ഫോട്ടോയും മറ്റും സഹിതം, ഒരു പുതിയ പള്ളി പണിയാൻ സാമ്പത്തിക സഹായം നല്കണമെന്നു കാണിച്ച് ഒരു നിവേദനം ബർനാർഡിനച്ചൻ അദ്ദേഹത്തിനു സമർപ്പിച്ചു. അധികം താമസിയാതെ 35000 രൂപാ തിരു സംഘം നല്കി. ആ പണം കൊണ്ടു നിർമ്മിച്ചതാണ് ഇപ്പോൾ കുടരഞ്ഞിയിൽക്കാണുന്ന ഉറപ്പുള്ള വിശാലമായ പള്ളി. 1957-ൽ ആ പള്ളിയുടെ വെഞ്ചരിപ്പു കർമ്മം നടന്നു. മുക്കം-കുടരഞ്ഞി, കുടരഞ്ഞി-കുമ്പാറ, കുടരഞ്ഞി - തിരുവമ്പാടി, കുടരഞ്ഞി - തേക്കും കുറ്റി മുതലായ റോഡുകൾ ലോക്കൽ ഡവലപ്പ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി ഗവൺമെന്റു സഹായത്തോടെ വെട്ടിത്തുറക്കാൻ ജനങ്ങൾക്കു നേതൃത്വം നല്കിയതും ബർനാർഡിനച്ചനായിരുന്നു. 10 വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം സ്ഥലം മാറിപ്പോയി.

ഫാ. ടിഷ്യാൻ സി. എം. ഐ.യുടെ ഹ്രസ്വകാല സേവനത്തെത്തുടർന്നു ഫാ. ബെർത്തലോമിയോ സി. എം. ഐ. ആയിരുന്നു കുടരഞ്ഞിയിലെ വികാരി. അദ്ദേഹത്തിന്റെ പരിശ്രമത്താൽ 1962-ൽ കുടരഞ്ഞിയിൽ ഹൈസ്കൂളിനനുവാദം ലഭിച്ചു. അച്ചന്റെയും നാട്ടുകാരുടെയും കഠിനാദ്ധ്വാനത്താൽ കെട്ടിടം തീർത്തു് പ്രവർത്തനം ആരംഭിച്ചു. അങ്ങാടിയിലുണ്ടായിരുന്ന മൊയ്ഹാജിയുടെ ഇരുനിലകെട്ടിടം 32000 രൂപ കൊടുത്തു് വാങ്ങിച്ചു. അക്കാലത്തു് ഇത്രയധികം രൂപ സമ്പാദിക്കുക എന്നതു് അത്യന്തം ക്ലേശകരം തന്നെയായിരുന്നു. അതിനുശേഷം ഫാ. പയസ് സി. എം. ഐ. യുടെ ഹ്രസ്വകാല സേവനവും കുടരഞ്ഞിക്കു ലഭിച്ചു.

1957-ൽ കുടരഞ്ഞിയിലെ പള്ളിവെഞ്ചരിച്ചതോടുകൂടി വി. സെബസ്ത്യാനോ

സിന്റെറ പെരുന്നാൾ ആഘോഷിക്കാനും തുടങ്ങി. ഇന്നു് മലബാറിൽ ഏറവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഒരാഘോഷമായിത്തീർന്നിട്ടുണ്ടു് ജനുവരി 19, 20 തീയതികളിൽ കൊണ്ടാടുന്ന ഈ പെരുന്നാൾ. കൂടരഞ്ഞിപ്പള്ളിയുടെ സ്ഥാപകനായ ബർനാർഡിനച്ചൻ ആരോഗ്യമുണ്ടെങ്കിൽ ഈ പെരുന്നാളിൽ വന്നു സംബന്ധിക്കാതിരിക്കില്ല. അത്രയ്ക്കും സ്നേഹം അദ്ദേഹത്തിനു് കൂടരഞ്ഞിക്കാരോടുണ്ടു്. ആണ്ടുവട്ടത്തിൽ തന്റെറ പ്രജകളെ കാണാൻ മാവേലി വരുന്നതുപോലെ തന്റെറ ഇടവകക്കാരെ കാണാനുള്ള ഒരവസരമായി ബർനാർഡിനച്ചൻ ഈ സന്ദർഭത്തെ കണക്കാക്കിപ്പോന്നു. ദീർഘകാലമായി ചെത്തിപ്പുഴ ആശ്രമദേവാലയത്തിൽ വിശ്രമജീവിതം നയിച്ചുപോന്ന ബർനാർഡിനച്ചൻ 1990-ലെ പെരുന്നാളിൽ സംബന്ധിക്കാൻ കൂടരഞ്ഞിയിലെത്തി. ആരോഗ്യം മോശമാണെങ്കിലും പെരുന്നാൾ ചടങ്ങുകൾ അദ്ദേഹം നടത്തിക്കൊണ്ടാണിരുന്നതു്. ജനുവരി 18-നു വൈകുന്നേരം ഹൃദ്രോഗം മൂലം അദ്ദേഹം കൂടരഞ്ഞിയിൽ വച്ചു് പെട്ടെന്നു മരിച്ചു. മൃതദേഹം ചെത്തിപ്പുഴ ആശ്രമത്തിൽ സംസ്കരിച്ചു. കൂടരഞ്ഞിയെ ബർനാർഡിനച്ചൻ വളരെയേറെ സ്നേഹിച്ചു. അതുകൊണ്ടായിരിക്കണം അദ്ദേഹം പലപ്പോഴും പറഞ്ഞിരുന്നതു് "ഞാൻ കൂടരഞ്ഞിയിൽ കിടന്നെ മരിക്കൂ." എന്നു്. അദ്ദേഹത്തിന്റെറ പ്രവചനം ശരിയായതിൽ കൂടരഞ്ഞിക്കാർ അത്ഭുതപ്പെട്ടുപോയി.

പുല്ലൂരാമ്പാറയിലെ പ്രഥമ സ്ഥിരം വികാരി ഫാ. ബർത്തലോമിയോ സി. എം. ഐ. ആയിരുന്നു. 1954 നവംബറിലാണു് അദ്ദേഹം ചാർജെടുത്തതു്. അതിനുമുമ്പു് അവിടെ ഒരു എൽ. പി. സ്കൂൾ ആരംഭിച്ചിരുന്നു. ആ ഷെഡ്ഡുതന്നെ പള്ളിയായും ഉപയോഗിച്ചുപോന്നിരുന്നു. തിരുവമ്പാടിയിലെ വികാരി ബ. കെറൂബിനച്ചനാണു് അതു് നടത്തിക്കൊണ്ടിരുന്നതു്. ബർത്തലോമിയോ അച്ചൻ വരുമ്പോൾ താമസിക്കാൻ സ്ഥലമില്ലായിരുന്നു. സ്കൂൾ ഷെഡ്ഡിനോടു ചേർത്തു് ഒരു ചാർത്തുണ്ടാക്കി ഓടകൊണ്ടു് മറച്ചു് അച്ചൻ അതിൽ താമസമാക്കി. യാത്രാസൗകര്യം ഉണ്ടാക്കുന്നതിനായി, പുല്ലൂരാമ്പാറ - തിരുവമ്പാടി റോഡു് ജനങ്ങളുടെ സഹകരണം കൊണ്ടു് വെട്ടിത്തുറന്നു. യു. പി. സ്കൂൾ അനുവദിച്ചതിനാൽ അതിനു് കെട്ടിടം പണിയേണ്ടിവന്നു. ഇടവകക്കാരുടെ പൊതുവായ ആവശ്യത്തിനു് പണമില്ലായിരുന്നു. ഇടവകക്കാരിൽ നിന്നുതന്നെ പണമുണ്ടാക്കി 5 ഏക്കർ സ്ഥലം വാങ്ങി അവിടെ പള്ളിപണിയാരംഭിച്ചു. അങ്ങാടിയിൽ കുരിശുപള്ളിയും സ്ഥാപിച്ചു. ഫാ. ബർനാർഡിനായിരുന്നു പിൻഗാമി. അദ്ദേഹം പള്ളിപണി പൂർത്തിയാക്കി, സ്കൂൾ കെട്ടിടവും നവീകരിച്ചു. പുതിയ റോഡുകൾക്കു രൂപം കൊടുത്തു. 1964-ൽ ബർനാർഡിനച്ചൻ ആശ്രമത്തിലേയ്ക്കു തിരിച്ചുപോയി.

ഫാ. അന്തോണിനൂസു് 1954-ൽ വേനപ്പാറ പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെറ 15 വർഷത്തെ സേവനമാണു വേനപ്പാറയ്ക്കു ലഭിച്ചതു്. ഈ കാലയളവിനുള്ളിൽ കുരിശാകൃതിയിലുള്ള ദേവാലയം പടുത്തുയർത്തി. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി ഓരോ അനാഥാലയങ്ങൾ സ്ഥാപിച്ചു. എൽ. പി. യു. പി. സ്കൂളുകളുയർന്നു. പോസ്റ്റാഫീസു് സ്ഥാപിച്ചു. കുടിയേറ്റക്കാരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാനായി സഹകരണസംഘം സ്ഥാപിച്ചു. വേനപ്പാറയെ മറ്റു സ്ഥലങ്ങളുമായി ബന്ധിക്കുന്ന പല റോഡുകൾ നിർമ്മിക്കാൻ ഇടവകക്കാർക്കു നേതൃത്വം നല്കി.

1949 ആഗസ്റ്റു് 15-നു കൂടത്തായി വികാരിയായി ഫാ. റയിമണ്ടു് സി.എം.ഐ. ചാർജെടുത്തു. മൊന്തനാരിയച്ചൻ സ്ഥാപിച്ച പള്ളിഷെഡ്ഡും, മുറിയും, എൽ.

പി. സ്കൂളും അവിടെ ഉണ്ടായിരുന്നു. റയിമണ്ടച്ചൻ അധികകാലം ആ സ്ഥാനത്തു് തുടർന്നില്ല. പിന്നീടു് ഫാ. ഹെൻട്രിസ്സോ, ഫാ. തിയോഫിൻ എന്നീ സി. എം. ഐ. വൈദികരുടെ ഹ്രസ്വകാല സേവനവും കൂടത്തായിസ്സു് ലഭിച്ചു. അതിനുശേഷം വേനപ്പാറയിൽ പള്ളിയുണ്ടായപ്പോൾ കൂടത്തായു് ഇടവക നിറുത്തലാക്കുകയും ചെയ്തു. വേനപ്പാറയിൽ നിന്നു വിരമിച്ച അന്തോണീനുസച്ചൻ കൂടത്തായിയിൽ സ്ഥലം വാങ്ങി കൊവേന്ത സ്ഥാപിച്ചു. പിന്നീടതൊരു ഇടവകയായിത്തീരുകയും ചെയ്തു.

1949-ൽ ഫാബിയൂസച്ചൻ കോടഞ്ചേരിയിൽ ചാർജെടുക്കുമ്പോൾ ഒരു പള്ളി ഷെഡ്ഡാണുണ്ടായിരുന്നതു്. അതു് പരിഷ്കരിച്ചു. വൈദികമന്ദിരവും പണിയിച്ചു. എൽ. പി., യു. പി. സ്കൂളുകൾ തുടങ്ങി. റോഡുകൾ പലതു വെട്ടിത്തുറന്നു. ഫാ. ദൊസിത്തേവൂസായിരുന്ന പിൻഗാമി. 1954-ൽ ഹൈസ്കൂൾ സ്ഥാപിച്ചു. റോഡുകൾ പലതും നവീകരിച്ചു. ഹൈസ്കൂളിനു് നല്ലൊരു കളി സ്ഥലം നിർമ്മിച്ചതു് ഇക്കാലത്തായിരുന്നു.

കണ്ണോത്തു് നിയമിതനായ ഫാ. പീറർ സി. എം. ഐ. അധികനാൾ ആ സ്ഥാനത്തു തുടർന്നില്ല. ഫാ. ഫ്രെഡറിക് സി. എം. ഐ. ആയിരുന്ന അടുത്ത വികാരി. അദ്ദേഹത്തിന്റെ ഏഴുകൊല്ലത്തെ സേവനം കണ്ണോത്തിനു ലഭിച്ചു. പള്ളി ഷെഡ്ഡു് നവീകരിച്ചു. ഗ്രോട്ടോ പണിയിച്ചു. പല റോഡുകളുടെയും നിർമ്മാണം നടന്നു. എൽ. പി. സ്കൂളിനെ യു. പി.യായി ഉയർത്തി. കൂപ്പായക്കോടു് കുരിശുപള്ളിയും എൽ. പി. സ്കൂളും സ്ഥാപിച്ചു.

1954-ൽ മരിയാപുരം ഇടവക തലശ്ശേരി രൂപതയ്ക്കു കൈമാറി. അതിന്റെ വികാരിയായി ഫാ. സബീനുസു് സി. എം. ഐ. നിയമിക്കപ്പെട്ടു. അദ്ദേഹം ചാർജെടുക്കാൻ ചെന്നപ്പോൾ പള്ളിയും പള്ളിമുറിയും പൂട്ടിയിട്ടിരിക്കുന്നതാണു കണ്ടതു്. മുൻവികാരിയായിരുന്ന ഫാ. ഗൊൺസാൽവോസു് പള്ളി പൂട്ടിപോയതായിരുന്നു. സബീനുസച്ചൻ ഏതാനും ദിവസം വരാന്തയിൽ കഴിഞ്ഞുകൂടി. ബിഷപ്പുതിരുമേനി ഇടപെട്ടു് പ്രശ്നം തീർത്തു് താക്കോൽ വാങ്ങി സബീനുസച്ചനെ ഏല്പിച്ചു. ശുദ്ധനായ ആ വൈദികൻ കൈയിലുള്ളതെല്ലാം ചോദിക്കുന്നവർക്കു കൊടുത്തു. ആരും തിരിച്ചു കൊടുത്തതുമില്ല. അതിനാൽ അദ്ദേഹം വൻ കടബാധ്യതക്കാരനായിട്ടാണു് തിരിച്ചു പോയതു്. ഫാ. അബ്ദിയാസായിരുന്ന പിൻഗാമി. കാര്യപ്രാപ്തനായ അദ്ദേഹം സബീനുസച്ചന്റെ കടങ്ങളെല്ലാം വീട്ടി. ചിരട്ടമലയ്ക്കു് റോഡു് വെട്ടിയതു് അദ്ദേഹമാണു്. മുറി പരിഷ്കരിച്ചു. പള്ളിക്കു് അടിത്തറയിടുകയും ചെയ്തു. ഫാ. ജോഷാ സി. എം. ഐ.യുടെ കാലത്തു് പാൽ സൊസൈറ്റി സ്ഥാപിച്ചു. പെൺകുട്ടികൾക്കായി ഫാ. റെജിനോൾഡു് അനാഥ മന്ദിരം സ്ഥാപിച്ചു. മാലാപറമ്പിൽ പള്ളിക്കു തുടക്കമിടുകയും ചെയ്തു. പന്തല്ലൂരിനടുത്തുള്ള നെന്മേനിയിൽ ഫാ. ജസ്റ്റീനിയൻ, ഫാ. റോബർട്ടു്, ഫാ. മർച്ചേല്ലസു്, ഫാ. ജോൺ പയ്യപ്പള്ളി എന്നീ സി. എം. ഐ. വൈദികരും സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

1954-ൽ ഫാ. ലെയാണ്ടർ സി. എം. ഐ. മണിമൂളി വികാരിയായി നിയമിക്കപ്പെട്ടു. ഒരു പള്ളി ഷെഡ്ഡാണു് അപ്പോഴുണ്ടായിരുന്നതു്. അദ്ദേഹമതു് പരിഷ്കരിച്ചു. എൽ. പി. സ്കൂൾ സ്ഥാപിച്ചു. പല റോഡുകളും നിർമ്മിച്ചു. പൊതുസ്ഥാപനങ്ങൾ പലതുണ്ടാക്കി. ഫാ. ക്ലോഡിയസായിരുന്ന പിൻഗാമി. അക്കാലത്താണു് എൽ. പി. സ്കൂൾ യു. പി.യായി ഉയർത്തപ്പെട്ടതു്. അതിനാവശ്യമായ കെട്ടിടം നിർമ്മിക്കേണ്ടി വന്നു. ലെയാണ്ടറച്ചൻ വീണ്ടും മണിമൂളി വികാരിയായി വന്നു. ഇക്കാലത്താണു് ഹൈസ്കൂൾ ലഭിച്ചതു്.

മണിമൂളിയിലെ ഏതാനും കുടുംബങ്ങൾക്ക് തങ്ങളുടെ കൈവശഭൂമി നഷ്ടപ്പെടുന്ന സ്ഥിതിയിലായിരുന്നു. ലെയാണ്ടറച്ചന്റെ പരിശ്രമം കൊണ്ട് അവരെ കടക്കെണിയിൽ നിന്നു രക്ഷിച്ചെടുക്കുവാൻ സാധിച്ചു.

ഫാ. എപ്പിഫാനിയൂസ് 1951-ൽ മരുതോങ്കര വികാരിയായി വന്നു. ഇക്കാലത്താണ് എൽ. പി. സ്കൂൾ സ്ഥാപിക്കപ്പെട്ടതു്. ഫാ. എവരിസ്റ്റസിന്റെ കാലത്ത് ഹൈസ്കൂളും ലഭിച്ചു. വളരെയേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഇക്കാലത്തു നടന്നു. ഫാ. എപ്പിഫാനിയൂസ്, ഫാ. ബെർത്തലോമിയോ, ഫാ. ഫൗസ്റ്റിൻ, ഫാ. മനേത്തൂസ് എന്നീ സി. എം. ഐ. വൈദികർ പടത്തുകടവിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1951-ൽ ഫാ. വർഗീസ് സി. എം. ഐ. ബത്തേരി വികാരിയായി ഭരണമേറ്റു. ബ്രിട്ടീഷുകാരുടെ കാലത്ത് പണിയിച്ച ഒരു ചെറിയ പള്ളിയും, മുറിയുമാണുണ്ടായിരുന്നതു്. വൈദികൻ അവിടെ താമസമുണ്ടായിരുന്നില്ല. ഇടവകക്കാരും ചുരുക്കമായിരുന്നു. അകലങ്ങളിൽ ധാരാളം കുടിയേറ്റക്കാരുണ്ടായിരുന്നു. വാഴൂർ, വാഴവറ്റ..... തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അദ്ദേഹം പോയി കുടിയേറ്റക്കാരെ സന്ദർശിക്കുകയും, പള്ളികൾ സ്ഥാപിക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു.

നടവയൽ വികാരിയായി ഫാ. ബർക്കുമാൻസ് 1950-ൽ ചാർജെടുത്തു. പലകകൊണ്ടു മറച്ച ഒരു മുറിയിലാണ് അച്ചൻ താമസം തുടങ്ങിയതു്. പിടിയരി പിരിച്ചാണ് അച്ചനു ചെലവിനു നല്കിയിരുന്നതു്. ആ അരി മറ്റുള്ളവർക്ക് കൊടുത്തിട്ട് പട്ടിണി കിടക്കാൻ അച്ചൻ തയ്യാറായിരുന്നു. ഒരു ദിവസം പറമ്പിൽക്കണ്ട ചേന പറിച്ച് വേലക്കാരൻ വേവിച്ചു. അതു് തിന്നു കഴിഞ്ഞപ്പോൾ അച്ചന്റെ ചുണ്ടിൽ നീർക്കെട്ട്. വായിൽ നിന്നു് വെള്ളം ഒഴുകുന്നു. കൂടാതെ വയറിളക്കവും. ചേനയാണെന്നു കരുതി വേലക്കാരൻ വേവിച്ചുകൊടുത്തതു് കാട്ടു ചേനയായിരുന്നു. അദ്ദേഹം പള്ളി ഷെഡ്ഡും, മുറിയും പരിഷ്ക്കരിച്ചു. എൽ. പി. യു. പി. സ്കൂളുകൾ സ്ഥാപിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പലതും നടത്തി. ഫാ. ടിഷ്യാനായിരുന്നു പിൻഗാമി. അദ്ദേഹത്തിന്റെ കാലത്താണ് നടവയലിനു് ഹൈസ്കൂൾ ലഭിച്ചതു്.

കല്ലോടി ഇടവകയിൽ ഫാ. സോസിമോസ് സേവനമനുഷ്ഠിച്ചിട്ടുണ്ട്. കെല്ലൂരിൽ ഫാ. ടിഷ്യാന്റെ സേവനത്തിനു ശേഷം ഫാ. സർഗീസ് വികാരിയായി വന്നു. ആ പ്രദേശത്തെ മിക്ക കുടിയേറ്റ കേന്ദ്രങ്ങളിലും അദ്ദേഹം പോകുമായിരുന്നു. ഒരിക്കൽ പനമരത്തിനു സമീപമുള്ള അരിഞ്ചേർ മലയിലേയ്ക്ക് അദ്ദേഹം പോകുകയായിരുന്നു. ക്ഷീണിതനായ സർഗീസച്ചൻ ഒരു മരത്തണലിൽ നിന്നു. അപ്പോഴാണ് മരത്തിനുമുകളിലുണ്ടായിരുന്ന കടന്നൽക്കൂട് പതുന്നുവന്നു് തേൻ കൂടാണെന്ന ധാരണയിൽ കൊത്തിപ്പൊട്ടിച്ചതു്. കടന്നൽ പറന്നെത്തി അച്ചനെ കുത്താൻ തുടങ്ങി. നല്ല കഷണ്ടിത്തല. കടന്നലിനു സുഖം. അച്ചൻ ഓടി. അപ്പോഴും കുത്തുതന്നെ. ഇതു കാണാനിടയായ ചായക്കടക്കാരൻ മുസ്ലീം സഹോദരൻ ഓടിവന്നു് കരിയിലകത്തിച്ചു. അങ്ങനെയാണ് കടന്നലിനെ അകറ്റിയതു്. ബോധരഹിതനായ അച്ചനെ പലരുംകൂടി ജീപ്പുവരുത്തി പനമരത്തുള്ള ആശുപത്രിയിലാക്കി. രണ്ടുമണിക്കൂറിനു ശേഷമാണു ബോധം വന്നതു്. ഒരാഴ്ചയോളം ആശുപത്രിയിൽ കഴിയേണ്ടിയും വന്നു.

പേരാവൂർ വികാരിയായി ഫാ. ദൊസിത്തേവൂസ് 1959-ൽ നിയമിതനായി. അദ്ദേഹം പുതിയ സ്കൂൾ കെട്ടിടങ്ങൾ പണിയിച്ചു. പള്ളി മുറി വിപുലപ്പെടുത്തി. പെരുമ്പുന്ന, നെടുമ്പുറഞ്ചാൽ, കൊളക്കാട് എന്നിവിടങ്ങ

ളിൽ പണികളാരംഭിച്ചു. 1964-ൽ ദൊസി ത്തെവൂസച്ചൻ പേരാവൂരിനോട് വിട പറഞ്ഞു.

കൂടിയേറ്റ കേന്ദ്രങ്ങളിൽ സി. എം. ഐ. വൈദികർ നടത്തിയിട്ടുള്ള ത്യാഗ പൂർണ്ണമായ സേവനം ഒരു പ്രത്യേക കാലഘട്ടത്തിന്റെ പ്രതിഫലനമാണ്. ഇപ്പോഴും ഇടവകകളിൽ സേവനമനുഷ്ഠിക്കുന്ന സി. എം. ഐ. വൈദികരുണ്ട്. ഇതിനൊക്കെ പുറമെയാണ് അമലാപുരി, ദേവഗിരി കോളേജ് എന്നിവ നൽകുന്ന സേവനം. ഫാ. ഹൊർമ്മീസ്, ഫാ. ഷാബോർ എന്നിവരുടെ കഠിനാദ്ധ്വാനത്തിൽ രൂപപ്പെട്ടതാണ് ദേവഗിരികോളേജ്. കൂടിയേറ്റ കേന്ദ്രങ്ങളിലെ നല്ലൊരു വിഭാഗം വിദ്യാർത്ഥികളെ ബിരുദധാരികളാക്കി മാറ്റാൻ ദേവഗിരി കോളേജ് വഹിച്ച പങ്ക് നിസ്സാരമല്ല. ശൈശവാസ്ഥയിൽ ഈ കലാലയത്തെ നയിച്ചതു പ്രഗത്ഭനായ റവ. ഡോ. തെയൊ ഡോഷ്യസാണ്. ഈ സരസ്വതീ ക്ഷേത്രത്തിന്റെ സുവർണകാലമായി അതിനെ കണക്കാക്കാം. ആ കാലഘട്ടത്തിന്റെ സന്തതിയാണ് ഈ ലേഖകൻ എന്നു രേഖപ്പെടുത്താൻ അഭിമാനമുണ്ട്.


Best compliments from:

A. K. PRABHA SANKAR

Phone Off: 54367
Res: 56546

മലബാർ കുടിയേറ്റം: ഒരു ചെറുത്തുനില്പിന്റെ കഥ.

പി.ജെ. ജേക്കബ്ബ് തൈനടി



1909 മെയ് 5-ാം തീയതി, ആലപ്പുഴ ജില്ലയിൽ, കൈനടി വട്ടപ്പറമ്പിൽ ഔസേപ്പിന്റെയും, മറിയത്തിന്റെയും മകനായി ജനിച്ചു. ഹൈസ്ക്കൂൾ, കോളേജ് വിദ്യാഭ്യാസത്തിന് ശേഷം, 1942-ൽ, കോഴിക്കോട് അടുത്ത് താമരശ്ശേരിയിൽ ഭൂമി വാങ്ങി പ്ലാന്റേഷൻ ആരംഭിച്ചു. അറിയപ്പെടുന്ന കർഷകനും, സാമൂഹ്യ-സാംസ്കാരികപ്രവർത്തകനുമാണ്. ആദ്യകാല കുടിയേറ്റക്കാർക്ക് ഭീഷണികൾ നേരിട്ടപ്പോൾ, സധൈര്യം പിടിച്ചുനിൽക്കുകയും, അവർക്ക് ആത്മധൈര്യം പകരുകയും ചെയ്ത വ്യക്തിയാണ്. ഇപ്പോൾ കോഴിക്കോട് ചേവായൂരിൽ താമസിക്കുന്നു. കുടിയേറ്റകാലത്ത് നേരിടേണ്ടിവന്ന ഭീഷണിയെ അദ്ദേഹം ചെറുത്തുനിന്നതിന്റെ കഥ വായിക്കുക.

മലബാറിലെ കുടിയേറ്റക്കാരുടെ മൂന്നാമത്തെയും നാലാമത്തെയും തലമുറകളായി. മലബാർ ഇന്നൊരു കാനാൻ നാടായി. തിരുവിതാംകൂറിനെക്കാളും ഐശ്വര്യം ഇന്ന് പല കുടിയേറ്റ കേന്ദ്രങ്ങളിലും കാണാം. ഇല്ലായ്മയുടെയും, കഷ്ടപ്പാടിന്റെയും, വേദനയുടെയും, പീഡനത്തിന്റെയുമൊക്കെ കദനകഥകളാണ് ഈ കാനാൻ നാടിനു പറയുവാനുള്ളത്. പുതിയ തലമുറയ്ക്ക് പഴയ കുടിയേറ്റക്കാരുടെ സാഹസകഥകൾ കേട്ടുകേൾവിപോലുമില്ലെന്നായി. അത്തരം ഒരു വെല്ലുവിളിയെ നേരിടുവാനുള്ള ഉൾക്കരുത്തും പുതിയ തലമുറയ്ക്ക് ഉണ്ടോ എന്ന് സംശയമാണ്. ഒന്നും രണ്ടും തലമുറകളുടെ വിയർപ്പിന്റെയും, രക്തത്തിന്റെയും ഫലം യഥാർത്ഥത്തിൽ അനുഭവിക്കുന്നത് ഇന്നത്തെ തലമുറയാണ്.

ആദ്യകാല കുടിയേറ്റക്കാർ അനുഭവിച്ച നാനാതരത്തിലുള്ള കഷ്ടപ്പാടുകളുടെ കഥ പലരും കേട്ടിട്ടുണ്ടാകും. രോഗങ്ങൾ, വന്യമൃഗങ്ങൾ, പള്ളികളും, പള്ളിക്കൂടങ്ങളും, ആസ്പത്രികളും, ഗതാഗതസൗകര്യങ്ങളും ഇല്ലാതിരുന്നതിന്റെ ബുദ്ധിമുട്ടുകൾ, പട്ടിണി..... ഇവയൊക്കെയുമായി ബന്ധപ്പെട്ട കഥകളെ പലരും പറയാറുള്ളൂ, അഥവാ പലർക്കും അറിയത്തൊള്ളൂ.

ഇതിനു പുറമെ മറ്റൊരു വെല്ലുവിളികൂടി പല കുടിയേറ്റ മേഖലകളിലും ഉണ്ടാ

യിരുന്നു. അതു് തദ്ദേശീയരായ ഭീകര സംഘങ്ങളുടെ ശല്യമായിരുന്നു. പലരെയും അവർ വധിച്ചിട്ടുണ്ടു്. അനേകർ കുടിയേറ്റ ദേശത്തുനിന്നും തിരിച്ചുപോയിട്ടുണ്ടു്. ഗുണ്ടകളുടെ ഭീഷണി വന്യമൃഗങ്ങളുടേതിനേക്കാൾ ഭീതിജനകമായിരുന്നു. എന്നാൽ ധീരമായ ചെറുത്തുനില്പിന്റെയും, അനുസൃതമായ ദൈവാനുഗ്രഹത്തിന്റെയും ഫലമായിട്ടാണു് പല കുടിയേറ്റക്കാർക്കും ഇവിടെ സമാധാനമായി ജീവിക്കാമെന്നായതു്. ഈ ചെറുത്തുനില്പിന്റെ കഥ ഞാനിവിടെ പുരുക്കിപ്പറയാം.

1941-ൽ ഞാൻ കുറ്റ്യാടി ഭാഗത്തു് വന്നു് സ്ഥലം നോക്കി. പിന്നീടു് 1942-ൽ കോഴിക്കോടു് സ്ഥലം നോക്കി വന്നു. അങ്ങനെ താമരശ്ശേരിയ്ക്കടുത്തു് സ്ഥലം വാങ്ങി. 1943-ൽ കുറച്ചു സ്ഥലം കൂടി വാങ്ങുകയും, പണികൾ തുടങ്ങുകയും ചെയ്തു. അന്നു് കുടിയേറ്റക്കാർ തീരെ ഉണ്ടായിരുന്നില്ല. വ്യാപകമായ കുടിയേറ്റം ആരംഭിച്ചിരുന്നില്ല. ഉണ്ടായിരുന്ന കുടിയേറ്റക്കാരെ തദ്ദേശീയരായ ഗുണ്ടാസെറ്റുകൾ ആക്രമിക്കുകയും, അടിച്ചു് ഓടിക്കുകയും ചെയ്തിരുന്നു. കൂടാതെ, ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ ക്രൂരമായ പീഡനവും കുടിയേറ്റക്കാർക്കു് സഹിക്കേണ്ടി വന്നിട്ടുണ്ടു്. പലയിടത്തും ഗുണ്ടകൾ കൊന്നു് വലിച്ചെറിഞ്ഞിരുന്ന ശവശരീരങ്ങൾ കഴുകൻമാർ കൊത്തിവലിയ്ക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അന്നു് ഇത്തരം ശവശരീരങ്ങൾ കണ്ടാൽ പോലീസു് ആദ്യം ബന്ധപ്പെടുക ഗുണ്ടകളോടായിരുന്നു. അവർ കൊന്നതല്ല എന്നറിഞ്ഞാൽ മാത്രമേ കേസു് എടുത്തിരുന്നുള്ളു. ഉദ്യോഗസ്ഥൻമാരാകട്ടെ കുടിയേറ്റക്കാർക്കു് റേഷൻ കൊടുക്കാതിരിക്കുവാൻ പരിശ്രമം നടത്തിയിരുന്നു. വികസനപ്രവർത്തനങ്ങൾക്കു് അനുവദിച്ചിരുന്ന പണം അവർ പണികൾ നടത്തിക്കാതെ ലാപ്സാക്കിയിരുന്നു.

ഇങ്ങനെയൊക്കെയുള്ള സാഹചര്യത്തിലാണു് ഞാൻ സ്ഥലം വാങ്ങി കൃഷി ആരംഭിച്ചതു്. എനിക്കു ധാരാളം ഭീഷണികൾ ഉണ്ടായി. അധികംപേരും തിരിച്ചുപോയപ്പോൾ ഞാൻ പിടിച്ചുനിന്നു എന്നുമാത്രം. ഈ ചെറുത്തുനില്പും വിജയവും ഐതിഹാസികമായിരുന്നു. അതുകൊണ്ടാണു് കുടിയേറ്റക്കാർക്കു് ഇവിടെ ജീവിക്കാമെന്നായതു്. ഒരിക്കൽ ഞാൻ നാട്ടിലേയ്ക്കു് പോകാൻ കോഴിക്കോടു് വന്നു് ടെയിനിൽ കയറിയിരിക്കുകയാണു്. പെട്ടെന്നു് എന്റെ തോട്ടത്തിൽ നിന്നു് രണ്ടു് മേസ്തിരിമാർ ഓടിവന്നു് എന്നെ വിളിച്ചിറക്കിപ്പറഞ്ഞു. "നാളെ..... നമ്മുടെ തോട്ടം കയ്യേറാൻ തീരുമാനിച്ചിരിക്കുന്നു. രാത്രിയിൽ പണിക്കാർ പറഞ്ഞു് അറിഞ്ഞതാണു്. പേടിപ്പിച്ചു് 50,000 രൂപയെങ്കിലും വാങ്ങാം എന്നാണു് അവരുടെ കണക്കുകൂട്ടൽ. 500 പേരെങ്കിലും കയ്യേറ്റത്തിനായി അവിടെ ഒന്നിച്ചുകൂടിയിട്ടുണ്ടു്". "കെട്ടിടത്തിനു് പുറത്തിറങ്ങണ്ട" എന്നുപറഞ്ഞു് ഞാൻ പണിക്കാരെ സമാധാനിപ്പിച്ചു് പറഞ്ഞയച്ചു. ഗുണ്ടകൾ പിറേന്നു് പറമ്പിൽ കടന്നു് പണിയായുധങ്ങൾ എടുത്തുകൊണ്ടുപോയി. പാടി വെട്ടിപ്പൊളിച്ചു. പണിക്കാരെ അടിച്ചോടിച്ചു. പുറത്തിറങ്ങാതിരുന്നതുകൊണ്ടാകാം മേസ്തിരിമാരെ ഉപദ്രവിച്ചില്ല. പോലീസിനുപോലും ഉന്നത ഗുണ്ടാഗ്രൂപ്പുകളെ ഭയമായിരുന്നു. അതറിയാമായിരുന്നതുകൊണ്ടു് ഞാൻ നേരിട്ടു് ഡി. എസ്. പി.യെക്കണ്ടു. അന്നു് മലബാറിനു് മുഴുവൻ കൂടി ഒരു ഡി. എസ്. പി.യാണുള്ളതു്. ഇന്നത്തെ കാസർഗോഡു്, കണ്ണൂർ, കോഴിക്കോടു്, മലപ്പുറം, പാലക്കാടു്, വയനാടു് ജില്ലകളും, ഗുഡല്ലൂർ പ്രദേശവും അദ്ദേഹത്തിന്റെ അധികാരപരിധിയിൽപ്പെട്ടിരുന്നു. അന്നത്തെ ഡി. എസ്. പി. ഒരു വിദേശി ആയിരുന്നു. അദ്ദേഹം ഒരു എഴുത്തും തന്നു് ഞങ്ങളെ സബ്ബു് ഇൻസ്പക്ടറുടെ

അടുത്തേയ്ക്ക് അയച്ചു. എസ്. ഐ. പേടിച്ച് ഒളിവിലായിരുന്നതിനാൽ കത്ത് ഹെഡ്ഡ് കോൺസ്റ്റബിളിനെ കാണിച്ചു. തുടർന്ന് ഞങ്ങൾ തോട്ടത്തിലേക്ക് പോയി. കുറെ വഴി ചെന്നപ്പോൾ ഗുണ്ടകൾ എതിരെ വന്ന് ഭീഷണിപ്പെടുത്തി. "തിരിച്ചുപോ, ഇല്ലെങ്കിൽ കടൽ എടുക്കാനാ കല്പന." ഇതു കേട്ട് ഞങ്ങളും തിരിച്ചുപോയി.

ഡി. എസ്. പി. ഈ പ്രശ്നത്തിൽ ഇടപെട്ട എന്നറിഞ്ഞപ്പോൾ ഗുണ്ടാത്തലവനു പേടിയായി. അതുകൊണ്ടയാൾ ഒത്തുതീർപ്പിനു തയ്യാറാണെന്നറിയിച്ചു. അങ്ങനെ കോഴിക്കോട് വച്ച് ഒത്തുതീർപ്പ് യോഗം നടന്നു. അയാൾ കുറ്റം സമ്മതിക്കുകയും, നഷ്ടപരിഹാരം വാഗ്ദാനം ചെയ്യുകയും ചെയ്തു. 'കേസും നഷ്ടപരിഹാരവും വേണ്ട, സമാധാനവും, സ്നേഹവും മതി" എന്നു ഞാനും പറഞ്ഞു. അന്നു അങ്ങനെ പിരിഞ്ഞു.

രണ്ടാമതും കയ്യേറ്റം നടത്താനായിരുന്ന ഗുണ്ടാ സംഘത്തിന്റെ പ്ലാൻ. കയ്യേറ്റം നടത്തി ഒരാഴ്ച ഭൂമി കൈവശം വച്ചിട്ട് തിരിച്ചുതരാം എന്നതായിരുന്ന ഗുണ്ടാത്തലവന്റെ പുതിയ ഭീഷണി. തന്മൂലം വീണ്ടും കേസ് കൊടുക്കേണ്ടിവന്നു. കേസ് തലശ്ശേരി കോടതിയിലാണ് എത്തിയതു. ഈ കേസ്സിൽ കുറേപ്പേർക്ക് ശിക്ഷ കിട്ടി. അവർ അപ്പീൽ ചെയ്തെങ്കിലും കോടതി ശിക്ഷ ശരിവച്ചു. ഈ കേസ്സോടുകൂടി അയാളുടെ ശല്യം തീർന്നു.

പക്ഷേ, അയാളുടെ സംഘത്തിലുള്ളവർ അടങ്ങിയില്ല. അവർ എസ്. ഐ.യെ സ്വാധീനിച്ചു. എസ്. ഐ. യുടെ ഒത്താശയോടെ ഭൂമി കൈയേറ്റത്തിനു വന്നു. കയ്യേറുന്നതിനു നിശ്ചയിച്ചിരുന്ന ദിവസത്തിനു തലേന്നുതന്നെ നാന്നൂറോളം ആളുകളെ അവർ കൂട്ടിയിരുന്നു. കയ്യേറ്റം നടക്കുന്ന സമയത്തു അവർ എന്നോട് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവർക്ക് ഇതിൽ പങ്കില്ല എന്നു വരുത്തിത്തീർക്കുവാനുള്ള ഗൂഢാലോചനയുടെ ഭാഗമായിരുന്നു ഇതു. അവർ കയ്യേറ്റം നടത്തിയപ്പോൾ ഉണ്ടായ പരാക്രമത്തിൽ എന്റെ ഒരു പണിക്കാരൻ മരിക്കുകയും, ഒരാൾക്ക് പരിക്കേല്ക്കുകയും ചെയ്തു. അവരിലും ഒരാൾ മരിക്കുകയും, ഒരാൾക്കു മുറിവേല്ക്കുകയും ചെയ്തു. അവരിൽ മരിച്ചയാളെ അവർ എടുത്തുകൊണ്ടുപോയി തർക്കസ്ഥലത്തു കിടത്തിയശേഷം എസ്. ഐ.യെ വിവരമറിയിച്ചു. എസ്. ഐ. വന്നു തൊഴിലാളികളുടെ പേരിൽ കള്ളക്കേസ് എടുത്തു. ഈ കള്ളക്കേസ്സിൽ പങ്കുചേരാനായി ഡി. വൈ. എസ്. പി. ക്ക് അവർ 10,000 രൂപ കൈക്കൂലി കൊടുത്തു. ഈ കേസ് തീർക്കാൻ ക്രൈംബ്രാഞ്ചുകാരാണ് സഹായിച്ചതു. ഡി. വൈ. എസ്. പി.യെ അഴിമതിവിരുദ്ധ വകുപ്പുകാർ പിടികൂടി. അയാൾ അതിനിടെ ഡി. എസ്. പി.യായി ആസ്ട്രായിലേക്ക് പോയിരുന്നു. അഴിമതിവിരുദ്ധ വകുപ്പ് പിടികൂടിയ അയാളെ സസ്പെൻഡ് ചെയ്യുകയും, അയാളുടെ പേരിൽ കേസ്സെടുക്കുകയും ചെയ്തു. എസ്. ഐ. ക്കും, ഗുണ്ടാതലവന്മാർക്കും ഒന്നരവർഷം ജാമ്യമില്ലാതെ റിമാൻഡിൽ കഴിയേണ്ടിവന്നു. പിന്നീട് തലശ്ശേരിക്കോടതി കുറെപ്പേരെ ശിക്ഷിച്ചു. ഹൈക്കോടതി ആ ശിക്ഷ ശരിവയ്ക്കുകയും ചെയ്തു.

ഇതോടുകൂടി കുടിയേറ്റക്കാരുടെ നേർക്കുള്ള അക്രമം അവസാനിച്ചു എന്നു പറയാം. അതോടെ കുടിയേറ്റം ശക്തിപ്പെട്ടു. ഇങ്ങനെയുള്ള പ്രശ്നങ്ങൾ മൂലം വർഷങ്ങൾ നീണ്ട മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ഉണ്ടായി. സാമ്പത്തിക നഷ്ടം വേറെ. എങ്കിലും സന്തോഷം തോന്നുന്നു. ഈ പിടിച്ചു നില്ക്കലിലൂടെ മലബാർ കുടിയേറ്റക്കാർക്ക് ഇവിടെ സമാധാനത്തോടെ ജീവിക്കാമെന്നായി. 1956-ൽ കേരള

സംസ്ഥാനം രൂപീകൃതമായപ്പോൾ തിരുവിതാംകൂറിൽ നിന്ന് ധാരാളം ഉദ്യോഗസ്ഥർ മലബാറിലേയ്ക്ക് വന്നു. അതോടെ ഉദ്യോഗസ്ഥരുടെ പീഡനവും അവസാനിച്ചു. ഗുണ്ടാസംഘങ്ങൾക്കും, ഉദ്യോഗസ്ഥവൃന്ദങ്ങൾക്കുമെതിരെയുള്ള സമരത്തിൽ ഞാൻ മിക്കവാറും തനിച്ചായിരുന്നു. ഫാ. ബിറാറർ, എസ്. ജെ. ചെയ്ത സഹായങ്ങളെ ഇവിടെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടെതാനും. പക്ഷേ എന്നും സഹായത്തിനു ദൈവമുണ്ടായിരുന്നു. അതുകൊണ്ടാണ് മനം മടുക്കാതെ പിടിച്ചുനില്ക്കാൻ സാധിച്ചതും.

Best compliments from :

JOSEPH & SONS

M/s. Wayanad Constructions Company

Pallikunnu - 86689, Kalpetta

Anitha Jewellery

Kalpetta Phone : 2555

Dhanya Jewellery

Kalpetta Phone : 2346

Modern Jewellery

Kalpetta Phone : 2166

Hotel Rocky Rosya 2 Star

Kalpetta Phone : 2001 to 2004

മലബാർ പ്രോവിൻസിന്റെ അജപാലന-മിഷൻ ദർശനം.

ഫാ. ജോസ് കാപ്പുകാട്ട് CMI



കോഴിക്കോട് പ്രോവിൻസിന്റെ അജപാലന-മിഷൻ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറിയും വികർ പ്രൊവിൻഷ്യലുമാണ് ലേഖകൻ. അജപാലന രംഗത്ത് തിളക്കമാർന്ന സേവന ചരിത്രം അദ്ദേഹത്തിനുണ്ട്. ഇടവക വികാരി, ആത്മീയ നിയന്താവ്, ജീസസ് യൂത്ത്, ക്രിസ്റ്റഫറിൻ എന്നിവയുടെ ആത്മീയ ഉപദേഷ്ടാവ് തുടങ്ങി ആത്മീയ ശുശ്രൂഷയുടെ പല മുഖങ്ങളും അദ്ദേഹത്തിനുണ്ട്.

മലബാർ കുടിയേറ്റത്തോളം പഴക്കമുണ്ട് സി. എം. ഐ. സഭയുടെ മലബാറിലെ അജപാലന പാരമ്പര്യത്തിനു". നാടും വീടും വിട്ട് മലബാറിന്റെ മലമടക്കുകളിലേയ്ക്കു കുടിയേറിയ സുറിയാനി ക്രിസ്ത്യാനികളുടെ പിന്നാലെ അജപാലന ദൗത്യവുമായി ധീരതയോടെ കടന്നുവന്നവരാണ് സി. എം. ഐ. സന്ന്യാസസഭാ വൈദികർ. സ്ഥാപക പിതാക്കന്മാരുടെ ചൈതന്യത്തോടുകൂടിത്തന്നെ ഈ ആദ്യകാല പ്രേഷിതർ കുടിയേറ്റക്കാരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ ശ്രദ്ധപതിച്ചിരുന്നു. മലബാർ കുടിയേറ്റക്കാരുടെയിടയിൽ അത്യദ്ധ്വാനം ചെയ്തു മൺമറഞ്ഞുപോയ ബ. അത്തനേഷ്യസച്ചൻ, കെറുബിനച്ചൻ, ബക്കുമാൻസച്ചൻ, സബിന്യസച്ചൻ, ഹഡ്രിയാനച്ചൻ, സോസിമൂസച്ചൻ, ഫുൾജെൻസിയൂസച്ചൻ, റെയ്മണ്ടച്ചൻ, ഫ്രെഡറിക്ക് അച്ചൻ, ഫവുസ്റ്റിനച്ചൻ തുടങ്ങിയ പുണ്യപിതാക്കന്മാർ ഈ ജൂബിലി വഷ്ത്തിൽ പ്രത്യേക സ്മരണക്കർഹരാണ്.

തലശ്ശേരി രൂപതാസ്ഥാപനത്തിനുമുമ്പ് കോഴിക്കോട് മെത്രാനച്ചന്റെ അപേക്ഷപ്രകാരം വയനാട്ടിലും, തിരുവമ്പാടി, കോടഞ്ചേരി ഭാഗങ്ങളിലുമായി പത്തോളം ഇടവകകൾ നടത്തിയിരുന്നത് സി. എം. ഐ. വൈദികരായിരുന്നു. തലശ്ശേരി രൂപതാസ്ഥാപനത്തിന്റെ കാലത്ത് നാല്പത് സി. എം. ഐ. വൈദികർ സേവനമനുഷ്ഠിച്ചിരു

നുവെന്നതു് അവസ്മരണീയമായ യാഥാർത്ഥ്യമാണു്.

തങ്ങളെ ഏല്പിച്ച ഇടവകകളെ ആദ്ധ്യാത്മിക വളർച്ചയിലേയ്ക്കു നയിക്കുവാൻ അവർക്കു് കഴിഞ്ഞു. കൂടാതെ വിദ്യാസമ്പന്നരായ ഒരു തലമുറയെ കെട്ടിപ്പടുക്കുവാൻ സ്കൂളുകൾ സ്ഥാപിക്കുവാനും അവർ മുൻകൈ എടുത്തു. ആവശ്യത്തിനു് ഇടവക വൈദികർ ആയതോടെ നാം ഇടവകകൾ അവരെ ഏല്പിച്ചു് ആശ്രമ ജീവിതത്തിലേയ്ക്കു തിരിച്ചുപോന്നു. എങ്കിലും ആശ്രമത്തോടു ചേർന്നു് അമലാപുരി, ദേവഗിരി, ലക്കിടി, തലപ്പുഴ, ഇടപ്പുഴ, കൂടത്തായി എന്നിവിടങ്ങളിൽ പ്രോവിൻസു് ഇടവകകൾ നടത്തുന്നുണ്ടു്. താമരശ്ശേരി, തലശ്ശേരി, മാനന്തവാടി രൂപതകളിൽ പല ഇടവകകളിൽ വികാരിമാരായും പ്രോവിൻസിലെ വൈദികർ സേവനം തുടരുന്നുണ്ടു്.

1959-ൽ മലബാർ പ്രദേശം സി. എം. ഐ. സഭയുടെ ഒരു റീജിയനും 1969-ൽ വൈസു് പ്രോവിൻസും 1978-ൽ പ്രോവിൻസും ആയിത്തീർന്നു. വളർച്ചയുടെ ഈ പാതയിൽ സി. എം. ഐ. യുടെ ആശ്രമങ്ങളും, സ്ഥാപനങ്ങളും ധാരളമായി ഉണ്ടാവുകയും, സേവനത്തിന്റെ മേഖലകൾ വികസിക്കുകയും ചെയ്തു.


പ്രോവിൻസിന്റെ വളർച്ചയുടെ ഈ കാലഘട്ടത്തിൽ, അജപാലനശുശ്രൂഷയിൽ നിന്നും മിഷൻ പ്രവർത്തനത്തിലേയ്ക്കു് കൂടുതലായുള്ള ഊന്നൽ ദൃശ്യമാകുന്നുണ്ടു്. ആഫ്രിക്കയിലെ ഘാനായിലേയ്ക്കാണു് ആദ്യമായി മിഷനറിമാർ പോയതു്. കൂടുതലായി മിഷനറിമാർ ഈ പ്രോവിൻസിൽനിന്നും പോകുവാനില്ലാതിരുന്നതിനാൽ മൂന്നുവർഷത്തിനു ശേഷം കളമശ്ശേരി പ്രോവിൻസിനെ ആ മിഷൻ ഏല്പിക്കുകയാണു ചെയ്തതു്. 1989-ൽ ജമ്മു-കാശ്മീർ മിഷൻ രൂപതയിലെ രണ്ടു് ജില്ലകൾ ഈ പ്രോവിൻസിനെ ഏല്പിക്കുകയുണ്ടായി. 5 വർഷത്തെ ആ മിഷന്റെ വളർച്ച അത്ഭുതാവഹമാണു്. ഒരു മിഷൻ സ്റ്റേഷനിൽനിന്നും അതു നാലായി ഉയർന്നു. പൂഞ്ചിലും നൗഷരയിലും സ്കൂളുകളും ഡിസ്പെൻസറികളും നടത്തുന്നു. പൂഞ്ചിൽ ഒരിടവകയും നടത്തുന്നുണ്ടു്. കൂടാതെ ജമ്മു റെയിൽവേ സ്റ്റേഷനു സമീപം നമ്മുടെ ഒരു ആസ്പിരൻസു് ഹൗസും ഉണ്ടു്. സി. എം. സി. സിസ്റ്റേഴ്സിനെ നമ്മുടെ കൂടെ പ്രേഷിതവേലയ്ക്കു കിട്ടിയതു് വലിയൊരനുഗ്രഹമാണു്. ഇപ്പോൾ 8 വൈദികരും 2 ശെമ്മാശന്മാരും 8 ആസ്പിരൻസും 6 സിസ്റ്റേഴ്സും അടങ്ങുന്ന ഒരു ടീം അവിടെ ജോലി ചെയ്യുന്നു. കൂടാതെ ശെമ്മാശന്മാർ മിഷൻ പരിശീലനത്തിനായി ധർമ്മാരാമിൽനിന്നും അവിടെ പോകുന്നുമുണ്ടു്

ആഫ്രിക്കൻ ബന്ധം നമുക്കു് അനിവാര്യമാണെന്നു തോന്നുന്നു. ഘാന നാം ഉപേക്ഷിച്ചെങ്കിലും 1992-ൽ ടാൻസാനിയായിലെ കിഗോമ രൂപതയിൽ ബ. ചെസ്സാരിയൂസച്ചൻ മിഷൻ പ്രവർത്തനത്തിനായി പോവുകയും അതു നമുക്കു പ്രവർത്തിക്കാവുന്ന നല്ലൊരു മിഷനാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. 1993-ൽ മിഷൻ സെക്രട്ടറി കിഗോമ സന്ദർശിക്കുകയും പഠനറിപ്പോർട്ടു് പ്രോവിൻഷ്യൽ കൗൺസിലിനു സമർപ്പിക്കുകയും ചെയ്തു. കിഗോമ ബിഷപ്പിന്റെ കേരള സന്ദർശനത്തോടെ കിഗോമ മിഷനിലേയ്ക്കു് ഈ പ്രോവിൻസിൽനിന്നും മിഷനറിമാർ സംഘമായി പോയി പ്രേഷിതപ്രവർത്തനം ചെയ്യുവാൻ തീരുമാനമായി. ആദ്യസംഘം ഈ വർഷം ജൂൺ ആരംഭത്തിൽ കിഗോമയിലെത്തുന്നതാണു്.

വളരെ പിന്നോക്കം നില്ക്കുന്ന കിഗോമയിൽ വിദ്യാഭ്യാസം, അജപാലനം, നേരിട്ടുള്ള മിഷൻ പ്രവർത്തനം എന്നിവയ്ക്കാണു് നമ്മുടെ മിഷനറിമാർ മുൻതൂക്കം കൊടുക്കുക. വിളഞ്ഞു കിടക്കുന്ന വയലാണു് ആഫ്രിക്ക. കൊയ്ത്തിനു് ധാരാളം വേലക്കാരെ അയയ്ക്കണമേ എന്നു നമുക്കു് പ്രാർത്ഥിക്കാം.

അജപാലനത്തിന്റെ പുത്തൻ മുഖങ്ങൾ :

സി. എം. ഐ. നിയമാവലി 71-ാം നമ്പറിൽ പറയുന്നു. "വൈദികപട്ടം സ്വീകരിക്കുന്നതുമൂലം തീർത്ഥാടക ദൈവജനമായ ഐഹികസഭയെ കെട്ടിപ്പടുക്കുവാനുള്ള മിശിഹായുടെ ശുശ്രൂഷയിൽ പ്രത്യേകവിധം നാം പങ്കുചേരുന്നു" എന്നു്. കാലത്തിനനുസരിച്ചു് അജപാലന രീതികളിലും മാറ്റങ്ങൾ വരുന്നു. പഴയതുപോലെ ഇടവക ഭരണത്തിൽമാത്രം ഒതുക്കിനിറുത്താവുന്നതല്ല ഇന്നു് അജപാലനം. അതു മനസ്സിലാക്കിക്കൊണ്ടാണു് തളിപ്പറമ്പിലെ



ദർശന, പുഷ്പഗിരി, തളിപ്പറമ്പു്

'ദർശന' ധ്യാനകേന്ദ്രവും, ലക്കിടിയിലെ 'ചൈതന്യ' ധ്യാനകേന്ദ്രവും പ്രവർത്തനമാരംഭിച്ചതു്. അനേകായിരങ്ങൾക്കു് ജീവിതനവീകരണത്തിനും, രക്ഷകനായ ഈശോയെ അനുഭവിച്ചറിയുന്നതിനും, സജീവ സാക്ഷികളായി ജീവിക്കുന്നതിനും ഈ ധ്യാനകേന്ദ്രങ്ങൾ സഹായിക്കുന്നു.

മലബാറിലുള്ള കരിസ്മാറ്റിക് പ്രസ്ഥാനത്തിനു് ഒരു പരിധിവരെ നേതൃത്വം കൊടുക്കുവാൻ ഈ പ്രവിശ്യാംഗങ്ങൾക്കു് കഴിയുന്നുണ്ടു്. ഇതിൽതന്നെ പ്രധാനമായി യുവജനങ്ങൾങ്ങളെ കേന്ദ്രമാക്കിയുള്ള ജീസസ് യൂത്തു്, ജീസസ് ഫ്രറേണിറ്റി, ക്രിസ്റ്റീൻ എന്നിവയ്ക്കു് നേതൃത്വവും ഉത്തേജനവും കൊടുക്കുവാൻ കഴിയുന്നുണ്ടു്. ദേവഗിരി കോളേജു് കാമ്പസ്സു് ഇന്നു് ജീസസ് യൂത്തു് പ്രവർത്തനങ്ങളുടെ മലബാറിലെ ഏറ്റവും വലിയ കേന്ദ്രമായി മാറിയിരിക്കയാണു്.

"ഞാൻ തടവറയിലായിരുന്നു; നിങ്ങൾ എന്നെ്റയടുത്തുവന്നു" (മത്തായി 25 : 26) എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ യാഥാർത്ഥ്യമാക്കുകയാണു് കേരളത്തിലെ ജീസസ് ഫ്രറേണിറ്റി. കേരളത്തിലെ 40 ഓളം ജയിലുകളിൽ നന്മയുടെ സന്ദേശവുമായി കടന്നുചെല്ലുന്ന ഈ സംഘടനയുടെ കോഴിക്കോട്ടുള്ള പ്രവർത്തനം അമലാപുരി കേന്ദ്രമാക്കിയാണു്. മാസംതോറുമുള്ള ജയിൽ സന്ദർശനം, കൗൺസിലിംഗ്, സ്പിരിച്ചൽ ഡിറക്ഷൻ എന്നിവ എളിയ തോതിൽ ആരംഭിക്കുവാൻ നമുക്കു് കഴിഞ്ഞിട്ടുണ്ടു്.

അജപാലനത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും പുത്തൻ പാതകളിലൂടെ, നിത്യനൂതനമായ സുവിശേഷ സന്ദേശം ജനലക്ഷങ്ങളുടെ ജീവിതത്തിൽ വ്യതിയാനമുണ്ടാക്കത്തക്കവിധം എത്തിച്ചുകൊടുക്കുവാൻ സഭ പ്രതിജ്ഞാബദ്ധമാണു്.

നമ്മുടെ ഭാവി ദർശനമെന്തെന്നു് സി. എം. ഐ. നിയമാവലി 7-ാം നമ്പറിൽ പറയുന്നുണ്ടു്: "ത്യാഗത്തിന്റേയും കർമ്മത്തിന്റേയും സ്വാദ്ധ്യായത്തിന്റേയും അനുധ്യാനത്തിന്റേയും നൂറ്റാണ്ടുകൾ പഴക്കമുള്ള ഭാരതീയ സന്ന്യാസ ജീവിത പാരമ്പര്യങ്ങളുടെ പശ്ചാത്തലത്തിൽ ഒരു വിശുദ്ധനിക്ഷേപത്തിന്റെ സംവാഹകരാകുവാൻ, ഒരു കരിസ്മാറ്റിക്കു് സന്ന്യാസസമൂഹമെന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കയാണു്. സുവിശേഷ വൽക്കരണത്തിനു് കൈവന്നി

രിക്കുന്ന പുതിയ സന്ദർഭത്തിലൂടെ നമ്മുടെ ആന്തരിക ചൈതന്യത്തെ ഉജ്ജീവിപ്പിക്കാനും എല്ലാ മനുഷ്യരോടും വിമോചനത്തിന്റെ സുവിശേഷം അറിയിക്കുന്നതിനു് (ലൂക്ക. 4:18) നവമായി നമ്മെത്തന്നെ അർപ്പിക്കാനുമുള്ള ഒരു വെല്ലുവിളി നമുക്കു് ലഭിച്ചിരിക്കുന്നു. നമ്മുടെ സന്യാസ സമർപ്പണത്തിൽ വേരുന്നിക്കൊണ്ടു് നമ്മുടെ രാജ്യത്തിന്റേയും ലോകത്തിന്റെ തന്നെയും ജീവത്തായ പ്രശ്നങ്ങളെ നാം നേരിടണം. അങ്ങനെ മിശിഹാവഴി അവയെ ദൈവത്തിങ്കലേയ്ക്കു് അടുപ്പിക്കുവാൻ ഉത്സുകരായിരിക്കുകയും വേണം. (1 കൊറി. 15:28)"

വഴിതെറ്റിപ്പോയ ആടുകളെ വീണ്ടെടുക്കുവാൻ സ്വയം ശൂന്യനാക്കി സ്വർഗ്ഗം വിട്ടിറങ്ങിവരികയും ആടുകൾക്കുവേണ്ടി ജീവൻ ഹോമിക്കയും ചെയ്ത നല്ല ഇടയനായ ഈശോയുടെ മാതൃകയും സാന്നിദ്ധ്യവുമാണു് അജപാലനാധികാരവും സുവിശേഷവൽക്കരണ ദൗത്യവും ഏറ്റുവാങ്ങിയ എല്ലാവരുടേയും ശക്തി. ഈ ശക്തിധാര പുത്തൻ ചാലുകൾ തുറക്കുവാൻ നമുക്കു് നമ്മെത്തന്നെ സമർപ്പിക്കാം.

With best compliments from:

THE CALICUT DRUG LINES


(WHOLESALE PHARMACEUTICAL DEALERS)

Post Box No. 536

16/942, KALLAI ROAD, CALICUT – 673 002

സെന്റ് തോമസ് പ്രോവിൻസും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും.

ഫാ. ചാക്കോ പുതുകുളങ്ങര CMI



പ്രോവിൻസിന്റെ സാമൂഹ്യക്ഷേമ വകുപ്പിന്റെ സിക്രട്ടറിയാണ് ഫാ. ചാക്കോ. തുടർച്ചയായി രണ്ടാം തവണ അദ്ദേഹം ഈ ജോലി നോക്കുന്നു. നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ അദ്ദേഹം നടപ്പിലാക്കി. ഇടപ്പഴയിൽ നൂറോളം വീടുകൾ, എലത്തൂരിൽ സ്റ്റാബിലൈസർ അസംബ്ളിംഗ് യൂനിറ്റ്, പൂഞ്ചിൽ മാനവസേവാ സൊസൈറ്റി, ഗുണ്ടൽപേട്ടിൽ ജനസേവാ സൊസൈറ്റി . . . . അങ്ങനെ പലതും. പ്രോവിൻസിന്റെ മുഴുവൻ സമയ സാമൂഹ്യക്ഷേമ പ്രവർത്തകനാണ് ചാക്കോച്ചൻ. അതിനുവേണ്ടി ജീവിതം സമർപ്പിച്ചവനും.

സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസിന്റെ കാൽനൂറ്റാണ്ടുകാലത്തെ സാമൂഹ്യക്ഷേമ പ്രവത്തനങ്ങളെ വിലയിരുത്തുമ്പോൾ ആദ്യകാല മിഷനറിമാരുടെ ത്യാഗോജ്ജ്വലമായ പ്രവത്തനങ്ങളിലേയ്ക്കാണ് എന്റെ ചിന്ത ആദ്യം ഓടിയെത്തുന്നത്. ഇരുപത്തിയഞ്ച വഷ്ങ്ങൾ പിന്നിലാക്കിയ ഈ പ്രവിശ്യയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അതിന്റെ അത്യന്നതിയിലാണ് എന്ന് കരുതുന്നത് നീതിയുക്തമല്ല. മറിച്ച് ഇവിടത്തെ സാമൂഹ്യക്ഷേമ പ്രവത്തനങ്ങൾ ഇന്നും വളർച്ചയുടെ പാതയിലാണ് എന്ന സത്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു.

കുടിയേറ്റക്കാരുടെ പിന്നാലെ മലബാറിന്റെ മലമടക്കുകളിലേയ്ക്ക് കടന്നുവന്ന സി. എം. ഐ. സന്യാസവൈദീകരുടെ ലക്ഷ്യം, അജപാലനം മാത്രമായിരുന്നില്ല, മറിച്ച് കുടിയേറ്റക്കാരുടെ സമഗ്ര വളർച്ചയായിരുന്നു. സാംസ്കാരിക, സാമ്പത്തിക വളർച്ചയെ അവർ ആത്മീയതയുടെ ചുറ്റുപാടിൽ നിന്നും അകറ്റി നിത്തിയില്ല. ഈ മലബാർ പ്രോവിൻസിലെ മിക്ക അംഗങ്ങളും, ആശ്രമങ്ങളോടൊപ്പം ഇടവകക്കാരു

ങ്ങളിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആത്മീയവും, സാമൂഹികവും, സാമ്പത്തികവുമായ ഉന്നമനത്തിനായി അഹോരാത്രം പണിപ്പെട്ടിരുന്ന എന്ന യാഥാർത്ഥ്യം തന്നെ അവരുടെ ആഴമേറിയ സാമൂഹ്യാവബോധത്തിന്റെ ഉത്തമനിദർശനമായിരുന്നു എന്നുവേണം കരുതാൻ. വൈദീകരുടെ ദൗർലഭ്യം മൂലം ത്രുപതയിലെ അജപാലന ശ്രുശ്രൂഷയിൽ കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് അതാതു സ്ഥലങ്ങളിലെ ക്ഷേമപ്രവർത്തനങ്ങൾക്കാണ് സി. എം. ഐ. വൈദികർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇന്നും സി. എം. ഐ. സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ മുഖ്യഘടകമാണ്. ഈ മലബാറിന്റെ വളർച്ചയിൽ സി. എം. ഐ. സഭ വഹിച്ചിട്ടുള്ള പങ്ക് അനന്യമാണ്. പിതാക്കന്മാരുടെ ആഴമേറിയ പ്രാർത്ഥനാനുഭവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ. ആ ചിന്താഗതിയും പ്രവർത്തനശൈലിയും ഇന്നും ഈ പ്രവിശ്യയിലെ അംഗങ്ങളെ ഉത്തേജിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സാമൂഹ്യപ്രേഷിതത്വം ആരംഭവും - വളർച്ചയും

സി. എം. ഐ. സഭാംഗങ്ങൾ ആരംഭം മുതൽ അജപാലനവും സാമൂഹ്യക്ഷേമ പ്രവത്തനങ്ങളും സമഞ്ജസമായി സമ്മേളിപ്പിച്ചിരുന്നു. അതാതു് ഇടവകകളിൽ കേന്ദ്രീകൃതമായ പ്രവർത്തനങ്ങളാണ് ആദ്യകാലഘട്ടങ്ങളിൽ നടന്നിരുന്നതു്. 1969-ൽ വൈസ് പ്രോവിൻസായെങ്കിലും 1973-ലാണ് സാമൂഹ്യപ്രവർത്തനത്തിനു് മാത്രമായി പ്രവിശ്യാ ശ്രേഷ്ഠനെ സഹായിക്കുവാൻ ഒരു സെക്രട്ടറി നിയമിതനാകുന്നതു്. ആദ്യത്തെ സെക്രട്ടറിയായി നിയമിതനായ ബഹു. ജോസ് മൈലാടിയച്ചൻ അനവധി സാധുജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് കൂടു, മുളകുപൊടി എന്നിവ ഉണ്ടാക്കി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചു. തികച്ചും പ്രതികൂലമായ സാഹചര്യങ്ങൾ മൂലം അതതു വിജയപ്രദമായിരുന്നില്ല. പിന്നീട് അമലാപുരി ഇടവകയിലെ ചില നല്ല ആളുകളുടെ സഹകരണത്തോടെ ആരംഭിച്ച അമലാ ചാരിറ്റീസും, അമലാചിട്ടി ഫണ്ടും ഇന്നു് ഒട്ടേറെ സഹായങ്ങൾ നിർദ്ധനരായവർക്ക് ചെയ്യുവരുന്നു. 1975 മുതൽ 78 വരെ, സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ സെക്രട്ടറിയായി നിയമിതനായ ബഹു. അന്തോണീനുസച്ചൻ അനാഥാലയവും അവരുടെ പുനരധിവാസവും സംബന്ധിച്ച കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു. കൂടാതെ വിഷചികിത്സ, ഹോമിയോപ്പതി, തുടങ്ങിയ രംഗങ്ങളിലൂടെയും അദ്ദേഹം കാഴ്ചവെച്ച സേവനങ്ങൾ നിരവധിയാണ്. 1978 മുതൽ സെക്രട്ടറിയായി വന്നതു് ബഹു. മരിയദാസച്ചനാണ്. ഇക്കാലഘട്ടത്തിലാണ് സാമൂഹ്യക്ഷേമപ്രവത്തനങ്ങളുടെ കേന്ദ്രമായ സേവാസദൻ കെട്ടിടം വാങ്ങിച്ചതു്. ഇന്നവിടെ, സെൻറ് തോമസ് പ്രോവിൻസിന്റെ സാമൂഹ്യപ്രവത്തന സംഘടനകളായ Stars-ന്റെയും, Ashakiran Association ന്റെയും Voluntary Co-ordination Agency യുടെയും ഓഫീസ്സുകൾ പ്രവർത്തിക്കുന്നു.

1981-84 കാലഘട്ടത്തിൽ ബഹു. ജോസഫ് മഴുവഞ്ചേരിയച്ചനും (ബത്ലഹേമിയോ) 1984-87 കാലഘട്ടത്തിൽ ബഹു. സേവ്യർ പല്ലുക്കാവിലച്ചനുമാണ് സാമൂഹ്യസേവനപ്രവത്തനങ്ങളുടെ ചുക്കാൻ പിടിച്ചതു്. ആകാലഘട്ടങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ നല്കുന്നതിനും അതിനു് കൂടുതൽ പര്യാപ്തമായ പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലും ശ്രദ്ധിച്ചിരുന്നു. സേവാസദൻ കെട്ടിടത്തിൽ ആരംഭിച്ച Typing Institute ഇതിനൊരുദാഹരണമാണ്. ബഹു. ജോസഫ് മറ്റത്തിലച്ചന്റെ ശ്രമഫലമായി "ലിറ്റിൽവേ"

(Little way)യുടെ പേരിൽ 100 കുടുംബങ്ങൾക്ക് പെട്ടിക്കടകൾ വയ്ക്കുവാനും, തയ്യൽ മിഷൻ വാങ്ങിക്കുവാനും ബാങ്കിൽനിന്നും ലോൺ അനുവദിപ്പിച്ചുകൊടുത്തു.

തുടർന്ന് ബഹു. സ്കറിയാ തോപ്പിലച്ചൻ സെക്രട്ടറിയായിരുന്ന 87-90 കാലഘട്ടം സഭയൊട്ടാകെ ഒരു സാമൂഹ്യാവബോധത്തിന്റെ നവോത്ഥാന കാലഘട്ടമായിരുന്നു. ജനസംബന്ധമായ ഒരു പ്രവർത്തനശൈലിയിലേക്ക് കൂടുതൽ ആഭിമുഖ്യം വളർത്തുവാനായി ജോൺ ഡൊറെഷ എന്ന കനേഡിയൻ ഫാദർ നടത്തിയ കോഴ്സിൽ ഈ പ്രവിശ്യയിലെ നിരവധി അംഗങ്ങൾ പങ്കെടുത്തു.

ഇത്തരുണത്തിലാണ് കൂബിൾ ഫൗണ്ടേഷൻ സി. എം. ഐ. സഭയുടെ പ്രവർത്തനങ്ങളിൽ താല്പര്യം പ്രകടിപ്പിച്ചതും ജനക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് CEVA (Cyriac Elias Voluntary Association) വഴി ഇന്ത്യയിൽ വിനിയോഗിക്കുന്നതിനായി കരാർ ഉണ്ടാക്കിയതും. തുടർന്ന് കണ്ണൂർ ജില്ലയുടെ മലയോരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഇരിട്ടി അടുത്തുള്ള എടപ്പുഴയിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

സാമൂഹ്യക്ഷേമ പ്രവർത്തന രംഗം ഇന്ന് . . .

കഴിഞ്ഞ കാൽനൂറ്റാണ്ടിലൂടെ ഉരുത്തിരിഞ്ഞ സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസിന്റെ സാമൂഹ്യക്ഷേമപ്രവർത്തനരംഗമിന്ന് നിയതമായ രൂപഭാവങ്ങൾ കൈക്കൊണ്ടുകഴിഞ്ഞു. ഇവിടുത്തെ പ്രേഷിതപ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ കേന്ദ്രീകൃതമായിരിക്കുന്ന രണ്ടു മേഖലകൾ, ഒന്ന്, സാമൂഹ്യസേവനവും, മറ്റൊന്ന് ആതുരസേവനവുമാണ്. ഇതിനും പുറമെ, അനൗപചാരിക വിദ്യാഭ്യാസം, സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിലും തനതായ മുദ്ര പതിപ്പിക്കുവാൻ സി. എം. ഐ. സഭാംഗങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.


ഭവന നിർമ്മാണ പദ്ധതി

പ്രോവിൻസിന്റെ ജൂബിലിയോടനുബന്ധിച്ച് സി. എം. ഐ. സെൻറ് തോമസ് പ്രവിശ്യ, ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. 25 ഭവനങ്ങളുടെ നിർമ്മാണമാണ് ലക്ഷ്യം. സ്ഥാപകപിതാക്കന്മാരിലൊരാളായ ബഹു. പാലയ്ക്കലച്ചന്റെ 150-ാം ജൂബിലിയോടനുബന്ധിച്ചും പാവപ്പെട്ടവർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

കൂബിളിന്റെ സഹായത്തോടെ ഇടപ്പുഴയിലാരംഭിച്ച വിഹിതാധിഷ്ഠിത ഭവന നിർമ്മാണ പദ്ധതി ഒരു വൻ വിജയമായിരുന്നു. ഈ പദ്ധതിയിൽ ജനപങ്കാളിത്തം കൂടുതൽ ലഭ്യമായതിനാൽ 95 ലധികം വീടുകൾ നിർമ്മിക്കുവാൻ കഴിഞ്ഞു. ജമ്മു-കാശ്മീരിലെ പൂഞ്ച് മിഷനിലും ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിക്കഴിഞ്ഞു.

ഇതിനെല്ലാം പുറമേ ഇടപ്പുഴയിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതിയും, പശുവളർത്തൽ പദ്ധതിയും നിരവധിയാളുകൾക്ക് വലിയ അനുഗ്രഹമായിത്തീർന്നു. ഈ പദ്ധതികളുടെയെല്ലാം വിജയത്തിനു ജനപങ്കാളിത്തം വളരെ സഹായിച്ചിട്ടുണ്ട്.


മലയോരങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എടപ്പുഴയിൽ



ടൈലറിങ്ങ് & ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, ഇടപ്പുഴ

ആരംഭിച്ച ടെയ്‌ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു വൻ വിജയമായിത്തീർന്നിരിക്കുന്നു. 50 - ലേറെ സ്ത്രീകൾ ഇവിടത്തെ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. കൂടാതെ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഇവിടെ പ്രവർത്തിക്കുന്നു.

ആശാകിരൺ സ്കൂൾ



ആശാകിരൺ സ്കൂൾ

സെൻറ് തോമസ് പ്രോവിൻസിന്റെ കീഴിൽ മന്ദബുദ്ധികൾക്കായി പ്രവർത്തിക്കുന്ന സ്കൂളാണിത്. 1982-ൽ സ്ഥാപിതമായ ഈ സ്കൂളിൽ 7 അദ്ധ്യാപകരുടെ കീഴിൽ 60 മന്ദബുദ്ധികളായ കുട്ടികൾ പരിശീലനം നടത്തുന്നു. ദേവഗിരി കോളജ് ക്യാമ്പസിനടുത്താണ് ആശാകിരൺ. ഇത്തരത്തിലുള്ള കോഴിക്കോട്ടെ ആദ്യത്തെ സ്കൂളാണിത്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങളെപ്പറ്റിയും അവരെ പരമാവധി സ്വയം പര്യാപ്തരാക്കാൻ പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സമൂഹത്തെയും രക്ഷിതാക്കളേയും ബോധവൽക്കരിക്കാൻ ആശാകിരൺ വളരെ ശ്രമിക്കുന്നുണ്ട്. അതിനു നല്ല ഫലവും കാണുന്നുണ്ട്. തന്മൂലം ഈ കുട്ടികൾക്ക് വീട്ടിലും സമൂഹത്തിലും കൂടുതൽ മാന്യമായ സ്ഥാനം ലഭിക്കുന്നുമുണ്ട്.

വിവിധ സൊസൈറ്റികൾ

ഇവിടത്തെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും, ഫലപ്രദമായും നടത്തുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

STARS (St. Thomas Association for Rural Service)


പ്രോവിൻസിന്റെ സോഷ്യൽ പ്രവർത്തനങ്ങൾക്കായി പ്രോവിൻസിലെ എല്ലാ ഭവനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഔദ്യോഗിക സൊസൈറ്റി, STARS എന്ന പേരിൽ 1991 സെപ്റ്റംബർ മാസത്തിൽ റജിസ്റ്റർ ചെയ്തു. ഈ സൊസൈറ്റിയാണ് പ്രോവിൻസിന്റെ ഔദ്യോഗിക സാമൂഹ്യക്ഷേമ ഏജൻസിയായി പ്രവർത്തിക്കുന്നത്.

മാനവസേവാ സൊസൈറ്റി-പൂഞ്ച്

അനുദിനം പുരോഗതിയിലേയ്ക്കു കുതിച്ചുകൊണ്ടിരിക്കുന്ന ജമ്മു-കാശ്മീർ റീജിയനു വേണ്ടി, പ്രത്യേകമായി ഒരു സൊസൈറ്റി ബഹു. ജോസഫ് പൈകടയച്ചന്റെ ശ്രമഫലമായി റജിസ്റ്റർ ചെയ്തു സുഗമമായി പ്രവർത്തിക്കുന്നു. അവിടെയുള്ള എല്ലാ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്നതു ഈ സൊസൈറ്റിയാണ്. ഈ സൊസൈറ്റി വഴിയായി ഒരു "മൊബൈൽ ഹെൽത്ത് യൂണിറ്റ്" സമീപത്തുള്ള 5 ഗ്രാമങ്ങളിൽ സേവനം ചെയ്യുന്നു. അങ്ങനെ പൂഞ്ചിലെ ഗ്രാമകവാടങ്ങൾക്കുള്ളിൽ നറുങ്ങുവെട്ടവും ഇത്തിരി സ്നേഹവുമായി കടന്നുചെല്ലാൻ മിഷനറിമാർക്കും സാധിക്കുന്നു.

സ്റ്റാർ മഹിളാ സമാജം-എലത്തൂർ


സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസിന്റെ തൊഴിൽദാന പദ്ധതിയുടെ ഭാഗമായി, അവിവാഹിതരായ സാധുയുവതികൾക്ക് ജോലി നല്കുന്നതിനും വിവാഹസഹായം നല്കുന്നതിനുമായി സ്റ്റാർ മഹിളാ സമാജം എന്ന സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഈ സംഘടനവഴിയായി



എലത്തൂരിലെ സ്റ്റെബ്‌ലൈസർ
അസംബ്‌ളിംഗ് യൂനിറ്റ്

"വോൾട്ടേജ് സ്റ്റെബിലൈസർ" നിർമ്മിച്ച് വി-ഗാർഡ് എന്ന കമ്പനിക്ക വിൽക്കുന്നു. ഇരുപതോളം പെൺകുട്ടികൾക്ക് തൊഴിൽ നല്കാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്.

ജനസേവാ സൊസൈറ്റി - ഗുണ്ടൽപ്പേട്ട്




സോഷ്യൽ സർവ്വീസ് സെൻറർ
ഗുണ്ടൽപേട്ട്

ഗുണ്ടൽപ്പേട്ട് - ഗുഡല്ലൂർ പ്രദേശങ്ങളിലെ ജനക്ഷേമപ്രവർത്തനങ്ങൾ ഏകോപി




ഗുരുവും ശിഷ്യരും :
ഡാൻസും അക്ഷരജ്ഞാനവും നേടുന്ന
ഗുണ്ടൽപേട്ടിലെ സാധുമക്കൾ

പ്പിക്കുവാനായി 'ജനസേവ' എന്നൊരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ ഗുണ്ടൽപ്പേട്ടിലെ മഡഹള്ളിയുടെ അടുത്തുള്ള പത്തു ഗ്രാമങ്ങളിൽപ്പോയി വൈദ്യശുശ്രൂഷ നൽകുവാനായി ഒരു മൊബൈൽ ഹെൽത്ത് യൂണിറ്റ് പ്രവർത്തിക്കുന്നു. ഇവിടെയുള്ള മനുഷ്യർക്ക് വൈദ്യസ



ഡാൻസ് പരിശീലനം
ഗുണ്ടൽപേട്ടിലെ ഗ്രാമീണ കുട്ടികൾ.

ഹായം എന്നതു് സ്വപ്നം കാണാൻകൂടി കഴിയാത്ത വസ്തുതയാണു്, പ്രത്യേകിച്ചും ഗുണ്ടൽപ്പേട്ടിൽ. ഗുണ്ടൽപ്പേട്ടിലെ 10 ഗ്രാമങ്ങളെ വൈദ്യസഹായത്തിന്റെ പരി



ഗുണ്ടൽപേട്ടിലെ ജനസേവന
ഹെൽത്ത് സെൻറർ

ധിയിൽ കൊണ്ടുവരുവാനും, അതുവഴി ഗ്രാമങ്ങളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ചു പ്രവർത്തിക്കുവാനും ബഹു: സി. എം. സി. സിസ്റ്റേഴ്സിന്റെ സേവനം മൂലം സാധിക്കുന്നു. ഇപ്പോൾ ആരോഗ്യ - വിദ്യാഭ്യാസവും മരുന്നും നല്കുന്നതോടൊപ്പം, ശുചിത്വത്തെക്കുറിച്ചും മറ്റും അവബോധക്ലാസ്സുകളും ഗ്രാമ

ങ്ങളിൽ സംഘടിപ്പിക്കുന്നു. ഡോക്ടർമാരും, നഴ്സുമാരും, സാമൂഹ്യപ്രവർത്തകരും മരുന്നും എല്ലാമായാണ് ഗ്രാമങ്ങളിലേക്ക് ഹെൽത്ത് യൂണിറ്റ് വാൻ കടന്നുചെല്ലുന്നത്. ജനങ്ങളുടെ സഹകരണത്തോടെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ഇടയബാലന്മാർക്കായി സാക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിക്കുന്നു.

വിഷചികിൽസാലയം - മേരിക്കുന്ന് :

ബഹു: അന്തോണിനൂസച്ചൻ സ്വന്തം പരിശ്രമത്തിലൂടെ വികസിപ്പിച്ചെടുത്ത വിഷക്കല്ല്, ഇന്നു് രാജ്യത്തിന്റെ നാനാഭാഗങ്ങളിലുള്ളവർക്ക് വലിയൊരാശ്വാസമാണു്. ആയിരക്കണക്കിനു് ആളുകളെ അദ്ദേഹത്തിന്റെ വിഷക്കല്ല് പാമ്പുകടിമൂലമുണ്ടാകാമായിരുന്ന മരണത്തിൽനിന്നു രക്ഷിച്ചിട്ടുണ്ട്.

ആതുരസേവനം :

സമൂഹ്യസേവനമണ്ഡലത്തിൽ നമുക്ക് കൂടുതൽ സംഭാവനകൾ നല്കുവാൻ കഴിഞ്ഞിട്ടുള്ള ഒന്നാണ് ആതുരസേവനം. ആതുരസേവന രംഗത്തു് മികവാർന്നു നില്ക്കുന്ന ഒരു സ്ഥാപനമാണ് കൽപ്പറ്റയിൽ 1973-ൽ ആരംഭിച്ച ഫാത്തിമാ മാതാ ഹോസ്പിറ്റൽ. വയനാട്ടിലെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിൽ ഈ സ്ഥാപനം വഹിയ്ക്കുന്ന പങ്ക് നിസ്തുലമാണ്. സ്ഥാപനപരമായ ശുശ്രൂഷാരംഗം കൂടാതെ 6 ഗ്രാമങ്ങളെ ദത്തെടുത്തുകൊണ്ട്, ദുർബല വിഭാഗങ്ങളെ പ്രത്യേകം പരിഗണിച്ചു പോരുന്നു. പ്രാർത്ഥനാശുശ്രൂഷയും വൈദ്യശുശ്രൂഷയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയാണ് ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളതു്.

സാമൂഹിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾ :

സാമൂഹ്യസേവനരംഗത്തും, ആതുരസേവനരംഗത്തും മാത്രമല്ല, സാമൂഹിക സാംസ്ക്കാരിക രംഗത്തേയ്ക്കും കടന്നുചെല്ലുവാൻ സെൻറ് തോമസ് പ്രവിശ്യയ്ക്ക് സാധിച്ചിട്ടുണ്ട്. സി. എം. ഐ. ഭവനങ്ങളോടനുബന്ധിച്ച് മിക്ക സ്ഥലങ്ങളിലും വായനശാലകൾ നിലവിലുണ്ട്. ഫോർഡർ വെറെയിന്റെ സഹായത്തോടെ "ലിറ്റർജിക്കൽ ആൻഡ് കൾച്ചറൽ ആക്റ്റിവിറ്റീസ്"-നുവേണ്ടി പൂഞ്ചിലും തലപ്പുഴയിലും രണ്ടു പദ്ധതികൾ നടപ്പാക്കിക്കഴിഞ്ഞു. എടപ്പുഴയിൽ രണ്ടായിരം പുസ്തകങ്ങൾ അടങ്ങുന്ന ഒരു വായനശാലയും സ്ഥാപിച്ചിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

ഒരു പരിധിവരെയെങ്കിലും സെൻറ് തോമസ് പ്രോവിൻസിനു് കടന്നുചെല്ലാൻ കഴിഞ്ഞിട്ടുള്ള മറ്റൊരു മേഖലയാണ് അനൗപചാരിക വിദ്യാഭ്യാസം. ജനങ്ങളെ സാമൂഹ്യ അവബോധത്തിലേയ്ക്ക് കൊണ്ടുവരുന്നതിനു് ഇടപ്പുഴയിൽ ഇരുപതിലേറെ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. K. S. V. C പദ്ധതിപ്രകാരം നടത്തപ്പെട്ട സെമിനാറുകളിൽ, പശുവളർത്തൽ, കൃഷി, ക്രെഡിറ്റ് യൂണിയൻ പ്രസ്ഥാനം, മദ്യവർജ്ജനം, സമ്പാദ്യശീലം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. അങ്ങനെ ആരംഭിച്ചതാണ് എടപ്പുഴയിൽ ഇപ്പോൾ ഏതാണ്ട് 150 അംഗങ്ങളുള്ള ക്രെഡിറ്റ് യൂണിയൻ. ഈ പ്രസ്ഥാനമിന്നു് തലശ്ശേരി രൂപതയിലെ മറ്റ് ക്രെഡിറ്റ് യൂണിയൻ പ്രസ്ഥാനവുമായി യോജിച്ച് പ്രവർത്തിക്കുന്നു.

പൂഞ്ച്, റജോരി മിഷനിൽ നൗഷര എന്ന സ്ഥലത്ത് ബഹു. ഉപ്പുമാക്കലച്ചൻ 6 സെൻറുകളെ ഏകോപിപ്പിച്ചുകൊണ്ട് അനൗപചാരിക വിദ്യാഭ്യാസത്തിനു് തുടക്കം

കുറിച്ചിരിക്കുന്നു. അദ്ദേഹം ഗ്രാമങ്ങൾ തോറും കയറിയിറങ്ങി ക്ലാസ്സെടുക്കുന്നു. കൂടാതെ വിവിധ സ്ഥലങ്ങളിൽ അദ്ധ്യാപകരെ വച്ചും ക്ലാസ്സുകൾ എടുക്കുന്നു.

യേശു ഒരിക്കൽ ശിമയോനോട് പറഞ്ഞു: "ദരിദ്രർ എന്നും നിങ്ങളോടുകൂടി ഉണ്ടായിരിക്കും." സാമ്പത്തികം, ബൗദ്ധികം, സാമൂഹ്യം, ആദ്ധ്യാത്മികം എന്നിങ്ങനെ പല മേഖലകളിലും ദരിദ്രരുണ്ട്. ഇവരിൽ കുറേപ്പേർക്കെങ്കിലും സഹായഹസ്തവുമായി കടന്നുചെല്ലുവാൻ കോഴിക്കോട് പ്രോവിൻസിനു് കഴിയുന്നു എന്നതു് അഭിമാനകരമാണു്. ഇതിനു് നാനാവിധത്തിൽ സഹായിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ഇവിടെ നന്ദിയോടെ സ്മരിക്കുന്നു. പ്രോവിൻസിനു് ഇനിയും വളരെദൂരം ഈ മേഖലയിൽ മുന്നോട്ട പോകാൻ കഴിയും എന്ന സത്യം ഇവിടെ മറക്കുന്നുമില്ല.

For your requirements in :

LABORATORY EQUIPMENTS, CHEMICALS,
MAPS, CHARTS, GLOBES
LIBRARY BOOKS, SPORTS GOODS

◆

Please contact :

VIDYARTHI MITHRAM

HOSPITAL ROAD, CALICUT - 673 001

Phone : 76461

ഗൂഡല്ലൂർ കുടിയേറ്റക്കാർക്കിടയിൽ - ഒരോർമ്മക്കുറിപ്പ്

ഫാ: ജോബ് മൈലാടിയിൽ C.M.I.



എറണാകുളം ചാവറ കൾച്ചറൽ സെൻറിന്റെ ഡയറക്ടറാണ് ബ. ജോബച്ചൻ. നിശ്ചയദാർഢ്യവും കഠിനാദ്ധ്വാനവും ദീർഘദൃഷ്ടിയുമുള്ള അദ്ദേഹം ചെല്ലുന്നിടത്തൊക്കെ അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്നു. പൗരോഹിത്യശുശ്രൂഷയുടെ ആദ്യ വർഷങ്ങൾ ഗൂഡല്ലൂർ കുടിയേറ്റക്കാർക്കിടയിൽ ചെലവഴിച്ച് കഠിനമായി അദ്ധ്വാനിച്ചിട്ടുണ്ട് അദ്ദേഹം.

1963 മെയ് 17-ാം തിയ്യതി വൈദിക പട്ടം സ്വീകരിച്ച് ഒരു വർഷത്തെ തുടർന്നുള്ള പരിശീലനവും കഴിഞ്ഞ് 1964 ഏപ്രിൽ മാസത്തിൽ സെൻറ് ജോസഫ് പ്രോവിൻസിൽപ്പെട്ട ഞങ്ങൾ കൂര്യനാട് ആശ്രമത്തിൽ സമ്മേളിച്ചു. പാവനസ്മരണാർഹനായ ബഹു. വില്ല്യമച്ചന്റെ നേതൃത്വത്തിൽ ഒരു "പാസ്റ്ററൽ കോഴ്സ്" നടത്തുകയായിരുന്നു ലക്ഷ്യം. രണ്ടാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് അന്നത്തെ പ്രൊവിൻഷ്യൽ ബഹു. ജയിംസ് പള്ളിവാതുക്കലച്ചന്റെ ഒരു കത്തുകിട്ടി. കഴിയുന്നതും വേഗം നേരിൽക്കാണുക എന്ന അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഞാനദ്ദേഹത്തെക്കാണുവാനായിച്ചെന്നു. ഊട്ടി രൂപതയിൽ ജോലി ചെയ്യുവാൻ ഒരു വൈദികനെ ആവശ്യമുണ്ടെന്നുള്ള അന്നത്തെ ഊട്ടി മെത്രാൻ പടിയറപ്പിതാവിന്റെ കത്ത് എന്റെ മുമ്പിൽ അദ്ദേഹം വച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ജൂൺ ആരംഭത്തിൽ ഞാൻ ഊട്ടിയിലെത്തി. അരമനയിലെത്തിയപ്പോൾ ബഹു. ജയിംസച്ചനും, ദൊസിത്തേവൂസച്ചനും സ്ഥലത്തുണ്ടായിരുന്നു. പിതാവ് തല്ക്കാലത്തേയ്ക്ക് എന്നെ ഗൂഡല്ലൂർ സെൻറ് മേരീസ് ഇടവകയിൽ അസിസ്റ്റൻറ് വികാരിയായി നിയമിച്ചു. പിറേറ ദിവസം, അന്നത്തെ ഗൂഡല്ലൂർ പള്ളി വികാരി ബഹു. ആൻറണി ചേന്നാട്ടശ്ശേരിയച്ചൻ അരമനയിലെത്തി. തമിഴ് ഭാഷയിൽ നല്ല പ്രാവീണ്യമുള്ള ഒരു വൈദികനായിരുന്നു അദ്ദേഹം. അങ്ങനെ 1964 ജൂൺ ആദ്യവാരത്തിൽത്തന്നെ ഞാൻ അദ്ദേഹത്തോടൊപ്പം ഗൂഡല്ലൂരെത്തി ചാർജെടുത്തു.

ഗൂഡല്ലൂർ

മൈസൂർ, കോയമ്പത്തൂർ, ഊട്ടി രൂപതകൾ വിഭജിക്കുന്നതിനു മുമ്പു മുതൽ വികാ

രിയച്ചന്മാർക്ക് ഏററവും കൂടുതൽ ബുദ്ധി മുട്ടുകൾ ഉണ്ടാക്കിക്കൊണ്ടിരുന്ന ഒരു ഇടവക യായിട്ടാണ് അന്ന് ഗൂഡല്ലൂർ സെൻറ് മേരീസ് അറിയപ്പെട്ടിരുന്നത്. നടവട്ടം മുതൽ സുൽത്താൻ ബത്തേരിവരെ വിസ്തൃതമായിരുന്ന ഈ ഇടവക. 1964-ൽ ഞാൻ ചാർജെടുക്കുമ്പോൾ ഉദ്ദേശം 40 ഏക്കറോളം വിസ്തീർണ്ണമുള്ള ഒരു കാപ്പിത്തോട്ടം, എൽ. പി. സ്കൂൾ, ഹൈസ്കൂൾ, ഒരു കോൺവെൻറ് എന്നിവമാത്രമായിരുന്ന ആ ഇടവകയിൽ ഉണ്ടായിരുന്നത്. 14 ഓളം സബ് സ്റ്റേഷനുകളും ഇതിൻെറ പരിധിയിൽ ഉണ്ടായിരുന്നു. ഇവയെല്ലാം തന്നെ വിദൂരസ്ഥലങ്ങളിലായിരുന്നു. ഈ ഇടവകയിൽ പ്രവർത്തിച്ചിരുന്ന വൈദികർ വളരെയധികം കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. അന്ന് ചില സ്ഥലങ്ങളിൽ വീടുകളിലാണ് ബലി അർപ്പിച്ചിരുന്നത്. ആറു മാസത്തിനു ശേഷം അഭിവന്ദ്യ മെത്രാനച്ചൻ എന്നെ സെൻറ് മേരീസ് ഇടവകയുടെ വികാരിയായി നിയമിച്ചു.

വിദേശത്തുനിന്നും ലഭിച്ചിരുന്ന ധാന്യങ്ങളും, എണ്ണ, മാവ്, വസ്ത്രങ്ങൾ തുടങ്ങിയവയും ആ നാട്ടിലെ പാവപ്പെട്ടവരുടെ ഇടയിൽ വിതരണം ചെയ്തിരുന്നു. വളരെയധികം കഷ്ടപ്പാടുകളും, പട്ടിണിയും അനുഭവിച്ചു കഴിഞ്ഞിരുന്ന സമീപപ്രദേശങ്ങളിലെ മലയാളി കുടിയേറക്കാർക്ക് ഈ സഹായം വലിയൊരനുഗ്രഹമായിരുന്നു. പത്തും പന്ത്രണ്ടും മൈലുകൾ താണ്ടി അവരിൽ ചിലർ ദിവ്യബലിയ്ക്കും സന്നിഹിതരായിരുന്നു. അതുകൊണ്ട് കുടിയേറക്കാരുമായി ബന്ധപ്പെടാൻ എളുപ്പത്തിൽ സാധിച്ചു. അവരിൽപ്പലരും സാമ്പത്തികമായി വളരെ ഞെരുങ്ങി കഴിയുന്നവരായിരുന്നു. വളരെയധികം കഷ്ടപ്പാടുകൾ അവർ സഹിച്ചിട്ടുണ്ട്. യാത്രാക്ലേശങ്ങൾ കൊണ്ടും, വന്യമൃഗങ്ങളെ ഭയന്നും വർഷത്തിൽ ഒരിയ്ക്കൽപ്പോലും ദിവ്യബലിയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവരുമുണ്ടായിരുന്നു.

ഈ അവസരത്തിൽ അന്നത്തെ കളമശ്ശേരി പ്രൊവിൻഷ്യൽ ബഹു. സാലസച്ചനും, മെലേസിയൂസച്ചനും, മറ്റു ചില വൈദികരും കൂടി, താണ്ഡവപുരത്തെ സ്ഥലകച്ചവടവും കഴിഞ്ഞ് മടക്കയാത്രയിൽ അവിടെ എത്തി. ഗൂഡല്ലൂരിൻെറ പശ്ചാത്തലം ഞാൻ അവർക്ക് മനസ്സിലാക്കിക്കൊടുത്തു. ബഹു. സാലസച്ചനിൽ നിന്നുമാണ് അവിടെ സ്ഥലം വാങ്ങിക്കുവാൻ എനിക്ക് പ്രചോദനം ലഭിച്ചത്. അന്നത്തെ റീജിയനൽ സുപ്പീരിയർ ആയിരുന്ന ബഹു. ജയിംസ് പള്ളിവാതുക്കലച്ചനെ ഞാൻ വിവരം അറിയിച്ചു. അദ്ദേഹം അതിൻെറ പൂർണ്ണ ഉത്തരവാദിത്വം എന്നെ ഏല്പിച്ചു. കഴിയുന്നതും വേഗം സ്ഥലം വാങ്ങിക്കുവാൻ പ്രേരിപ്പിച്ചു. ആദ്യം എൻെറ ശ്രദ്ധ തിരിഞ്ഞത് ബെക്കിയിലേയ്ക്കാണ്. അതിനു കാരണം അന്ന് ഗൂഡല്ലൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന മിസ്റ്റർ പി. ഡി. വർക്കിയുമായുണ്ടായിരുന്ന സൗഹൃദബന്ധമായിരുന്നു. അങ്ങനെ 1965-ലാണ് ഇന്നത്തെ ബെക്കി ആശ്രമം സ്ഥിതിചെയ്യുന്ന സ്ഥലം അദ്ദേഹത്തിൽ നിന്നും വാങ്ങിച്ചത്.

മേൽ പ്രസ്താവിച്ചതുപോലെ കുർബ്ബാനയും, പള്ളിയും ഇല്ലാതെ കഷ്ടപ്പെടുന്ന ധാരാളം കുടുംബങ്ങൾ എൻെറ ശ്രദ്ധയിൽപ്പെട്ടിരുന്നു. മലങ്കര ശ്രുപര വക ഒരു പള്ളി അവിടെ ഉണ്ടായിരുന്നെങ്കിലും, അച്ചന്മാർ താമസമില്ലായിരുന്നു. നിലമ്പൂരിൽ നിന്നും ഇടയ്ക്ക് അച്ചൻ വന്ന് ബലിയർപ്പിച്ചിരുന്നു. ഇടവകക്കാരിൽ ചിലർ നേരിൽ വന്ന് എവിടെയെങ്കിലും ഒരു കുർബ്ബാന ചൊല്ലികൊടുക്കുവാൻ ആവശ്യപ്പെടുകയും, അതിനു വേണ്ട ക്രമീകരണങ്ങൾ അവർതന്നെ ചെയ്യുകയും ചെയ്തു. ഇതിനെല്ലാം നേതൃത്വം നല്കുകയും, ജനങ്ങളെ സമ്മേളിപ്പിക്കുകയുമൊക്കെ ചെയ്തത് കണിയാൻകുഴിലുക്കാച്ചേട്ടനാണ്. അദ്ദേഹം വേലമ്പലം ശ്രീമധുര ഭാഗത്ത് ഒരു കടയും വീടും പണിയുന്നുണ്ടായിരുന്നു.

ഒരു രാത്രി ഞാൻ അവിടെ താമസിച്ചു. പിറേറ ദിവസം അവർക്കായി ദിവ്യബലി യപ്പിച്ചു. അന്നത്തെ ദിവ്യബലിയിൽ ഞാന വർക്കൊരു സദ്വാർത്ത നല്കി. അതായത് ആസന്ന ഭാവിയിൽ നമുക്കിവിടെ അച്ച ന്മാരും, കൊവേന്തകളും, പള്ളികളും ഉണ്ടാ കും. നിങ്ങൾ മനം നൊന്തു പ്രാർത്ഥിക്കുക. 1965-ൽ നടത്തിയ ആ പ്രവചനമിന്നു നിറ വേറിയിരിക്കുന്നു.

അവരെല്ലാം പെട്ടെന്നു് സംഘടിച്ചു. ഏതാനും ആഴ്ചകൾക്കകം ചൂളിക്കുന്നിൽ (ഇപ്പോൾ സ്കൂളിരിക്കുന്ന) രണ്ടേക്കർ സ്ഥലം കച്ചവടം ചെയ്തു. ഈ സാഹചര്യത്തിൽ അവരെ ഞാൻ തലശ്ശേരിയ്ക്കു പറഞ്ഞയച്ചു. പിതാവിനെക്കണ്ടു് അദ്ദേഹത്തിന്റെ നിർ ദ്ദേശമനുസരിച്ചു് പ്രവർത്തിക്കുവാൻ ആവ ശ്യപ്പെട്ടു. ആ നല്ല മനുഷ്യർ, പാലത്തി നാടി മത്തായി, ചീനക്കൊല്ലി ചാക്കോ തുടങ്ങിയവർ തലശ്ശേരിയിൽ പോയി പിതാ വിനെക്കണ്ടു. ഇക്കാലഘട്ടങ്ങളിൽ ബഹു. തോണിപ്പാറയച്ചൻ ബെക്കിയിൽ നിന്നു വന്നു് അവരുമായി ബന്ധപ്പെട്ടിരുന്നു. അധികം താമസിയാതെ ബഹു. ലൂക്കോസ് പൂണ്ടിക്കുളം അച്ചൻ വന്നു് ചാർജ്ജെടുത്തതോ ടുകൂടി പുത്തൂർവയലിൽ ഒരിടവക, എല്ലാ ക്രമീകരണങ്ങളോടുംകൂടി പ്രവർത്തനമാരം ഭിച്ചു. ബഹു. ലൂക്കോസച്ചൻ പുതിയ പള്ളി പണിതു. അതും സ്ഥലവും പിന്നീടു് കൂളത്തു വയൽ വിമലാലയം സിസ്റേറഴ്സിനു് കൈമാറുകയും പള്ളിയ്ക്കുവേണ്ടി വേറെ സ്ഥലം വാങ്ങുകയും ചെയ്തു. ഇപ്പോൾ അറ ക്കടവിലെ വിമലകരി പള്ളി അങ്ങനെ പണിതതാണു്. കാലക്രമേണ ഗ്രൂഡല്ലൂ രിൽ അതിരൂപതാനിലയം (മൈക്കാമൗണ്ടു്) സ്ഥാ തി ചെയ്യുന്ന സ്ഥലം വാങ്ങിച്ചു. ഈ വിധ ത്തിലാണു് പുത്തൂർ വയലിലും പരിസരങ്ങ ളിലുമുള്ള ഗ്രൂഡല്ലൂർ കുടിയേറ്റക്കാരുടെ ഇട വകകൾ വളർച്ചയാരംഭിച്ചതു്. ഇന്നു് ഇവി ടത്തെ ജനങ്ങളും ഇടവകയും വളരെയധികം പുരോഗമിച്ചുകഴിഞ്ഞു. അതിരൂപതാനിലയം ഇന്നും ഒരിടവകയായി പ്രവർത്തിക്കുന്നു.

ബെക്കി - ഒരു തിരിഞ്ഞു നോട്ടം

ഗ്രൂഡല്ലൂരോ പരിസരത്തോ ഒരു സ്ഥ ലം വാങ്ങിക്കുവാനുള്ള സഭയുടെ ആഗ്രഹം മനസ്സിലാക്കിയ മിസ്റർ പി. സി. വർക്കി തന്റെ ഗ്രമസ്ഥൻ വഴി എന്നോടു ബന്ധപ്പെട്ടു. തുടന്നു് അദ്ദേഹത്തിന്റെ ഗ്രമസ്ഥനോടൊത്തു് കുന്നലാടി സ്ഥലം കാണാൻ പുറപ്പെട്ടു. അങ്ങനെയാണു് ഇന്നത്തെ ആശ്രമം ഇരി ക്കുന്ന സ്ഥലം കണ്ടെത്തിയതു്.

അതിനുശേഷം ബഹു. ജോൺ തോ ണിപ്പാറയച്ചനാണു് അവിടെയെത്തിയതു്. അദ്ദേഹം ആദ്യം താമസിച്ചിരുന്നതു് ബെ ക്കിയിലുള്ള പഴകിയ ഒരു കൊച്ചു പള്ളിയി ലായിരുന്നു. നാട്ടുകാരുടെ സഹായം ധാരാ ളമായി അദ്ദേഹത്തിനു് ലഭിച്ചു. അവിടെ യുള്ള താമസം ജോണച്ചനു് വളരെയധികം ബുദ്ധിമുട്ടു് ഉണ്ടാക്കിയെങ്കിലും, നിലമ്പൂർ കോവിലകം വക M B P. F. Act-ൽ പ്പെട്ട ആ സ്ഥലം വെട്ടിത്തെളിച്ചു് ഇന്നത്തെ രീതിയിൽ ആക്കിയതു് ബഹു. ജോണച്ച ന്റെ തളരാത്ത ആത്മധൈര്യവും, കഠിനാ ദ്ധ്വാനവുമാണു് എന്നതിൽ സംശയമില്ല.

"ദേശത്തെയും പിതൃഭവനത്തെയും വിട്ട്....."

അബ്രാഹത്തെ വിളിച്ച കർത്താവ് അദ്ദേഹത്തോട് അരുളിച്ചെയ്തു: "നിന്റെ ദേശത്തെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും."

കടന്നുചെല്ലാൻ ആവശ്യപ്പെട്ടുകൊണ്ട് ദൈവം പ്രോവിൻസിനെ കാണിച്ചുതന്ന രണ്ടു നാടുകളാണ് ആഫ്രിക്കയിലെ ടാൻസാനിയയും ഇന്ത്യയിൽത്തന്നെ ജമ്മു - കാഷ്മീരിലെ പൂഞ്ച് - റജോരി ജില്ലകളും. സ്വന്തം ദേശത്തെയും പിതൃഭവനത്തെയും വിട്ട്, അബ്രാഹത്തെപ്പോലെ ഈ രണ്ടു സ്ഥലങ്ങളിലേക്കും പോകുവാൻ അംഗങ്ങൾ തയ്യാറായി. ടാൻസാനിയായിലെ കിഗോമ രൂപതയിൽ ബ. ചെസാരിയൂസച്ചൻ പ്രവർത്തനം ആരംഭിച്ചിട്ട് രണ്ടു വർഷമായി. രണ്ടു പേരുകൂടി പോകാൻ ഒരുങ്ങുന്നു. പൂഞ്ച് - റജോരി മിഷനിൽ 8 CMI വൈദികർ സേവനനിരതരായുണ്ട്. ധീരതയോടെ അവിടേക്കു കടന്നുചെന്ന CMC സിസ്റ്റേഴ്സിന്റെ പ്രേഷിത ചൈതന്യത്തെയും ശ്ലാഘിക്കുന്നു. ആത്മീയ ശുശ്രൂഷയിലൂടെ, വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ, അവർ ദൈവത്തിനും ജനതകൾക്കുംവേണ്ടി മുറിക്കപ്പെടുന്നു. ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

അവരുടെ പ്രവർത്തനങ്ങളെപ്പറ്റി....

റിയും പ്രശ്നങ്ങളെപ്പറ്റിയും ആവശ്യങ്ങളെപ്പറ്റിയും നല്ലൊരു ശുപരേഖ തന്നിട്ടുണ്ട്. ആ നാടിനെപ്പറ്റി ബഹു. കാപ്പുകാട്ടച്ചൻ : "കേരളത്തിന്റെ കാലാവസ്ഥ തന്നെയാണ് ടാൻസാനിയായിലും. തെങ്ങും, മാവും, വാഴയും, കപ്പയും, നെല്ലും, പനയും, കശുമാവും അവിടെയുണ്ട്. വലിയ തടാകങ്ങളും, പുഴകളും ഉള്ളതിനാൽ മത്സ്യവും ധാരാളം ലഭിക്കും. ടാൻസാനിയയുടെ പടിഞ്ഞാറെ അറ്റത്ത് ടാങ്കനീക്കതടാകത്തിനടുത്താണ് കിഗോമ ശുപത. മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് ധാരാളം ജലലഭ്യതയുണ്ട്. സോഷ്യലിസം ആദർശമായി സ്വീകരിച്ച രാജ്യമായതിനാൽ ഒരു വിധത്തിലുള്ള അഭിവൃദ്ധിയുമില്ല. ജനങ്ങൾ വളരെ ദരിദ്രരാണ്. മറ്റ് ആഫ്രിക്കൻ രാജ്യങ്ങളെ അപേക്ഷിച്ച് സമാധാനവും, ജനാധിപത്യ ഭരണക്രമവും ഉള്ളതു് ടാൻസാനിയയിലാണ്. രണ്ടു കോടി ജനങ്ങളുള്ള ടാൻസാനിയായിൽ 19.7% കത്തോലിക്കരുണ്ട്. ഒമ്പതു് ലക്ഷത്തിനു മേൽ ജനസംഖ്യയുള്ള കിഗോമ ശുപതയിൽ ഒരു ലക്ഷത്തി എൺപതിനായിരം കത്തോലിക്കരാണുള്ളതു്."

ഈ വിലയിരുത്തൽ വച്ചുനോക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നു: ദരിദ്രർ വസിക്കുന്ന സമ്പന്ന രാജ്യമാണ് ടാൻസാനിയ. ഈ നാടിന്റെ ഐശ്വര്യത്തിനു വേണ്ടി മിഷനറിമാർക്ക് ഒട്ടേറെ ചെയ്യാൻ പറ്റും. കൃഷി ചെയ്യാൻ ധാരാളം സ്ഥലം. വെള്ളം ഇഷ്ടംപോലെ. പക്ഷേ കൃഷി അറിയില്ല; കൃഷി കാര്യമായി നടക്കുന്നുമില്ല. അതിനാൽ ജനങ്ങളെ കൃഷി ചെയ്യാൻ പഠിപ്പിക്കുന്നതു തന്നെ വലിയൊരു പ്രേഷിത ജോലിയാണ്. അതോടൊപ്പം വലിയ തോതിൽ ആടുമാടുകളെ വളർത്താനും സാധിക്കും.

വിദ്യാഭ്യാസ സൗകര്യങ്ങൾ തീരെ കുറവാണ്. അഭിവൃദ്ധിയുടെ അടിസ്ഥാനം അറിവാണ്. അജ്ഞതയാണ് അടിമത്വത്തിനാധാരം. അതിനാൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ സാധ്യതയും വിപുലമാണ്. അതിലുപരി അതു് അനിവാര്യമായൊരു ദൗത്യവുമാണ്.


ആതുര ശുശ്രൂഷാരംഗവും ശുഷ്കമാണ്. അവിടെ ജോലി ചെയ്യുന്ന ചെസാരിയൂസച്ചൻ പറയുന്നു: "ഗവണ്മെൻറ് ഹോസ്പിറ്റലിൽ ഡോക്ടർമാർ ധാരാളവും ഔഷധങ്ങൾ അപൂർവ്വവും. രോഗം നിർണ്ണയിക്കപ്പെടും. പക്ഷേ, ചികിത്സയുടെ കുറവുമൂലം രോഗം സുഖപ്പെടണമെന്നില്ല".

ഹോസ്റ്റൽ സൗകര്യമില്ലാത്തതു മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് വരുന്ന പെൺകുട്ടികൾ അനുഭവിക്കുന്ന നാനാ തരത്തിലുള്ള പീഡനങ്ങളും, കഷ്ടനഷ്ടങ്ങളും ഭയാനകമാണെന്നു് പറയപ്പെടുന്നു. പലരും തന്മൂലം വിദ്യാഭ്യാസത്തിനായി വരുന്നതേയില്ല.

അതിനാൽ സാമ്പത്തിക പുരോഗതി, വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യ സേവനം എന്നീ മണ്ഡലങ്ങളിൽത്തന്നെ മിഷനറിമാർക്ക് നിരവധിയായ നന്മകൾ ചെയ്യാനുണ്ട്; ചെയ്യാനാകും. ഈ മേഖലകളിലെല്ലാം വലിയ സംഭാവനകൾ ചെയ്ത, ചെയ്യുന്ന, പാരമ്പര്യവും സി. എം. ഐ. സഭയ്ക്കുണ്ട്. അതിനാലാണ് ടാൻസാനിയയിൽ ഈ മേഖലകളിലെല്ലാം പ്രവർത്തിക്കുവാനായി അവിടത്തെ ബിഷപ്പ് പ്രോവിൻസിനോട് തീവ്രതയോടെ അഭ്യർത്ഥിക്കുന്നതു്. ഏതാനും മാസങ്ങൾക്ക് മുമ്പ് കേരളം സന്ദർശിച്ച പിതാവു് ഇക്കാര്യം വീണ്ടും അഭ്യർത്ഥിക്കുകയുണ്ടായി.


ആദ്ധ്യാത്മിക മേഖലയും അവഗണിക്കപ്പെട്ട കിടക്കുകയാണ്. ഇടയനില്ലാതെ വരുമ്പോൾ ആടുകൾ ചിതറിക്കപ്പെടുകയും മുൾപ്പടർപ്പുകളിൽ കുടുങ്ങുകയും ചെയ്യുക സ്വാഭാവികമല്ലേ. അവരെ ഒന്നിച്ചുകൂട്ടാൻ, നഷ്ടപ്പെട്ടതിനെ കണ്ടെത്താൻ, മുറിവേറ്റതിനെ

ശുശ്രൂഷിക്കാൻ ആടുകളെ സ്വന്തമെന്നപോലെ കരുതുന്ന ഇടയന്മാർ ഉണ്ടായേ മതിയാകൂ. അതിനാൽ പൗരോഹിത്യ ശുശ്രൂഷാധർമ്മത്തിനും ടാൻസാനിയയിൽ എത്രയും വലിയ പ്രസക്തി ഉണ്ട്. ബ. കാപ്പുകാട്ടച്ചൻ പറയുന്നു: "ഓരോ ഇടവകയുടെയും കീഴിൽ പത്തും ഇരുപതും സ്റ്റേഷനുകളുണ്ട്. 24 സ്റ്റേഷനുകൾ വരെയുള്ള ഇടവകകളുണ്ട്. ഈ വിധം നിരവധി സ്റ്റേഷനുകൾ എല്ലാ ഇടവകക്കുമുണ്ട്. 17 ഇടവകകളാണ് കിഗോമ രൂപതയിൽ ഉള്ളത്. വൈറ്റ് ഫാദേർസ് എന്ന സന്യാസസഭാംഗങ്ങളാണ് ഇവിടെ ആദ്യമായി മിഷനറിമാരായി വന്നത്. അവരാണ് ഈ രൂപത സ്ഥാപിച്ചത്. അടുത്ത കാലംവരെ അവരിൽനിന്നായിരുന്നു മെത്രാന്മാർ. എന്നാൽ അവക്ക് ദൈവവിളി കുറയുകയും അവിടെ ജോലിചെയ്യുന്നവർ പ്രായമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇന്ത്യയിൽനിന്ന് മിഷനറിമാരെ മെത്രാൻ ക്ഷണിക്കുന്നത്. "ബഹു. ചെസാരിയൂസച്ചൻ കൂട്ടിച്ചേർക്കുന്നു: "വൈറ്റ് ഫാദേർസിൽ പലരും പെൻഷൻ പറേറണ്ട പ്രായം കഴിഞ്ഞവരാണ്. നാട്ടപട്ടക്കാരുടെ എണ്ണം അധികമില്ല. കഷ്ടിച്ച് ഒന്നും രണ്ടും ഒരു വർഷം കിട്ടും." അതിനാൽ ടാൻസാനിയയുടെ ആത്മീയവും ഭൗതികവുമായ വളച്ചക്കുവേണ്ടി മിഷനറിമാർക്ക് പ്രവത്തിക്കുവാൻ എത്രയോ മേഖലകൾ കിടക്കുന്നു. ബ. ചെസാരിയൂസച്ചൻ പറഞ്ഞു: "ഇനിയും അവസരങ്ങൾ കാത്തിരിക്കുന്നത് അധികപ്പറ്റായിരിക്കും. പക്ഷേ, ത്യാഗം ഉണ്ട്. രോഗം വരാം, നാം വിചാരിക്കുന്നതുപോലെ എല്ലാം നടന്നെന്നുവരില്ല."



ഫാ. ചെസാരിയൂസ്

അതെ, വിതക്കാനും കൊയ്യാനും ധാരാളം. തുടക്കമെന്നനിലയിൽ കോഴിക്കോട് പ്രോവിൻസ് മൂന്ന് മിഷനറിമാരെ അയക്കുന്നു. മൂന്നുപേരും പ്രഗത്ഭരാണ്. പ്രൊവിൻഷ്യൽ, യോഗാത്ഥികളുടെ റെക്ടർ, നവസന്യാസ ഗുരു, ആത്മീയ നിയന്താവ്, കൃഷികാര്യവിദഗ്ധൻ എന്നീ നിലകളിലെല്ലാം തിളങ്ങിയ ആളാണ് ബ. ചെസാരിയൂസച്ചൻ. ബ. തോപ്പിലച്ചൻ നല്ലൊരു



ഫാ. ജോർജ്ജ് ഏഴാനിക്കാട്ട്
ഫാ. സ്കറിയ തോപ്പിൽ

വിദ്യാഭ്യാസപ്രവത്തകനും ഭരണതന്ത്രജ്ഞനുമാണ്. കോഴിക്കോട്ടെ ഏറ്റവും മികച്ച സ്കൂളായ സിൽവർ ഹിൽസിൽ അദ്ധ്യാപകനായും പ്രിൻസിപ്പളായും ശോഭിച്ച വ്യക്തിയാണ്. ഗ്രന്ഥല്ലൂരിൽ പ്രോവിൻസിന്റെ കീഴിലുള്ള മോർണിങ്ങ് സ്റ്റാർ സി. ബി. എസ്. ഇ. സ്കൂളിന്റെ ഫൗണ്ടർ-പ്രിൻസിപ്പളാണ്, നിയമ ബിരുദധാരിയാണ്. ബ. ജോർജ്ജ് ഏഴാനിക്കാട്ടച്ചൻ പട്ടത്തിന്റെ ആവേശവും ചോരയുടെ തിളപ്പും മാറാത്ത കൊച്ചച്ചനാണ്, ഓൾ റൗണ്ടറാണ്. അങ്ങനെ എല്ലാ മേഖലകളിലും ഒരേസമയം കൈവക്കാൻ പറ്റുന്ന ഒരു ടീം ടാൻസാനിയൻ

മണ്ണിൽ ഈ ജൂബിലിവർഷം പ്രവർത്തിച്ചു തുടങ്ങുകയാണു്.

ജെറമിയ പ്രവാചകനോടു് കർത്താവു് പറഞ്ഞു: "നിന്നെ രക്ഷിക്കു് നിന്നോടുകൂടി ഞാനുണ്ടു്.... പിഴുതെറിയാനും ഇടിച്ചു തകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു."

ദൈവ കൃപയാൽ ടാൻസാനിയൻ മണ്ണിൽ പുതിയൊരു സമൂഹത്തെ പണതുയർത്താനും നട്ടുവളർത്താനും മിഷനറിമാർക്കു് കഴിയട്ടെ !



Best compliments from:

UNITED TOURS & TRAVELS

(Calicut) Pvt. Ltd.

5-3410-M 5, MARKAZ COMMERCIAL COMPLEX


MAVOOR ROAD, KOZHIKODE-673 004

KERALA STATE, INDIA

♣

പൂഞ്ച്-റജോരി മിഷൻ: ശാന്തിമന്ത്രവുമായി അശാന്തിയുടെ നാട്ടിൽ.

ഫാ. ജോസഫ് പൈകട CMI



ദേവഗിരി സെൻറ് ജോസഫ് കോളേജിൽ ചരിത്രവിഭാഗം അദ്ധ്യാപകനായിക്കൊണ്ടാണ് ബഹു. പൈകടയച്ചൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1982 മുതൽ 1989 വരെ അദ്ദേഹം ദേവഗിരിയുടെ പ്രിൻസിപ്പൽ ആയിരുന്നു. റിട്ടയർമെൻറിനു മുമ്പുതന്നെ അദ്ധ്യാപനവൃദ്ധി മതിയാക്കി പൂഞ്ച് റജോരി മിഷനിലേയ്ക്ക് ആവേശത്തോടെ അദ്ദേഹം ഇറങ്ങിത്തിരിച്ചു.

വിശാലമായ ജമ്മു-കാശ്മീർ സ്റ്റേററിലുള്ള ഏക രൂപതയാണ് "ജമ്മു - ശ്രീനഗർ". സുവിശേഷവത്ക്കരണത്തിൽ തല്പരനായ ഈ രൂപതാദ്ധ്യക്ഷൻ ഹിപ്പോളിറസ് തിരുമേനി പതിനാല് റവന്യൂ ജില്ലകളിൽ, പൂഞ്ച്, റജോരി (Poonch, Rajouri) എന്നീ രണ്ടു ജില്ലകൾ സി. എം. ഐ. സഭയെ ഏല്പിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. 1989-ൽ രൂപതയും, സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസുമായി ഒരു കരാർ ഉണ്ടാക്കുകയും മേൽപ്പറഞ്ഞ ജില്ലകൾ ഒരു മിഷൻ പ്രദേശമായി പ്രോവിൻസിനെ ഏല്പിക്കുകയും ചെയ്തു.

പൂഞ്ച് - റജോരി ജില്ലകൾ

ജമ്മു-കാശ്മീർ സംസ്ഥാനത്ത് പശ്ചിമ ഹിമാലയത്തിൻറെ മലമടക്കുകളുടെ ഇടയിലുള്ള ഭൂപ്രദേശമാണ് പൂഞ്ച്, റജോരി ജില്ലകൾ. എവിടെയും മലകളും താഴ്വരകളും മാത്രമേ കാണുവാനുള്ളൂ. മലയിടുക്കുകളിൽക്കൂടി ഒഴുകുന്ന നദികളും ധാരാളമുണ്ട്. പൂഞ്ച് ജില്ലയുടെ വിസ്തീർണ്ണം 1674 ച. കി. മീററാണ്. ഏകദേശം 2,65000-ത്തോളം ആളുകൾ ചെറുനഗരങ്ങളിലും അനേകം ഗ്രാമങ്ങളിലുമായി വസിക്കുന്നു. പൂഞ്ച് സിററി ജമ്മുവിൽ നിന്നും 240 കി. മീ. അകലെയാണ്. ഏകദേശം 3,75000-ത്തോളം ജനങ്ങൾ ഇവിടെ വസിക്കുന്നു. റജോരി നഗരം ജമ്മുവിൽ നിന്നും 155 കി. മീ. അകലെയാണ്. ഈ രണ്ടു ജില്ലകളിലും ജനങ്ങളിൽ ഭൂരിഭാഗം മുസ്ളിംങ്ങളാണ്. 1947-48-ൽ പാക്കിസ്ഥാൻ പിടിച്ചെടുത്ത സ്വായത്തമാക്കി വച്ചിരിക്കുന്ന ആസാദ് കാശ്മീരിനെ തൊട്ടുരുമ്മിയാണ് ഈ രണ്ടു ജില്ലകളും സ്ഥിതിചെയ്യുന്നത്.

1982-ലാണ് ഈശോസഭാംഗമായ ഒരു മിഷനറി പൂഞ്ചിലേയ്ക്ക് ആദ്യമായി കടന്നുവന്നത്. അദ്ദേഹത്തിന്റെയും, പിന്നാലെ വന്ന സഹപ്രവർത്തകരുടെയും, പ്രസന്റേഷൻ സിസ്റ്റേഴ്സിന്റെയും പ്രയത്നഫലമായി ഈ മിഷൻ വളർന്നു. 1987-ൽ സെൻറ് തോമസ് പ്രോവിൻസ് ഈ മിഷൻ ഏറ്റെടുക്കുമ്പോൾ 141 അംഗങ്ങളുള്ള ഒരിടവക ഈ പ്രദേശത്ത് രൂപം പ്രാപിച്ചു കഴിഞ്ഞിരുന്നു. സെൻറ് ഇഗ്നേഷ്യസ് ചർച്ച്, പൂഞ്ച് എന്നാണീയിടവക അറിയപ്പെടുന്നത്. നിലവിലുള്ള ഇടവകയും, രൂപതയുടെ വസ്തുക്കളും, കെട്ടിടങ്ങളും എല്ലാം രൂപതാദ്ധ്യക്ഷൻ പ്രോവിൻസിനു കൈമാറി. ഈ രണ്ട് ജില്ലകളിലും കൂടിയുള്ള ഏക ഇടവക ഏറ്റെടുത്തുകൊണ്ടാണ് സെൻറ് തോമസ് പ്രോവിൻസ് പൂഞ്ച് മിഷൻ ആരംഭിച്ചത്.

1989 മാർച്ചിൽ ബഹു. ജേക്കബ്ബ് കീക്കിരിക്കാട്ടച്ചൻ പൂഞ്ച് ഇടവകയുടെ വികാരിയായി ചാർജെടുത്തു. അതേവർഷം ജൂലൈ മാസത്തിൽ ഫാ. ജോസഫ് പൈകടയും, ബ്ര. ജോസഫ് മണ്ണാപറമ്പിലും മിഷനിലേയ്ക്കു വന്നു. പിന്നീട് പൂഞ്ച് മിഷനിലേയ്ക്കുവന്ന സഭാംഗങ്ങൾ ഡീക്കൻ ജോസഫ് മുകളേൽ, ഫാ. ജോസഫ് ഉപ്പുമാക്കൽ, ഫാ. സണ്ണി കണ്ണംകുളം, ഫാ. പീറർ പാലാക്കുന്നേൽ, ബ്ര. ജോർജ് പുഞ്ചായിൽ, ഫാ. ജോസഫ് ഐപ്പൻപറമ്പിൽ എന്നിവരാണ്. 1994 മാർച്ചിൽ മണ്ണാപറമ്പിൽ ജോസഫ്, ഇടപ്പാടിയിൽ ജോസഫ് എന്നീ കൊച്ചച്ചന്മാരും ഈ മിഷനിലേയ്ക്ക് ആവേശത്തോടെ കടന്നുവന്നിട്ടുണ്ട്.

സ്ഥലത്തെ ഭാഷയും സംസ്കാരവും സ്വായത്തമാക്കിയതുകൊണ്ടും, കാര്യങ്ങൾ ഭംഗിയായി കൈകാര്യം ചെയ്യുന്നതുകൊണ്ടും വളരെ സജീവമായി പ്രവർത്തിക്കുന്ന സെൻറ് ഇഗ്നേഷ്യസ് പാരീഷ് സഭാംഗങ്ങൾ പൂഞ്ചിൽ നടത്തുന്നുണ്ട്. ഇടവകയോടനുബന്ധിച്ച് സി. എം. സി. സിസ്റ്റേഴ്സിന്റെ സഹായത്തോടുകൂടി സൺഡേ സ്കൂളും, ഡിസ്പെൻസറിയും, മറ്റു സാമൂഹ്യപ്രവർത്തനങ്ങളും ഭംഗിയായി നടത്തുന്നു. സി. എം. സി. സിസ്റ്റേഴ്സിന്റെ ആത്മാർത്ഥമായ സഹകരണത്തോടുകൂടിയാണ് ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളും മുന്നേറുന്നത്. വേദപാഠ ക്ലാസ്സുകൾ, ബൈബിൾ ക്ലാസ്സുകൾ, വനിതകൾക്കുള്ള പ്രത്യേക ക്ലാസ്സുകൾ..... തുടങ്ങിയവയെല്ലാം അവർ നേതൃത്വം നല്കുന്നു. അവരെയും, അവരുടെ മേലധികാരികളെയും ഇവിടെ നന്ദിയോടെ സ്മരിക്കട്ടെ.

അനുദിന ഭവനസന്ദർശനം ഇവിടത്തെ ഒരു പ്രധാന പ്രവർത്തനമാണ്. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തുന്നു. ആ അവസരങ്ങളിൽ ബൈബിൾ വായിച്ച് വിശദീകരിച്ച് അവരെ പഠിപ്പിക്കുന്നു. ജനങ്ങളുടെ വിശ്വാസം ശുദ്ധമൂലമാക്കാൻ ഇത്തരം പ്രാർത്ഥനായോഗങ്ങളും, ഭവനസന്ദർശനങ്ങളും വളരെയധികം ഉപകാരപ്രദമാണ് എന്നതിൽ സംശയമില്ല. അനുദിനം ജോലിചെയ്ത് ഉപജീവനം നടത്തുന്ന സാധുക്കളായ ഈ ജനങ്ങൾക്ക് ഞായറാഴ്ചയല്ലാതെ മറ്റു ദിവസങ്ങളിൽ പള്ളിയിൽ വരുന്ന പതിവില്ല. ഇവിടെ ധാരാളം പട്ടാളക്യാമ്പുകളുണ്ട്. അവിടെയുള്ള ക്രൈസ്തവരായ മിലിട്ടറിക്കാർക്ക് നിരവധിയായ ആത്മീയ ശുശ്രൂഷകൾ ഇവിടെയുള്ള സി. എം. ഐ. വൈദികർ ചെയ്തുകൊടുക്കുന്നു.

സാമൂഹ്യ സേവനം

പ്രോവിൻസ് ഈ മിഷൻ ഏറ്റെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന ഒരു ഹൗസിംഗ് സ്കീം തുടരുകയും അതിലൂടെ ഇടവകയിലുള്ള ഒരു നല്ല ശതമാനം ആളുകൾക്കും വീടുണ്ടാക്കുവാൻ സഹായിക്കുകയും ചെയ്തു

ട്ടുണ്ട്. ''സേവ'' (SEVA) വഴിയായി കൂ ബിൾ ഫൗണ്ടേഷനിൽ നിന്നും ധനസഹാ യം സ്വീകരിച്ച് ഒരു ആരോഗ്യപദ്ധതി നട പ്പിൽ വരുത്തുകയും, അത് തുടരുകയും ചെ യ്യുന്നു. കൂടാതെ, ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയും നടത്തുന്നുണ്ട്.

ക്രൈസ്റ്റ് സ്കൂൾ

ഈ നാട്ടിലെ ജനങ്ങൾ മിഷനറിമാരു മായി പരിചയപ്പെട്ട കഴിഞ്ഞപ്പോൾ നല്ല ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്ക ണമെന്നു് ആവശ്യപ്പെട്ടുതുടങ്ങി. അതനുസ രിച്ച് 1990 ഏപ്രിൽ മാസത്തിൽ ക്രൈസ്റ്റ് സ്കൂൾ ആരംഭിച്ചു. ഇപ്പോൾ അഞ്ചാം ക്ലാസ്സ് വരെ ആ സ്കൂൾ വളർന്നു കഴിഞ്ഞു. ചുരു ങ്ങിയ കാലം കൊണ്ട് പൂഞ്ഞ് ജില്ലയിലെ ഏറ്റവും നല്ല സ്കൂൾ എന്ന പേരു് ക്രൈസ്റ്റ് സ്കൂൾ നേടിയെടുത്തു കഴിഞ്ഞു.

സ്കൂളും, മറ്റു സാമൂഹ്യപ്രവർത്തനങ്ങളും വഴി വിവിധ സമുദായങ്ങളിലെ ജനങ്ങളു മായി നല്ല ബന്ധം പുലർത്തുവാൻ കഴിയു ന്നുണ്ട്. ഈ ബന്ധത്തിലൂടെ പ്രത്യക്ഷ മായും, പരോക്ഷമായും, ക്രിസ്തീയമൂല്യങ്ങൾ അവക്കു പകർന്നുകൊടുക്കുവാൻ സാധിക്കുന്നു. അജപാലന, വിദ്യാഭ്യാസ, സാമൂഹ്യസേ വന പ്രവർത്തനങ്ങളിലൂടെ സുവിശേഷം അനേകക്കു് എത്തിച്ചുകൊടുക്കുവാനുള്ള സാ ദ്ധ്യത ഇനിയും നമുക്കിവിടെയുണ്ട്.

നൗഷര

പ്രോവിൻസിന്റെ പ്രവർത്തനം റജോരി ജില്ലയിലേയ്ക്കു വ്യാപിപ്പിക്കണം എന്ന ലക് ഷ്യത്തോടുകൂടി 1991 ജൂൺ മാസത്തിൽ ഡീക്കൻ ജോസഫ് മുകളേൽ നൗഷരയിൽ ഒരു വാടകമുറിയിൽ താമസിച്ചുകൊണ്ട്, ഒരു പുതിയ സ്റ്റേഷനു് ആരംഭം കുറിച്ചു. അങ്ങനെ ജീവിതത്തിന്റെ വിവിധ തുറക ളിൽപ്പെട്ട ആളുകളുമായി ഇടപെട്ട് സൗഹൃദം സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

1991 - ഡിസംബറിൽ നൗഷരയിൽ സൗകര്യപ്രദമായ ഒരു പ്രദേശത്തു് കുറച്ച് സ്ഥലം വാങ്ങി. സ്ഥാപിതതാൽപര്യക്കാ രുടെ ഭാഗത്തുനിന്നും ശക്തമായ എതിർപ്പു ണ്ടായെങ്കിലും, സ്ഥലത്തിനു് മതിൽക്കെട്ടി, താമസിക്കുന്നതിനായി ഒരു ചെറിയ കെട്ടി ടവും പൂർത്തിയാക്കിയ സമയത്തിനുള്ളിൽ നിർ ത്തിച്ചു. അങ്ങനെ 1992 ഏപ്രിൽ മാസ ത്തിൽ അവിടെ താമസം ആരംഭിച്ചു. പൂഞ്ഞാ ലെത്തി ഭാഷാപഠനം നടത്തിക്കൊണ്ടിരുന്ന ബഹു. ഉപ്പുമാക്കലച്ചനും താമസിയാതെ നൗഷരയ്ക്കു താമസം മാറ്റി.

ഡീക്കൻ മുകളേലിന്റെ ലാളിത്യംനി റഞ്ഞ മധുരഭാഷണവും, ഉപ്പുമാക്കലച്ചന്റെ നൂതനമായ കൃഷിസമ്പ്രദായവും അനേകരെ നമ്മുടെ സ്ഥലത്തേയ്ക്കു് ആകർഷിച്ചു. ഉപ്പു മാക്കലച്ചൻ തന്റെ ഭാഷാസ്വാധീനംകൊ ണ്ട് ഗ്രാമങ്ങൾ തോറും നടന്നു് ''അഡൾറ്റ് എഡ്യൂക്കേഷൻ'' നടത്തിയതു് പുതിയ ഒരു കാൽവയ്പായിരുന്നു.

നൗഷരയിലെ ജനങ്ങൾക്കു് 'ക്രിസ്ത്യാ നിറ്റി' പുതുമ നിറഞ്ഞ ഒന്നായിരുന്നു. ക്രിസ്തുവിനെപ്പറ്റിയും, ക്രിസ്ത്യാനികളെപ്പ റ്റിയും വ്യക്തമായ യാതൊരറിവും അവക്കു ണ്ടായിരുന്നില്ല. പലരും ക്രിസ്തുവിനെപ്പറ്റി കേട്ടിട്ടുപോലുമില്ലായിരുന്നു. ഈ സാഹച ര്യത്തിലാണു് സഭ ക്രിസ്തുവിന്റെ സന്ദേശ വുമായി ഇവിടെ എത്തിയതു്. ഇന്നു പലരും ക്രിസ്തുവിനെ കൂടുതൽ അറിയുവാൻ താല്പര്യം കാണിച്ചുതുടങ്ങിയിരിക്കുന്നു.

നൗഷരയിലെ ജനങ്ങളുടെ പ്രധാന ആ ഗ്രഹം ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉണ്ടാ കണമെന്നതാണു്. അതിനു തുടക്കം കുറിച്ചു കൊണ്ട് 1993 ജൂലൈ മാസത്തിൽ L. K. G. ക്ലാസ്സുകൾ ആരംഭിച്ചു. രണ്ടു ഡിവിഷനുക ളിലായി 120 കുട്ടികൾ ഇവിടെ പഠിക്കു ന്നുണ്ട്. എല്ലാ തുറയിലുമുള്ള ആളുകളുമായി ബന്ധപ്പെടുന്നതിനു് ഒരു സ്കൂൾ ഇവിടെ




ക്രിസ്തു നിവാസ് സ്കൂൾ — നൗഷര

അനിവാര്യമാണ്. ആളും അർത്ഥവുമുണ്ടെങ്കിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട്, ക്രിസ്തുവിന്റെ സന്ദേശം നൗഷര യിലും, സമീപപ്രദേശങ്ങളിലുമുള്ള അനേകർക്കു പകർന്നുകൊടുക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല.

യേശുപാൽ ആശ്രമം - ജമ്മു

പൂഞ്ച് മിഷൻ വളർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജമ്മുവിൽ പ്രോവിൻസിന് ഒരു ഭവനം ആവശ്യമായി വന്നു. ഭാവിയിൽ നമ്മുടെ ഏതെങ്കിലും മിഷൻരംഗത്തു പ്രവർത്തിക്കുവാനുള്ളവർക്ക്, യോഗാർത്ഥികാലത്തുതന്നെ മിഷൻ പശ്ചാത്തലത്തിൽ പരിശീലനം നൽകുന്നതു് ഉചിതമാ




ഭാവി മിഷനറിമാർ: ജമ്മുവിലെ വൈദികവിദ്യാർത്ഥികളും റെക്ടറച്ചനോടൊപ്പം

ണെന്നു് ബോധ്യമായതിനാൽ, ജമ്മുനഗരത്തിൽ റെയിൽവേസ്റ്റേഷനു സമീപം ഒരു കെട്ടിടം വാങ്ങി, യോഗാത്ഥിഭവനം ആരംഭിച്ചു. അവിടെ താമസിച്ചുകൊണ്ടു് രണ്ടു ബാച്ചിൽപ്പെട്ട എട്ടു യോഗാത്ഥികൾ കോളേജു് പഠനം നടത്തുന്നു.

ലംബേരി സ്റ്റേഷൻ . . .

1993 ഡിസംബറിൽ നൗഷരയിൽ നിന്നും 15 കി. മീ. അകലെ നൗഷര-സുന്ദരബനി റൂട്ടിൽ ലംബേരി എന്ന ഗ്രാമത്തിൽ കുറച്ചു സ്ഥലം വാങ്ങി പുതിയ ഒരു സ്റ്റേഷൻ കൂടി ആരംഭിച്ചു. തികച്ചും ഗ്രാമീണമായ ഒരന്തരീക്ഷമാണു് ഇവിടെയുള്ളതു്. ഇവിടെ ഒരു വാടക കെട്ടിടത്തിൽ താമസിച്ചുകൊണ്ടാണു് ബഹു: ഉപ്പുമാക്കലച്ചൻ തന്റെ മിഷൻ പ്രവത്തനം നടത്തുന്നതു്. ഇപ്പോൾ കൃഷിയും 'അഡൾറ്റ് എഡ്യുക്കേഷനു'മാണു് പ്രധാന പ്രവത്തനങ്ങൾ. ഗ്രാമങ്ങളിലേക്കിറങ്ങി, ക്രിസ്തുവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുവാനും, നാനാവിധത്തിലുള്ള ജനസേവനകർമ്മങ്ങൾ ചെയ്യുവാനും ഇവിടെ ധാരാളം അവസരങ്ങളുണ്ടു്.

അവസരങ്ങൾപോലെത്തന്നെ, ഇവിടെ വെല്ലുവിളികളും ധാരാളമുണ്ടു്. ഭാഷ, കാലാവസ്ഥ, ദൂരം, അപര്യാപ്തമായ യാത്രാസൗകര്യങ്ങൾ, രാഷ്ട്രീയാസ്വസ്ഥതകൾ, തുടങ്ങിയവയെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അവയ്ക്കിടയിലും, ഇവിടെ വലിയ പ്രവർത്തനസാദ്ധ്യതകൾ ഉണ്ടു്. സമൂഹ്യസേവനം, ബോധവല്ക്കരണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസ പ്രവത്തനങ്ങൾ, സുവിശേഷവത്ക്കരണം തുടങ്ങിയ നിരവധി പ്രവത്തനങ്ങളിലൂടെ ഇവിടെയുള്ള മനുഷ്യർക്കു്, ശുശ്രൂഷചെയ്യുവാനും, അവരെ സമുദ്ധരിക്കുവാനും മിഷനറിമാക്കു് സാധിക്കും. അതോടൊപ്പം അവരുടെ കണ്ണീരും, വേദനയും ഒപ്പുവാനും, ആശ്വാസതൈലം പുരട്ടുവാനും മിഷനറിമാർക്കേ സാധിക്കൂ. അതിനാൽ കൊയ്ത്തുകാരെ വളരെയധികം ആവശ്യമുള്ള ഒരു വിളഭൂമിയാണു് പൂഞ്ചു്-റജോരി മിഷൻ.




Best compliments from:

APSARA THEATRE

CALICUT

ജമ്മു-കാശ്മീർ മിഷൻ.

ഫാ. ജോസഫ് ഉപ്പുമാക്കൽ CMI



പ്രോവിൻസിന്റെ ജമ്മു-കാഷ്മീർ മിഷനിൽ ഫാ. ജോസഫ് മിഷനറിയാണ്. ബഹുഭാഷാപണ്ഡിതൻ. ഏത് സംസ്കാരത്തോടും ജനങ്ങളോടും സാഹചര്യങ്ങളോടും വേഗം ഇണങ്ങിച്ചേരാൻ പ്രത്യേക കഴിവ് അച്ചനുണ്ട്. പല വർഷങ്ങളായി അവിടെ ജോലിചെയ്യുന്ന അച്ചൻ ജമ്മു-കാഷ്മീരിന്റെ ഉൾത്തുടിപ്പുകൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. നമുക്കറിയാത്ത ആ കഥ ഇവിടെ അദ്ദേഹം പറഞ്ഞുതരുന്നു.

ജമ്മു കാശ്മീർ

തെക്ക് പഞ്ചാബും, കിഴക്ക് ഹിമാചൽ പ്രദേശവും, വടക്കു കിഴക്കായി ടിബെറ്റും, വടക്ക് ഹിമാലയവും, വടക്കു പടിഞ്ഞാറ് അഫ്ഘാനിസ്ഥാനും പടിഞ്ഞാറ് പാക്കിസ്ഥാനുമായുള്ള ഒരു സംസ്ഥാനമാണിത്. മുൻ കാലങ്ങളിൽ തിബെറ്റ് വഴി ചൈനയിലേയ്ക്കും, ജിൽജിത്ത് വഴി അഫ്ഘാനിസ്ഥാനിലേയ്ക്കും, റഷ്യയിലേയ്ക്കും, ഇപ്പോഴത്തെ പാക്കിസ്ഥാന്റെ വടക്കു പടിഞ്ഞാറൻ പ്രോവിൻസ് വഴി ഇറാൻ, ഇറാക്ക് എന്നിവടങ്ങളിലേയ്ക്കും യാത്ര ജമ്മു കാശ്മീരിലൂടെയായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് ഈ രാജ്യത്തെ പ്രധാനങ്ങൾ ലാഹോർ, റാവൽപിണ്ടി, മുസാഫറാബാദ് ഈ സ്ഥലങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ഉപരിവിദ്യാഭ്യാസത്തിനുള്ള സ്ഥലവും ലാഹോറായിരുന്നു. ജമ്മുവിൽ നിന്ന് ലാഹോറിനു ടെയിനും ഉണ്ടായിരുന്നു. ഇന്നത്തെ ഇൻഡ്യയും ജമ്മു കാശ്മീരുമായിട്ടുള്ള ബന്ധം ടാറിടാത്ത ഒരു റോഡ് ജമ്മുവിൽ നിന്നു പത്താൻകോട്ടവരെ പോയിരുന്നു എന്നതുമാത്രം. ഇന്നു പാക്കിസ്ഥാനിലായിപ്പോയ ഭാഗങ്ങളിലെ ജനങ്ങളുടെ ആചാരങ്ങൾ, ഭാഷ, സംസ്കാരം, വേഷവിധാനം ഇവയെല്ലാം ജമ്മു ശ്രീനഗർ രാജ്യത്തെ സ്വാധീനിച്ചില്ല. കാരണം ഇതാണ്: ഇന്നു നിലവിലുള്ള ഇൻഡ്യയോടല്ലായിരുന്ന ആ രാജ്യത്തിലെ ആളുകൾക്ക് കൂടുതൽ ബന്ധം. ജമ്മു കാശ്മീർ പാക്കിസ്ഥാനിൽ ലയിപ്പിക്കാൻ കാണിയ്ക്കുന്ന താല്പര്യത്തിനും ഒരു കാരണം ഇതാണ്.

1947-ലെ വിഭജനകാലത്തു് ഈ രാജ്യം ആരുടെ കൂടെയും ചേർന്നില്ല. രണ്ട്

രാജ്യത്തിന്റെയും അതിർത്തി ആയിരുന്നതി നാൽ അതു് സ്വതന്ത്രമായി നിലനിന്നു. 1948 സെപ്തംബർ-ഒക്ടോബർ കാലങ്ങളിൽ ഗിരിവർഗ്ഗക്കാരായ പത്താൻകാർ മുസാഫ റാദ് വഴി ബാരമുള്ള, ശ്രീനഗറിലേയ്ക്കും മീർപൂർ ബിംബർ വഴി നൗഷര, റജോറിയി ലേയ്ക്കും തള്ളിക്കയറി. പാക്കിസ്ഥാൻ ഗവ ൺമെൻറ് അവർക്കു് അനുകൂലവുമായിരുന്നു. ജമ്മുവിലേയ്ക്കുള്ള ടെയിനും, ലാഹോറിൽ നിന്നു് ജമ്മു-പൂഞ്ചിലേയ്ക്കുള്ള ബസ്സുകളും, മുസ്സാഫറാബാദിൽ നിന്നു് ബാരമുള്ള, ശ്രീ നഗറിലേയ്ക്കുള്ള ബസ്സു് മാർഗ്ഗവും നിലച്ചു. സാധനങ്ങൾ ഒന്നും കിട്ടാതായി. പത്താൻ കാർ ശ്രീനഗർ വരെ എത്തും എന്ന നില വന്നു. അവർ ബാരമുള്ള എത്തി ആശുപ ത്രിയും, സ്കൂളും, കോളേജും തല്ലിത്തകർത്തു. ഒരു F. M. M സിസ്റ്റർ വെടിയേറ്റു മരിച്ചു. വൈദികർ തടവിലുമായി. റജോറിയിലും പത്താൻകാർ എത്തുമെന്നായി. നൗഷര അവർ കയ്യടക്കിയിരുന്നു. പൂഞ്ചു് ടൗൺ ഒഴികെ ബാക്കി എല്ലാ പ്രദേശങ്ങളും അവ രുടെ പിടിയിലായി.

ഈ അവസരത്തിൽ, അതായതു് ഒക്ടോ ബർ 17, 1948-ൽ ജമ്മുകാശ്മീർ മഹാരാജാ ഹരീസിംഗ് പണ്ഡിറ്റ് നെഹ്റുവുമായി ഉടമ്പടി ചെയ്തു് രാജ്യം ഇൻഡ്യയ്ക്കു് കൈ മാറി. കാശ്മീരിന്റെ സ്വാതന്ത്ര്യം നില നിർത്തണം എന്നതു് അന്നു് ആവശ്യമായി പറഞ്ഞിരുന്നു. അതിനുവേണ്ടി ഇന്നും പട പൊരുതുന്നു. രാജാവു് ശ്രീനഗർ വിട്ടു് ജമ്മുവിലെ ഡൊറാഡൂണിൽ പോയി താമ സമായി. പത്താൻകോട്ടു് നിന്നു് ജമ്മു ശ്രീനഗർ റോഡ് ഗതാഗതയോഗ്യമല്ലാതി രുന്നതിനാൽ പട്ടാളത്തെ ജമ്മുവിലും, ശ്രീ നഗറിലും വിമാനത്തിൽ ഇറക്കി. ഇൻഡ്യൻ പട്ടാളത്തിന്റെ ശക്തിയറിഞ്ഞ പത്താൻ കാർ പിൻവാങ്ങി. രാജാവിന്റെ രാജ്യം മുഴുവൻ ഇൻഡ്യയുടെ ഭാഗമായി. പക്ഷേ അന്നത്തെ ഒരുടമ്പടി അനുസരിച്ചു് മുസാഫ റാബാദ് ജില്ല മുഴുവനും, മീർപൂർ ജില്ലയി ലെ നൗഷര ഒഴികെ മീർപൂർ, ബിംബർ, കോട്ലി താലൂക്കുകളും പാക്കിസ്ഥാനു് വിട്ടുകൊടുത്തു. ബ്രിട്ടീഷുകാരുടെ Protect-orate-ൽ ആയിരുന്ന ജിൽജിത്തും, ചീലാ സും പാക്കിസ്ഥാനു് കിട്ടി. ഈ പ്രദേശ ങ്ങളെല്ലാം കൂടെ ഇന്നു് P O K അഥവാ Pakistan Occupied Kashmir എന്നു് അറിയ പ്പെടുന്നു. ഇതിന്റെ വേറൊരു പേരാണു് ആസാദ് കാശ്മീർ.

വിഭജനകാലത്തു് ഇന്നു് നിലവിലുള്ള പാക്കിസ്ഥാനിൽ 26% ഹിന്ദുക്കൾ ഉണ്ടാ യിരുന്നു. വഴ്ചീയ ലഹള ആദ്യം റാവൽ പിണ്ടിയിലാണു് പൊട്ടിപ്പുറപ്പെട്ടതു്. പി ന്നെ അതു് പഞ്ചാബിലേയ്ക്കു് പടർന്നു. അതു പോലെ തന്നെ മീർപൂർ മുസാഫറാബാദ് ജില്ലകളിലേയും ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. റാവൽ പിണ്ടി, രംലം, ലാ ഹോർ അമൃതസ്സാർ വഴി ബസ്സു് മാർഗ്ഗം ധാരാളംപേർ ഇൻഡ്യയിലെത്തി. മലകയറി ഇറങ്ങി എത്തിയവരും ധാരാളം. എല്ലാ വരും എത്തിയതു് ജമ്മു അഭയാർത്ഥി ക്യാമ്പിൽ. ലഹളയെ ഭയപ്പെട്ടു് ഇഡ്യയിൽ നിലവിലിരുന്ന ഭാഗത്തെ ഹിന്ദുക്കളും കൂട്ട മായി ഓടി ജമ്മുവിലെത്തി. മൂന്നു് നാലു് വർഷത്തെ അലച്ചിലിനിടയിലാണു് ജമ്മു പ്രോവിൻസിലെ സുന്ദർബനി, നൗഷര, റജോരി പ്രദേശങ്ങളിൽ അഭയാർത്ഥികൾ സ്ഥിരതാമസം തുടങ്ങിയതു്. ഗവൺമെൻറ് ഭൂമി പതിച്ചു കൊടുത്തു. 1000 രൂപ സഹായം വാഗ്ദാനം ചെയ്തെങ്കിലും കിട്ടിയതു് ചുരുക്കം ചിലർക്കു് മാത്രമെന്നും പറയുന്നു. ഈ പ്രദേ ശങ്ങളിൽ തന്നെ മലയോരങ്ങളിലെ കുറച്ചു മുസ്ലിങ്ങൾ പാക്കിസ്ഥാനിലേയ്ക്കു് പോകാ തെ ഇവിടെത്തന്നെ താമസിച്ചു.

ജമ്മു കാശ്മീർ സ്റ്റേറ്റ് 3 പ്രോവിൻ സായി വിഭജിച്ചിരിക്കുന്നു. (1) ജമ്മു പ്രോ വിൻസ് - കത്തുവാ, ഡോഡ, ഉധംപൂർ, റജോരി, പൂഞ്ചു് ഇത്രയും ജില്ലകൾ ഈ പ്രോ

വിൻസിലാണ്. പ്രോവിൻസ് ആകെ എടുത്താൽ ഹിന്ദു ഭൂരിപക്ഷവുമാണ്. (2) ശ്രീനഗർ പ്രോവിൻസ് - ബാരമുള്ള, സോപോർ, ഫെൽഗാം, ശ്രീനഗർ മുതലായ ജില്ലകൾ ഈ പ്രോവിൻസിലാണ്. 1988ന് മുൻപ് ഏകദേശം 12% ഹിന്ദുക്കൾ അവിടെ ഉണ്ടായിരുന്നു. ഭീകരപ്രവർത്തനം തുടങ്ങിയതോടെ അവരും സ്വന്തം സ്ഥലങ്ങൾ ഉപേക്ഷിച്ച് ജമ്മുവിലെത്തി. ചുരുക്കം ചില സിക്കുകാർ അവിടെയുണ്ട്. (3) ലഡാക്ക് പ്രോവിൻസ് - ആളുകൾ തീരെ കുറവാണ്. സ്ഥലം സ്റ്റേറ്റിന്റെ പകുതിയോളം വരും. ലേ, സങ്ക്സ്സാർ, കാർഗിൽ എന്നീ മൂന്ന് ഡിസ്ട്രിക്ട് ഇവിടെയുണ്ട്. ലേയിലും സങ്ക്സ്സാറിലും ബുദ്ധമതക്കാർ ഭൂരിപക്ഷമാണ്. കുറച്ച് ഹിന്ദുക്കളും, മുസ്ളിങ്ങളും ഉണ്ട്. കാർഗിൽ, ഷിയാ മുസ്ളിം ഭൂരിപക്ഷമുള്ള സ്ഥലമാണ്. ലേയിൽ കുറച്ച് മൊറാവിയൻ ക്രിസ്ത്യാനികളും, ബാരമുള്ള, പൂഞ്ച്, ഉദ്ധംപൂർ, ജമ്മു എന്നിവടങ്ങളിൽ കുറച്ച് മാത്രം റോമൻ കത്തോലിക്കാ വിഭാഗക്കാരുമുണ്ട്. പന്തക്കുസ്ത വിഭാഗക്കാർ പലസ്ഥലങ്ങളിലും ജോലി ചെയ്യുവരുന്നു. പൂഞ്ച്, നൗഷര, സുന്ദർബനി, ജമ്മു പ്രദേശങ്ങളിൽ സിക്കുകാർ ധാരളമായുണ്ട്. ഇവർ മിക്കവരും ജമ്മുകാശ്മീർ ഹിന്ദുക്കൾ ഓരോ കാലത്ത് സിക്കുകാരായതാണ്-പഞ്ചാബികളല്ല. സിക്കുകാർ ഹിന്ദുമന്ദിരങ്ങളിലും ഹിന്ദുക്കൾ സിക്കു് ഗുരുദ്വാരയിലും പ്രാർത്ഥനക്കു് പോകുക സാധാരണമാണ്.

നൗഷര :

ഇപ്പോൾ പാക്കിസ്ഥാനിൽപ്പെട്ട മീർപൂർ ജില്ലയുടെ ഒരു താലൂക്കായിരുന്നു 1948ന് മുൻപ് നൗഷര. വിഭജനത്തിനുശേഷം നൗഷര പൂഞ്ച് ഡിസ്ട്രിക്ടിലായി. വിഭജനത്തിനുമുൻപ് രജൗരി, ഉദ്ധംപൂർ ജില്ലയിലായിരുന്നു. മുമ്പ്കാലത്തു് അതു് ഒരു മുസ്ലീം രാജ്യവുമായിരുന്നു. നൗഷര ഇപ്പോൾ രജൗരി ജില്ലയിലാണ്.

ഡൽഹി ആസ്ഥാനമാക്കിയ സുൽത്താൻ ഭരണകാലത്ത് മുഗൾ ചക്രവർത്തിമാർ ലാഹോറിൽ നിന്നു് ശ്രീനഗറിനു് പോയിരുന്ന വഴിക്കാണ് നൗഷര. അവർ സഞ്ചരിച്ചിരുന്ന ആ റോഡിനെ ഇന്നു് മുഗൾ റോഡ് എന്നു് വിളിക്കുന്നു. ഇന്നും സഞ്ചാരയോഗ്യമാണതു്. യാത്രയിൽ ഓരോ 10 മൈൽ ഇടവിട്ട് വിശ്രമിക്കുന്നതിനായി വിശ്രമ മന്ദിരങ്ങൾ എന്ന പേരിൽ കോട്ടകൾ നിർമ്മിച്ചിരുന്നു. നൗഷരയിലും അങ്ങനെ ഒരു കോട്ടകാണാം. അക്ബറിന്റെ കാലത്തു് പണിതുടങ്ങി ജഹാംഗീറിന്റെ കാലത്തു് പണി തീർന്നതാണ് ഈ കോട്ട. കുറച്ച് നാശം വന്നെങ്കിലും ഇപ്പോൾ അതിൽ പോലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസ്, പോസ്റ്റ് ഓഫീസ് ഇവ പ്രവർത്തിച്ചുവരുന്നു. 17 വീട്ടുകാരും അതിൽ താമസമുണ്ട്. അവർ വിഭജനകാലത്ത് ഓടിവന്നപ്പോൾ കയറി താമസിച്ച് കോട്ട സ്വന്തമാക്കിയതാണ്. പണ്ട് അക്ബറും, ജഹാംഗീറും ഒക്കെ താമസിച്ച അതേ മുറികളിൽ ഇന്നു് സാധാരണക്കാർ താമസിക്കുന്നു. ഔറംഗ്സീബ് ചക്രവർത്തി ഒരിക്കലെ ശ്രീനഗർ കാണാൻ പോയുള്ളൂ. പോയതു് നൗഷര വഴിക്കാണ്. 3000-ൽ അധികം ആളുകൾ ഒന്നിച്ചായിരുന്നു ആ യാത്ര എന്നു പറയുന്നു. അടിമത്ത രീതിയിൽ പണിതതാണ് ഈ കോട്ടകൾ മിക്കതും. കോട്ട പണി തുടങ്ങിയാൽ ചുറ്റുമുള്ള ഗ്രാമക്കാർ ഭക്ഷണത്തിനു് സാധനങ്ങളുമായി വന്നു് കോട്ട പണി തീരുംവരെ അദ്ധ്വാനിക്കുക, കൂലിയുമില്ല, പീഡനമുണ്ടായിരുന്നു. രാജ്യവും, ജനങ്ങളും രാജാവിന്റെതായിരുന്നു. കുന്നിൻ ചരിവുകളിലോ, മുകളിലോ ആണ് കോട്ടകൾ നിർമ്മിച്ചിരുന്നതും. ദ്രാൽ, സേരി എന്ന രണ്ട് കോട്ടകൾ മലമുകളിലാണ്. അവ രണ്ടും ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. ഉയർന്ന മലകളിൽ ഇത്ര വിശാലമായ കോട്ട നിർമ്മിച്ചതു് എങ്ങനെ എന്നു്

ഓത്താൽ അത്ഭുതം തോന്നും. ലാഹോറിൽ നിന്നു് കുതിരയോ, കഴുതയോ ചുമടായി കൊണ്ടു്വന്ന കുമ്മായം കൊണ്ടാണു് കോട്ടകൾ പണ്ടതിരിക്കുന്നതു്.

22-ൽ അധികം ഗ്രാമങ്ങൾ അടങ്ങിയ ഒരു താലൂക്കാണു് നൗഷര. ജിങ്കസു്, ഭവാനി, സേരി, ലംബേരി ഇങ്ങനെ 4 നായിബു് അഥവാ അസിസ്റ്റൻറു് തഹസിലും ഇതിനു് കീഴിൽ പ്രവർത്തിക്കുന്നു. കലാൽ, ചെടിയാല, മാൻപൂർ, ജങ്കർ, ലഡോക്ക, ലാം മുതലായ ഗ്രാമങ്ങൾ പാക്കിസ്ഥാനോടു തൊട്ടുകിടക്കുന്നു. ലാം ഒഴികെ ബാക്കി ഗ്രാമങ്ങൾ എല്ലാം തന്നെ മലമ്പ്രദേശങ്ങളാണു്. മലമുകളിലും മലഞ്ചെരുവിലുമായി നിന്നു് പാക്കിസ്ഥാൻ കാണാം. ലാം നിരന്നഭൂമിയായതിനാൽ പാക്കിസ്ഥാനിലൂടെ പശു മേയുന്നതും ബസ്സു് ഓടുന്നതും കാണാം. ശക്തമായ പട്ടാളക്കാവലുള്ളതിനാൽ വളരെ അടുത്തുപോകാൻ സാധിക്കില്ല. പുറമെ നിന്നു് വരുന്ന എല്ലാവരെയും സംശയിക്കുന്നതിനാൽ പുരുഷന്മാർ എല്ലാവർക്കും തിരിച്ചറിയൽ കാർഡുകൾ നിർബ്ബന്ധമാണു്.

പൊതുവെ പറഞ്ഞാൽ യാത്രാസൗകര്യമുള്ള സ്ഥലമാണു് നൗഷര. ലാഹോറിൽ നിന്നു് നൗഷര വരെയും, നൗഷര നിന്നു് മെൻഡർവരെയും പാക്കിസ്ഥാനിലായിപ്പോയതിനാൽ മുൻപു് ഉണ്ടായിരുന്ന പല വഴികളും ഇന്നു് നിലവിലില്ല. വിഭജനത്തിനു മുൻപു് പൂഞ്ചു്-ജമ്മു-ലാഹോർ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചിരുന്ന ഒരു വലിയ ബസ്സു് സ്റ്റാൻഡു് നൗഷര അടുത്തു് ജങ്കർ എന്ന സ്ഥലത്തു് ഉണ്ടായിരുന്നു. നശിപ്പിക്കപ്പെട്ടകൂടെ അതും നശിച്ചു - വെറും ഒരു പുൽമൈതാനം ഇന്നു് അവിടെ കാണാം. രജോരിക്കുടി പൂഞ്ചിനുള്ള വഴി വിഭജനത്തിനു ശേഷം ഉണ്ടായതാണു്. ഗ്രാമങ്ങളിൽ നിന്നു് രാവിലെ ബസ്സോ, വാനോ നൗഷരയ്ക്കു് ഉണ്ടാകും - വൈകിട്ടു് തിരിച്ചുപോകയും ചെയ്യും - വണ്ടിയുടെ അകത്തുള്ളതിൽ ഏറെയാൾ പുറത്തും ഇരിക്കും. കോഴിയോ, പട്ടിയോ, കാലിക്കിടാവോ, ആടോ, എരുമക്കിടാവോ എന്തും വണ്ടിയിൽ കയറും. മലമുകളിലൂടെയുള്ള വഴികളായതിനാൽ വിസ്താരം കുറവാണു്, യാത്ര വളരെ സാവധാനവും. പട്ടാളക്കാർ ധാരാളമുള്ളതിനാൽ ഉള്ളവഴി റിപ്പയർ ചെയ്തു് നന്നായി നിലനിർത്തുന്നുണ്ടു്. അനേക മൈൽ കാൽനടയായി സഞ്ചരിക്കാനും ആളുകൾക്കു മടിയില്ല. കുതിരപ്പുറത്തും, അപൂർവ്വം ചിലപ്പോൾ കഴുതപ്പുറത്തും ആളുകൾ സഞ്ചരിക്കുന്നു. കൃത്യസമയത്തുതന്നെ ബസ്സു് സ്റ്റാൻഡിൽ നിന്നു് പുറപ്പെടും - എത്തിച്ചേരുന്നതിനു കൃത്യസമയം സാധിക്കാറില്ല; നഴഞ്ഞുകയറക്കാരെ പിടിക്കാനായി പല സ്ഥലത്തും ചെക്കിങ്ങു് ഉണ്ടാകും.

സിന്ധു നദിയുടെ പോഷകനദികളായ ഝലം, ചിനാബു് എന്നിവ ജമ്മുകാശ്മീരിലൂടെ ഒഴുകുന്നു. ചിനാബു് നദിയുടെ ഒരു പോഷകനദിയായ തവി നദിയുടെ തീരത്താണു് നൗഷര. മഴക്കാലത്തു് ധാരാളം വെള്ളം ഉണ്ടായിരിക്കും, നദീതീരം മുഴുവൻ ഒഴുകിവന്ന കല്ലോ മണലോ കൊണ്ടു് നിറഞ്ഞിരിക്കുന്നു. പൂഞ്ചു്-രജോരി-നൗഷര ഈ പട്ടണങ്ങളെല്ലാം പുഴയുടെ തീരത്തുമാണു്. ജമീർ എന്ന ഒരു ചെറിയ പുഴയും നൗഷരയിലൂണ്ടു്. പുഴകളെല്ലാം പാക്കിസ്ഥാനിലേയ്ക്കു് ഒഴുകുന്നു. വേനല്ക്കാലത്തു് ധാരാളം മത്സ്യം കിട്ടും. തണുപ്പുകാലത്തു കുറവാണു്. ശക്തിയായ ആലിപ്പഴം വീഴുമ്പോൾ അതു വിഴുങ്ങി ധാരാളം മത്സ്യങ്ങൾ ചത്തു പൊങ്ങുകയും ചെയ്യാറുണ്ടു്.

നവമ്പർ മുതൽ ഏപ്രിൽ വരെ തണുപ്പുകാലമാണു്. തണുപ്പുകാലത്തു് പകൽ കുറവാണു് - $5\frac{1}{2}$ ക്കു് മുൻപു് ഇരുൾ പരക്കും - 7 മണിക്കു സൂര്യൻ ഉദിക്കും. വേനൽക്കാലത്തു് $8\frac{1}{4}$ നു് ഇരുട്ടാകാറില്ല. $5\frac{1}{2}$ ക്കു് മുൻപു് പ്രഭാതവുമാകും. നവമ്പർ ഡിസംബർ മാസങ്ങളിൽ കോര - യൂറിയാ വിതറിയതുപോലെ മഞ്ഞു്-പെയ്യും. തണുപ്പുകാലത്തെ ചില പച്ച

ക്കറികളൊഴികെ ബാക്കി സർവ്വതും തീ പിടിച്ചു കരിഞ്ഞതുപോലെ കരിഞ്ഞുപോകും. വെളുപ്പിനു് 5 മണിക്കു ശേഷമാണു് കോരവീഴ്ന്നതു് - 8 മണിക്കു് ഉരുകാൻ തുടങ്ങും. അന്തരീക്ഷത്തിൽ ഉള്ള ചൂടംകൂടെ വലിക്കുന്നതിനാൽ ആ സമയത്തു് വേദനിക്കുന്ന തണുപ്പായിരിക്കും. തണുപ്പുകാലത്തു് മഴയോ മൂടലോ വന്നാലും ഇതുതന്നെ അനുഭവം - അസഹനീയമായ തണുപ്പ തോന്നും. അപൂർവ്വം ചില വഷ്ങ്ങളിൽ മഞ്ഞു പെയ്യും - മഴയോടൊപ്പം ശക്തിയായി ആലിപ്പഴവും പെയ്യും. ചില ദിവസങ്ങളിൽ പാക്കിസ്ഥാൻ പ്രദേശത്തുനിന്നു് ശക്തിയായ കാറും അടിക്കും. മേയ് മുതൽ സെപ്തംബർ വരെ വേനൽക്കാലമാണു് - ജൂൺ ജൂലൈ മാസങ്ങളിലാണു് വേനൽക്കാല സ്കൂൾ അവധി. പൊള്ളുന്ന വെയിലാണു് - 10 മണി കഴിഞ്ഞാൽ എല്ലാവരും പണിനിർത്തും. എത്ര വെയിൽ തെളിഞ്ഞാലും മരങ്ങളുടെ ഇലകൾ പച്ചയായിരിയ്ക്കും, മഞ്ഞയാകയില്ല- പച്ചക്കറികൾ നന്നായി ഉണ്ടാകയും ചെയ്യും.

വിദ്യാഭ്യാസ നിലവാരം കുറവെങ്കിലും ധാരാളം സ്കൂളുകൾ ഉള്ള സ്ഥലമാണു് ജമ്മു കാശ്മീർ. പുരുഷന്മാർ 27% ഉം സ്ത്രീകൾ 17% ഉം സാക്ഷരരാണു് എന്നു് പറയുന്നു. മുതിർന്നവർ മിക്കവരും അക്ഷരജ്ഞാനം ഇല്ലാത്തവരാണു്. 5 വരെയുള്ള പ്രൈമറി സ്കൂളിനു 2 മുറിയും 2 അദ്ധ്യാപകരുമുണ്ടായിരിക്കും. 11 മണിയെങ്കിലും ആകാതെ അദ്ധ്യാപകർ വരുകയുമില്ല. ഹിന്ദി-ഉർദ്ദു-ഈ രണ്ടു ഭാഷകളിലും ക്ലാസ്സു് ഉണ്ടു്. 8 വരെയുള്ള സ്കൂളുകളിൽ ബഞ്ചും ഡസ്ക്കും ഇല്ല. തറയിലിരിക്കും. തണുപ്പുകാലത്തു് കുട്ടികൾ വെയിലത്തിരുന്നു പഠിക്കുന്നു. 9 മുതൽ 12 വരെ ഹയർ സെക്കണ്ടറി ക്ലാസ്സു് ഇംഗ്ലീഷ് മീഡിയം ആണു്. കോപ്പിയടി എല്ലാ ക്ലാസ്സിലും നടക്കുന്നു. പൂഞ്ചിലും രജോരിയിലും ഡിഗ്രി കോളേജു് ഉണ്ടു്. നന്നായി പഠിപ്പിക്കുന്ന അദ്ധ്യാപകരും ചുരുക്കമായുണ്ടു്. ഇടയന്മാരായ മുസ്ലിങ്ങൾക്കു് മൊബൈൽ സ്കൂൾ ഉണ്ടു്. ആറുമാസം ചൂടുള്ള സ്ഥലത്തായിരിക്കും. ആറുമാസം തണുപ്പുള്ള സ്ഥലത്തും. അതായതു് വേനൽക്കാലത്തു് ശ്രീനഗർ പ്രദേശങ്ങളിലേയ്ക്കുപോകും, തണുപ്പുകാലതു് ജമ്മു പ്രദേശങ്ങളിലേയ്ക്കും. കുട്ടികളും അദ്ധ്യാപകനും സഞ്ചാരികളാണു്. ഒരദ്ധ്യാപകനുണ്ടായിരിക്കും - വഴിക്കു് കുട്ടികളെ പഠിപ്പിക്കും. ഭാഷ ഉർദ്ദുവാണു്. ഇവർക്കു് പ്രത്യേകമായി മൊബൈൽ ബാങ്കും മൊബൈൽ ഡോക്ടറും ഉണ്ടു്.

സംസാര ഭാഷ 'പഹാഡി' എന്നു് പറയുന്നു. ഉർദ്ദു പഞ്ചാബി എന്നിവ ഇടകലർന്നഭാഷയാണു്. സംസാരമല്ലാതെ എഴുത്തു് അതിനില്ല. വിഭജനകാലത്തു് മിർപൂർ ജില്ലയിൽ നിലവിലിരുന്ന ഒരു ഭാഷയാണു്. ഈ പഹാഡിതന്നെ പൂഞ്ചു് പഹാഡി, നൗഷര പഹാഡിയേക്കാൾ വ്യത്യസ്ഥമാണു്. ജട്ടു് പഹാഡി രാമദാസി പഹാഡിയേക്കാൾ വ്യത്യസ്ഥമാണു്. ഓരോ ഗ്രാമത്തിലും വ്യത്യസ്ഥ പഹാഡികൾ കാണാം. മിശ്രഭാഷ സംസാരിക്കുന്നതിനാൽ ഈ നാട്ടുകാർക്കു പഞ്ചാബി, ഉർദ്ദു, ഹിന്ദി, ഈ മൂന്നു ഭാഷകളും മനസ്സിലാകും. സ്കൂളിൽ പോകാത്തവരുടെ പഹാഡി മനസ്സിലാക്കാനും വിഷമമാണു്.

വിഭജനകാലത്തു് ഓടിപ്പോന്നവരുടെ മക്കളാണു് നൗഷര പ്രദേശത്തെ മിക്കവരും. ചുരുക്കം ചില ഹിന്ദുക്കളും മുസ്ലീങ്ങളും ലഹളക്കു് ഇടയിലും പിടിച്ചുനിന്നു. കണക്കില്ലാത്തയാളുകൾ കൊല്ലപ്പെട്ടു. ഇന്നു് കാണുന്ന മുതിർന്നവർ മിക്കവരുടേയും മാതാപിതാക്കന്മാരോ ബന്ധുക്കളോ വിഭജനകാലത്തു് മരിച്ചുപോയവരാണു്. ഹിന്ദുക്കൾ മാത്രമല്ല, സിക്കുകാരും പാക്കിസ്ഥാനിൽനിന്നു് ഓടിപ്പോന്നു. ഇന്നു് കാണുന്ന മുസ്ലീങ്ങൾ ജട്ടു് അഥവാ ചൗധരി സമുദായക്കാരാണു്. മുസ്ലീങ്ങളെ ഇപ്പോഴും ചൗധരി എന്നു് വിളിക്കുന്നുണ്ടു്. മദ്ധ്യേഷ്യൻ പ്രദേശത്തെ വേഷവി

ധാനമാണവർക്ക്. മിക്കവരും ധനികരുമാണ്-കണ്ടാൽ ദരിദ്രരും.

മുസ്ലീങ്ങൾ പാക്കിസ്ഥാനിലേയ്ക്ക് ഓടിയപ്പോൾ അവരുടെ മോസ്ക്കുകളും പിർ മന്ദിരങ്ങളും അനാഥമായി. പിർ മന്ദിരങ്ങൾ ഹിന്ദുക്കൾ പരിപാലിക്കാൻ തുടങ്ങി. ഏതെങ്കിലും മുസ്ലീം വിശുദ്ധനെ അടക്കിയ സ്ഥലമാണ് പിർമന്ദിരം-കല്ലറയുണ്ടാകും, ആൽ ഉണ്ടാകും-ധാരാളം മരങ്ങളും ചുറ്റുമുണ്ടാകും. വെള്ളിയാഴ്ചകളിൽ ധാരാളം പേർ അവിടെ പ്രാർത്ഥിക്കാനും നേർച്ചയിടാനും എത്തുന്നു. അനുഗ്രഹസിദ്ധികിട്ടിയവർ ഒരു കഷണം തുണിവാങ്ങി അവിടെയുള്ള മരങ്ങളിൽ കെട്ടിയിടുന്നു. ഹിന്ദുക്കൾ പരിപാലിക്കാൻ തുടങ്ങിയ പിർ മന്ദിരങ്ങളിൽ ചന്ദനത്തിരിയും കർപ്പൂരവും മെഴുകുതിരിയും കത്തിക്കാൻ തുടങ്ങി.

മതവിദ്വേഷം ജമ്മുകാശ്മീരിലുണ്ടെങ്കിലും ഹിന്ദു ആകട്ടെ സിക്ക് ആകട്ടെ എല്ലാ ആരാധനാലയങ്ങളിലും പോകും-പ്രാർത്ഥിക്കയും നേച്ചയിടുകയും പ്രസാദം വാങ്ങുകയും ചെയ്യും. പൊതുവെ എല്ലാവരും അന്ധവിശ്വാസികളും ഭൂതങ്ങളെ ഭയപ്പെടുന്നവരുമാണ്. ജപിച്ചുകെട്ടും എഴുതിക്കെട്ടും ഇല്ലാത്തവർ ചുരുക്കമാണ്. ഭൂതം പലതരമുണ്ട്-യക്ഷിയെ ചെടേൽ എന്നു പറയുന്നു; മുസ്ലീം ഭൂതം മസാൻ. മക്കളില്ലാത്തവർ മരിച്ചാൽ ഭൂതമാകും എന്നതു് ഉറപ്പാണ്. അവക്കു് പരേതാത്മാവിനു് ശാന്തി ക്രിയ ചെയ്യാൻ ആരുമില്ലല്ലൊ. മക്കളില്ലാത്തതു് ശാപമായി ഇവിടുള്ളുകാർ കരുതുന്നു. ഇവരുടെ ഭാഷയിൽ ഭൂതം കയറി എന്നല്ല ഭൂതം ഒട്ടിപ്പിടിച്ചു എന്നാണ് പറയുന്നതു്. അതായതു് "ഭൂത് ചിബ്ട്ടിയാ". ഭൂതത്തെ ഒഴിവാക്കുന്നയാൾ സ്യാന. ധാരാളം പൈസ സ്യാനയ്ക്ക് കിട്ടും. ഹിന്ദുമന്ദിരമാകട്ടെ, സിക്കു് ഗുരുദ്വാരയാകട്ടെ, മോസ്ക് ആകട്ടെ, ആഘോഷദിവസങ്ങളിൽ "ലാംഗർ" ഉണ്ടാകും - അതായതു് പൊതുഭക്ഷണം. നാട്ടിലുള്ള എല്ലാവരും അതിൽ പങ്കു് പറ്റും,, ഭക്ഷണം ഉണ്ടാക്കാനും എല്ലാവരും സഹായിക്കും.

Best compliments from :

STAR AGENCIES

PHARMACEUTICAL DISTRIBUTORS


18/725, A & B, KUNDAMKULAM ROAD

CALICUT-2

അത്ഭുത വിഷക്കല്ലുമായി കാൽനൂറ്റാണ്ട്.

ഫാ. ജോസഫ് വയലിൽ CMI

പാമ്പു കടിയേറ്റ് വന്ന ഏഴായിരത്തോളം ആളുകളെ സ്വന്തം കൈകൾകൊണ്ടു ചികിത്സിച്ചു സുഖപ്പെടുത്തുവാൻ കഴിയുക, ഇങ്ങനെ ചികിത്സ നൽകിയ ഒരു രോഗി പോലും മരിക്കാതെ രക്ഷപ്പെടുക. ഇതൊരു ഭാഗ്യമാണ്, മഹത്സേവനമാണ്. കോഴിക്കോട് CMI പ്രോവിൻസിലെ ബ. അന്തോണീസച്ചൻ ഈ സേവനത്തിനുടമയാണ്. ഈ അത്ഭുതം നടക്കുന്നതു് അദ്ദേഹം ഉണ്ടാക്കുന്ന വിഷക്കല്ലുകൊണ്ടാണ്. 25 വർഷത്തോളമായി അദ്ദേഹം വിഷക്കല്ല് ഉണ്ടാക്കുന്നു. ഇപ്പോൾ അയ്യായിരത്തോളം കല്ലുകൾ ഒരു വഷം നിർമ്മിക്കുന്നു. കഴിഞ്ഞ 25 വഷങ്ങൾകൊണ്ട് ഒരു ലക്ഷം വിഷക്കല്ലെങ്കിലും അദ്ദേഹം ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യയിൽ ആയിരക്കണക്കിനു് സ്ഥലങ്ങളിൽ അച്ചൻ ഉണ്ടാക്കുന്ന വിഷക്കല്ല് ഉപയോഗിച്ചു വിഷചികിത്സ നടത്തുന്നു. ആസ്സാം, ഗുജറാത്ത്, ആന്ധ്ര, തമിഴ്നാട്, മദ്ധ്യപ്രദേശ്, കർണ്ണാടക, കേരള, വെസ്റ്റ് ബംഗാൾ, മേഘാലയ തുടങ്ങിയ മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും അച്ചന്റെ വിഷക്കല്ലുകൊണ്ട് ചികിത്സ നടക്കുന്നു. വിഷക്കല്ല് ആവശ്യപ്പെട്ടുകൊണ്ട് നിത്യേന കത്തുകൾ വരുന്നു. അങ്ങനെ ലക്ഷക്കണക്കിനു് ആളുകളെയാണ് ബ. അന്തോണീസച്ചന്റെ വിഷക്കല്ല് മരണത്തിൽ നിന്നും ജീവനിലേക്ക് കൊണ്ടുവന്നിട്ടുള്ളതു്. അച്ചൻ ഉണ്ടാക്കുന്ന



ഇരുപത്തിയഞ്ചുവർഷത്തെ വിഷചികിത്സയിലൂടെ ഏഴായിരത്തിലധികം ആളുകളെ രക്ഷപ്പെടുത്തിയിട്ടുണ്ട് ബഹു. അന്തോണീനൂസച്ചൻ. എല്ലാത്തരത്തിലുമുള്ള വിഷബാധകൾക്കും, തൊക്ക് രോഗങ്ങൾക്കും പ്രധിവിധിയാണ് അദ്ദേഹം നിർമ്മിക്കുന്ന വിഷക്കല്ല്. പ്രശസ്തനായ ഒരു ഹോമിയോ ഡോക്ടർ കൂടിയാണ് ബഹു. അന്തോണീനൂസച്ചൻ. 80-ാം വയസ്സിലും യുവാവിന്റെ ചുറുചുറുക്കും, അനേഷണ തല്പരതയും അദ്ദേഹം കൈവിടാതെ കാത്തു സൂക്ഷിക്കുന്നു.

വിഷക്കല്ല് ഏതുതരത്തിലുള്ള വിഷമിറക്കാനും കഴിവുള്ളതാണ്. പാമ്പ്, തേള്, പഴുതാര, ഇറുപുലി ഇങ്ങനെ എന്തിന്റെ വിഷവും ഇറക്കും. പേപ്പട്ടി വിഷമിറക്കാൻ പോലും കഴിവുണ്ടെന്നു് ചികിത്സിച്ചവർ പറയുന്നു. മണ്ഡലി പാമ്പിന്റെ കടിയേറ്റ് രക്ഷപ്പെട്ടവരുടെ ശരീരം തുടച്ചുയായിപൊട്ടി ഒലിക്കാറില്ലെ. എത്ര പഴകിയ കേസ്സാണെങ്കിലും പൊട്ടി ഒലിക്കുന്നതു് സുഖപ്പെടുത്തുവാൻ വിഷക്കല്ല് ഉപയോഗിച്ചാൽ മതി. പലവിധത്തിലുള്ള തൊക് രോഗങ്ങൾ സുഖപ്പെടുത്തുവാനും കഴിവുള്ളതാണീവിഷക്കല്ല്.

വിഷക്കല്ലിന്റെ ഫലസിദ്ധിയെ പുകഴ്ത്തിക്കൊണ്ടു് അനേകാണീനുസച്ചനു് അനേക കത്തുകൾ കിട്ടിയിട്ടുണ്ടു്. അത്തരം ചില കത്തുകളിൽനിന്നു് :

"I am further to inform you that more than 1500 patients have undergone my treatment with the help of your snake stone until this date and every patient became curefully and no death occured".

ഡോ. ബിസ്വാസ്
24 പർഗാന ജില്ല
വെസ്റ്റ് ബംഗാൾ.

"These stones have made real miracles in this part of Meghalaya state. Many people have been saved from Poisonous snake bite as a result of this wonderful stone".

ഫാ. അഗസ്റ്റിൻ
മേഘാലയ

"With the help of your stones I have saved more than 15 snake biters".

ഡോ. പി. എ. ഇഗ്നേസി
പുറഞ്ഞകുടി.

"So many people bitten by the snake are saved in our hospital by the use of these stones".

ഡോ. പെണ്ണമ്മ ഫ്രാൻസി M D.
സെൻറ് ജോസഫ്സ് ഹോസ്പിറ്റൽ
പാലക്കുറിച്ചി, തൃശ്ശിനാപ്പള്ളി

"I am very glad to tell you that recently your snake stones were used by the Medical College Doctors in Imphal to treat a patient bitten by mad-dog. And the patient is fully all right".

ഫാ. ജോയി
ബിഷപ്പ്സ് ഹൗസ്
ഇംഫാൽ

"കഴിഞ്ഞ വർഷം അയച്ചുതന്ന വിഷക്കല്ലുകൊണ്ടു് വളരെയധികം ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചു. പല ഡോക്ടർമാരും ഉപേക്ഷിച്ച കേസും രക്ഷപ്പെട്ടിട്ടുണ്ടു് എന്നതു് സത്യമാണ്"".

മദ്ധ്യപ്രദേശിലെ സിൽവാനിയിൽ
നിന്നു് ഒരു സിസ്റ്റർ.

"I am so much taken up by the miracle of your snake stones".

ബ്രദർ പോൾ
ആഷ്ട, മദ്ധ്യപ്രദേശ്

ഈ സാക്ഷ്യങ്ങൾ ഏതാനും ഉദാഹരണങ്ങൾ മാത്രം. ആധുനിക ചികിത്സാസൗകര്യം ലഭ്യമല്ലാത്ത ഇന്ത്യൻ ഗ്രാമങ്ങളിലും ആധുനിക ചികിത്സ പരാജയപ്പെടുന്ന സ്ഥലങ്ങളിലുമെല്ലാം ഈ വിഷക്കല്ലു് രക്ഷയായി, സൗഖ്യമായി കടന്നുചെല്ലുന്നു.

ഈ വിഷക്കല്ലു് ഉപയോഗിച്ചു് ആർക്കും ചികിത്സ നടത്താം. കല്ലു് വാങ്ങുമ്പോൾ അച്ചൻ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്നുമാത്രം. ഒരാളെ ചികിത്സിക്കാൻ മൂന്നു മുതൽ അഞ്ചു വരെ കല്ലുകൾ മതി.

വിഷബാധയേറ്റ സ്ഥലത്തു് കല്ലുകൾ വയ്ക്കുമ്പോൾ വിഷം വലിച്ചെടുക്കുന്നു. ഈ കല്ലുകൾ പാലിൽ ഇട്ടു് ശുദ്ധിചെയ്തു് വീണ്ടും ഉപയോഗിക്കാം. ഇങ്ങനെ ഇരുപതു തവണ വരെയെങ്കിലും ഒരു കല്ലു് ഉപയോഗിക്കാമെന്നു് അച്ചൻ പറയുന്നു. സപ്പ്ദംശനമേറ്റ ഒരാളെ ചികിത്സിക്കാൻ ന്യൂറമ്പത്തു് രൂപയുടെ ചെലവുപോലും വരുന്നില്ല എന്നുള്ളതും ശ്രദ്ധയമാണു്.

30 വർഷങ്ങളായി അച്ചൻ വിഷക്കല്ലു് ഉപയോഗിച്ചു് ചികിത്സ നടത്തുന്നു. ഒരു വിദേശ മിഷനറിയിൽ നിന്നാണു് വിഷക്കല്ലിന്റെ ഫോർമുല അച്ചനു് ലഭിച്ചതു്. ഇപ്പോൾ ലോകത്തിൽത്തന്നെ മൂന്നു് സ്ഥലങ്ങളിലെ ഈ വിഷക്കല്ലു് ഉണ്ടാക്കുന്നുള്ളു എന്നാണറിവു്. ബെൽജിയം, ശ്രീലങ്ക, കോഴിക്കോടു് (അന്തോണിന്യസച്ചൻ).

ഒറ്റമൂലി ചികിത്സയെപ്പറ്റിയും നാടൻ ചികിത്സാരീതിയെപ്പറ്റിയും ഒക്കെ ധാരാളം വാദപ്രതിവാദങ്ങൾ നടക്കാറുണ്ടു്. ഇതിനിടയിലും ചില സത്യങ്ങൾ കാണാൻ കഴിയും. ഇത്തരം ചികിത്സകൊണ്ടു് അനേകം പേർ രക്ഷപ്പെടുന്നു. ആധുനിക ചികിത്സ പരാജയപ്പെടുന്നിടത്തുപോലും ഒറ്റമൂലികൾ വിജയിക്കുന്നു. അലോപ്പതി ഡോക്ടർമാർ പോലും ഇത്തരം ചികിത്സകൾ ശുപാർശ ചെയ്യുകയും, ഇത്തരം ചികിത്സക്കു് വിധേയരാകുകയും ചെയ്യുന്നു.

വിഷക്കല്ലിന്റെ മഹത്വം പറയുകയല്ല ഈ കുറിപ്പിന്റെ ലക്ഷ്യം. അതിനു് പ്രചാരം ഉണ്ടാക്കുകയുമല്ല.

ഒരു സന്യാസ വൈദികനിലൂടെ ഇങ്ങനെ അനേകർക്കു് ജീവൻ തിരിച്ചുകിട്ടുന്നുണ്ടു് എന്നു് പറയുകയായിരുന്നു. സെന്റ് തോമസു് പ്രോവിൻസിലൂടെ ഇങ്ങനെ ഒരു വലിയ മനുഷ്യ സേവനം നടക്കുന്നുണ്ടു് എന്നു് സൂചിപ്പിക്കുകയായിരുന്നു.

ഫാ. ജോസഫു് വയലിൽ, CMI



Best compliments from :

EMMATTY PAPER HOUSE


KALLAI ROAD, KOZHIKODE - 673 002

Phone : 61657

Dealers for : **Paper & Office Stationery**

ആശ്വാസതൈലവുമായി രോഗികളെത്തേടി....

ബ്ര. ജോർജ് കൊമ്മറ്റത്തിൽ CMI



കോഴിക്കോട് മെഡിക്കൽ കോളേജിലെ ചാപ്ലെയ്നും, ആദ്ധ്യാത്മിക നിയന്താവുമായ ബഹു. ഹെർമനെജിൽ ഡച്ചനുമായി ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയായ ബ്ര. ജോർജ് കൊമ്മറ്റത്തിൽ നടത്തിയ അഭിമുഖത്തെ ആസ്പദമാക്കി തയ്യാറാക്കിയതാണ് ഈ ലേഖനം.

ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ പരിമിതനാണ്. വേദനയും മരണവുമൊക്കെ ഈ പരിമിതത്വത്തിന്റെ ഉത്തമ നിദർശനങ്ങളാണ്. ശാസ്ത്രപുരോഗതിയോടപ്പം മനുഷ്യനും കുതിച്ചോഴുകുകയാണ്. തിരക്കേറിയ ജീവിതം, അതു് ആധുനികതയുടെ ശാപമാണ്. കാരണം സ്വയമറിയാനും, അപരനെയറിയുവാനുമുള്ള മനുഷ്യന്റെ പ്രവണത ഈ തിരക്കിന്റെ കുത്തൊഴുക്കിൽപ്പെട്ട് തേഞ്ഞുതേഞ്ഞില്ലാതാവുന്നു. തന്നിലേയ്ക്കൊന്നു തിരിയുവാനും, വ്യഗ്രതക്ക് അല്പമൊന്നു് കടിഞ്ഞാണിടാനും മനുഷ്യർ പലപ്പോഴും തയ്യാറാവുന്നതു് രോഗാവസ്ഥയിലാണ്. രോഗഗ്രസ്തനായി, കഴിഞ്ഞുപോയ കാലത്തെക്കുറിച്ചോർത്ത്, നൊമ്പരങ്ങളുണർത്തുന്ന ചെയ്തികളെക്കുറിച്ചോർത്ത്, നാളകളെണ്ണിക്കഴിയുന്ന മനുഷ്യനാണ് ഏറ്റവും നിസ്സഹായനായ മനുഷ്യൻ. ഈ നിസ്സഹായാവസ്ഥയിലാണ് അപരന്റെ ആവശ്യം അവനു് മനസ്സിലാകുക.


ദൈവത്തെയും മതത്തെയുമൊക്കെ തട്ടിത്തെറിപ്പിച്ച് ഓടിപ്പോയ മനുഷ്യൻ പിന്തിരിഞ്ഞ് നോക്കുന്നതു് രോഗിയാകുമ്പോഴാണ്. ഇങ്ങനെ വ്യാധിയും വ്യഥയുമൊക്കെ കാർന്നു തിന്ന മനുഷ്യമക്കളെത്തേടിയാണ് ക്രിസ്തു വന്നതു്. അവിടുന്നു്, കുഷ്ഠരോഗികളെ സുഖപ്പെടുത്തി, മുടന്തർക്ക് സൗഖ്യം നല്കി. രോഗഗ്രസ്തനായ മനുഷ്യന്റെ മുമ്പിൽ രണ്ട് വഴികളാണുള്ളതു്: ഒന്നു്, കാൽവരിയിൽ ക്രിസ്തുവിന്റെ ഇടതുവശത്തു് കുരിശിൽക്കിടന്നുകൊണ്ട് തന്നെയും മറ്റുള്ളവരെയും ശപിച്ചുകൊണ്ട് മരിച്ച കള്ളനെപ്പോലെ, ദൈവത്തെയും മനുഷ്യരെയുമൊ

ക്കെ ശപിച്ച്, ശപിച്ച് തകർന്ന ഹൃദയത്തോടെ മരിക്കുക. മറെറാന്ന്, സുഖത്തിലും, ദുഃഖത്തിലുമൊക്കെ തന്നെ തേടിയെത്തുന്ന ദൈവത്തിങ്കലേക്ക് തിരിച്ചുപോകുക. വേദനയുടെ നിമിഷങ്ങളിലാണ് മനുഷ്യൻ ദൈവത്തിലേക്ക് തിരിയുക. കാരണം അവനു് തൻെറ പരിമിതി മനസ്സിലായിക്കഴിഞ്ഞു. അതുകൊണ്ട് രോഗങ്ങൾക്കും, മരണത്തിനും അതീതനായ, സ്നേഹധനനായ പിതാവിൻെറ പക്കലേക്കായിരിക്കും മനുഷ്യൻെറ നയനങ്ങൾ തുറക്കുക. ഇങ്ങനെ ദൈവത്തിൽ നിന്നും മുഖം തിരിച്ച മനുഷ്യനു് വീണ്ടും ദൈവത്തെക്കാണിച്ചുകൊടുക്കുവാനും, കണ്ടെത്തിയവർക്ക്, ക്രിസ്തുവിനെ നല്കാനുമൊക്കെ, കോഴിക്കോട് മെഡിക്കൽ കോളേജിലെത്തുന്ന രോഗികളെ സഹായിക്കുന്ന ചില അപ്പീതാത്മാക്കളുണ്ട്. അവരെപ്പററി ഞാൻ അല്പമൊന്നു് കുറിക്കട്ടെ.

കോഴിക്കോട് മെഡിക്കൽ കോളേജിൻെറ ചരിത്രം ആരംഭിച്ചതോടൊപ്പം, അവിടെയെത്തിയിട്ടുള്ള രോഗികൾക്ക് സി. എം. ഐ. വൈദികരിൽ നിന്നു് ആദ്ധ്യാത്മികമായ സേവനം ലഭിച്ചിരുന്നു. വലിയൊരു മരിയഭക്തനും, തീക്ഷ്ണമതിയുമായിരുന്ന ബഹു. ഫൗസ്റ്റിനച്ചനാണ് കുറെയേറെക്കാലം ഇവിടെയെത്തുന്ന രോഗികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നതു്. അവരെ കുമ്പസാരിപ്പിക്കാനും മറ്റു് കൂദാശകൾ നല്കുവാനും, സാധിക്കുന്ന നന്മകൾ ചെയ്യുകൊടുക്കുവാനുമൊക്കെ അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു.

ഈ രംഗത്തു് ഇന്നു് വളരെയധികം സേവനം ചെയ്യുന്ന വ്യക്തിയാണ് ബഹു. ഹെർമനെജിൽഡച്ചൻ. 1953 മുതൽ പല ആസ്പത്രികളിലും അദ്ദേഹം തൻെറ ആത്മീയ സേവനം നല്കിയിട്ടുണ്ട്. 1985 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികളെ സന്ദർശിക്കുവാനും, അവരോടിടപഴകുവാനും, അവർക്ക് ആത്മീയമോ ഭൗതികമോ ആയ സേവനങ്ങൾ ചെയ്യുകൊടുക്കുവാനുമായി ഹെർമനെജിൽഡച്ചൻ തൻെറ മുഴുവൻ സമയവും ചിലവഴിക്കുന്നു.

"പേർ സ്വർഗ്ഗത്തിലെഴുതപ്പെടുക" എന്ന യഥാർത്ഥ സന്തോഷത്തിനു് അർഹരാക്കിത്തീർക്കുന്ന ദൈവമഹത്വത്തിലും, ആത്മരക്ഷയിലും ഉള്ള ശ്രേഷ്ഠക്കാന്തിയുടെ പ്രവർത്തനമായ മിഷൻ പ്രവർത്തനത്തിൻെറ, പ്രത്യേകിച്ച് 'ഇസ്രായേലിൽ നിന്നു് തെററിപ്പോയവരുടെ പക്കലേക്കാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നതു്" എന്നു് ഈശോ പറഞ്ഞ ആ ദൗത്യത്തിൻെറ ഒരു ഭാഗമായിട്ടാണ് ഹെർമനെജിൽഡച്ചൻ ഈ സേവനത്തെ വീക്ഷിക്കുന്നതു്.



ഫാദർ ഹെർമനെജിൽഡ്

ഈശോയുടെ നഷ്ടപ്പെട്ടപ്പോയ കുഞ്ഞാടുകളെത്തേടിയുള്ള ദൗത്യത്തോടു് ബന്ധപ്പെട്ടുത്തി ചിന്തിക്കുമ്പോൾ, ഈ രംഗത്തു് അനുഭവവേദ്യമാകുന്ന പ്രയാസങ്ങൾ പ്രയാസങ്ങളേയല്ല. രോഗാതുരരെ സമീപിക്കുക, അവരുമായി സമ്പർക്കം പുലർത്തുക, ഇവയൊക്കെ പ്രയാസമുള്ള കാര്യം തന്നെ. നമ്മുടെ എന്നതിനെക്കാൾ അവരുടെ സൗകര്യത്തിനൊത്തു് നാം പോകേണ്ടി വരും. നമ്മുടെ രംഗം ആദ്ധ്യാത്മികമാണെങ്കിലും, രോഗി

കളെ സമീപിക്കുമ്പോൾ, അവരുടെ ശാരീരിക കാര്യങ്ങൾക്കാണ് നാം ആദ്യം പ്രാമുഖ്യം കൊടുക്കേണ്ടി വരിക. രോഗവിവരം, അതിന്റെ ഗൗരവം, ചികത്സാരീതികൾ, അതിനുള്ള പ്രായോഗിക വിഷമങ്ങൾ, ഒക്കെ സംസാരവിഷയമാക്കിയതിനുശേഷം, രോഗങ്ങളിൽ ദൈവതിരുമനസ്സ് കാണുന്നതിനും, അവിടുത്തെ ഇഷ്ടത്തിനു വിധേയരാകുന്നതിനും, അവരെ സഹായിക്കുക. ഇതൊക്കെയാണ് ഹെർമ്മനെജിൽഡച്ചന്റെ പ്രവത്തനെ ശൈലി. ഒരു വാർഡിൽ ചെല്ലുമ്പോൾ കത്തോലിക്കരെ മാത്രമല്ല, രോഗികളായ എല്ലാവരെയും കാണുന്നതിനും, അവരുമായി സമ്പർക്കം പുലത്തുന്നതിനും, അദ്ദേഹം പരിശ്രമിക്കുന്നു. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ വിജയരഹസ്യവും.


ക്ലേശ സ്വീകരണത്തിനു വൈമുഖ്യം കാണിക്കുന്നവരെപ്പോലും, സ്നേഹപൂർവ്വവും, അനുകമ്പാനിർഭരമായ പെരുമാറ്റവും വഴി മനസ്സുതിരിക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നു. വളരെയധികം ആളുകൾ മാനസിക മായ തിക്കിലും തിരക്കിലും പെട്ട് രോഗികളായിത്തീരുന്നവരാണ്. അവരുടെയൊക്കെ മാനസാന്തരത്തിന്റെ നിരവധി കഥകൾ അച്ചനു എന്നും പ്രചോദനമാണ്. കുമ്പസാരത്തിലൂടെ, കുർബ്ബാന സ്വീകരണത്തിലൂടെ, വിദ്വേഷവും, വെറുപ്പും, വൈരാഗ്യവുമൊക്കെ, ഹൃദയം തുറന്നു ക്ഷമിച്ചപ്പോൾ, മറക്കുവാൻ തയ്യാറായപ്പോൾ, മാറാവ്യാധിക്കു വിധേയർ എന്നു കരുതിയിരുന്നവർ പോലും പൂർണ്ണ സുഖം പ്രാപിച്ച് മടങ്ങിപ്പോകുന്നതു കാണുവാൻ ഹെർമനെജിൽഡച്ചനു ഭാഗ്യം ലഭിച്ചിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ തന്റെ ചുരുങ്ങിയ കാലത്തെ സാന്നിദ്ധ്യം കൊണ്ട് 3000ത്തിലധികം രോഗികളെ സന്ദർശിക്കുവാനും, അടുത്തിടപഴകുവാനും, അവരോടൊത്ത് പ്രാത്ഥിക്കുവാനും, ആശ്വാസം പകർന്നു നല്കുവാനും, ക്ലേശകൾ നല്കുവാനും, പാവപ്പെട്ടവർക്ക് സാമ്പത്തിക സഹായങ്ങൾ നല്കുവാനും അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. എല്ലാദിവസവും അദ്ദേഹം ആസ്പത്രിയിലെത്തി രോഗികളെ സന്ദർശിക്കുകയും, 50-ാളം പേർക്ക് പരിശുദ്ധ കുർബ്ബാന നല്കുകയും ചെയ്യുന്നു. ഈ കാലഘട്ടം കൊണ്ട് 350-ലധികം പേരെ രോഗീലേപനം നല്കി, നന്മരണത്തിനൊരുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ദൈവം നല്കിയ വലിയൊരു ഭാഗ്യമായി അദ്ദേഹം കരുതുന്നു. ക്രിസ്തുവിന്റെ രക്ഷാകരമായ സ്നേഹം അദ്ദേഹം വേദനിക്കുന്നവർക്ക്, ആലംബഹീനർക്ക് എത്തിച്ചുകൊടുക്കുന്നു.

ശാസ്ത്രവും മനുഷ്യനുമൊക്കെ അനുസ്യൂതം വളരുകയാണെങ്കിലും, മനുഷ്യന്റെ കണ്ണുനീരിന്റെ കയ്പ്പും ചവർപ്പും ഇന്നും പഴയതുതന്നെ. ആവേശത്തിരത്തള്ളലിൽ എല്ലാം തട്ടിത്തെറിപ്പിക്കുന്ന മനുഷ്യൻ, എല്ലാം പുനസ്ഥാപിക്കുവാൻ ഉള്ളിന്റെയുള്ളിൽ ആഗ്രഹിക്കുന്നവനാണ്. താനാർക്കും വേണ്ടാത്തവനാണ് എന്നു വിലപിച്ചു കഴിയുന്ന മനുഷ്യനു, നഷ്ടപ്പെട്ടുപോയ മക്കളെത്തേടിയുഴയുന്ന, സന്തതസഹചാരിയായ, സ്നേഹധനനായ പിതാവിനെക്കാണിച്ചു കൊടുക്കുക എന്നത് എത്രയോ മഹത്തരമാണ്. ദൈവം ഇന്നു നമ്മെ തേടിയെത്തുക മറ്റ് മനുഷ്യരിലൂടെയാണ്. അതുകൊണ്ടാണല്ലോ അച്ചൻ ചെല്ലുന്നതും നോക്കി രാവിലെ 6 മണി മുതലും വൈകിട്ട് 4 മണി മുതലും രോഗികൾ കാത്തിരിക്കുന്നത്. മനുഷ്യന്റെ ഏറ്റവും നിസ്സഹായവസ്ഥയിൽ, ഏറ്റവും നിസ്സാരമായ പരിഗണനപോലും, അവന്റെ ഹൃദയത്തിൽ ചലനങ്ങളുണർത്തും എന്നതിൽ സംശയമില്ല. പ്രത്യേകിച്ചും, രോഗികളേയും പ്രായമായവരെയുമൊക്കെ ഭാരമായി കാണുകയും കരുതുകയും ചെയ്യുന്ന ഇന്നത്തെ സമൂഹത്തിൽ. ഡോക്ടർമാർ മരുന്നുമായി രോഗത്തെ നേരിടുമ്പോൾ ഈ അച്ചന്മാർ ദൈവികശ

കുതികൊണ്ട് മനസ്സിന്റെയും ശരീരത്തിന്റെയും രോഗങ്ങളെ എതിരിടുന്നു. രണ്ടും കൂടിയാകുമ്പോൾ ചികിത്സ സമഗ്രമാകുന്നു.

അനേകർക്ക് ആശ്വാസവും രോഗശാന്തിയും, മനഃശാന്തിയും, ആത്മീയവിമോചനവും ലഭിക്കുകയും ചെയ്യുന്നു.



Best compliments from :

SUNANDA ASSOCIATES

RAMAN MENON ROAD

CALICUT-2

Best compliments from :

SHINE BUILDERS

DEVAGIRI

We prepare all types of building plans and estimates

ദേവഗിരിയുടെ കഥ

എം. സി. എബ്രാഹം


പഴയ പയറുവളപ്പും നെച്ചൂളിപ്പറമ്പും രൂപപരിണാമം വന്നു് പുതിയ അമലാപുരിയായി. 1954 ജൂലൈ 12നു് അതിന്റെ ഉദ്ഘാടനം അഭിവന്ദ്യ പത്രോണി തിരുമേനി നിർവ്വഹിച്ചു. തുടന്നു് ഹോർമ്മീസച്ചനും, ഷാബോറച്ചനും, റെയിനോൾഡ്സച്ചനും അവിടെ താമസം തുടങ്ങി. അമലാ പ്രിന്ററിംഗ് വർക്ക്സ്, അമലാ പ്രോസസ് സ്റ്റുഡിയോ, അമല ബുക്ക് സെൻറർ, സാവിയോ ഹോം, അമലാ മെഴുകുതിരി നിർമ്മാണകേന്ദ്രം, ആശ്രമ ചാപ്പൽ എന്നിവ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ തിരക്കിട്ടു് ആരംഭിച്ചു. അലാവുദീന്റെ അത്ഭുതവിളക്കുപോലെ എല്ലാ കാര്യങ്ങളും ഞൊടിയിടയിൽ ഉയർന്നുവന്നപ്പോൾ മാന്നാനം പ്രൊവിൻഷ്യൽ ഭാരവാഹികൾക്കു സന്തോഷമായി.

അമലാപുരിയുടെ ദ്രുതഗതിയിലുള്ള രൂപപരിണാമങ്ങൾക്കു ചുക്കാൻ പിടിച്ച ഹോർമ്മീസച്ചനെ കോളേജ്, ഹൈസ്കൂൾ തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും സഭാധികാരികൾ ഭരമേല്പിച്ചു. ഫാ. ഷാബോർ തന്റെ പ്രൊക്കുറേറ്ററർ ആസ്ഥാനം താല്ക്കാലികമായി മാന്നാനത്തുനിന്നും അമലാപുരിയിലേക്കുമാറ്റി. സഹായിയും പേഴ്സണൽ അസിസ്റ്റന്റുമായി തേവര ചൂരക്കുളത്തു് C. A. അഗസ്റ്റിനേയും നിയമിച്ചു. സാമ്പത്തിക ഞെരുക്കംമൂലം നിർമ്മാണപ്രവർത്തനങ്ങൾ മന്ദീഭവിക്കാതിരിക്കാൻ ഫാ. ഷാബോർ ബദ്ധശ്രദ്ധനായിരുന്നു. എല്ലാവിധ സംവിധാനങ്ങളോടുംകൂടിയ ഒരു ഒന്നാം ഗ്രേഡ് കോളേജും, ഒരു ഹൈസ്കൂളും, അനുബന്ധസ്ഥാപനങ്ങളുമായിരുന്നു ലക്ഷ്യം. അവ എങ്ങനെ കെട്ടിപ്പടുക്കണമെന്നു തീരുമാനിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യവും, ജനറൽ മാനേജർ, ഗവേണിംഗ് ബോഡി പ്രസിഡണ്ട് എന്നീ പദവികളും ഹോർമ്മീസച്ചനു് പ്രത്യേകം അനുവദിച്ചു.

തുടർന്നു് അച്ചന്റെ മുഴുവൻ ശ്രദ്ധയും ദേവഗിരി കെട്ടിപ്പടുക്കുന്നതിലേക്കു തിരിഞ്ഞു. ഈ ലേഖകനുമെത്തുന്നു് നഗരത്തിന്റെ നാനാഭാഗങ്ങളിലും, കോളേജും, ഹൈസ്ക്കൂളും, ഹോസ്റ്റലും മറ്റും സ്ഥാപിക്കുന്നതിനു് പറ്റിയ സ്ഥലമന്വേഷിച്ചു നടന്നു. വെസ്റ്റ് ഹിൽ ചുങ്കത്തിനടുത്തു് ഇപ്പോഴത്തെ റെസ്റ്റ് ഹൗസ് കോമ്പൗണ്ട്, മീഞ്ചന്തയിലെ ആർട്സ് കോളേജു് സ്ഥിതിചെയ്യുന്ന സ്ഥലം, പൂളക്കടവിൽ ഇപ്പോഴത്തെ നൊവിഷ്യേറ്റ് ഹൗസ് ഇരിക്കുന്ന കുന്നു്, ചേവായൂർ എൻ. ജി. ഒ. കപ്പാർട്ടേഴ്സ് പണിതിരിക്കുന്ന വിശാലമായ പ്രദേശം എന്നിവയെല്ലാം ചെന്നുകണ്ടു. മീഞ്ചന്ത സ്ഥലം തിരുവണ്ണൂർ കോവിലകം വകയായിരുന്നു. എല്ലാസ്ഥലവും പലവിധ കാരണങ്ങളാൽ ലഭിക്കാതെവന്നു. അപ്പോൾ, സെൻറ് ജോസഫ് ലത്തീൻ പള്ളിയിലെ റിട്ട: കപ്യാർ ആൻറണി മരിയാൻ ആണു് ഇപ്പോഴത്തെ ദേവഗിരിക്കുന്നു കാണിച്ചുതന്നതു്. രണ്ടു ചെറിയ കുന്നുകളും, ധാരാളം നിരപ്പുസ്ഥലങ്ങളും ഉൾപ്പെട്ടതു ഈ കാടുനിറഞ്ഞ പ്രദേശം 101 ഏക്കറോളം വിസ്തീർണ്ണമുള്ളതായിരുന്നു. ഇതിന്റെ ഉടമ സിലോൺ പൊന്തക്കുന്നാ സക്കോനായ പി. സെഡ്. പോൾ എന്നു

യാളായിരുന്നു. ചേവായൂർ അംശത്തിലെ പ്രശസ്തരായ പാലക്കുന്നത്തു നങ്ങോലത്തു തറവാട്ടുകാരായിരുന്ന ജന്മിമാർ. അന്നത്തെ തറവാട്ടുകാരണവർ എൺപതുകാരനായ പി. എൻ. നാരായണൻനായരും. പി. സെഡ് പോൾ തുണിമില്ലുകൾ തുടങ്ങുന്നതിനു് കുറെ ഷെഡുകളും, കുറച്ചധികം കിണറുകളും, ഈ സ്ഥലത്തു പലയിടത്തുമായി നിർമ്മിച്ചിരുന്നു. ഉപയോഗിക്കാതെ കിടന്നതിനാൽ അവിടെയാകെ കാട്ടുമൃഗങ്ങളും, വിഷജന്തുക്കളും അധിവാസകേന്ദ്രമാക്കിയിരുന്നു.

അച്ചന്റെ നിർദ്ദേശപ്രകാരം ആൻറണി മരിയാൻ പി. സെഡ്. പോളിനെ അമലാ



ഫാ. ഷാബോർ C. M. I.

പുരിയിൽ വരുത്തി. ഫാ. ഷബോർ, ഫാ. റെയിനോൾഡ്സ്, സി. എ. അഗസ്റ്റിൻ, ഐ. സെഡ്. ചെറിയാൻ, ഈ ലേഖകൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വസ്തുകാര്യം സംസാരിച്ചു. നേരത്തെ പ്രോവിഡൻസ് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി അപ്പസ്തോലിക് കാർമ്മൽ സിസ്റേറഴ്സ് ഈ സ്ഥലം വന്നു കണ്ടിരുന്നു. അവസാനം അച്ചൻ സ്ഥലം കച്ചവടം ഉറപ്പിക്കുകയും അയ്യായിരം രൂപ അഡ്വാൻസ് കൊടുക്കുകയും ചെയ്തു. ഉടനെത്തന്നെ ഈ ലേഖകനും പോളും കൂടി അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു് ആധാരം വാങ്ങി, നിയമോപദേശം തേടുന്നതിനു് അഡ്വ. ടി. കെ. ലക്ഷ്മണ അയ്യരുടെ വീട്ടിലേക്കുപോയി. പിറേറന്നു് രാവിലെ 10 മണിക്കു തന്നെ 'ആധാരത്തിൽ കുഴപ്പമൊന്നുമില്ല' എന്നു് അഡ്വക്കേറ്റ് അറിയിച്ചു. അന്നുതന്നെ കോവൂർ അംശം അധികാരി ആയാട്ടു രാമൻനായരെക്കണ്ടു് അദ്ദേഹത്തിന്റെ സേവനവും ലഭ്യമാക്കി. തുടർന്നങ്ങോട്ടുള്ള പ്രവർത്തനങ്ങൾ മാരത്തോൺ വേഗതയിലായിരുന്നു. ശ്രീ. രാമൻകുട്ടിയുടെ നേതൃത്വത്തിൽ ഒരു സംഘം കൂലിക്കാർ കാടുവെട്ടിത്തെളിച്ചു് അതിർത്തി കണ്ടെത്തി, സ്ഥലം അളന്നു തിട്ടപ്പെടുത്തി കല്ലുകൾ നാട്ടി. അഡ്വ. ചെറിയാൻ കാപ്പൻ, അഗസ്റിന്റെ വാണിയപ്പുര, ആയാട്ടു രാമൻനായർ, പി. എൻ. നാരായണൻകുട്ടിനായർ, ഈ ലേഖകൻ, തഹസിൽദാർ, പി. കെ. ഗോവിന്ദൻ, റവന്യൂ ഇൻസ്പെക്ടർ കെ. നാരായണൻകുട്ടി എഴുത്താശ്ശാൻ എന്നിവരും ഉണ്ടായിരുന്നു. പിറേറന്നു രാവിലെ ഹോർമ്മീസച്ചൻ മദ്രാസ് യൂണിവേഴ്സിറ്റിയിൽപ്പോയി കാര്യങ്ങൾ ശരിയാക്കുവാനായി മദ്രാസിനു് വണ്ടികയറി.

മദ്രാസ്-മൈലാപ്പൂർ അതിരൂപതയിലെ സേക്രട്ട് ഹാർട്ട് മേജർ സെമിനാരി പ്രൊഫസർ റവ. ഡോ. ചാക്കോ മുല്ലൂരിനെ പോയിക്കണ്ടു് അദ്ദേഹവുമൊന്നിച്ചു് ലയോള കോളേജിലെത്തി പ്രൊഫ. ഫാ. എൽ. ഡി. മർഫിയെക്കണ്ടു പരിചയപ്പെട്ടു. പിന്നീടങ്ങോട്ടുള്ള മദ്രാസിലെ കാര്യങ്ങളുടെ ചുക്കാൻ പിടിച്ചതു് റവ. ഫാ. മർഫിയാണു്. അദ്ദേഹം മദ്രാസ് സിൻഡിക്കേറ്റ് അംഗം കൂടിയായിരുന്നതിനാൽ കാര്യം വളരെ എളുപ്പമായിത്തീർന്നു. ഫാ. മർഫി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, രജിസ്റാർ, സിൻഡിക്കേറ്റ് അംഗങ്ങളായ പച്ചയ്യപ്പാസ് കോളേജ് പ്രിൻസിപ്പൽ ഡോ. കൃഷ്ണമൂർത്തി, ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പൽ ഡോ. ബാലകൃഷ്ണൻ നായർ,

മദ്രാസ് ചീഫ് ആർക്കിടെക്റ്റ് എസ്. ആർ. ഫെർണാണ്ടോ എന്നിവരുമായി സൗഹൃദം സ്ഥാപിച്ചു. അച്ചൻ കോഴിക്കോട്ടേക്ക് മടങ്ങിപ്പോന്നപ്പോൾ, പ്ലാൻ തയ്യാറാക്കുന്നതിന് എസ്. ആർ. ഫെർണാണ്ടേയെക്കൂടി കൂട്ടിക്കൊണ്ടുപോന്നു.

ഞങ്ങൾ അതിർത്തി കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിനിടയിൽ കിഴക്കേ കുന്നിൻ ചരിവിൽ കാട്ടുമൃഗങ്ങളും, ഇഴജന്തുക്കളും ആവാസമാക്കിയ ഇടിഞ്ഞുപൊളിഞ്ഞ ഒരു പർണ്ണശാലയുടെ അവശിഷ്ടം കണ്ടെത്തി. ഇതിനെപ്പറ്റിക്കൂടുതൽ അന്വേഷണങ്ങൾ നടത്തിയപ്പോൾ ശ്രീ. പി. എൻ. നാരായണൻ നായരിൽ നിന്നും, മറ്റുപ്രായം ചെന്നവരിൽ നിന്നും കേട്ടറിഞ്ഞ വിവരങ്ങൾ ഇവയാണ്. വഷ്ണങ്ങൾക്കുമുമ്പ് കണ്വമഹർഷി ഇവിടെ താമസിച്ചിരുന്നുവെന്നും, അദ്ദേഹം താമസിക്കുന്നതിനുവേണ്ടി, നിർമ്മിച്ച പണ്ണശാലയുടെ അവശിഷ്ടങ്ങളാണിവയെന്നുമാണ്. കണ്വമഹർഷി താമസിച്ചിരുന്നതുകൊണ്ടാണ് ""കണിയാം കുന്ന്"" എന്ന പേരു് വന്നതെന്നും മനസ്സിലായി.

1956 ജനുവരി 3-ന് കർമ്മലീത്താ സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമദിനാനുസ്മരണദിനത്തിൽ കണിയാംകുന്നിനെ ""ദേവഗിരി"" എന്നു പുനർനാമകരണം ചെയ്തു, ഹോർമ്മീസച്ചൻ തന്നെ കോളേജിനു് ശിലാസ്ഥാപനം നിർവ്വഹിച്ചു. അതേ വർഷം മാച്ച് 19-ന് സാവിയോ ഹൈസ്കൂളിനു് ബ. റെയിനോൾഡ്സച്ചനും തറക്കല്ലിട്ടു.

കോളേജ് കാമ്പസിലേക്കുള്ള കവാടത്തിനും ഇപ്പോഴത്തെ ഷോപ്പിംഗ് കോംപ്ലക്സിനുമിടയ്ക്കു് റോഡിനു രണ്ടുവശങ്ങളിലുമായി കുറെയധികം റൈഫിൾ റേഞ്ചുകൾ (Rifle Ranges) ഉണ്ടായിരുന്നു. പട്ടാളക്കാരും എൻ. സി. സി.ക്കാരും വെടിവെയ്പു പഠിക്കാൻ ഉപയോഗിക്കുന്ന ഒരു മൺകൂനയും ആ സ്ഥലം മുഴുവനും കേന്ദ്രരാജ്യരക്ഷാവകുപ്പിന്റെ അധീനതയിലായിരുന്നു. ആ സ്ഥലം കോളേജിനു് കിട്ടാതെ അങ്ങോട്ടുള്ള പ്രവേശനം സുഗമമല്ലയെന്നു മനസ്സിലാക്കിയ അച്ചൻ അതുകൂടി ലഭ്യമാക്കാൻ ശ്രമമാരംഭിച്ചു. വില്ലേജ് ഓഫീസിൽ നിന്നു് അതിന്റെ സർവ്വേ നമ്പറും, വിസ്തീർണ്ണവും മറ്റു വിവരങ്ങളും എഴുതിവാങ്ങിച്ചു്, ഒരപേക്ഷയും സഹിതം ഡൽഹിയിലെ ദീപിക പ്രതിനിധി എ. ജെ. ജോർജ്ജിനു് അയച്ചുകൊടുത്തു. എ. ജെ. ജോർജ്ജും പ്രധാനമന്ത്രി നെഹ്റുവും തമ്മിൽ നല്ല അടുപ്പത്തിലായിരുന്നതിനാൽ, നെഹ്റു വഴി ആ സ്ഥലം പതിച്ചു കിട്ടുന്നതിനുള്ള അപേക്ഷയായിരുന്നു അതു്.

കത്തയച്ചു് രണ്ടാഴ്ച കഴിഞ്ഞപ്പോൾ ജോർജ്ജിൽ നിന്നും ഒരു സന്ദേശം ലഭിച്ചു. പ്രധാനമന്ത്രിയും അച്ചനുമായി ഒരു കൂടിക്കാഴ്ചക്കു് അവസരമുണ്ടാക്കിയിട്ടുണ്ടെന്നായിരുന്നു സന്ദേശത്തിന്റെ സാരം. ഒട്ടും വൈകാതെ അച്ചൻ ഡൽഹിക്കു വണ്ടികയറി. അവിടെച്ചെന്നു് ജോർജ്ജുമൊത്തു് നെഹ്റുവിനെക്കണ്ടു് കാര്യങ്ങൾ വിശദീകരിച്ചുകൊടുത്തു. ഒന്നരമാസം കഴിഞ്ഞപ്പോൾ രാജ്യരക്ഷാവകുപ്പിൽ നിന്നും ഈ സ്ഥലം 95 കൊല്ലത്തേക്കു് കോളേജിനു് ലീസായി പതിച്ചു നൽകിക്കൊണ്ടുള്ള ഓർഡർ വന്നു.

എസ്. ആർ. ഫെർണാണ്ടോയുടെ പ്ലാൻ അനുസരിച്ചു് വാനം മാന്തി പണി തുടങ്ങി. റിട്ട. എൻജിനീയർ പി. ചാത്തുവിന്റെ കീഴിൽ പ്രഗൽഭരായ, ഡിക്രൂസ്, കുമാരൻ, ഇട്ടപ്പു്, തുടങ്ങിയ സൂപ്പർവൈസർമാരെയും നിയമിച്ചു. റിക്കാർഡു് വേഗതയിൽ പണിതീർന്ന കോളേജിന്റെ വെഞ്ചരിപ്പു കർമ്മം 1956 ജൂൺ 2-ാംനു തലശ്ശേരി ബിഷപ്പു് ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി നിർവ്വഹിച്ചു. അതേവർഷം സെപ്റ്റംബർ 26-ാംനു മദ്രാസ് ഗവർണർ ശ്രീ

പ്രകാശ കോളേജിന്റെ ഔദ്യോഗിക ഉദ്ഘാടനവും നടത്തി. കോളേജിന് അംഗീകാരം കിട്ടാൻ അഞ്ചുലക്ഷം രൂപാ യൂണിവേഴ്സിറ്റിയിൽ കെട്ടിവയ്ക്കണമെന്ന് ഓർഡർ വന്നപ്പോൾ, പണം കെട്ടിവയ്ക്കാൻ അന്നത്തെ സാഹചര്യത്തിൽ നിവൃത്തിയില്ലാതിരുന്നതിനാൽ, അതിലും ഇരട്ടി ആസ്തി വരുന്ന റബ്ബർ പ്ലാന്റേഷൻ ഈടുവയ്ക്കാമെന്നും, അതു് അംഗീകരിക്കണമെന്നും പറഞ്ഞ് യൂണിവേഴ്സിറ്റിക്ക് കത്തയച്ചു. യൂണിവേഴ്സിറ്റി റബ്ബർ പ്ലാന്റേഷൻ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫാ. എൽ. ഡി. മർഫിയെ ഏകാംഗകമ്മീഷനായി നിയോഗിച്ചു. അച്ചൻ പെരിന്തൽമണ്ണയിലുള്ള സ്വന്തം സഹോദരൻ ജോജ്ജ് പെരുമാലിയേയും, കാഞ്ഞിരപ്പള്ളിയിലുള്ള സുഹൃത്തുക്കളെയും ഫോണിലൂടെ ബന്ധപ്പെട്ട്, അടിയന്തരമായി ഒരു ലോറി റബ്ബർ തൈകൾ ശേഖരിച്ചുവയ്ക്കാൻ നിർദ്ദേശിച്ചു. അന്നുരാത്രി തന്നെ അച്ചൻ അങ്ങോട്ടുപോയി. പിറേറന്നു രാത്രി തന്നെ ഒരു ലോറി റബ്ബർ തൈകളുമായി തിരിച്ചെത്തി. തൈകളെല്ലാം ദേവഗിരിക്കാമ്പസിലെ ഒഴിവുള്ള സ്ഥലങ്ങളിൽ, കമ്പിപാരകൊണ്ട് കുഴിയുണ്ടാക്കി നട്ടുപിടിപ്പിച്ചു. റബ്ബർ പ്ലാന്റേഷൻ കണ്ട് റിപ്പോർട്ട് ചെയ്യാനെത്തിയ ഫാ. മാർഫി നല്ല റിപ്പോർട്ട് എഴുതുകയും ചെയ്തു. അതുപോലെതന്നെ കോളേജിന്റെ ലബോറട്ടറി, ലൈബ്രറി എന്നിവ നോക്കി റിപ്പോർട്ട് ചെയ്യുന്നതിനും, പണിയുടെ പുരോഗതി വീക്ഷിക്കുന്നതിനും യൂണിവേഴ്സിറ്റി കമ്മീഷനായി വന്നതു് പച്ചയ്യപ്പാസ് കോളേജ് പ്രിൻസിപ്പൽ ഡോ. കൃഷ്ണമൂർത്തിയും, ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പൽ ഡോ. ബാലകൃഷ്ണൻ നായരുമായിരുന്നു. അവരെല്ലാം വളരെ തൃപ്തികരമായ റിപ്പോർട്ടാണയച്ചതു്.

ഈ കാലയളവിൽത്തന്നെ മദ്രാസ് വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. സുന്ദരവടിവേലുവിൽ നിന്നു് ഹൈസ്കൂളിനുള്ള വാക്കാൽ അനുവാദവും നേടിയിരുന്നു. മാത്രമല്ല, സർക്കാരിന്റെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിനാവശ്യമായ പണവും അച്ചൻ നേടിയെടുത്തു. ഹൈസ്കൂളിന്റെ അന്നത്തെ കെട്ടിടം ഇന്നത്തെ കുരിശുപള്ളിയുടെ ഭാഗത്തു് കിഴക്കുപടിഞ്ഞാറായിട്ടായിരുന്നു.

കെട്ടിടം പണിതീർന്നു് സ്കൂൾ തുറക്കാറായപ്പോഴെക്കും സംസ്ഥാന പുനസംഘടനാ പ്രാബല്യത്തിൽ വന്നുകഴിഞ്ഞിരുന്നു. കേരളഭരണം കമ്മ്യൂണിസ്റ്റുകാരുടെ കൈയിലുമായി. ഇ. എം. എസിന്റെ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയുടെ കടുത്ത വിദ്വേഷം നിമിത്തം അനുവാദം നിഷേധിക്കപ്പെട്ടു. പലതവണ ഇക്കാര്യത്തിനു് ഈ ലേഖകനുമൊത്ത് അച്ചൻ മുണ്ടശ്ശേരിയെ കണ്ടിരുന്നു. അന്നത്തെ ചേവായൂർ എം. എൽ. എ. കമ്മ്യൂണിസ്റ്റുകാരനായ പി. സി. രാഘവൻ നായരും സ്കൂൾ സ്ഥാപിക്കുന്നതിനെതിരായിരുന്നു. അച്ചനും മുണ്ടശ്ശേരിയും തമ്മിൽ കടുത്ത വാക്പയറ്റു നടന്നു. ക്ഷുഭിതനായ അച്ചൻ മുണ്ടശ്ശേരിയെ വെല്ലുവിളിച്ച്, അദ്ദേഹത്തിന്റെ മന്ത്രിവസതിയിൽ നിന്നിറങ്ങിപ്പോന്ന ശേഷം അംഗീകാരം കിട്ടുന്നതിനു മുമ്പുതന്നെ സ്കൂളിലേക്ക് അഡ്മിഷൻ നടത്തുകയും, മിസ്സിസ് സൂസൻ ചെറിയാനെ പ്രധാനാദ്ധ്യാപികയായി നിയമിക്കുകയും ചെയ്തു. അച്ചനെ മുണ്ടശ്ശേരിക്കും, മുണ്ടശ്ശേരിയെ അച്ചനും വ്യക്തിപരമായി അറിയാമായിരുന്നതുകൊണ്ട് കൂടുതൽ കടുത്ത നടപടിക്ക് മുണ്ടശ്ശേരി മുതിർന്നില്ല. രണ്ടാഴ്ച കഴിഞ്ഞപ്പോൾ 'ദേശാഭിമാനി' വഴി ഒരറിയിപ്പു വന്നു-സാവിയോ ഹൈസ്കൂളിനു് അനുവാദം നൽകുന്നു. പിന്നെയും ഒന്നുരണ്ടാഴ്ച കഴിഞ്ഞാണ് രോഖാമൂലമുള്ള അംഗീകാരം അച്ചന്റെ കൈയിൽ എത്തിയതു്.

ഈ ഘട്ടത്തിൽ കേരള ആരോഗ്യമന്ത്രിയായിരുന്ന എ. ആർ. മേനോൻ ദേവഗിരിയിൽ കണ്ണുവച്ച് കാര്യങ്ങൾ നീക്കി. മായനാട്ടുകുന്നിൽ പണിയിക്കുന്ന മെഡിക്കൽ കോളേജിന്റെ സ്റ്റാഫ് ക്വാർട്ടേർസ് നിർമ്മിക്കാൻ ദേവഗിരി സ്ഥലം സർക്കാരിനു വിട്ടുകൊടുക്കണമെന്നായിരുന്നു മന്ത്രിയുടെ ആവശ്യം. അച്ചൻ അതിനെ നഖശിഖാന്തം എതിർത്തു. വേണ്ടിവന്നാൽ നിയമപരമായി മന്ത്രിയെ നേരിടാൻ അച്ചൻ, എസ്. കെ. കാദർ, കെ. കുഞ്ഞിരാമമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ എന്നിവരുമായി നിരന്തരബന്ധം പുലർത്തിക്കൊണ്ടിരുന്നു. ഭാഗ്യത്തിനു് മന്ത്രിതന്നെ ഒടുവിൽ സ്വയം പിന്മാറി.

കോളേജിലെ ടീച്ചിംഗ് - നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിലും അച്ചൻ പ്രത്യേകം ശ്രദ്ധചെലുത്തി. മദ്രാസ് മൈസൂർ യൂണിവേഴ്സിറ്റികളിൽ പ്രവർത്തിച്ചിരുന്ന പ്രഗത്ഭരായ മലയാളി പ്രൊഫസർമാരെ, കൂടുതൽ ആനുകൂല്യങ്ങൾ നൽകി ദേവഗിരിയിലേക്ക് അടർത്തിയെടുത്തു. പ്രൊഫ: ദേവസ്യാ തകിടിയേൽ, പി. സി. സ്കറിയാ, സെബാസ്റ്റ്യൻ പി. ജോസഫ്, എം. ഓ. ദേവസ്സി, സുകുമാർ അഴീക്കോട്, തായാട്ട് ശങ്കരൻ, കെ. ജി. അടിയോടി, പാലിയത്തു് പി. കെ. അച്ചൻ, വി. എ. കേശവൻ നമ്പൂതിരി, കെ. ടി. ശേഖരൻ, കുഞ്ഞിക്കണാരൻ, എം. റ്റി. ഇമ്മാനുവേൽ, ജിമ്മി ആൻഡ്രൂസ് തുടങ്ങിയവരേയും, ഫാ. തെയോഡോഷ്യസ് (പ്രിൻസിപ്പൽ), ഫാ. റെയിനോൾഡ്സ് (വൈസ് പ്രിൻസിപ്പൽ) ഫാ. നെസ്തോർ, ഫാ. ഹിലാരിയോൻ, ഫാ. കൊളംബസ്, ഫാ. ഒപ്പാത്തൂസ് തുടങ്ങിയ പ്രഗത്ഭരും പ്രശസ്തരുമായ വൈദികരേയും സ്റ്റാഫിൽ നിയമിച്ചു. നോൺ ടീച്ചിംഗ് സ്റ്റാഫായി ഫാ. സ്റ്റനിസ്ലാവൂസ്, എ. പി. ജോസഫ്, എം. സി. എബ്രാഹം തുടങ്ങിയവരും, ചീഫ് ലൈബ്രേറിയനായി സി. എ. അഗസ്റ്റിനും, ചീഫ് മെഡിക്കൽ ഓഫീസറായി ഡോ. എ. രാമനാഥനും നിയമിക്കപ്പെട്ടു.

ഹൈസ്ക്കൂളിലും, അദ്ധ്യാപകരേയും അദ്ധ്യാപകേതര ജോലിക്കാരെയും നിയമിച്ചു. ദേവഗിരിക്കു സ്വന്തമായി ഒരു ഇ. ഡി. പോസ്റ്റോഫീസിനും അച്ചൻ അനുവാദം വാങ്ങി.

ദേവഗിരിയിൽ ആശ്രമവും പള്ളിയും പണിതീരാതിരുന്നതിനാൽ അച്ചന്മാർ അമലാപുരിയിൽ താമസിച്ച് കോളേജിൽ വന്നു പോയിരുന്നു. 1958-ൽ അമലാലയം എന്ന പേരിൽ ഒരു കെട്ടിടം പണികഴിപ്പിച്ച് ഫാ. തെയഡോഷ്യസ് അടക്കമുള്ള പ്രധാന വൈദികർ അങ്ങോട്ട് താമസം മാറ്റി. പിന്നീട് ന്യൂമാൻ ഹോസ്റ്റൽ, ടാഗോർ ഹോസ്റ്റൽ, സെൻറ് ജോസഫ് ഹോസ്റ്റൽ എന്നിവ തീർത്തു് അതിലെല്ലാം വാർഡന്മാരായി ഓരോ അച്ചന്മാരും മാറിയപ്പോൾ, ഈ ഭവനം അമലാ ഹോസ്റ്റലാക്കി മാറ്റി. സെമിനാരിയിലേക്ക് ഉദ്ദേശിച്ച് കോളേജ് പഠനം നടത്തുന്ന കുട്ടികൾക്കുള്ള ഹോസ്റ്റലായും ഇതു പരിവർത്തനം ചെയ്തു.

കോളേജ് റോഡിന്റെ ഇരുവശവും തണൽമരം വച്ചുപിടിപ്പിച്ചതും, കോളേജ് മുറ്റത്തു് പൂന്തോട്ടം വളർത്തിയതും, അവയെ കണ്ണിലെ കൃഷ്ണമണിപോലെ പരിലാളിച്ചു കൊണ്ടുവന്നതും ബ. റെയിനോൾഡ്സച്ചനായിരുന്നു. ഒന്നാംകിട ഗ്രൗണ്ട്, നല്ല കാൻറീൻ, ലൈബ്രറി, ലാബറട്ടറി എന്നിവയിൽ പ്രശസ്തവും സുന്ദരവുമായിരുന്നു ദേവഗിരി കോളേജ്.

അമലാപുരി, ദേവഗിരി സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനു് യാതൊരുവിധ നേട്ടങ്ങളും ആഗ്രഹിക്കാതെ കൈ - മെയ് മറന്നു പ്രയത്നിച്ച നിരവധി മഹത്വ്യക്തികളുണ്ട്. കർമ്മലീത്താസഭ്യർ ഒരിക്കലും മറക്കാൻ പാടില്ലാത്ത ആ മഹാന്മാരിൽ ചിലരെ

ഓർമ്മയിൽ നിന്നു് ചികഞ്ഞെടുത്തു് താഴെ ചേർക്കുന്നു.

മലബാർ കലക്ടർ ആർ. സി. ജോസഫ്, സബ്കലക്ടർ പി. ജെ. ഫ്രാൻസിസ്, എ. ഡി. എം. കെ. കുട്ടിശങ്കരൻനായർ, അബ്ദുറഹ്മാൻ ബാഫക്കി തങ്ങൾ, സി. എച്ച്. മുഹമ്മദ്കോയ, സി. ജെ. ഫ്രാൻസിസ്, സി. എ. അഗസ്റ്റിൻ, സി. പി. ശ്രീധരൻ എന്നിങ്ങനെ അവരുടെ ഒരു നീണ്ട നിര തന്നെയുണ്ടു്.

കടുത്ത നിബന്ധനകൾ കൊണ്ടും, ത്യാഗപൂർണ്ണമായ ജീവിതരീതി കൊണ്ടും മനുഷ്യസമൂഹത്തിന്റെ പൊതു നന്മയ്ക്കു വേണ്ടി സ്വയം ഉരുകിയുരുകി എരിഞ്ഞടങ്ങാൻ വിളിക്കപ്പെട്ട ഒരു സന്യാസസമൂഹത്തിൽ സ്വന്തം നിശ്ചയദാർഢ്യം കൊണ്ടും, ഇച്ഛാശക്തികൊണ്ടും, തന്റെ വ്യക്തിപ്രഭാവവും സഭയുടെ കരുത്തും ലോകത്തിനു പ്രകടമാക്കിക്കൊടുക്കുന്നതിൽ ബഹു. ഹോർമ്മീസച്ചനും, ബഹു. ഷാബോറച്ചനും അസാമാന്യമായ ധീരത കാണിച്ചു. എല്ലാ പ്രതികൂല സാഹചര്യങ്ങളേയും സധൈര്യം തട്ടിനീക്കി കേരള കർമ്മലീത്താ സഭയുടെ വരും തലമുറയ്ക്കു് വെളിച്ചമേകാൻ കൊളുത്തിവച്ച കെടാവിളക്കുകളാണു് അമലാപുരി, ദേവഗിരി സ്ഥാപനങ്ങൾ. ഫാ. ഹോർമ്മീസ് പെരുമാലിയുടെയും, ഫാ. ഷാബോർ വള്ളുവന്തറയുടെയും കർമ്മശേഷിക്കു് കുരിയായുടെ കൃച്ചുവിലങ്ങില്ലാതെ, കത്തിക്കയറാൻ സഭാനേതൃത്വം വഴിതെളിച്ചതും ഈ കഴിവു കണ്ടതുകൊണ്ടുതന്നെയാണു്.


കർമ്മലീത്താസഭയുടെ മലബാർ പ്രവിശ്യയുടെ ഇരുപത്തിയഞ്ചാം വാർഷികം ഈ ഘട്ടത്തിൽ ആഘോഷിക്കുമ്പോൾ, ഇന്നിന്റെ പ്രഭാവലയത്തിൽപ്പെട്ട നില്ക്കുന്ന സഭാംഗങ്ങൾ ഇന്നലയുടെ വീരേതിഹാസം രചിച്ചു കടന്നുപോയ പ്രതിഭാധനന്മാരെക്കൂടി അനുസ്മരിക്കണമെന്നർത്ഥിക്കട്ടെ. അവരുടെ ആത്മ ചൈതന്യം ഈ സ്ഥാപനങ്ങളിൽ എന്നും പ്രകാശം ചെരിഞ്ഞു നിൽക്കും. അവരെയും അവർക്കു് പിന്തുണ നല്കി നിഷ്കാമകർമ്മത്തിലൂടെ സഭയേയും സ്ഥാപനങ്ങളേയും സ്നേഹിച്ചു പ്രവർത്തിച്ചു കടന്നുപോയവരെയും, അറിയപ്പെടാതെ ഇന്നും ജീവിച്ചിരിക്കുന്നവരായ അനേകം വ്യക്തികളെയും നന്ദിയോടെ അനുസ്മരിക്കാം. ദേവഗിരിയെ പടുത്തുയർത്തുന്നതിൽ സഹായിച്ച വള്ളോപ്പിള്ളി പിതാവിനെ കർമ്മലീത്താ സഭയ്ക്കു് ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. ഇവയൊക്കെ ഒരു ചരിത്ര സത്യമായി ഭാവിതലമുറക്കു വേണ്ടി രേഖപ്പെടുത്തിവയ്ക്കുന്നതു് ഉപകാരപ്രദമായി ഭവിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

Best wishes from :

THANKAM STEELS

S. M. STREET

CALICUT



EDUCATIONAL INSTITUTIONS

RUN BY C. M. I. ST. THOMAS PROVINCE: AN OVERVIEW

PROF P. K. G. VIJAYARAM
(Retd Head of the Dept. of English
St. Joseph's College, Devagiri,
Calicut - 673 008)

The greatest prophetic voices of this earth were all great educators as well· Upanishads like the CHANDOGYA Upanishad (the dialogue between Narada and Sanatkumara) discuss the educational process at length. The GOSPEL too follows a similar path through countless parables. Irrespective of the religion that each of us believe in, all of us would concede that Christ is, in the truest sense, one of the greatest educators that this world has seen to date. It is not surprising, then, that Christianity came to give education the highest priority.


It is to the founder of the C. M I. order, Rev. Fr Kuriakose Chavara that we owe all the great institutions run by this Province Rev. Fr. Chavara realized early enough in his priestly calling that education played the most vital role in the development of the community and society. It was this perception of the crucial importance of education that made Rev. Fr. Chavara (then Vicar General of Syrian Christians) issue the famous directive in 1865 calling upon every Parish Church to start a school within its premises. Parishes that failed to comply with this were warned of closure forthwith. Fr. Chavara's diagnosis was very clear headed: If sufficient attention was not paid to education the community would have to remain at the lower rungs of the social ladder forever. When the monastery, two decades bofore the issue of this directive in 1846 had started a school for Sanskrit studies, the objective was the same. Rev. Fr. Chavara had dreamed of starting a central college for Catholics but the project didn't materialize on account of a number of difficulties.

However, more than a century and a quarter later, the education scene in Kerala presents a totally different picture. Problems have not only been overcome, the C M. I. monastic order has virtually become the most enlightened group among the managers of Kerala's educational institutions. (I am certainly not glossing over some of the dark spots in the 1964 - 69 years).

The purpose of this article is to provide an over-view of the educational institutions run by the C. M. I. St. Thomas Province. It isn't always realized that a very vast area is covered by these educational institutions, stretching from Calicut and extending to Jammu and Kashmir in the north, and with a project taking shape in Tanzania in far-away Africa.

Let's begin with the schools. The most prestigious of the schools is the Silver Hills School (started in 1975; medium of instruction: English) in Paroppady, Calicut. Over the years this school has acquired a stupendous reputation with not just a neat

unbroken record of hundred per cent passes but a near-hundred per cent record of distinction marks and first classes, batch after batch. The school has an imposing four-storey building and a truly dedicated team of teachers. It's not surprising, then, that many of the 'top-notchers' have managed to land themselves in I. I. T., Madras. Apart from attending to academic routine, very great attention is devoted here to co-curricular activities like training in computers, electronics, needle-work and music. The school's orchestra has carved out a niche for itself in the All Kerala Schools' Competitons.



Silver Hills High School, Paroppady


Savio School, Devagiri which has L. P., U. P. and High School sections deserves mention next. This school was established in 1956. The school has steadied itself over



Savio High School, Devagiri

the years and has acquired a reputation for disciplined instruction in recent years. The institution provides facilities to nearly two thousand students and serves a useful role since those denied admission in the English medium schools elsewhere manage to find a berth here. S. S. L. C. Examination results here compare well with that in some of the better city schools

The school was founded by Rev. Fr. Antonius, C. M. I. at a time when there were no schools at all in the belt between Kodancheri and Thamarasseri. A very broad stretch of land and a sizeable population is served by this school. At present, there are nearly two thousand pupils in this school. Another of the



Morning Star Higher Secondary School, Gudaliur

St. Mary's School, Koodathai is another prominent aided Malayalam-medium school.


schools shaping up well is Morning Star Higher Secondary School in Gudaiur, Tamil



St. Joseph's L. P. School, Edappuzha

Nadu. This school(unaided; English-medium) was established in 1988 and its curriculum follows the C. B. S. E. pattern. This year the first batch is set to take the tenth standard examination An L. P. school that has served the community well is St. Joseph's L. P. School, Edappuzha near Iritty in Cannanore District. This school caters to the needs of a distinctively rural population living in a largely hilly terrain. Students have to walk distances of upto ten kilometres. Parents of the students here have been pleading for the upgrading of this school from the present Fourth Standard for quite some time now but the Government, year after year, has been refusing permission. Let us hope that efforts would eventually bear fruit


the best school in the whole of the Jammu region. The school has grown by now to the U. P. section. The transparent sincerity and stintless dedication of Rev. Fr. Joseph Paikada assures the institution of glorious years ahead. Those who have managed to visit Jammu have come back with near-legendary accounts of the influence that Rev Fr. Paikada wields in the whole area. Another school in the State is Christu Nivas School, Nowshera. Only nu sery classes have started functioning there, and the school is unable to accommodate the hundreds of applicants seeking admission. At BEKKI in Tamilnadu the Province runs L. K. G and U. K. G classes. The school is of service to the poorest of



MEMORABLE COLLEGE DAY
General Kariappa with our Principal and College Union Chairman


In distant Jammu and Kashmir there are two schools run by this Province. The first is Christ School, Poonch which came up in answer to the needs of an area that was totally devoid of educational institutions. This is an unaided school offering instruction through the medium of English and has, by now, acquired the reputation as

the poor, the children of farm-workers and is a great boon indeed to this section. The Province intends to set up educational instituions in Tanzania in Africa. This desire to serve the once-dark continent is an eloquent comment on the venturesome spirit of those guiding the destinies of the C. M. I. St. Thomas Province.



St. Joseph's College, Devagiri


And, now, on to the most substantial of the contributions of this Province to educational interests in the northern districts of Kerala – St. Joseph's College, Devagiri, Calicut–8. There wouldn't be many in the whole of Kerala to contest the pre-eminence of this institution in our state. Stalwarts like Rev. Fr. Theodosius, Rev. Fr. Reynolds and Rev. Fr. Shabor and Rev. Fr. Hormice were associated with this college from its inception in 1956. It would be no exaggerated claim to state that, within the close to forty years of its life, St. Joseph's, Devagiri has acquired the undisputed reputation of colleges more than a century old. It is largely to the vision and administrative skill of the founding Principal, Rev. Fr. Theodosius that the college is truly



Tagore Hostel, Devagiri

indebted for this enormous reputation. The contribution of great teachers like Prof. C. A. Sheppard, Dr. A. S. Iyer, Prof. Sukumar Azhikode and Sri Thayat Sankaran, to mention just a few, was instrumental in the institution becoming a virtual by-word for academic excellence The four post-graduate departments of this college (English, Mathematics, Zoology, Botany) have a virtual monopoly over the highest places in the respective post-graduate University examinations. The College is justifiably proud of countless teachers who have been drawn to teaching as a special calling, "a lifetime's death in love", and not a wage-earning exercise. In athletics and in games, too the College has created champions with an all-India reputation – one has only to cite the name of the truly immortal Voleyball wizard Jimmy George. No one can refute that the process of consolidating examination results that began with resounding success under the Principalship of Rev. Fr. Joseph Paikada has been stabilized further under the present Principal, Rev. Fr. Mathew Chalil. Of late, St. Joseph's College has been on an expansion drive (again, under Rev. Fr. Mathew Chalil) and has added several facilities like a Computer Centre. To any impartial observer of the educational scene, St. Joseph's should appear poised for phenomenal growth in the years to come since, under the present administration, all infrastructure facilities have been provided for future expansion.


St. Thomas Province of the C.M.I. Congregation has thus invested its energies and resources and leadership qualities in projects with an educational edge in abundant measure. With clearsighted thought-leaders like the present Vicar-General Rev. Fr. Sebastian Poonoly in charge of educational affairs in the whole C.M.I. order, the Congregation would never lack in vision or in ideas. As we are at the very threshold of a new century, let us hope that the sky would be the limit for all future plans of expansion in the educational field.



Another view of the College

ഉമാമഹേശ്വരൻ

ဗိုလ်ချုပ် ဆရာတော်



വൈസ് പ്രോവിൻസിന്റെ ഉദ്ഘാടനം 1969




ആദ്യത്തെ പ്രൊവിൻഷ്യൽ കൗൺസിൽ


ഇടത്തുനിന്ന് : ഫാ. കൊളംബസ്, ഫാ. ചെസാരിയൂസ്,
ഫാ. ഒപ്ത്താത്തൂസ്, ഫാ. ജയിംസ് (പ്രൊവിൻഷ്യൽ)



പ്രോവിൻസിന്റെ ഉദ്ഘാടനം



കുടുംബസമ്മേളനം




അദ്ധ്യക്ഷവേദിയിൽ :
[വലത്തുനിന്നു്] **ഫാ. ജസ്റ്റിൻ കോയിപ്പുറം** (പ്രൊവിൻഷ്യൽ), **ഫാ. തോമസു് മാന്ത്ര** (പ്രിയോർ ജനറാൾ), **ഫാ. ജെയിംസു് പള്ളിവാതുക്കൽ, ഫാ. സെബാസ്റ്റ്യൻ പൂണോലി, ഫാ. ജോസഫു് മറേറം** (മുൻ പ്രൊവിൻഷ്യൽമാർ)


ദൈവത്തിലൂടെ



1. സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസ്, അമലാപുരി.



അമലാപുരി പള്ളി

ഈ സ്ഥാപനം കോഴിക്കോട് നഗരത്തിൽ 4-ാം റയിൽവേഗെയ്ററിനു സമീപം 1954 ഏപ്രിൽ 20-ന് "സാൻതോം കാമ്മൽ ഹൗസ്" എന്ന പേരിൽ ആരംഭിച്ചു.

മലബാറിന്റെ വിവിധ ഭാഗങ്ങളിലുള്ള കുടിയേറ്റകർഷകരുടെയിടയിൽ സി. എം. ഐ. വൈദികർ സേവനമനുഷ്ഠിച്ചിരുന്ന കാലം. കോട്ടയം സെൻറ് ജോസഫ്സ് പ്രവിശ്യയിലെ ബ. അച്ചന്മാരായിരുന്ന അവർ ഭൂരിഭാഗവും. അവർക്കെല്ലാവർക്കും ഒരുമിച്ച് സമ്മേളിക്കുന്നതിനും, വിശ്രമിക്കുന്നതിനും, സന്ന്യാസജീവിതാനുഭവം പങ്കുവെയ്ക്കുന്നതിനും ഉപകരിക്കുന്ന ഒരു സ്ഥലം ഉണ്ടാക്കണമെന്നുള്ള ആഗ്രഹം അന്നത്തെ പ്രൊവിൻഷ്യൽ ആയിരുന്ന ബ. ദാനിയേലച്ചൻ ബ. ഹോർമിസച്ചനെ അറിയിച്ചു. അതനുസരിച്ച് അന്നു് കോഴിക്കോട് രൂപതയിൽ സേവനമനുഷ്ഠിച്ചിരുന്ന ഹോർമിസച്ചൻ ഈ സ്ഥലവും അതിലുണ്ടായിരുന്ന പഴയകെട്ടിടങ്ങളും വാങ്ങി.

1956 ൽ സാൻതോം പ്രസ്സ്, അമലാ പ്രിൻറിംഗ് വർക്സ്, പ്രകാശം പബ്ലിക്കേഷൻസ് എന്നീ പ്രസ്ഥാനങ്ങൾ അവിടെ പ്രവർത്തിച്ചുതുടങ്ങി. 'ക്രിസ്റ്റഫർ' എന്ന മാസികയുടെ പ്രസിദ്ധീകരണവും ആരംഭിച്ചു. അവയോടൊപ്പംതന്നെ "സാവിയോ ഹോം" എന്ന പേരിൽ കുട്ടികൾക്കുവേണ്ടി ഒരു ബോർഡിംഗും നടത്തിയിരുന്നു. ഈ സ്ഥാപനത്തിന്റെ പ്രഥമ സുപ്പീരിയർ ആയി നിയമിതനായതു് ബ. എവരിസ്റ്റസച്ചനാണു്.



പ്രൊവിൻഷ്യൽ ഹൗസ്


1959-ൽ സി. എം. ഐ. സഭയുടെ മലബാർ റീജിയൻ രൂപീകരിക്കപ്പെട്ടപ്പോൾ റീജിനൽ ഹൗസായി അമലാപുരി ഉയർത്തപ്പെട്ടു, റീജിനൽ സുപ്പീരിയറായി ബ. ഔറേലിയൂസച്ചൻ നിയമിതനായി. 1962-ൽ ഫാ. ഹഡ്രിയാൻ റീജിനൽ സുപ്പീരിയറായിവന്നു. പിന്നീട് കൂടുതൽ സഭാകാര്യാത്മം പ്രസ്സും, പബ്ലിക്കേഷൻസും ആലപ്പുഴയിലേയ്ക്ക് മാറ്റി.

1965-ൽ ഫാ. ജെയിംസ് പള്ളിവാതുക്കൽ റീജിനൽ സുപ്പീരിയറായി ചാർജ്ജെടുത്തു. കോട്ടയം പ്രോവിൻസിൽ നിന്നും മലബാറിൽ സേവനമനുഷ്ഠിച്ചിരുന്ന ബ. അച്ചൻമാരിൽ ചുരുക്കം ചിലർ ഒഴികെ ബാക്കി എല്ലാവരും ഇതിനോടകം മലബാർ റീജിയന്റെ അംഗങ്ങളായിത്തീർന്നിരുന്നു.

1966-ൽ റീജിയൻ ആസ്ഥാനം അമലാപുരിയിൽ നിന്നും മേരിക്കുന്ന് സെൻറ് തോമസ് മൗണ്ടിലേയ്ക്കു മാറ്റുകയുണ്ടായി. പിന്നീട് പ്രോവിൻസായി ഉയർത്തപ്പെട്ടതിനുശേഷം 1978 ജൂലൈ 3 മുതൽ വീണ്ടും അമലാപുരി പ്രോവിൻഷ്യൽ ഹൗസായി പ്രവർത്തിച്ചുവരുന്നു.

1987-ൽ ഈ ഭവനത്തോട് ചേർന്നു കിടന്നിരുന്ന 9 സെൻറ് സ്ഥലവും കെട്ടിടവും കൂടി വാങ്ങിച്ചു. ആ കെട്ടിടം ഇന്ന് പ്രോവിൻസിന്റെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെൻറ് ഓഫീസായി പ്രവർത്തിക്കുന്നു. ക്രമേണ പല ഘട്ടങ്ങളിലായി വേണ്ട ക്രമീകരണങ്ങളും ചെയ്ത് ഈ സ്ഥാപനം ഇന്നത്തെ നിലയിൽ ആക്കിത്തീർത്തിരിക്കുന്നു.


അമലാപുരിയുടെ കീഴിൽ 1969 മുതൽ ഒരു ബുക്ക് സെൻറർ കൂടി പ്രവർത്തിച്ചുവരുന്നു. മതപരവും ധാർമ്മികവുമായ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പുസ്തകങ്ങൾക്കു പുറമേ ദേവാലയസംബന്ധമായ എല്ലാ തിരുവസ്തുക്കളും മറ്റു ഭക്തസാധനങ്ങളും ഇവിടെ ലഭ്യമാണ്. കോഴിക്കോട് നഗരത്തിൽ ഇത്തരത്തിലുള്ള ഒരു സ്ഥാപനവും ഇല്ലാതിരുന്ന കാലത്താണ് ആരംഭിച്ച വിമലാ



വിമല ബുക്ക് സെൻറർ ഉദ്ഘാടനം : ബഹു. മന്ത്രി കെ. എം. ജോർജ്ജ്

ബുക്ക് സെൻറർ ഇന്നും മലബാർ പ്രദേശത്തുള്ള അനേകം ഇടവകകൾക്കു വിലയേറിയ സേവനം സംലഭ്യമാക്കുന്നു.

അമലാപുരിയുടെ മറെറാരു പ്രധാന പ്രവത്തനരംഗമാണ് ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സെൻറ് തോമസ് പാരീഷ്. 700-ൽ പരം കുടുംബങ്ങളുണ്ട് ഈ ഇടവകയിൽ. ഈ സ്ഥാപനത്തിൻെറ ആരംഭകാലം മുതൽ തന്നെ കോഴിക്കോട്ട് നഗരത്തിലും സമീപപ്രദേശങ്ങളിലുമുള്ള സുറിയാനിക്കത്തോലിക്കരുടെ ആദ്ധ്യാത്മീകാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും നഗരത്തിലെത്തി, വിവിധ രംഗങ്ങളിലായി പലവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന സുറിയാനിക്കത്തോലിക്കരെ ഒത്തൊരുമിപ്പിച്ച് ഒരു ഇടവകാ സമൂഹമാക്കി വളർ




അമലാപുരി പള്ളി വെഞ്ചരിപ്പ് : അഭിവന്ദ്യ വള്ളോപ്പള്ളി പിതാവിനു സ്വീകരണം

ത്തിയെടുക്കുന്നതിൽ അമലാപുരി വഹിക്കുന്ന പങ്ക് സ്തുത്യർഹമാണ്.

ഇടവകയോടനുബന്ധിച്ച് കുട്ടികളുടെ മതപഠനം, വിവിധ ഭക്തസംഘടനകൾ, പ്രാർത്ഥനാസമ്മേളനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, കുടുംബയോഗങ്ങൾ മുതലായവ വളരെ ഫലപ്രദമായി നടക്കുന്നു എന്നുള്ള വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു. 1975 ജൂലൈ 6-നാണ് ഇപ്പോഴുള്ള ദേവാലയം പണിതീർത്തു് പ്രതിഷ്ഠിച്ചതു്. കോഴിക്കോട്ട് നഗരത്തിന്റെ ഹൃദയഭാഗത്തുതന്നെയായതുകൊണ്ട് വിവിധ ആവശ്യങ്ങൾക്കായി ടൗണിൽ വരുന്നവർക്ക് വിശുദ്ധ ബലിയിൽ സംബന്ധിക്കുന്നതിനും മറ്റ് ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനും അമലാപുരി പള്ളി വളരെയധികം സഹായകമായിത്തീരുന്നു.

എല്ലാറ്റിനും പുറമെ, മലബാറിലെ സി. എം. ഐ. സന്ന്യാസസഭാംഗങ്ങളുടെ എല്ലാവിധത്തിലുമുള്ള ജനസേവനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും അമലാപുരിയിലുള്ള സെൻറ് തോമസ് പ്രോവിൻഷ്യൽ ഹൗസ് തന്നെ.



വിമലാ ബുക്ക് സെൻറർ, അമലാപുരി

2. സെന്റ് ജോസഫ്സ് ആശ്രമം, ദേവഗിരി.

ദേവഗിരിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം ഓർക്കേണ്ടത് ബ. ഹോർമിസച്ചനെയാണ്. അദ്ദേഹമായിരുന്നു ദേവഗിരിയുടെ സ്ഥാപകൻ. കോളേജ് സ്ഥാപനത്തിന് പറ്റിയ സ്ഥലമന്വേഷിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സംഘം പലയിടങ്ങളിലും നടന്ന് ഒടുവിൽ കണിയാംകുന്നിൽ വന്നുചേർന്നു. കോഴിക്കോട്ട് നഗരത്തിൽ നിന്നും ഏകദേശം 6 കി. മി. കിഴക്ക് കോഴിക്കോട്ട്-തെങ്ങിലക്കടവു റോഡിന്റെ വലത്തുഭാഗമായി ഏതാണ്ട് 101 ഏക്കറോളം വരുന്ന കണിയാംകുന്ന് കാടുനിറഞ്ഞ് വന്യമൃഗങ്ങളുടേയും വിഷജന്തുക്കളുടേയും ഒരു വിഹാര കേന്ദ്രമായിരുന്നു. 1955-ൽ ഈ സ്ഥലം ആധാരം ചെയ്ത് വാങ്ങി. കണിയാംകുന്നിന് "ദേവഗിരി" എന്ന പേരു നൽകിയതു ബ. ഹോർമിസച്ചൻ തന്നെയാണ്.

ദേവഗിരിയിൽ ആശ്രമം തുടങ്ങുന്നതിനു മുമ്പുതന്നെ കോളേജ് ആരംഭിക്കുകയായിരുന്നു ലക്ഷ്യം. 1956-ൽത്തന്നെ കോളേജിനുള്ള അനുവാദം ഗവണ്മെൻറിൽ നിന്നും ലഭിച്ചു. കെട്ടിടം പണികളും ഉടൻ തന്നെ ആരംഭിച്ചു. പലതരത്തിലുള്ള പ്രതിസന്ധികളും തരണം ചെയ്യേണ്ടിവന്നെങ്കിലും 1956



സെൻറ് ജോസഫ് ആശ്രമം, ദേവഗിരി

ജൂലൈ 2-ന് കോളേജിന്റെ ആശീർവാദകർമ്മം തലശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി നിർവ്വഹിച്ചു. 1956 സെപ്തംബർ 26-ാം തീയതി മദ്രാസ് ഗവർണർ ആയിരുന്ന ശ്രീ. പ്രകാശ കോളേജിന്റെ ഔദ്യോഗിക ഉത്ഘാടനവും നിർവ്വഹിച്ചു.


ദേവഗിരിയിൽ ആശ്രമം ഇല്ലായിരുന്നതിനാൽ ഹോസ്റ്റൽ വാർഡന്മാർ ഒഴികെ കോളേജിൽ പഠിപ്പിച്ചിരുന്ന എല്ലാ അച്ചന്മാരും അമലാപുരിയിലായിരുന്നു താമസിച്ചിരുന്നത്. പിന്നീട് ബ. അച്ചന്മാർക്ക് താൽക്കാലികമായി താമസിക്കുവാനായി 1958-ൽ "അമലാലയം" എന്ന പേരിൽ ഒരു കെട്ടിടം പണിതു. പിന്നീട് ഇപ്പോഴുള്ള ആശ്രമകെട്ടിടമുണ്ടായപ്പോൾ "അമലാലയം" അമലാ ഹോസ്റ്റലായി മാറി.

ഇന്ന് മലബാർ പ്രവിശ്യയിലെ ഏറ്റവും വലിയ സ്ഥാപനമാണ് ദേവഗിരി ആശ്രമം. പ്രൈമറി സ്കൂൾ മുതൽ കോളേജ് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ് ഇതിന്റെ ശ്രദ്ധാകേന്ദ്രം. അതോടൊപ്പം തന്നെ 'അമലാ ആസ്പിരൻസ് ഹൗസ്', സെൻറ് ജോസഫ്സ് പാരിഷ്, മന്ദബുദ്ധികളായ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള 'ആശാകിരൺ' എന്നിവയും വളരെ സ്തുത്യർഹമാം വിധം പ്രവത്തിക്കുന്നു.

2200-ൽ പരം വിദ്യാർത്ഥികളുള്ള ദേവഗിരി കോളേജിൽ 8 വൈദികരുൾപ്പെടെ 100ലധികം അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്. കോളേജിനോടനുബന്ധിച്ച് ഏകദേശം 130 കുട്ടികൾ താമസിക്കുന്ന 'ടാഗോർ' ഹോസ്റ്റലും പ്രവർത്തിക്കുന്നു. മാത്തമാറ്റിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദപഠന സൗകര്യങ്ങളും, കമ്പ്യൂട്ടർ പരിശീലന കേന്ദ്രവുമുള്ള ദേവഗിരി കോളേജ് മലബാറിലെ ഏറ്റവും പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനമായി പരിലസിക്കുന്നു.

കോഴിക്കോട് മേഖലയിലെ യുവജനങ്ങളുടേയും കോളേജ് വിദ്യാർത്ഥികളുടേയും ആദ്ധ്യാത്മിക നവോത്ഥാനത്തിന് നേതൃത്വം കൊടുക്കുവാൻ ദേവഗിരി കോളേജ് വഹിക്കുന്ന പങ്ക് തികച്ചും ശ്ലാഘനീയമാണ്. ഇതിനോടകം ജീസസ് യൂത്ത് - മലബാർ മേഖലയുടെ സിരാകേന്ദ്രമായി മാറിയിരിക്കുന്ന ഈ കോളേജ് കാമ്പസ്, യുവജനങ്ങൾക്കുള്ള ധ്യാനങ്ങൾ, ഏകദിന പ്രാർത്ഥനാസമ്മേളനങ്ങൾ, സെമിനാറുകൾ, നേതൃത്വപരിശീലന ക്ലാസ്സുകൾ തുടങ്ങിയവയിലൂടെ യുവജനങ്ങളുടെ സമഗ്രമായ വ്യക്തിത്വവികസനത്തിന് നേതൃത്വം കൊടുക്കുന്നതിലും ദേവഗിരി കോളേജ് അതുല്യമായ പങ്കുവഹിക്കുന്നു.

1800 - ഓളം വിദ്യാർത്ഥികളും, രണ്ട് വൈദികരുൾപ്പെടെ 47 അദ്ധ്യാപകരുമുള്ള സാവിയോ ഹൈസ്കൂൾ എല്ലാവിധത്തിലും ഇന്ന് വളർച്ചയുടെ പാതയിലാണ്.




യോഗാഭവനം, ദേവഗിരി

ദേവഗിരി ആശ്രമത്തോട് ചേർന്ന് പ്രവർത്തിക്കുന്ന സഭയുടെ പരിശീലന കേന്ദ്രമാണ് അമലാ ആസ്പിരൻറ്സ് ഹൗസ്. ഇവിടെ താമസിച്ചു പരിശീലനം നേടുന്ന ബ്രദേഴ്സ് ദേവഗിരി കോളേജിൽ P. D. C. പഠനം നടത്തുന്നു.

പ്രവിശ്യയുടെ സോഷ്യൽ സർവീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന ആശാകിരൺ ഈ ആശ്രമത്തോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറെറാരു സ്ഥാപനമാണ്. മന്ദബുദ്ധികളായ കുട്ടികൾക്ക് ഇവിടെ പ്രത്യേക പരിശീലനം നല്കുന്നു. ആണ്ടിൽ രണ്ടു പ്രാവശ്യം ഓരോ മാസം വീതം കുട്ടികളെ ഇവിടെ താമസിപ്പിച്ച് പ്രത്യേക പരിശീലനം കൊടുക്കുന്നതിനുള്ള സൗകര്യവും ഇവിടെയുണ്ട്. ഈ രംഗത്ത് വിദഗ്ദ്ധ പരിശീലനം നേടിയ സിസ്റ്റേഴ്സ് ഉൾപ്പടെ എട്ട് അധ്യാപകരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്.

ദേവഗിരി ആശ്രമത്തിൻെറ മറെറാരു പ്രധാന കർമ്മവേദിയാണ് സെൻറ് ജോസഫ്സ് പാരീഷ്. 400-ൽ പരം കുടുംബങ്ങളുണ്ട് ഈ ഇടവകയിൽ. കുട്ടികളുടെ മതപഠനത്തിനു പുറമേ, മിഷൻ ലീഗ്, വിൻസൻറ് ഡി പോൾ, ജീസസ് യൂത്ത് മുതലായ ഭക്തസംഘടനകളും ഇവിടെ വളരെ സജീവമായി പ്രവർത്തിക്കുന്നു.



ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ആശ്രമദേവാലയത്തിനു കല്ലിടുന്നു

വലിയ ഈ ഇടവകയിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല ദേവഗിരി ആശ്രമത്തിന്റെ അജപാലനപ്രവർത്തനങ്ങൾ. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടതന്നെ ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികളുടേയും അവരെ ശുശ്രൂഷിക്കാനെത്തുന്നവരുടേയും ആദ്ധ്യാത്മീകാവശ്യങ്ങൾ നടത്തിക്കൊടുക്കാൻ ഹോസ്പിറ്റൽ ചാപ്ലയിൻ ആയി ബ. ഹെർമെനെജിൽഡച്ചൻ സേവനമനുഷ്ഠിക്കുന്നു. കൂടാതെ മെഡിക്കൽ കോളേജിനോടും ദേവഗിരി കോളേജിനോടും ബന്ധപ്പെട്ട വിവിധ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളും, ലോഡ്ജുകളിലും മറ്റുമായി താമസിച്ചു പഠിക്കുകയും ജോലിചെയ്യുകയും ചെയ്യുന്ന മറ്റു നിരവധിയാളുകളും ദേവഗിരി ആശ്രമത്തിലെ ബഹു. വൈദീകരുടെ ആദ്ധ്യാത്മിക സേവനം സ്വീകരിക്കുന്നവരാണ്. ദേവഗിരിയിലും സമീപപ്രദേശങ്ങളിലുമായി സേവനമനുഷ്ഠിക്കുന്ന 8 സന്ന്യാസിനീ സമൂഹങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്നതും ദേവഗിരി ആശ്രമത്തിൽനിന്നാണ്. അങ്ങനെ, സേവനത്തിന്റെ പാതയിലൂടെയുള്ള സെൻറ് തോമസ് പ്രോവിൻസിന്റെ വളർച്ചയിൽ ദേവഗിരി ആശ്രമവും അതിനോട് ബന്ധപ്പെട്ട വിവിധ പ്രസ്ഥാനങ്ങളും ഏറ്റവും മാതൃകയായി നിലകൊള്ളുന്നു.




3. ലൂർദ് മാതാ ആശ്രമം, കൂടത്തായി.

താമരശ്ശേരിയിൽ നിന്നും ഏകദേശം 5 കി. മി. തെക്കുമാറി കൂടത്തായി – കോടഞ്ചേരി റോഡരികിലാണ് ലൂർദ് മാതാ ആശ്രമം സ്ഥിതിചെയ്യുന്നത്.

1940 മുതൽ കൂടത്തായി ഭാഗത്തു് കുടിയേറ്റം നടന്നിരുന്നു. അതേത്തുടർന്നു് 1949-ൽ കോഴിക്കോട്ട് രൂപത ഇതോടെ കൂടത്തായിയിൽ ഭാവിയിലും ഒരിടവകയ്ക്ക് സാധ്യതയില്ലെന്ന ധാരണയുണ്ടായി.

പിന്നീട് തലശ്ശേരി രൂപത നിലവിൽ വന്നശേഷം ഇടവകയ്ക്ക് സാധ്യതയില്ലെങ്കിൽ ഒരു ആശ്രമമെങ്കിലും അവിടെയുണ്ടാകണമെന്നുള്ള ജനങ്ങളുടെ



ലൂർദ്ദ് മാതാ ആശ്രമം, കൂടത്തായി

യുടെ കീഴിൽ കൂടത്തായിയിൽ ഒരു ഇടവക സ്ഥാപിക്കപ്പെട്ടു. ഇടവകയോടനുബന്ധിച്ചു് ഒരു എൽ. പി. സ്കൂളും സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ വേനപ്പാറ പ്രദേശത്തു് കൂടുതൽ കുടുംബങ്ങൾ ആയതോടുകൂടി സഹകർത്തെ കരുതി കൂടത്തായി ഇടവക നിർത്തൽ ചെയ്തു് വേനപ്പാറ ഇടവകയോടു ചേർത്തു.

താല്പര്യം പരിഗണിച്ചു് കൂടത്തായിയിൽ ഒരു സി എം. ഐ. ആശ്രമം സ്ഥാപിക്കുന്നതിനുള്ള അനുവാദം അന്നത്തെ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയിൽ നിന്നും ലഭിച്ചു. ഇടവകയ്ക്കായി നേരത്തെയുണ്ടായിരുന്ന സ്ഥലവും, എൽ. പി. സ്കൂളും ആശ്രമത്തിനായി വാങ്ങി. ഇതിനെല്ലാം മുൻകൈ

യെടുത്തത് ബ. അന്തോനിന്യസച്ചനാണ്. 1963 ജൂൺ 21ന് സ്ഥലത്തിന്റെ ആധാരം നടത്തി. ആശ്രമത്തിന്റെ ആദ്യത്തെ സുപ്പീരിയറായി ബ. അന്തോനിന്യസച്ചൻ നിയമിതനായി അദ്ദേഹത്തിന്റെ കാലത്താണ് എൽ. പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തിയത്. മലബാർ പ്രോവിൻസിന്റെ നവസന്ന്യാസ പരിശീലനകേന്ദ്രം ആദ്യമായി ആരംഭിച്ചതു് കൂടത്തായിയിൽ ആയിരുന്നു. സി. എം. ഐ. സഭയിൽ അംഗങ്ങളാകുവാനെത്തുന്ന യോഗാർത്ഥികൾക്ക് ഒരു വർഷത്തെ പ്രാരംഭപരിശീലനം നൽകുന്ന അസംപ്ഷൻ ആസ്പിരൻറ്സ് ഹൗസ് ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ ഈ ആശ്രമത്തോടനുബന്ധിച്ച് ലൂർദ്മാതാ സ്കൂളും പ്രവർത്തിക്കുന്നു കൂടത്തായിയിലും സമീപപ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ ഏക ആശ്രയമാണ് ഈ സ്കൂൾ.

ആശ്രമത്തോടനുബന്ധിച്ച് ഒരു ചെറിയ ഇടവകയും നല്ല നിലയിൽ പ്രവർത്തിക്കുന്നു. 1973 ജനുവരി 1-നാണ് നാട്ടുകാരുടെ ചിരകാലാഭിലാഷമായിരുന്ന ഈ ഇടവക പ്രവർത്തനമാരംഭിച്ചതു് 130-തോളം കുടുംബങ്ങളുണ്ട് ഈ ഇടവകയിൽ. വിവിധ ക്രൈസ്തവസഭകളും സജീവമായി പ്രവർത്തിക്കുന്ന ഈ മേഖലയിൽ എല്ലാവരേയും ഒരുമിപ്പിച്ച് മാതൃകാപരമായ ക്രൈസ്തവകൂട്ടായ്മയ്ക്ക് സഹായകമാംവിധം വിവിധ കുമ്പസരിപ്പാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ ആശ്രമത്തിലെ ബ. അച്ചന്മാർ പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്നു. കൂടാതെ അടുത്തുള്ള ഇടവകകളിലെ ബ. വികാരിയച്ചന്മാർക്ക് അവശ്യഘട്ടങ്ങളിലെല്ലാം തങ്ങളുടെ സേവനം സംലഭ്യമാക്കുവാനും പ്രത്യേകം പരിശ്രമിക്കുന്നു. ഇടവകയോടനുബന്ധിച്ചു കുട്ടികളുടെ മതപഠനം, കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടിയുള്ള ഭക്തസംഘടനകൾ, പ്രാർത്ഥനായോഗങ്ങൾ എന്നിവയെല്ലാം വളരെ ഭംഗിയായി നടന്നുവരുന്നു.

FOR NEW HIGH FASHION CHAPPEL

SHALIMAR FOOT WEAR

S. M. STREET. CALICUT

WHOLESALE AND RETAIL COUNTER

Phone : 64291
Resi : 50502

4. ഫാത്തിമ മാതാ ഹോസ്പിറ്റൽ, കൽപ്പറ്റ.


വയനാട്ടുകാരുടെ വലിയൊരു സ്വപ്നമായിരുന്ന നല്ലൊരു ആശുപത്രി. ചികിത്സ തേടി കോഴിക്കോട്ട് വരേണ്ട ഗതികേടായിരുന്ന അവർക്ക്. രോഗം വഷളാച്ചാൽ ഇരുപതും അകലേക്ക് കൊണ്ടുപോവുക എന്നത് ദുഷ്ക്കരവും ആണല്ലോ. വയനാട്ടിലാകട്ടെ ഗതാഗത, വാർത്താ വിനിമയ സൗകര്യങ്ങളും താരതമ്യേന കുറവുമാണല്ലോ.

ഈ സാഹചര്യത്തിലാണ് വയനാട്ടിൽ ഒരാശുപത്രി സ്ഥാപിക്കുക എന്ന ആശയം ഉടലെടുത്തത്. തുടർന്ന് അതിനുള്ള ശ്രമങ്ങളും ആരംഭിച്ചു. അങ്ങനെ 1973-ൽ ഓപ്പറേഷൻ തിയേറ്റർ, 13 കിടക്കകളും, ലാബ് എന്നിവയടങ്ങിയ കൽപ്പറ്റ ടൗണിലെ ബോസ്കോ ഹോസ്പിറ്റൽ പ്രോവിൻസ് വിലയ്ക്കു വാങ്ങി. 2 ഡോക്ടർമാരും കുറച്ച് മറ്റു സ്റ്റാഫംഗങ്ങളും മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. കുറച്ചുകാലത്തേയ്ക്ക് അവിടെത്തന്നെ ആശുപത്രി പ്രവർത്തിച്ചു. പിന്നീട് കല്പറ്റ-പിണങ്ങോട് റോഡിൽ സ്ഥലം വാങ്ങി കെട്ടിടം പണിതു. 1974 ഒക്ടോബർ 3-ന് ഇപ്പോഴുള്ള സ്ഥലത്തേയ്ക്ക് ആശുപത്രി മാറുകയും ഫാത്തിമാ മാതാ ഹോസ്പിറ്റൽ എന്ന പേര് നൽകുകയും ചെയ്തു. താല്ക്കാലികമായി നിർമ്മിച്ചിരുന്ന പഴയ കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടങ്ങൾ ആസ്പത്രിക്കായി നിർമ്മിച്ചു. ക്രിസ്റ്റ് സിസ്റ്റേഴ്സിന്റെ സേവനം ആദ്യകാലം മുതൽത്തന്നെ ലഭിച്ചിരുന്നു. അവരുടെ നിരന്തരവും ആത്മാർത്ഥവുമായ സേവനം തീർച്ചയായും സ്തുത്യർഹം തന്നെയാണ്.

ഇപ്പോൾ 100-ൽ പരം കിടക്കകൾ ഇവിടെ ഉണ്ട്. 5 ഡിപ്പാർട്ട്മെൻറുകളിലായി 10 ഡോക്ടർമാരും 50 മറ്റു സ്റ്റാഫാംഗങ്ങളും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. കൽപ്പറ്റ ടൗണിൽ നിന്നും ഏതാണ്ട് 5 കി. മീ. അകലെയാണ് ഈ ആശുപത്രി സ്ഥിതി ചെയ്യുന്നത്. ഈക്കാലയളവിനുള്ളിൽത്തന്നെ വയനാട്ടിലെ പ്രശസ്തമായ ഒരു ആശുപത്രിയായി ഇതു മാറിക്കഴിഞ്ഞു. ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും, രോഗികൾക്ക് കൂടുതൽ ശുശ്രൂഷ നല്കുന്നതിനുമായി പുതിയ പുതിയ പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

ആതുര ശുശ്രൂഷയ്ക്ക് ഒരു സാമൂഹിക സേവനവശം കൂടി പ്രദാനം ചെയ്യുവാൻ കഴിയുന്നു എന്നുള്ളതാണ് 'ഫാത്തിമ മാതാ'യുടെ പ്രത്യേകത. ഈ ഹോസ്പിറ്റലിന്റെ കീഴിൽ, ഗ്രാമങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പു

കും സംഘടിപ്പിക്കുന്നുണ്ട്. ഡോക്ടർ മാരും നഴ്സുമാരും, മരുന്നുമെല്ലാമായി ആശുപത്രി വണ്ടിയിൽ ഗ്രാമങ്ങളിലെത്തുന്നു. വളരെയധികം ജനപ്രീതി നേടിയ ഒരു പരിപാടിയാണിത്. അതുപോലെ തന്നെ മാസത്തിലൊരിക്കൽ ആശുപത്രിയിൽവച്ച്, രോഗികളുടെകൂടെ നിൽക്കുന്നവർക്കും, രോഗമുക്തി നേടിയവർക്കുമായി, വിവിധ രോഗങ്ങളെപ്പറ്റിയും, അവയുള്ള കാരണങ്ങളെയും പരിഹാര മാർഗ്ഗങ്ങളെയുംപ്പറ്റി ഡോക്ടർമാർ ക്ലാസ്സെടുക്കുന്നു. അതിൻ



ഫാത്തിമ മാതാ ഹോസ്പിറ്റൽ, കൽപ്പറ്റ

ശേഷം ചർച്ചയും, പിന്നീട് രോഗശാന്തി ശുശ്രൂഷയും നടത്തുന്നു.

ഈ സ്ഥാപനത്തിലെ ഡോക്ടർമാർക്കും, നേഴ്സ്മാർക്കും, സ്റ്റാഫംഗങ്ങൾക്കും അവസരോചിതമായി അവരുടെ ആദ്ധ്യാത്മിക നന്മയ്ക്കുപകരിക്കുന്ന ധ്യാനങ്ങളും, പ്രാർത്ഥനാ സമ്മേളനങ്ങളും മറ്റും നടത്താറുണ്ട്. ഈ സ്ഥാപനത്തോടനുബന്ധിച്ച് തന്നെ വൈദികർക്ക് താമസിക്കുവാനുള്ള ഒരു ഭവനവും, എല്ലാവർക്കും ഉപയോഗിക്കാവുന്ന വിധത്തിൽ ഒരു ചാപ്പലും നിർമ്മിച്ചിട്ടുണ്ട്.


ഈ സ്ഥാപനത്തിലെ വൈദികർ അടുത്തുള്ള ഇടവക പള്ളികളിലും മറ്റും വൈദിക ശുശ്രൂഷകൾ ചെയ്തുകൊടുക്കുന്നു. ഈ സ്ഥാപനം ആതുര ശുശ്രൂഷാരംഗത്തും, ആദ്ധ്യാത്മികരംഗത്തും മറ്റും അനുസ്യൂതം വളർന്നു കൊണ്ടിരിക്കുന്നു.

5. സെന്റ് തോമസ് മൗണ്ട്, മേരിക്കുന്ന്

1966-ൽ ആണ് ഈ സ്ഥാപനത്തിന്റെ ആരംഭം. അന്നുമുതൽ 1978 വരെ സി. എം. ഐ. സഭയുടെ മലബാർ മിഷന്റെ ആസ്ഥാനമായിരുന്ന ഈ ഭവനം, കോഴിക്കോട്ട് വയനാട് റോഡിൽ വെള്ളിമാടുകുന്നിനടുത്തു പൂളക്കടവിൽ സ്ഥിതിചെയ്യുന്ന സെൻറ് തോമസ് മൗണ്ട്, ഇന്ന് സെൻറ് തോമസ് പ്രവിശ്യയുടെ നവസന്ന്യാസ പരിശീലന കേന്ദ്രമാണ്.

അമലാപുരിയിലുണ്ടായിരുന്ന പ്രസ്സ് നിത്തിയതിനു പകരമായി ഇവിടെ ഒരു പ്രസ്സ് സ്ഥാപിച്ചുകൊണ്ടായിരുന്നു ഈ ഭവനത്തിന്റെ പ്രവത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പ്രസ്സ് കെട്ടിടത്തോടു ചേർന്നുതന്നെ അച്ചന്മാർക്ക് താമസിക്കുവാനുള്ള മുറികളും നിർമ്മിച്ചു. തുടന്ന് ഇതു റീജിയണൽ ഹൗസായി മാറി. ആദ്യബാച്ചിൽപ്പെട്ട 7 യോഗാർത്ഥികളും തങ്ങളുടെ പരിശീലനം ആരംഭിച്ചത് ഈ കെട്ടിടത്തിൽത്തന്നെയായിരുന്നു. പിന്നീട് പുതിയ ഒരു കെട്ടിടം കൂടി പണിതു ബ. അച്ചന്മാരുടെ താമസവും യോഗാർത്ഥിഭവനവും അവിടേയ്ക്ക് മാറി.

പ്രസ്സിന്റെ പ്രവത്തനം വിജയിക്കാതെ വന്നതുകൊണ്ട് 1975-ൽ പ്രസ്സ് നിറുത്തി അവിടെ സിൽവർ ഹിൽസ്



സെൻറ് തോമസ് മൗണ്ട്, മേരിക്കുന്ന്


ഇംഗ്ലീഷ് മീഡിയം സ്കൂളിന് തുടക്കം കുറിച്ചു. 1976-ൽ സിൽവർ ഹിൽസ് സ്കൂൾ പാറോപ്പടിയിലേയ്ക്ക് മാറിയതിനുശേഷം 1993 മാർച്ച് വരെ S A B S സിസ്റ്റേഴ്സ് അവിടെ ബോർഡിംഗ് നടത്തിയിരുന്നു.

1978-ൽ സെൻറ് തോമസ് വൈസ് പ്രോവിൻസ് ഒരു പ്രോവിൻസായി ഉയർത്തപ്പെട്ടപ്പോൾ അമലാപുരി വീണ്ടും പ്രോവിൻഷ്യൽ ഹൗസായി. തുടർന്ന് 1979 ജൂലൈ 4-ന് സെൻറ് തോമസ് മൗണ്ട്, പ്രവിശ്യയുടെ നവസന്ന്യാസ പരിശീലനകേന്ദ്രമായി ഉൽഘാടനം ചെയ്യപ്പെട്ടു. ബ. ജോസഫ് കാപ്പുകാട്ടച്ചനായിരുന്നു പ്രഥമ നോവിസ് മാസ്റ്ററായി ഇവിടെ ചാർജ്ജെടുത്തത്.

ഈ സ്ഥാപനത്തിൻെറ ആരംഭം മുതൽ ഇതിനോടനുബന്ധിച്ച് ഒരു ഇടവകയും നടത്തിപ്പോന്നിരുന്നു. അംഗങ്ങളും കുറവായിരുന്നെങ്കിലും ക്രമേണ വളരെ സജീവമായ ഒരു ആരാധനാസമൂഹം ഇവിടെ വളർന്നുവന്നു. 1983-ൽ ബ. ജോബ് മൈലാടിയിലച്ചൻ വികാരിയായി വന്നതോടുകൂടി മേരിക്കുന്ന് ഇടവകയുടെ വളർച്ച ദ്രുതഗതിയിലായി. ഒരു ഇടവകയുടെ എല്ലാ രൂപഭാവങ്ങളും കൈവരിച്ചതും ഈ കാലയളവിലാണ്. താമരശ്ശേരി രൂപതാ സ്ഥാപനത്തിനുശേഷം P M O C കേന്ദ്രമാക്കി മേരിക്കുന്ന് ഇടവക പ്രവർത്തനമാരംഭിക്കുന്നതുവരെ സെൻറ് തോമസ് മൗണ്ടിലെ ബ. അച്ചന്മാർ ഈ ഇടവകയുടെ ഭരണസാരഥ്യം ഏറെറടുത്തു നടത്തിയിരുന്നു.

ഇപ്പോൾ ഈ സ്ഥാപനത്തോടനുബന്ധിച്ച് ബ. അന്തോനിനൂസച്ചൻെറ നേതൃത്വത്തിൽ വിഷചികിത്സയും ഹോമിയോ ചികിത്സയും നടത്തുന്നുണ്ട്. ഏതുതരത്തിലുള്ള വിഷവും വലിച്ചെടുക്കാൻ ശക്തിയുള്ള വിഷക്കല്ലുകളാണ് അന്തോനിനൂസച്ചൻെറ വിഷചികിത്സയുടെ പ്രത്യേകത. ചികിത്സയോടൊപ്പംതന്നെ ഈ വിഷക്കല്ലുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നുമുണ്ട്.

അങ്ങനെ, സെൻറ് തോമസ് പ്രവിശ്യയുടെ സപ്നങ്ങൾക്ക് നിറവേകാൻ ഭാവിതലമുറയെ അണിയിച്ചൊരുക്കുന്ന സെൻറ് തോമസ് മൗണ്ടിൻെറ പ്രശാന്തമായ അന്തരീക്ഷം അവിടെയെത്തുന്നവർക്കെല്ലാം ആത്മീയവും ശാരീരികവുമായ സൗഖ്യം പ്രദാനം ചെയ്യുവാനും പര്യാപ്തമാണ്.



6. മൗണ്ട് സീനായ് ആശ്രമം, പക്കിടി.

1969-ലാണ് ഈ ആശ്രമം സ്ഥാപിച്ചത്. താമരശ്ശേരി ചുരം കഴിഞ്ഞ് വയനാട്ടിലേയ്ക്കുള്ള പ്രവേശനകവാടത്തിനടുത്ത്, വഴിയരികിലായി, ചുരം താണ്ടിയെത്തുന്നവർക്ക്, ഒരഭയകേന്ദ്രമായി, സീനായ് ആശ്രമം നിലകൊള്ളുന്നു. 25കാളം കുടുംബങ്ങളെ ഉൾക്കൊള്ളുന്ന ഒരു ഇടവക ഈ ആശ്രമത്തോടനുബന്ധിച്ച് ഉണ്ട്. ഇന്ന് ഈ ആശ്രമം പ്രതീക്ഷ നല്കുന്ന, ശ്രദ്ധേയമായ ഒരാദ്ധ്യാത്മിക നവീകരണ കേന്ദ്രമായി മാറ കൊണ്ടിരിക്കുകയാണ്. ആദ്ധ്യാത്മിക നവീകരണ ധ്യാനങ്ങളും, മറവ പരിപാടികളും ഇവിടെ സംഘടിപ്പിക്കാറുണ്ട്. ദുഃഖ വെള്ളിയാഴ്ചത്തെ കുരിശിൻെറ വഴി ഏറെ ശ്രദ്ധേയമാണ്. ആയിരക്കണക്കിനു ഭക്തന്മാർ കുരിശുകളുമേന്തി അടിവാരത്തു നിന്നും ആരംഭിക്കുന്ന കുരിശിൻെറ വഴി, സമാപിക്കുന്നതു മൗണ്ട് സീനായ് ആശ്രമത്തിൻെറ മുറത്താണ്. വയനാടൻ ചുരത്തിലൂടെയുള്ള ഈ കുരിശിൻെറ വഴി ആരംഭിച്ചതും ഇന്നും അതിനു നേതൃത്വം കൊടുക്കുന്നതും ഈ ആശ്രമത്തിൽ നിന്നാണ്.




7. സിൽവർ ഹിൽസ് ആശ്രമം, പാറോപ്പടി

കോഴിക്കോട് പ്രോവിൻസിന്റെ അഭിമാനമാണ് സിൽവർഹിൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ. 1975 ജൂലൈ മാസത്തിൽ സെന്റർ തോമസ് മൗണ്ടിൽ ആരംഭിച്ചു. 1976-ൽ പാറോപ്പടിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. കോഴിക്കോട്-വയനാട് റോഡിൽ പാറോപ്പടി ബസ്സ്റ്റോപ്പിൽനിന്നും ഏകദേശം 1 ഫർലോങ്ങ് വടക്കു വഴിയരികിലായി ഈ സ്ഥാപനം സ്ഥിതിചെയ്യുന്നു.

എല്ലാ വർഷവും നൂറു ശതമാനം വിളവു കൊയ്യുന്ന പാഠശാലയാണിതു്. 1000-ൽ പരം വിദ്യാർത്ഥികളും 40-ൽ പരം അദ്ധ്യാപകരും ഇവിടെ ഉണ്ടു്. ഏറ്റവും ഉന്നത നിലവാരം പുലർത്തുന്ന സമഗ്രവിദ്യാഭ്യാസമാണു് ഈ സ്ഥാപനത്തിന്റെ പ്രത്യേകത. നിയമാനുസൃത സിലബസിനു പുറമെ കംപ്യൂട്ടർ, ഇലക്ട്രോണിക്സ്, സംഗീതം, തുടങ്ങിയവയിൽ പരിശീലനവും, വിവിധ തരത്തിലുള്ള കലാകായിക പരിശീലനവും കുട്ടികൾക്കു് ലഭിക്കുന്നു. കോഴിക്കോട് ജില്ലയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഏറ്റവും ഉന്നതമായ സ്ഥാനമാണു് ഈ സ്ഥാപനത്തിനുള്ളതു്.

വിദ്യാഭ്യാസ രംഗങ്ങളിലും, കലാരംഗങ്ങളിലും മാത്രമല്ല, കായികരംഗത്തും സിൽവർഹിൽസ് സ്കൂൾ തനതായ മുദ്ര പതിപ്പിച്ചിട്ടുണ്ടു്. എൽ. പി. സ്കൂളിനുവേണ്ടി ഇപ്പോൾ പുതിയൊരു കെട്ടിടം ഉയരുന്നു.

അറിവുള്ളവനെ ആഴങ്ങളിലേയ്ക്കു് പോകുവാനും, അർത്ഥം കണ്ടെത്തുവാനും കഴിയൂ. അറിവിന്റെ നിറവുള്ള, നലം തികഞ്ഞ ഭാവിപൗരന്മാരെ വാർത്തെടുക്കുന്നതിൽ സിൽവർഹിൽസ് എന്നും മുൻപന്തിയിൽത്തന്നെയാണു്. അതുകൊണ്ടുതന്നെയാണു് സിൽവർഹിൽസിൽ മക്കളെ ചേർക്കുക എന്നതു് കോഴിക്കോട്ടെ മാതാപിതാക്കളുടെ വലിയൊരു ആഗ്രഹമായി മാറിയിരിക്കുന്നതു്.



സിൽവർ ഹിൽസ്, പാറോപ്പടി


8. കാർമൽഹിൽ, തലപ്പുഴ.

1954-ൽ, ബ. ഹഡ്സ്രിയാനച്ചൻ തരിയോട്ട പള്ളി വികാരിയായിരിക്കുമ്പോഴാണ് തലപ്പുഴയിൽ ആശ്രമത്തിനുവേണ്ടി സ്ഥലം വാങ്ങിയതു്. ആ വർഷം തന്നെ ഡിസംബറിൽ ഒരു താല്ക്കാലിക ഷെഡ് നിർമ്മിച്ച് "കാർമ്മൽ ഹിൽ മിഷൻ ഹൗസ്" എന്ന പേരിൽ ഈ സ്ഥാപനം ആരംഭിച്ചു.

1955 മെയ് 4നു് ആശ്രമക്കെട്ടിടത്തിനു തറക്കല്ലിട്ടു. മേൽക്കൂട് തരിയോട്ടനിന്നും പണിയിച്ചുകൊണ്ടുവരികയായിരുന്നു ചെയ്തതു്. കെട്ടിടം പണി തീർന്നതോടുകൂടി ഇവിടത്തെ സാധാരണക്കാരായ ആളുകൾക്കു് തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനായി തുണി നെയ്ത്തും തയ്യലും തുടങ്ങുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. അതനുസരിച്ച് 3 നെയ്ത്തു് തറികളും ഒരു തയ്യൽ മെഷീനും വാങ്ങിച്ചു പ്രവർത്തനം തുടങ്ങിയെങ്കിലും ഈ പ്രസ്ഥാനം വിജയിച്ചില്ല.

1960 ഫെബ്രുവരിയിൽ ബ. ഹഡ്സ്രിയാനച്ചൻ തരിയോട്ടനിന്നും സ്ഥലം മാറി ഇവിടെവന്നു് ആശ്രമത്തിന്റെ സുപ്പീര്യറായി ചാർജെടുത്തു. ആശ്രമത്തിനു സാമ്പത്തിക ഭദ്രത കൈവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി കാപ്പികൃഷി ആരംഭിച്ചു. പക്ഷേ വേണ്ടത്ര പുരോഗതിയുണ്ടായില്ല.

ബ. ഹഡ്സ്രിയാനച്ചനുശേഷം വന്ന സ്ഥാപനാധികാരികളും കമുക്, തെങ്ങ്, കുരുമുളക് മുതലായ കൃഷികൾ പരീക്ഷിച്ചുനോക്കിയെങ്കിലും ഒന്നുംതന്നെ കാര്യമായി വിജയിച്ചില്ല. തുടന്നു് ബ. പീറർ പാലക്കുന്നേലച്ചൻ തേയിലകൃഷിക്കു തുടക്കമിട്ടു. അതു് വൻ വിജയമാക്കിമാറ്റിയതു് ഇപ്പോൾ സുപ്പീര്യറായിരിക്കുന്ന ബ. ജോസഫ് പുല്ലാട്ടച്ചനാണു്.



കാർമൽഹിൽ ആശ്രമം, തലപ്പുഴ

ബ. പുല്ലാട്ടച്ചന്റെ അശ്രാന്തമായ പരിശ്രമവും ധീരമായ പരീക്ഷണവും ഇന്നു ഫല

മണിഞ്ഞുകൊണ്ടിരിക്കുകയാണു്. തേയില കൃഷിയുടെ വിജയം ആശ്രമത്തിനു് സാമ്പത്തിക ഭദ്രത നൽകിയതിനു പുറമേ പണ്ടു് ബോളം പാവപ്പെട്ട കുടുംബങ്ങൾക്കു് സ്ഥിരമായിജോലികൊടുക്കുന്നതിനും കാരണമായി.

ഈ ആശ്രമത്തോടനുബന്ധിച്ചു് ഏകദേശം 75 കുടുംബങ്ങളുള്ള ഒരു ഇടവക പ്രവർത്തിക്കുന്നുണ്ടു്. കുട്ടികളുടെ മതപഠനത്തിനു പുറമേ, മിഷൻ ലീഗു്, മാതൃസംഘം, വിൻസൻറ് ഡി പോൾ, ജീസസ് യൂത്തു്, ക്രിസ്റ്റീൻ മുതലായ ഭക്തസംഘടനകളും ഭംഗിയായി പ്രവർത്തിച്ചുവരുന്നു.

ഈ സ്ഥാപനത്തിൻെറ ആരംഭത്തിൽത്തന്നെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കു് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. കാലാകാലങ്ങളിൽ ഇവിടെ വന്നിട്ടുള്ള അച്ചന്മാർ അവസരോചിതമായി ജനക്ഷേമകരമായ പല പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിയിട്ടുണ്ടു്. ബ. ജോസഫ് കുന്നേലച്ചനും പീറ്റർ പാലക്കുന്നേലച്ചനും കൂടി സാധാരണക്കാരുടെയിടയിൽ തേയിലകൃഷിക്കു് പ്രോത്സാഹനം നല്കി. ബ. കുന്നേലച്ചൻെറ നേതൃത്വത്തിൽ ആരംഭിച്ച പാൽ സൊസൈറ്റി ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ബ. ജെയിംസ് പുതിയിടത്തിലച്ചൻെറ നാടൻ ചികിത്സ പലവിധത്തിൽ ദുരിതമനുഭവിക്കുന്ന അനേകം രോഗികൾക്കു് ആശ്വാസം നല്കിയിരുന്നു.


ഒരു കാലത്തു് സാമ്പത്തിക പരാധീനതമൂലം നിർത്തൽ ചെയ്യാൻപോലും പ്ലാനിട്ടിരുന്ന ഈ സ്ഥാപനം ബ. പുല്ലാട്ടച്ചൻെറ നേതൃത്വത്തിൽ ശ്ലാഘനീയമാംവിധം ഇന്നു് പുരോഗതി കൈവരിക്കുകയും ജനസേവനം ചെയ്യുകയും ചെയ്യുന്നു.

൨.ലിറ്റിൽ ഫ്ലവർ ആശ്രമം, പുഷ്പഗിരി.

1966-ൽ ആണു് ഈ ആശ്രമം ആരംഭിക്കുന്നതു്. തളിപ്പറമ്പു് ടൗണിൽ നിന്നും ഏകദേശം 3 കി. മീ. അകലെ ആലക്കോട്ടു് റോഡിൻെറ അരികിലാണു് ഈ ഭവനം. ആരംഭം മുതൽ തന്നെ ആശ്രമത്തിൻെറ ഭാഗമായി ഒരു ഇടവക സ്ഥാപിച്ചു് നടത്തിയിരുന്നു.

എന്നാൽ 1991-ൽ തലശ്ശേരി രൂപത തളിപ്പറമ്പു് ടൗണിൽത്തന്നെ സ്ഥലം വാങ്ങി ഇടവക അങ്ങോട്ടു മാറ്റിയതോടുകൂടി പുഷ്പഗിരിയിൽ ഇടവക പ്രവർത്തനം ഇല്ലാതായി. എങ്കിലും എല്ലാ ദിവസവും, പ്രത്യേകിച്ചു് ഞായറാഴ്ചകളിൽ ധാരാളം ആളുകൾ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും മറ്റു് ആദ്ധ്യാത്മികാവശ്യങ്ങൾക്കുമായി ആശ്രമത്തിലെത്തുന്നുണ്ടു്.

ഇന്നു് ഈ സ്ഥാപനം പ്രധാനമായും ഒരു ആദ്ധ്യാത്മിക നവീകരണകേന്ദ്രമായിട്ടാണു് പ്രവർത്തിക്കുന്നതു്. "ദർശന" എന്ന പേരിൽ അറിയപ്പെടുന്ന ധ്യാന സെൻറർ ഇതിനോടകം കേരളത്തിലെങ്ങും പ്രശസ്തി നേടിക്കഴിഞ്ഞു. 1989 ജൂലൈ 8-നാണു് 'ദർശന'യുടെ ആരംഭം. അതിനുശേഷം ഏകദേശം 100-ൽപരം ധ്യാനങ്ങൾ ഇവിടെ നടന്നു കഴിഞ്ഞു. ബഹുജനങ്ങൾക്കുവേണ്ടിയുള്ള ധ്യാനങ്ങൾക്കു പുറമേ സന്യാസികൾക്കും, വൈദികർക്കും വേണ്ടി പ്രത്യേക ധ്യാനങ്ങളും ഇവിടെ നടന്നുവരുന്നു. കൂടാ




ചിറ്റിൽ ഫ്ളവർ ആശ്രമം ചാപ്പൽ, പുഷ്പഗിരി, തളിപ്പറമ്പ്

തെ, കരിസ്മാറ്റിക് ലീഡേഴ്സ്, ദമ്പതിമാർ, യുവജനങ്ങൾ എന്നിവക്കുവേണ്ടിയുള്ള ഏകദിന സെമിനാറുകളും, മാസാദ്യദിവസം ഉപവാസ പ്രാർത്ഥനയും ഇവിടെ നടത്തുന്നുണ്ട്.

100 പേക്ക് താമസിച്ച് ധ്യാനിക്കാൻ പറ്റിയ വിധം എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം 1991 ഏപ്രിൽ 15-നു് പണി തീർത്തു് ഉദ്ഘാടനം ചെയ്യപ്പെട്ടു. ബ. ജോർജ്ജു് കളത്തിലച്ചന്റെ നേതൃത്വത്തിൽ അനുദിനം വളർന്നു വരുന്ന ഈ ധ്യാന കേന്ദ്രത്തിൽ വന്നു് ധ്യാനിക്കുവാനായി പലപ്പോഴും മാസങ്ങൾക്കു മുമ്പേ ബുക്കു് ചെയ്യേണ്ടിവരുന്നു. എളിയ തോതിൽ ആരംഭിച്ച ഈ പ്രസ്ഥാനം അത്രമാത്രം ജനശ്രദ്ധ നേടിക്കഴിഞ്ഞു.

കൂടാതെ വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ നിന്നു് ആദ്ധ്യാത്മിക ചൈതന്യവും, ദൈവാനുഗ്രഹങ്ങളും പ്രാപിക്കാനുതകുന്ന വിധത്തിലുള്ള ഭക്താനുഷ്ഠാനങ്ങളും ഇവിടെ നടന്നുവരുന്നു. കേരള സഭയുടെ നവോത്ഥാരകനായ ആ വിശുദ്ധാത്മാവിന്റെ വിശ്വാസ ചൈതന്യം ജനങ്ങളിലേയ്ക്കു് പകരുവാനുതകുന്ന വിധത്തിലുള്ള കർമ്മപരിപാടികളും ഇവിടെ ആവിഷ്കരിച്ചു വരികയാണു്. ഇതോടനുബന്ധിച്ചു് ഒരു ചെറിയ ബുക്കു് സ്റ്റാൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ടു്.

അനുദിന ജീവിതയാത്രയിൽ അനേകർക്കു് ദൈവദർശനമേകാൻ "ദർശന"ക്കു് കഴിയട്ടെ !




10. സെന്റ് ജോസഫ് ആശ്രമം, എടപ്പുഴ.

1970-ലാണ് ഈ ആശ്രമം സ്ഥാപിച്ചത്. ഇരിട്ടി ടൗണിൽ നിന്നും ഏകദേശം 15 കി. മി. അകലെ മലയോരപ്രദേശത്താണ് എടപ്പുഴ സ്ഥിതിചെയ്യുന്നത്. ഇത് ഒരു അവികസിത പ്രദേശമാണെങ്കിലും, ഈ ആശ്രമത്തിന്റെ സേവനത്തോടുകൂടി ഇവിടെ വളച്ചുയുടെ നാമ്പുകൾ പൊടിച്ചു തുടങ്ങിയിട്ടുണ്ട്. സി. എം. ഐ. കോഴിക്കോട് പ്രോവിൻസിന്റെ സോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരം മൂന്നാലു വർഷമായി, ഭവന നിർമ്മാണം, വാട്ടർ സപ്ലൈ മുതലായ പുരോഗമന പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. അതിനു് നേതൃത്വം കൊടുക്കുന്നത് പ്രോവിൻസിന്റെ സോഷ്യൽ സർവ്വീസ് സെക്രട്ടറി ബ. ചാക്കോ പുതുകുളങ്ങര അച്ചനാണ്.

ഈ നാടിന്റെയും നാട്ടുകാരുടെയും സമഗ്രമായ വളർച്ചയാണ് ഈ ആശ്രമത്തിന്റെ പ്രവർത്തനലക്ഷ്യം. ഈ ആശ്രമത്തോടനുബന്ധിച്ച് ഒരു എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഈ മലയോര പ്രദേശങ്ങളിലെ കൊച്ചുകുട്ടികളുടെ വിദ്യാഭ്യാസത്തിനു് ഈ സ്ഥാപനം വളരെ ഉപകാരപ്രദമാണ്. വളരെ ഭംഗിയായിത്തന്നെ ഈ സ്കൂൾ പ്രവർത്തിക്കുന്നു.

കൂടാതെ ഈ ആശ്രമത്തോടനുബന്ധിച്ച് 210-ളം കുടുംബങ്ങളുള്ള ഒരിടവകയും പ്രവർത്തിക്കുന്നു. ഇടവകക്കാർ എല്ലാവരും നല്ല സഹകരണമനോഭാവമുള്ളവരാണ്. മതപഠനവും മറ്റു ഭക്തസംഘടനാപ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നുണ്ട്.



എടപ്പുഴ പള്ളി


ഈ ഇടവകയുടേതായി എടപ്പഴ നിന്നും ഏകദേശം $1\frac{1}{2}$ കി. മി. കിഴക്ക് വാളത്തോട് എന്ന സ്ഥലത്ത് ഒരു കുരിശുപള്ളിയും ഉണ്ട്. മാതാവിന്റെ നാമത്തിലുള്ള ഈ കുരിശുപള്ളിയിൽ വർഷംതോറും "അമലോത്ഭവ" മാതാവിന്റെ തിരുന്നാൾ ആഘോഷമായ നൊവേനയോടുകൂടി ഭക്തിപുരസ്സരം കൊണ്ടാടുന്നു.

മലയോര പ്രദേശത്തെ സാധാരണക്കാരുടെയിടയിൽ അവരുടെ വളർച്ചയ്ക്ക് ഉപയുക്തമായ വിധത്തിൽ വളരെയേറെ പ്രവർത്തന സാദ്ധ്യതയുള്ള ആശ്രമമാണ് എടപ്പഴ.

ചാവറഭവൻ, ഉണ്ടൽപേട്ട്.

സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസിന്റെ അതിർത്തിയിൽപ്പെട്ട കർണ്ണാടക ഏറിയായിൽ ഒരു ഭവനം ഉണ്ടാകണമെന്നുള്ള അതിയായ ആഗ്രഹത്തിന്റെ പൂർത്തീകരണമായി 1979-ൽ ഉണ്ടൽപേട്ട് ടൗണിൽ കുറച്ച് സ്ഥലം വാങ്ങി, ഒരു വാടകവീട്ടിൽ താമസമാരംഭിച്ചു. അധികം താമസിയാതെതന്നെ ഈ സ്ഥലം കർണ്ണാടക ഗവൺമെൻറ് ബസ്സ്റ്റാൻറ് വികസനത്തിനായി അക്വയർ ചെയ്തു. തുടർന്ന് മേൽപറഞ്ഞ ബസ്സ്റ്റാൻറിൽനിന്നും അധികം ദൂരത്തല്ലാതെ ഊട്ടി റോഡരികിൽ രണ്ടു മൂന്നു വ്യക്തികളിൽ നിന്നുമായി കുറച്ച് സ്ഥലം വാങ്ങി, പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ഈ സ്ഥാപനം കുറെ നാളത്തേയ്ക്ക് യോഗാർത്ഥി ഭവനമായിരുന്നു.

ഈ ഭവനത്തിൽ താമസിച്ചുകൊണ്ട് സെൻറ് തോമസ് പ്രോവിൻസിന്റെ നേതൃത്വത്തിലുള്ള സോഷ്യൽ സർവ്വീസ് ടീം ഇവിടെ അടുത്തുള്ള ഗ്രാമങ്ങളിൽ സാമൂഹ്യപ്രവർത്തനം നടത്തുന്നു. മെഡിക്കൽ ക്യാമ്പുകൾ, മൊബൈൽ ക്ലിനിക്ക്, വയോജന വിദ്യാഭ്യാസം, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയ നിരവധി പദ്ധ



ചാവറഭവൻ, ഉണ്ടൽപേട്ട്

തികൾ ഇവിടെനിന്നും നടത്തുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനായി മാത്രം ഒരു ജീപ്പും ഇവിടെ ഉണ്ട്. ബ. മാത്യു കളത്തുപ്പറമ്പിൽ അച്ചൻ M S W പഠനം കഴിഞ്ഞ് ഇവിടെ എത്തി മുഴുവൻ സമയ സാമൂഹ്യ പ്രവർത്തകനായി നിന്നു കൊണ്ട് പ്രോവിൻസ് ഇവിടെ നടത്തുന്ന സാമൂഹ്യസേവനപ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമവും വിപുലവും ആക്കാൻ ശ്രമിച്ചുവരുന്നു. ബ. C M C സിസ്റ്റേഴ്സിന്റെ കരങ്ങളിലൂടെയാണ് എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്.

12. ജോഡോൽ, ഗുണ്ടൽപ്പേട്ട്.

പ്രോവിൻസിന്റെ നാനാതരമായ പ്രവർത്തനങ്ങൾക്ക് വരുമാനം ഉണ്ടാക്കുവാനായി നടത്തുന്ന ഒരു തോട്ടമാണിത്. മാവും തെങ്ങുമാണ് പ്രധാന കൃഷികൾ.

13. ഹോളി ഫാമിലി ഭവൻ, ബെക്കി.

ബത്തേരി-ഗൂഡല്ലൂർ റോഡിൽ നിന്നും ഏകദേശം 5 കി. മീ. ഉള്ളിലായി, തമിഴ് നാട്ടിലെ നീലഗിരി ജില്ലയിൽപ്പെട്ട ഒരു ഗ്രാമ പ്രദേശമാണ് ബെക്കി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി കുടിയേറിപ്പാർത്ത മലയാളികളാണ് ജനസംഖ്യയുടെ ഒരു നല്ല ശതമാനവും.

1965 ഒക്ടോബർ 1-നാണ് സി. എം. ഐ. സഭ അവിടെ പ്രവർത്തനമാരംഭിക്കുന്നത്. ബെക്കിയിലെ മലയാളികൾക്കായുള്ള ഇടവകപ്പള്ളിയുടെ ഒരു ചാർത്തിൽ താമസിച്ചുകൊണ്ടായിരുന്നു ആശ്രമത്തിനു തുടക്കമിട്ടത്.

ബെക്കി പ്രദേശത്തുള്ള കർഷകരുടെയിടയിൽ തേയില കൃഷി പ്രചാരത്തിലാക്കിയത് സി. എം. ഐ. അച്ചന്മാരാണ്. ആദ്യകാലത്ത് ആസ്സാമിൽ നിന്നും നല്ലയിനം തേയിലക്കുരു വരുത്തി വിതരണം ചെയ്തുകൊണ്ടാണ് ജനങ്ങളുടെയിടയിൽ തേയില കൃഷിക്ക് പ്രോത്സാഹനം നൽകിയത്. ആശ്രമത്തോട് ബന്ധപ്പെട്ട് ഒരു നല്ല തേയിലത്തോട്ടം വളർന്നു വന്നതോടൊപ്പം തന്നെ പരിസരപ്രദേശങ്ങളിലുള്ള വളരെയധികമാളുകൾ തേയില കൃഷിയിലൂടെ സാമ്പത്തികമായി സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്തു. ഈ തോട്ടത്തിന്റെ വളർച്ചയ്ക്കും നാടിന്റെ വികസനത്തിനും വേണ്ടി അക്ഷീണം യത്നിച്ചിട്ടുള്ള ബ. അച്ചന്മാരാണ് ഫാ. ജോൺ തോണിപ്പാറ, ജോർജ്ജ് നാടുകാണിയിൽ, പോൾ ചക്കാനിക്കുന്നേൽ എന്നിവർ.

മാനന്തവാടി രൂപതയുടെ കീഴിലുള്ള ബെക്കി ഇടവകയുടെ ഭരണച്ചുമതലയും പല വർഷങ്ങളായി ഈ ആശ്രമത്തിൽ നിന്നു നിർവ്വഹിച്ചു വരുന്നു. ബെക്കി, കുന്നലാടി ഗ്രാമങ്ങൾക്കുപുറമായി വ്യാപിച്ചു കിടക്കുന്ന


ഈ ഇടവകയിൽ 120 ഓളം കുടുംബങ്ങളുണ്ട്. കുട്ടികളുടെ മതപഠനത്തിനു പുറമേ, യുവജനസംഘടന, മാതൃസംഘം, വിൻസെൻറ് ഡി പോൾ തുടങ്ങിയ ഭക്ത സംഘടനകളും വളരെ സജീവമായി ഇവിടെ പ്രവർത്തിച്ചുവരുന്നു.

ബഹു. എം. എസ്. എം. ഐ. സിസ്റ്റേഴ്സിൻെറ സേവനം ഈ നാടിനു ലഭിക്കുന്നതിനുവേണ്ടി മഠം സ്ഥാപിക്കുന്നതിനും മറ്റുമായി മുൻകൈയെടുത്തതും ആശ്രമത്തിലെ ബ. അച്ചന്മാരായിരുന്നു. ആശ്രമത്തോടനുബന്ധിച്ച് അടുത്ത കാലത്ത് ഒരു നേഴ്സറി സ്കൂളും ആരംഭിച്ചിരിക്കുന്നു.

സർക്കാരിൻേറയോ, സന്നദ്ധ സംഘടനകളുടേയോ കാര്യമായ ശ്രദ്ധയും, സേവനവും ലഭിക്കാത്ത ഈ കുടിയേറ്റ മേഖലയിൽ സി. എം. ഐ. വൈദീകരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ജനങ്ങൾക്കു വളരെ അനുഗ്രഹദായകമാണ്.

14. അരുൾ നിലയം, ഗൂഡല്ലൂർ.

1966 ആരംഭത്തിൽത്തന്നെ ഈ സ്ഥാപനത്തിനുള്ള സ്ഥലം വാങ്ങിച്ചുവെങ്കിലും 1967 ജൂലൈ 3-നാണ് ഇവിടെ താമസം തുടങ്ങിയതു്. അതുവരെ ബൈക്കിയിൽ നിന്നു കൊണ്ടാണ് ഇവിടുത്തെ പ്രവർത്തനങ്ങൾ നടത്തിയിരുന്നതു്. ഗൂഡല്ലൂർ ടൗണിൽ നിന്നും ഏതാണ്ട് ഒരു ഫർലോംഗ് ദൂരെ ബത്തേരിയ്ക്കുള്ള വഴിയരികിലാണ് ഈ ആശ്രമം സ്ഥിതിചെയ്യുന്നതു്. ഇവിടെ ഉണ്ടായിരുന്ന സ്ഥലത്തിൽ നിന്നും ഏതാണ്ട് 3 ഏക്കർ സ്ഥലം എം. എസ്. എം. ഐ. സിസ്റ്റേഴ്സിനു് നല്കി. അവിടെ അവർ താമസിച്ച് ഒരാശുപത്രി നടത്തുന്നു. കുറെ സ്ഥലം ഇവിടുത്തെ ജോലിക്കാർക്ക് സൗജന്യമായി നല്കി. ബാക്കി സ്ഥലത്തു് തേയിലത്തോട്ടമാണ്.



അരുൾനിലയം, ഗൂഡല്ലൂർ

ഈ ആശ്രമത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് ആത്മീയ സേവനമാണ്. ഏകദേശം നൂറോളം കുടുംബങ്ങൾ ഉള്ള ഒരു ഇടവക നടത്തുന്നുണ്ട്. ചിന്നിച്ചിതറിയും വളരെ വിദൂരത്തിലായും കഴിയുന്ന ഇടവകാംഗങ്ങൾക്ക് ആത്മീയ സേവനം എത്തിക്കുവാൻ അരുൾ നിലയത്തിനു് കഴിയുന്നു. മാനന്തവാടി രൂപതയിൽപ്പെട്ട ഈ ഭാഗത്തുള്ള പള്ളികളുടെ എല്ലാം ഫൊറോനാ പള്ളി എന്ന രീതിയിലാണ് ഈ ആശ്രമ ദേവാലയം പ്രവർത്തിക്കുന്നതു്. കൂടാതെ, ഊട്ടി, മൈസൂർ മുതലായ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര നടത്തുന്നവക്ക് ഒരു വിശ്രമ സ്ഥാനം കൂടിയാണ് അരുൾ നിലയം. തമിഴ്നാട്ടിലെ അപ്പസ്തോലിക പ്രവർത്തനത്തിനുള്ള ഒരു കേന്ദ്രമായിട്ടാണ് ഈ സ്ഥാപനം നിലകൊള്ളുന്നതു്. ഉന്നത നിലവാരമുള്ള വിദ്യാഭ്യാസം ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് നല്കുന്നതിനായി 1990-ൽ മോർണിംഗ് സ്റ്റാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. സി. ബി. എസ്. ഇ. അഫീലിയേഷനുള്ള ഈ വിദ്യാമന്ദിരം ഇന്നു് വളച്ചയുടെ പാതയിലാണ്. ഇപ്പോൾ എൽ. കെ. ജി., യു. കെ. ജി., 1, 6, 7, 8, 9, 10 എന്നീ ക്ലാസ്സുകൾ ഇവിടെ ഉണ്ടു്. ഗൂഡല്ലൂരിലെ ഏറ്റവും മികച്ച സ്കൂളായി മോർണിംഗ് സ്റ്റാർ പ്രശോഭിച്ചു തുടങ്ങിയിരിക്കുന്നു.

ജമ്മുകാഷ്മീർ മിഷൻ

എ. സി. എം. ഐ. ഭവൻ, പൂഞ്ച്.

1982-ൽ ഈശോസഭക്കാർ സ്ഥാപിച്ചതാണു് ഈ മിഷൻ. 1989-ൽ ജമ്മു കാഷ്മീർ രൂപതയുടെ ഭാഗമായ ഈ പ്രദേശം സി. എം. ഐ. സെൻറ് തോമസ് പ്രോവിൻസിനെ ഭരമേല്പിച്ചു. ഇന്ത്യയുടെ ഏറ്റവും വടക്കേ അറ്റത്തു് പാക്കിസ്ഥാൻ അതിർത്തി പ്രദേശമാണിതു്. പൂഞ്ച് ജില്ലയും, റെജോറി ജില്ലയും കൂടിയ ഭാഗമാണ് ജമ്മു കാഷ്മീർ രൂപതാദ്ധ്യക്ഷൻ മാർ. ഹിപ്പോളിറസ് O F M. സെൻറ് തോമസ് പ്രോവിൻസിനെ ഏൽപ്പിച്ചിരിക്കുന്നതു്.

രണ്ടോ മൂന്നോ അച്ചൻമാർക്കുള്ള താമസസൗകര്യമേ ഇവിടെയുള്ളൂ. ഈ കെട്ടിടത്തിന്റെതന്നെ ഒരു ഭാഗം പള്ളിയായും ഉപയോഗിക്കുന്നു. 1990-ൽ ഈ സ്ഥാപനത്തോടനുബന്ധിച്ച് ക്രൈസ്റ്റ് സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തനമാരംഭിച്ചു. ഈ സ്കൂളിൽ ഇപ്പോൾ 300-ഓളം കുട്ടികൾ പഠിക്കുന്നു. കേരളത്തിൽനിന്നും മിഷൻ പ്രവർത്തനങ്ങൾക്കായി ഇവിടെ എത്തിയിട്ടുള്ള മൂന്നു് കർമ്മലീത്താ സന്യാസിനികൾ ഈ സ്കൂളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു. ഈ സ്കൂളിന്റെ പ്രവർത്തനം തദ്ദേശവാസികളിൽ വളരെയധികം സ്വാധീനം ചെലുത്തുന്നു. ഈ സ്ഥാപനത്തോടു് ചേർന്നുതന്നെ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ടു്. പുതുതായി ഒരു നഴ്സറി സ്കൂൾകൂടി ആരംഭിക്കുവാനുള്ള ശ്രമത്തിലാണു്.



ക്രിസ്തുമസ് ആഘോഷം, പൂഞ്ച്


ഇവിടെ 350-ഓളം കുടുംബങ്ങളുള്ള ഒരിടവകയും പ്രവർത്തിക്കുന്നു. ഇവരിലധികവും പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരാണ്. ഇടവകസന്ദർശനവും ഭവനങ്ങളിൽ സമ്മേളിച്ചുള്ള സമൂഹപ്രാർത്ഥനയും സ്ഥിരമായി നടത്താറുണ്ട്. ഇടവകാംഗങ്ങളെല്ലാം തന്നെ ദിവ്യബലിയിലും പ്രാർത്ഥനാസമ്മേളനങ്ങളിലും സജീവമായി പങ്കെടുക്കുന്നു.

അജപാലന-വിദ്യാഭ്യാസ-സാമൂഹിക സേവന മണ്ഡലങ്ങളിൽ അനുസ്യൂതം മുന്നേറിക്കൊണ്ടിരിക്കുന്ന പൂഞ്ച് മിഷനു് എല്ലാ ഭാവുകങ്ങളും !

6. ക്രിസ്തു നിവാസ്, നൗഷര.

പൂഞ്ചിനും, ജമ്മുവിനും മദ്ധ്യത്തിലുള്ള ഒരു പട്ടണമാണ് നൗഷര. ടൗണിൽ നിന്നും ഏകദേശം $\frac{1}{2}$ കി. മീ. അകലെ വഴിയരികിൽത്തന്നെയാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നതു്. 1991-ൽ ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ടാണ് ഡീക്കൻ ജോസഫ് മുകളേൽ ഈ സെൻററിനു് തുടക്കം കുറിച്ചതു്. 1991 ഡിസംബറിൽ ഏകദേശം ഒരേക്കർ സ്ഥലം വാങ്ങി ഒരു ഹെൽത്ത് സെൻറർ പണിതു. ഇതിനോടനുബന്ധിച്ച് ക്രിസ്തു നിവാസ് എന്ന പേരിൽ ഒരു നഴ്സറി സ്കൂളും പ്രവർത്തനമാരംഭിച്ചു. സി. എം. സി. സിസ്റ്റേഴ്സിൻെറ സാന്നിദ്ധ്യം സ്കൂളിൻെറ പ്രവർത്തനങ്ങൾക്ക് സഹായകരമാണ്. രണ്ടു മുന്നു സെൻററുകളിലായി ഇൻഫോർമേഷൻ ക്ലാസ്സുകളും നടത്തുന്നുണ്ട്.

൮. യേശുപാൽ ആശ്രമം, ജമ്മു.



യേശുപാൽ ആശ്രമം, ജമ്മു


1992-ലാണ് ഈ സ്ഥാപനം ആരംഭിച്ചത്. ജമ്മു റെയിൽവേ സ്റ്റേഷനടുത്ത് തിക്കുട്ടാ നഗറിലാണ് ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്. ജമ്മുകാഷ്മീർ മിഷനിൽ സേവനം ചെയ്യുവാനാഗ്രഹിക്കുന്ന യോഗാത്ഥികൾ പ്രീഡിഗ്രി പഠിക്കുന്നത് ഈ ഭവനത്തിൽ താമസിച്ചുകൊണ്ടാണ്. പ്രാദേശിക ഭാഷയും, സംസ്കാരവും പഠിച്ച് വളർന്നു വന്നു് ഭാവിയിൽ നല്ല മിഷനറിമാരെ ലഭിക്കണം എന്ന ലക്ഷ്യത്തോടെയാണ് ഇവിടെ പരിശീലനഭവനം കൂടി ആരംഭിച്ചത്. അവർ പുറത്തുള്ള കോളേജുകളിലാണ് പഠിക്കുന്നത്. ജമ്മു റെയിൽവേ സ്റ്റേഷനടുത്തായതിനാൽ ജമ്മു കാഷ്മീർ മിഷനിൽപ്പെട്ട മറ്റുസ്ഥലങ്ങളിലേയ്ക്കു പോകുമ്പോഴും, തിരിച്ചുവരുമ്പോഴും ഇവിടെ വന്നു് വിശ്രമിക്കുവാൻ കഴിയും. അങ്ങനെ ഈ മിഷൻ പ്രദേശങ്ങളുടെയെല്ലാം കേന്ദ്രമായി യേശുപാൽ ആശ്രമം മാറിക്കൊണ്ടിരിക്കുന്നു.

൯. ലംബേരി.

1993 ഡിസംബറിൽ ആരംഭിച്ച ഒരു സ്റ്റേഷനാണിത്. കൃഷിയും, വയോജന വിദ്യാഭ്യാസവുമാണ് ഇപ്പോഴത്തെ പ്രവർത്തനങ്ങൾ. ഇവയിലൂടെ ആളുകളുമായി ആത്മബന്ധം സ്ഥാപിക്കാനും പിന്നീടു് പുതിയ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കാനുമാണ് പ്ലാൻ.

കാഹളനാദവും കാത്തു് ....


യേശു പറഞ്ഞു: "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" — യോഹന്നാൻ 11/25. അതുകൊണ്ടാണു് പൗലോസു് ശ്ലീഹാ പറഞ്ഞതു്: "കാഹളം മുഴങ്ങുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാമെല്ലാവരും രൂപാന്തരപ്പെടുകയും ചെയ്യും" — 1 കൊറിന്ത്യർ 15/52. യേശുവിൽ വിശ്വസിക്കയും യേശുവിനും അവിടുത്തെ ജനത്തിനും വേണ്ടി ജീവൻ സമർപ്പിക്കയും ചെയ്ത ഈ പ്രോവിൻസിലെ 11 ബ. വൈദികർ ഈ ലോകം വിട്ടുപോയിട്ടുണ്ടു്. ഉയിർപ്പിന്റെ മഹിമ പ്രാപിക്കാനുള്ള അവസാന കാഹളനാദവും കാത്തു് അവർ വിശ്രമിക്കുന്നു. ജീവിതം കൊണ്ടും സേവനങ്ങൾ കൊണ്ടും അനേകരെ സമ്പന്നരാക്കിയ അവരുടെ ഓർമ്മക്കായി ആദര പൂർവ്വം ഏതാനും പേജുകൾ ....



ഫാ. ഫുൾജെൻസിയൂസ്
തെക്കേമാളിയേക്കൽ, C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1904	1927	1938	1970

ആർഭാടരഹിതവും, ലളിതവും, പ്രാർത്ഥനാനിരതവുമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു ബ. ഫുൾജെൻസിയൂസച്ചൻ. ധനിക കുടുംബത്തിലാണ് ജനിച്ചുവളർന്നതെങ്കിലും, ഏറ്റവും എളിയവനായി അദ്ദേഹം ജീവിച്ചു. സരസനും, നർമ്മഭാഷിയുമായിരുന്നു അദ്ദേഹം. അടയ്ക്കാത്തോട്ടിലെ ശാന്തിഗിരി കർമ്മലഭവനത്തിൽ വച്ച് നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ദേവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. ദൊനാത്തൂസ്
കുമ്പിളുവേലിൽ, C. M. I

ജനനം	വ്രതം	പൗരോഹിത്യം	മരണം
1903	1926	1938	1979

മലബാർ മിഷനിൽ വളരെയധികം പ്രവർത്തിച്ച ബ. ദൊനാത്തൂസച്ചൻ ഒരു കഠിനാദ്ധ്വാനിയായിരുന്നു. എത്രദൂരം കാൽനടയായി പോകുന്നതിനും, എന്തു ത്യാഗം സഹിക്കുന്നതിനും, കായികാദ്ധ്വാനം ചെയ്യുന്നതിനും അദ്ദേഹത്തിന് മടിയില്ലായിരുന്നു. കൂടത്തായി, കണ്ണൂർ, പുഷ്പഗിരി എന്നീ ആശ്രമങ്ങളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം തളിപ്പറമ്പിലെ പുഷ്പഗിരിയിൽ വച്ച് നിര്യാതനായി. മേരിക്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. സബീനൂസ്
ഈന്തുംപ്പള്ളിക്കൽ, C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1912	1933	1942	1979

വികാരി (മരിയാപുരം), അദ്ധ്യാപകൻ (പുളിങ്കുന്നു്), ആത്മപിതാവു്, പ്രിയോർ (പാലാ) തുടങ്ങിയ മേഖലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. സമ്പന്നമായ കുടുംബത്തിൽ ജനിച്ച അദ്ദേഹം എളിയ ജീവിതത്തിന്റെ ഉത്തമ മാതൃകയായിരുന്നു. മലബാറിന്റെ മലയോരങ്ങളിൽ ഓടിനടന്നു്, ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത അദ്ദേഹം, ചപ്പാരപ്പടവിൽ വച്ചു് നിര്യാതനായി. നമ്മുടെ ഭവനത്തിലേക്കു് പോകും വഴി ഹൃദയസ്തംഭനം ഉണ്ടായപ്പോൾ, അടുത്തുണ്ടായിരുന്ന ഒരു വീട്ടിൽ അദ്ദേഹം അഭയം തേടി. ആ വീട്ടിൽ വച്ചായിരുന്നു അന്ത്യം. മൃതശരീരം മേരിക്കുന്നിൽ സംസ്കരിച്ചു.



ഫാ. ജെയിംസ് കരോട്ട് C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1938	1960	1968	1980

പൗരോഹിത്യ ശുശ്രൂഷയിലും, പരോപകാര പ്രവർത്തനങ്ങളിലും ഒരു പോലെ തല്പരനായിരുന്ന ബ. ജെയിംസച്ചൻ. കർമ്മപഥത്തിലിറങ്ങി അധികം കഴിയുംമുമ്പേ ഈ യുവവൈദികൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ധർമ്മാരാമിൽനിന്നു് M. Th. പഠനം കഴിഞ്ഞു്, മാനന്തവാടി രൂപതയിൽ കൊമ്മയാടു് വികാരി ആയിരിക്കവേ ഒരു ജീപ്പപകടത്തിൽപ്പെട്ടു് അദ്ദേഹം നിര്യാതനായി. ഭൗതികാവശിഷ്ടങ്ങൾ മേരിക്കുന്നിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. അക്കീലസ്

കുന്നത്തുപുരയിടം C, M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1902	1930	1939	1980

സേവനതല്പരനായിരുന്ന ബ. അക്കീല്യസച്ചൻ പല ആശ്രമങ്ങളിലും സാമ്പത്തികകാര്യദർശിയായി പ്രവർത്തിച്ചിട്ടുണ്ട്. ജീവിതത്തിലധികഭാഗവും അദ്ദേഹം മിഷനറിയായി ജീവിച്ചു. ഹൈറേഞ്ചിലെ ദൈവവചന ശുശ്രൂഷ അദ്ദേഹത്തെ ഒരു വാതരോഗിയാക്കിത്തീർത്തു. ഇരുകാലുകളുടെയും സ്വാധീനം നഷ്ടപ്പെട്ട്, മുറിയിൽത്തന്നെ അദ്ദേഹം അവസാനത്തെ ഒരു വ്യാഴവട്ടക്കാലം ചിലവഴിച്ചു. മേരിക്കുന്ന് നിർമ്മലാ ഹോസ്പിറ്റലിൽവച്ച് നിര്യാതനായ അദ്ദേഹത്തിന്റെ മൃതശരീരം മേരിക്കുന്ന് ആശ്രമ സിമിത്തേരിയിൽ സംസ്ക്കരിക്കപ്പെട്ടു.



ഫാ. ഫ്രഡറിക് ആലഞ്ചേരി C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1898	1922	1931	1982

മലബാറിൽ കോട്ടത്തറ, കണ്ണോത്തു് ഇടവകകളിൽ വികാരിയായിരുന്നിട്ടുണ്ട്. മേരിക്കുന്ന് നവസന്യാസഭവനാംഗമായിരിക്കുമ്പോളാണ് മരണം. മേരിക്കുന്നിലാണ് സംസ്ക്കരിക്കപ്പെട്ടതു്. അമലാപുരിയിലെ വിമലാ ബുക്ക് സെൻററിന്റെ സ്ഥാപക ഡയറക്ടർ ആയിരുന്നു.

പ്രാർത്ഥനയുടെ മനുഷ്യനായിരുന്ന അച്ചൻ. എല്ലാവരോടും എപ്പോഴും സ്നേഹപൂർവ്വം പെരുമാറിയിരുന്നു. വലിയൊരു സാധുജന സേവകനായിരുന്നു. ഇടവക വികാരിയായിരുന്ന കാലത്തു് നിരവധി പരോപകാര പ്രവൃത്തികളും സാമൂഹ്യസേവന പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ട്.




ഫാ. ജോൺവിയാനി കാടൻകാവിൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1915	1940	1948	1986

കൃഷ്ണനാടായിരുന്നു ആദ്യ പ്രവർത്തനരംഗം. പിന്നീട് അംബികാപൂർ മിഷനിൽ ജോലിചെയ്തു. തിരിച്ചുവന്നശേഷം ലക്കിടി, പരപ്പ തുടങ്ങിയ ഭവനങ്ങളിൽ സുപ്പീരിയറായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിലറായും ജോലി ചെയ്തിട്ടുണ്ട്. പിന്നീട് മിഷൻ പ്രവർത്തനത്തിനായി ജഗദൽപൂരിനു പോയി. അവിടെവച്ച് മരിക്കയും ജഗദൽപൂരിൽ കിരാണ്ടൂർ എന്ന സ്ഥലത്തു സംസ്കരിക്കപ്പെടുകയും ചെയ്തു.

സാധുജന സേവനം, മിഷൻ ചൈതന്യം, ലളിത ജീവിതം എന്നിവ വിയാനിയച്ചന്റെ എടുത്തുപറയത്തക്ക പ്രത്യേകതകളായിരുന്നു.




ഫാ. ഒപ്താത്തുസ് കൊച്ചുപുരയ്ക്കൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1922	1943	1951	1989

പ്രൊവിൻഷ്യൽ കൗൺസിലറായും പ്രൊവിൻഷ്യൽ ഓഡിറ്ററായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ദേവഗിരി കോളേജിലെ സാമ്പത്തികശാസ്ത്രാദ്ധ്യാപകനായിരുന്ന ബ. ഒപ്താത്തുസച്ചൻ. എല്ലാവരേയും സ്നേഹിക്കുകയും, സന്തോഷത്തോടുകൂടി ജീവിക്കുകയും ചെയ്ത അദ്ദേഹം അനുഗ്രഹീതനായ ഒരു ചിത്രകാരൻ കൂടിയായിരുന്നു. അദ്ദേഹത്തിന്റെ നിരവധി പെയിന്റിംഗുകൾ ഇന്നും പല ആശ്രമങ്ങളിലും പള്ളികളിലും സ്ഥാപനങ്ങളിലും ഉണ്ട്. 1961 മുതൽ മരണം വരെ ദേവഗിരി ആശ്രമാംഗമായിരുന്നു. കല്പറ്റ ഫാത്തിമമാതാ ആശുപത്രിയിൽവച്ചായിരുന്നു അന്ത്യം. ദേവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ഫാ. സ്റനിസ്ലാവൂസ്
കൈതമറ്റം C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1915	1934	1943	1990

തേവരയിൽ ബർസാർ, ജനറാളച്ചന്റെ സെക്രട്ടറി, മുത്തോലി ആശ്രമ ശ്രേഷ്ഠൻ, പ്രൊവിൻഷ്യൽ കൗൺസിലർ, നവസന്യാസ ഗുരു, ദേവഗിരി കോളേജ് ബർസാർ തുടങ്ങി നിരവധി ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. അദ്ദേഹവുമായി ഇടപഴകിയവരെല്ലാം ഇന്നും ആദരവോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തെ ഓർക്കുകയും അദ്ദേഹത്തെപ്പറ്റി സംസാരിക്കയും ചെയ്യുന്നു. അത്തരത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവവും പെരുമാറ്റവും.

കല്പറ്റ ഫാത്തിമ മാതാ ആശുപത്രിയിൽ വച്ച് മരിക്കയും മേരിക്കുന്നിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.




ഫാ. കൊളംബസ്
പുത്തൻപുരയ്ക്കൽ, C M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1913	1933	1942	1990

ദീപികയിലും, തേവര കോളേജിൽ അദ്ധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്. പിന്നീട് ദേവഗിരിയിൽ വന്നു. ദേവഗിരി കോളേജിലെ അതുല്യനായ ഇക്കോണോമിക്സ് പ്രൊഫസ്സർ ആയിരുന്നു ബ. കൊളംബസച്ചൻ. അഗാധപണ്ഡിതനും, കർമ്മകുശലനുമായിരുന്ന അദ്ദേഹം ഓമ്മശക്തിയുടെ കാര്യത്തിൽ അദ്വിതീയനായിരുന്നു. "സഞ്ചരിക്കുന്ന വിജ്ഞാനകോശം" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ദേവഗിരി കോളേജിന്റെ പ്രിൻസിപ്പലായും, ആശ്രമത്തിന്റെ പ്രിയോരായും, കോളേജിന്റെ മാനേജരായും അദ്ദേഹം സേവന

മനുഷ്യിച്ചിട്ടുണ്ട്. പാറോപ്പടി സിൽവർഹിൽസ് സ്കൂളിന്റെ സ്ഥാപനത്തി നായി യത്നിച്ചിട്ടുള്ള കൊളംബസച്ചൻ അവിടെ ഹെഡ് മാസ്റ്ററായും സേവന മനുഷ്യിച്ചിട്ടുണ്ട്. പ്രൊവിൻഷ്യൽ കൗൺസിലറായും സേവനം ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് നിര്യാതനായ അദ്ദേഹ ത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ദേവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.




ഫാ. ഫൗസ്റ്റിൻ പാറയിൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1904	1929	1939	1994

പ്രാർത്ഥന, മരിയഭക്തി, നിയമാനുഷ്ഠാനം, ലളിതജീവിതം, കഠിനാ ധ്വാനം, കർമ്മോത്സുകത, എന്നിങ്ങനെ അനേകം നന്മകളുടെ കാര്യത്തിൽ മാതൃകയായിരുന്ന ബ. ഫൗസ്റ്റിനച്ചൻ. നല്ലൊരു ഗായകനും അതിലുപരി വയലിനി സ്റ്റുമായിരുന്ന അദ്ദേഹം. മലബാറിലെ പല ഇടവകകളിലും അദ്ദേഹം വികാ രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തരിയോട്, തലപ്പുഴ, തളിപ്പറമ്പ്, ദേവ ഗിരി, കൂടത്തായി, പടത്തുകടവ് തുടങ്ങിയവയെല്ലാം പ്രവർത്തന മേഖലകളായി രുന്നു. ദീർഘനാൾ മെഡിക്കൽ കോളേജ് ചാപ്പലെയിൻ ആയിരുന്നു. മരിയ ഭക്തിയിൽ അദ്ദേഹം അദ്വിതീയനായിരുന്നു. മരിയഭക്തി മലബാറിലെങ്ങും പ്രചരിപ്പിക്കുവാൻ അദ്ദേഹം നിരന്തരം യത്നിച്ചു.

1994 ജനുവരി 10-ാംനു കൽപ്പറ്റ ഫാത്തിമാ ആസ്പത്രിയിൽ വച്ച് നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കൂടത്തായി ആശ്രമ സിമി ത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

MANUELSONS



Hotel Malabar Palace

STAR HOTEL IN MALABAR AREA
CENTRALLY AIR CONDITIONED
BANQUET HALL & CONFERENCE HALL

G. H. ROAD, CALICUT.

TEL : 76071 (7 LINES)
TLX: 0804 229 PTMS IN
FAX: 0495 61594

FASHION JEWELLERY

ELEGANT WEAR
M. M. ALI ROAD
KOZHIKODE
Tel : 62974

EXCELLENT WORKMANSHIP
M. O. ROAD
THRISSUR
Tel : 20699

EXQUISITE DESIGNS
T. B. ROAD
PALAKKAD
Tel : 23741

MANUELSONS FURNITURE COLLECTION

EXCLUSIVE COLLECTION OF DESIGNED FURNITURE

Show rooms at: ERNAKULAM Tel : 366742 | THRISSUR 20881 | KOZHIKODE 76071 (EXTN : 388)

MANUELSONS HOUSING DEVELOPMENT CO. (P) LTD.

M. O. ROAD, THRISSUR - 1 Tel : 24660 Telex : 0887 221 PTMS IN

SANTHI VIHAR
TIRUR, THRISSUR

ISLAND CASTLES
CHITTOOR ROAD, OPP. YMCA, ERNAKULAM




ഫാ. ജോൺവിയാനി കാടൻകാവിൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1915	1940	1948	1986

കൃഷ്ണനാടായിരുന്നു ആദ്യ പ്രവർത്തനരംഗം. പിന്നീട് അംബികാപൂർ മിഷനിൽ ജോലിചെയ്തു. തിരിച്ചുവന്നശേഷം ലക്കിടി, പരപ്പ തുടങ്ങിയ ഭവനങ്ങളിൽ സുപ്പീരിയറായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിലറായും ജോലി ചെയ്തിട്ടുണ്ട്. പിന്നീട് മിഷൻ പ്രവർത്തനത്തിനായി ജഗദൽപൂരിനു പോയി. അവിടെവച്ച് മരിക്കയും ജഗദൽപൂരിൽ കിരാണ്ടൂർ എന്ന സ്ഥലത്തു സംസ്കരിക്കപ്പെട്ടുകയും ചെയ്തു.

സാധുജന സേവനം, മിഷൻ ചൈതന്യം, ലളിത ജീവിതം എന്നിവ വിയാനിയച്ചന്റെ എടുത്തുപറയത്തക്ക പ്രത്യേകതകളായിരുന്നു.



ഫാ. ഒപ്താത്തൂസ് കൊച്ചുപുരയ്ക്കൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1922	1943	1951	1989

പ്രൊവിൻഷ്യൽ കൗൺസിലറായും പ്രൊവിൻഷ്യൽ ഓഡിററായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

കോഴിക്കോട് ദേവഗിരി കോളേജിലെ സാമ്പത്തികശാസ്ത്രാദ്ധ്യാപകനായിരുന്ന ബ. ഒപ്താത്തൂസച്ചൻ. എല്ലാവരേയും സ്നേഹിക്കുകയും, സന്തോഷത്തോടുകൂടി ജീവിക്കുകയും ചെയ്ത അദ്ദേഹം അനുഗ്രഹീതനായ ഒരു ചിത്രകാരൻ കൂടിയായിരുന്നു. അദ്ദേഹത്തിന്റെ നിരവധി പെയിൻറിംഗുകൾ ഇന്നും പല ആശ്രമങ്ങളിലും പള്ളികളിലും സ്ഥാപനങ്ങളിലും ഉണ്ട്. 1961 മുതൽ മരണംവരെ ദേവഗിരി ആശ്രമാംഗമായിരുന്നു. കല്പറ ഫാത്തിമമാതാ ആശുപത്രിയിൽ വച്ചായിരുന്നു അന്ത്യം. ദേവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.




ഫാ. സ്റനിസ്ലാവുസ്
കൈതമറ്റം C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1915	1934	1943	1990

തേവരയിൽ ബർസാർ, ജനറാളച്ചന്റെ സെക്രട്ടറി, മുത്തോലി ആശ്രമ ശ്രേഷ്ഠൻ, പ്രൊവിൻഷ്യൽ കൗൺസിലർ, നവസന്യാസ ഗുരു, ദേവഗിരി കോളേജ് ബർസാർ തുടങ്ങി നിരവധി ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. അദ്ദേഹവുമായി ഇടപഴകിയവരെല്ലാം ഇന്നും ആദരവോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തെ ഓർക്കുകയും അദ്ദേഹത്തെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവവും പെരുമാറ്റവും.

കല്പറ ഫാത്തിമ മാതാ ആശുപത്രിയിൽ വച്ച് മരിക്കുകയും മേരിക്കുന്നിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.




ഫാ. കൊളംബസ്
പുത്തൻപുരയ്ക്കൽ, C M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1913	1933	1942	1990

ദീപികയിലും, തേവര കോളേജിൽ അദ്ധ്യാപകനായും ജോലി ചെയ്തിട്ടുണ്ട്. പിന്നീട് ദേവഗിരിയിൽ വന്നു. ദേവഗിരി കോളേജിലെ അതുല്യനായ ഇക്കോണോമിക്സ് പ്രൊഫസ്സർ ആയിരുന്ന ബ. കൊളംബസച്ചൻ. അഗാധപണ്ഡിതനും, കർമ്മകുശലനുമായിരുന്ന അദ്ദേഹം ഓജസ്സോടെയുടെ കാര്യത്തിൽ അചിന്തീയനായിരുന്നു. "സഞ്ചരിക്കുന്ന വിജ്ഞാനകോശം" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ദേവഗിരി കോളേജിന്റെ പ്രിൻസിപ്പലായും, ആശ്രമത്തിന്റെ പ്രിയോരായും, കോളേജിന്റെ മാനേജരായും അദ്ദേഹം സേവനം

മനഷ്യിച്ചിട്ടുണ്ട്. പാറോപ്പടി സിൽവർഹിൽസ് സ്കൂളിന്റെ സ്ഥാപനത്തി നായി യത്നിച്ചിട്ടുള്ള കൊളംബസച്ചൻ അവിടെ ഹെഡ് മാസ്റ്ററായും സേവന മനഷ്യിച്ചിട്ടുണ്ട്. പ്രൊവിൻഷ്യൽ കൗൺസിലറായും സേവനം ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് നിര്യാതനായ അദ്ദേഹ ത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ ദേവഗിരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.




ഫാ. ഫൗസ്റ്റിൻ പാറയിൽ C. M. I.

ജനനം	വ്രതം	പൗരോഹിത്യം	മരണം
1904	1929	1939	1994

പ്രാർത്ഥന, മരിയഭക്തി, നിയമാനഷ്ഠാനം, ലളിതജീവിതം, കഠിനാ ധ്വാനം, കർമ്മോത്സുകത, എന്നിങ്ങനെ അനേകം നന്മകളുടെ കാര്യത്തിൽ മാതൃകയായിരുന്ന ബ. ഫൗസ്റ്റിനച്ചൻ. നല്ലൊരു ഗായകനും അതിലുപരി വയലിനി സ്റ്റുമായിരുന്ന അദ്ദേഹം. മലബാറിലെ പല ഇടവകകളിലും അദ്ദേഹം വികാ രിയായി സേവനമനഷ്ഠിച്ചിട്ടുണ്ട്. തരിയോട്, തലപ്പുഴ, തളിപ്പറമ്പ്, ദേവ ഗിരി, കൂടത്തായി, പടത്തുകടവ് തുടങ്ങിയവയെല്ലാം പ്രവർത്തന മേഖലകളായി രുന്നു. ദീർഘനാൾ മെഡിക്കൽ കോളേജ് ചാപ്പലെയിൻ ആയിരുന്നു. മരിയ ഭക്തിയിൽ അദ്ദേഹം അദ്വിതീയനായിരുന്നു. മരിയഭക്തി മലബാറിലെങ്ങും പ്രചരിപ്പിക്കുവാൻ അദ്ദേഹം നിരന്തരം യത്നിച്ചു.

1994 ജനുവരി 10-ാംനു കൽപ്പറ്റ ഫാത്തിമാ ആസ്പത്രിയിൽ വച്ച് നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കൂടത്തായി ആശ്രമ സിമി ത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

MANUELSONS



Hotel Malabar Palace

STAR HOTEL IN MALABAR AREA
CENTRALLY AIR CONDITIONED
BANQUET HALL & CONFERENCE HALL

G. H. ROAD, CALICUT.

TEL : 76071 (7 LINES)
TLX: 0804 229 PTMS IN
FAX: 0495 61594

FASHION JEWELLERY

ELEGANT WEAR — M. M. ALI ROAD, KOZHIKODE, Tel : 62974

EXCELLENT WORKMANSHIP — M. O. ROAD, THRISSUR, Tel : 20699

EXQUISITE DESIGNS — T. B. ROAD, PALAKKAD, Tel : 23741

MANUELSONS FURNITURE COLLECTION

EXCLUSIVE COLLECTION OF DESIGNED FURNITURE

Show rooms at: ERNAKULAM Tel : 366742 | THRISSUR 20381 | KOZHIKODE 76071 (EXTN : 388)

MANUELSONS HOUSING DEVELOPMENT CO. (P) LTD.

M. O. ROAD, THRISSUR - 1 Tel : 24660 Telex : 0887 221 PTMS IN

SANTHI VIHAR
TIRUR, THRISSUR

ISLAND CASTLES
CHITTOOR ROAD, OPP. YMCA, ERNAKULAM

With best compliments from



V-GUARD

STABILIZERS □ QUARTZ CLOCKS

MONOBLOC PUMPSET

സൌത്ത് ഇൻഡ്യൻ ബാങ്കിന്റെ

വായ്പാ പദ്ധതികൾ

സ്റ്റുഡൻറ്സ് കംപ്യൂട്ടർ ലോൺ: 20,000/- രൂപ വരെ – വിദ്യാർത്ഥികൾക്ക് പേഴ്സണൽ കംപ്യൂട്ടർ / ഹോം കംപ്യൂട്ടർ വാങ്ങുവാനായി.

എൻസൈക്ലോപീഡിയ ലോൺ: 20,000/- രൂപ വരെ - എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക / എൻസൈക്ലോപീഡിയ അമേരിക്കാന വാങ്ങുവാനായി

മാഡംസ് ഹോം കേർ ലോൺ: 35,000/- രൂപ വരെ - വീട് മോടിപിടിപ്പിക്കുന്നതിനും ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും.

എൻകാഷേർ ക്രെഡിറ്റ്: 50,000/- രൂപവരെ – നിശ്ചിത ഷെയറുകളുടെ ഈടിൻമേൽ.

ഡീസൽ എൻജിൻ ലോൺ: 50,000/- രൂപ വരെ – കാറുകളിൽ പെട്രോൾ എൻജിൻ മാറ്റി പകരം ഡീസൽ എൻജിൻ ഘടിപ്പിക്കുവാനായി.

ജനറേറ്റർ ലോൺ : 50,000/- രൂപ വരെ ജനറേറ്റർ സെറ്റുകൾ വാങ്ങുവാനായി.

ക്ലിനിക് കമ്പോസിറ്റ് ലോൺ: ഒരു ലക്ഷം രൂപ വരെ- ഡോക്ടർമാർ, ഡൻറിസ്റ്റുകൾ എന്നിവർക്ക് ക്ലിനിക് തുടങ്ങുവാനായി.

ഹോളിഡേ ലോൺ: വിനോദ യാത്രകൾക്കായുള്ള ലോൺ. ഈ വായ്പാ പദ്ധതിയിൽ അംഗമാകുന്നയ് സൌത്ത് ഇൻഡ്യൻ ബാങ്കിൽ ഒരു വർഷത്തെ ഒരു റെക്കറിംഗ് ഡിപ്പോസിറ്റ് തുടങ്ങുക വർഷാവസാനം ഡിപ്പോസിറ്റ് തുകയും തുല്യമായ ഒരു സംഖ്യ ഹോളിഡേ ലോണായി ലഭിക്കുന്നു.

വാഹന വായ്പ: 5 ലക്ഷം രൂപ വരെ – ലോറി, കാർ, ബസ്, മിനിബസ് എന്നിവയ്ക്ക്.

കമ്പ്യൂട്ടർ ലോൺ: 50,000/- രൂപ വരെ – ചാർട്ടേർഡ് അക്കൗണ്ടൻറ്, ഡോക്ടർ, ആർക്കിടെക്ട് എന്നിവർക്ക് പേഴ്സണൽ കമ്പ്യൂട്ടർ വാങ്ങുവാനായി.

വിദേശയാത്രാ വായ്പ: ജോലിക്ക് വിസാ ലഭിച്ചവർക്ക് യാത്രാച്ചിലവിനായി.

ക്രെഡിറ്റ് കാർഡ് – ഇൻഡ്യയിലും നേപ്പാളിലുമുള്ള **30,000** സ്ഥാപനങ്ങൾ അംഗീകരിക്കുന്ന സൌത്ത് ഇൻഡ്യൻ ബേങ്കിന്റെ ഇൻഡ്യാ കാർഡ് ലഭ്യമാണ്.

ചെറുകിട വ്യവസായങ്ങൾ, കയറ്റുമതി/ഇറക്കുമതി എന്നിവയ്ക്കും വിദേശയാത്രയ്ക്കും വൻകിട വ്യവസായങ്ങൾക്കും വായ്പകൾ ലഭ്യമാണ്.


സൌത്ത് ഇൻഡ്യൻ ബാങ്കിന്റെ **313** ബ്രാഞ്ചുകളിൽ ഏതിൽ നിന്നും കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്.

ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികളുമായി മുന്നോട്ട്

ദി സൌത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്

ഹെഡ് ഓഫീസ് SIB ഹൌസ് P. B. നമ്പർ 21 തൃശ്ശൂർ-680 001 കേരള
ഫോൺ: 20020 ഫാക്സ്: 0487-26791 ടെലക്സ്: 0887-203 SIBT IN
ചെയർമാൻ : കെ. ചെറിയാൻ വർഗീസ്

Best compliments from :



WAYANAD CONSTRUCTIONS
CONTRACTORS & CONSULTANTS

RIPPON

MEPPADI P. O.

WAYANAD-673 577

Phone : 04936 - 82 - 469

Best compliments from:



THOMSONS


DISTRIBUTORS

GUDALAI, KALPETTA

Phone : 2787, 2187, 2923

Distributors of: E. I. D. PARRY (INDIA) LTD.
H & R JOHNSON (INDIA) LTD.
NOVOPAN (INDIA) LTD.
CAPRIHANS (INDIA) LTD.

THE DIFFERENCE BETWEEN
A BANK AND A BETTER BANK
IS SERVICE
□ AND WE OFFER SO MUCH □



SAVINGS A/c. for individuals and their savings.

CURRENT A/c. for people involved in the frequent use of their accounts.


TERM DEPOSITS : The investment option in periods ranging from 46 days and upwards

CUMULATIVE DEPOSIT AND FAMILY WELFARE DEPOSIT for higher yield where accrued interest fetches further interest.

NRE, FCNR & NRNR ACCOUNTS : Devised for NRI's to make profitable investments.

NOMINATION FACILITY to do away with uncertainties of all kinds.

SAFE DEPOSIT LOCKERS in various sizes to guard your valuables.



HOUSE LOAN for you to easily build a house.

OWN TODAY to help you acquire household items on easy instalments

EXPORT & IMPORT FINANCE to give financial assistance to exporters and importers

SMALL INDUSTRIAL FINANCE for units engaged in manufacturing, processing . . .

AGRICULTURAL FINANCE for the cultivation of crops and allied activities.

CREDIT SCHEMES FOR WEAKER SECTIONS comprising of small farmers, SC's & ST's . . .

SMALL BORROWERS scheme for transport operators, retail traders . . .

TINY SECTOR for advances to photostat, dry-cleaning units etc.

SUGHA YATRA to facilitate the dieselizing of your vehicle.

EDUCATIONAL LOAN for deserving students

SELF EMPLOYMENT SCHEME for enterprising youths

SHUBHAYATRA to finance your voyage abroad for employment.

For further details, contact your nearest branch and let our service do the rest for you.

THE CATHOLIC SYRIAN BANK LIMITED

Head Office : P. B. No 502, St. Mary's College Road, Thrissur - 680 020, India
Phone : 333020 (10 lines) Telex : 0887 210 CSBH IN, Fax : 333435
Chairman : A ALFRED SOLOMON

SETTING NEW TRENDS IN SERVICE

THE AMALA CHARITIES (P) LTD.

AMALAPURI. NEAR 4th RAILWAY GATE

CALICUT-673 001

Phone: 55095

One of the best Institutions in Chits in Kerala

Charity is our Motto

PATRON:

Rt. Rev Dr. Valloppillil D. D., Bishop of Tellicherry [Rtd.]

BOARD OF DIRECTORS:

Mr. K. T. Joseph, Planter, Calicut	Managing Director
Mr. K. D. Joseph, Prop Davison Theatre, Calicut	Director
Mr. V. O. Devassy, B. A., B. L, Advocate, Calicut	Director
Mr. Joseph Jacob, B. A, B. L, Advocate, Calicut	Director
Mr. C. M. Antony, Business, Calicut	Director
Mr. P. J Joseph, Planter, Calicut	Director
Mr. C. M. Mathew, Business, Calicut	Director
Mr. A. J Davies, Business, Calicut	Director
Rev. Fr: Job Myladiyil, C. M. I.	Director

വിവാഹ വസ്ത്രങ്ങൾക്ക്

മഹാറാണി
സിൽക്ക് ഹൗസ്

പുതിയ ബസ്സ്റ്റാൻറിനു് സമീപം

മാവൂർ റോഡ്, കോഴിക്കോട്

മാനേജിംഗ് പാർട്ണർ } മാത്യു കുട്ടക്കല്ലിൽ

ഫോൺ : ഷോപ്പ്. 60179
റസി : 424083

Best compliments from :

Shop : 365170
366585

Resi : 51986

STEELAGE

DEALERS IN IRON & STEEL

11/130, IRSHAD BUILDING
Near Vijaya Bank
CHEROOTTY ROAD
CALICUT-673 001

Best compliments from :

PHONE : Offi : 76418, 63739, 62537
Resi : 53243, 52259, 76261

C. M. MATHEW BROTHERS

S. M. STREET & KALLAI ROAD
CALICUT

For PLYWOOD, GLASS, SUNMICA

Best compliments from :

CALICUT ENGINEERING AGENCIES

P. B. No. 518, KALLAI ROAD
CALICUT-673 002

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

MS
MS
SK
tc.
Phone : 357580

Off : 60198
Res : 76246

E (OF MALABAR)

TALI, CALICUT-673 002
KERALA

Res: KANNOTHRA, CHALAPURAM, CALICUT-673 002


♠

TELE. No. : 89 - 651, 89 - 652, 89 - 612
TELEX : 804 - 338 MIMA IN

Kerala : the land of Kera

is now fast becoming

the land of Ksheera



Thanks to **milma**

milma

LEADING THE WHITE REVOLUTION

P&G

MALABAR REGIONAL CO-OPERATIVE MILK PRODUCERS UNION LTD.

PERINGOLAM, P. O. KUNNAMANGALAM, KOZHIKODE - 673 571

CT Library
88000016
M73.1 ST109/1994



100 ദിവസം

കാബൂളിവാല്ല

കാബുളിവാലാ

CINEMASCOPE

സിദ്ധിക്ക്-ലാൽ

സംവീന കെ. അസീസ്

സുരഭിചിത്ര റിലീസ്

Colonia



24 റിലീസ് കേന്ദ്രങ്ങളിലും 50 ദിവസം റെഗുലർ ഷോ പിന്നിട്ട ആദ്യത്തെ മലയാള ചിത്രം!

24 റിലീസ് കേന്ദ്രങ്ങളിൽ 18 എണ്ണത്തിലും കളക്ഷൻ റിക്കാർഡ് സൃഷ്ടിച്ച ചിത്രം!